# മലയാളം

## അധ്യാപകസഹായി



### സ്റ്റാൻഡേർഡ് 6

കേരള സർക്കാർ

വിദ്യാഭ്യാസ വകുപ്പ്

2009

# അധ്യാപകസഹായി
# മലയാളം - VI

**തയാറാക്കിയവർ**


ശ്രീ. ഓംകാരനാഥൻ.പി

ശ്രീ. ജയരാജ്.പി.കെ

ഡോ. എം.ബാലൻ

ശ്രീ. യഹിയ. പി

ശ്രീ. രാമചന്ദ്രൻ.കെ

ശ്രീ. ശ്യംകുമാർ. എസ്

ശ്രീ. സജീഷ് നാരായണൻ

ശ്രീമതി സ്മിത അരവിന്ദ്


**സൂക്ഷ്മപരിശോധന നടത്തിയവർ**


പ്രൊഫ. കുമ്മിൾ സുകുമാരൻ

ഡോ. പി.എ.വാസുക്കുട്ടൻ

ഡോ. ശശികുമാർ

ഡോ. പി.സോമൻ


**അക്കാദമിക് നേതൃത്വം**


ഡോ. പി.സത്യനേശൻ

ഡോ. പി.കെ.തിലക്

ശ്രീ. സി. മധുസൂദനൻ

ഡോ. സി.ഭാമിനി (കോഡിനേറ്റർ)



*Prepared by:* State Council of Educational Research & Training (SCERT)

Poojappura, Thiruvananthapuram -12, Kerala. E-mail:scertkerala@asianetindia.com

*Type setting by:* SCERT Computer Lab



©

Government of Kerala

Education Department

2009

സുഹൃത്തേ,

ഫലപ്രദമായ ഭാഷാപഠനം ലക്ഷ്യമാക്കിയാണ് ഈ അധ്യാപകസഹായി രൂപപ്പെടുത്തിയിട്ടുള്ളത്. അഞ്ച്, ഏഴ് ക്ലാസുകളിൽ അവതരിപ്പിച്ച പഠനസമീപനത്തിന്റെ തുടർച്ച ഇവിടെ കാണാം. അപ്പർ പ്രൈമറിയിലെ ഭാഷാ പഠനം സമഗ്രതയോടെ കണ്ടുകൊണ്ടാണ് ആസൂത്രണം നിർവഹിക്കേണ്ടത്. അധ്യാപക സഹായിയോടൊപ്പം മറ്റു സഹായക സംവിധാനങ്ങളും പ്രയോജനപ്പെടുത്തി ക്ലാസ്റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.

വിദ്യാർഥികളുടെ ചിന്തയും ഭാവനയും വളർത്തുന്നതിൽ ഭാഷാപഠനത്തിന് നിർണായകമായ പങ്കുണ്ട്. വൈവിധ്യമാർന്ന പഠനാനുഭവങ്ങളിലൂടെ ഇത് സാധ്യമാക്കണം. ഇതര വിഷയങ്ങളുടെ പഠനങ്ങൾ മെച്ചപ്പെടുത്തുന്ന തിനും ഭാഷാപഠനത്തിന്റെ ഭാഗമായി ലഭിച്ച അനുഭവങ്ങൾ സഹായകമാവും.

പാഠ്യപദ്ധതിയുടെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് പഠനത്തിന് ദിശാബോധം നൽകാനുള്ള ചുമതല അധ്യാപകരിൽ നിക്ഷിപ്തമായിരിക്കുന്നു. കൂടുതൽ കരുത്തോടെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ മുന്നേറാൻ കഴിയട്ടെ.

ആശംസകളോടെ,

**എ. പി. എം. മുഹമ്മദ് ഹനീഷ്.** ഐ.എ.എസ്
ഡയറക്ടർ (ഇൻചാർജ്),
എസ്.സി.ഇ.ആർ.ടി.

# ഉള്ളടക്കം


പാഠ്യപദ്ധതി സമീപനം 05

## അടിസ്ഥാന പാഠാവലി

1 വിശ്വം സ്നേഹമയം 27

2 ഇല്ലം നിറ വല്ലം നിറ 45

3 പ്രപഞ്ചശില്പികൾ 60

## കേരള പാഠാവലി

1 വർണസുരഭിയാം ഭൂമി 75

2 നന്മയുടെ പൂമരങ്ങൾ 101

3 അതിരുകൾക്കപ്പുറം 116

4 പ്രകാശഗോപുരങ്ങൾ 137

5 ചിറകുള്ള കല്പനകൾ 156

# പാഠ്യപദ്ധതി സമീപനം

വിദ്യാഭ്യാസചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ മുന്നേറ്റത്തിന് കേരളം ഒരുങ്ങുകയാണ്. 2005 ലെ ദേശീയ കരിക്കുലം ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതി പുനരാവിഷ്കരിക്കാനുള്ള ശ്രമത്തിലൂടെയാണിത്.

പാഠ്യപദ്ധതി പുനരാവിഷ്കാരങ്ങൾ നമുക്ക് പുതിയതല്ല. 1964 ൽ എൻ.സി.ഇ.ആർ.ടി. രൂപം കൊണ്ടശേഷം അവരുടെ നിർദേശങ്ങൾ അനുസരിച്ചുള്ള സിലബസ് നാം നടപ്പാക്കിയതാണ്. 1975ലെ ദേശീയ കരിക്കുലവും നാം പാഠ്യപദ്ധതി പരിഷ്കാരങ്ങൾക്ക് ഉപയോഗിച്ചു. 1986 ലെ വിദ്യാഭ്യാസനയവും അതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് രൂപംനൽകിയ പ്രവർത്തനപരിപാടിയും (പ്രോഗ്രാം ഓഫ് ആക്ഷൻ) നാം ഏറക്കുറേ നടപ്പാക്കി. എങ്കിലും, കേരളത്തിലെ പഠന-ബോധന താൽപര്യങ്ങളെയും സാധ്യതകളെയും കണക്കിലെടുത്ത് സമഗ്രമായ ഒരു പാഠ്യപദ്ധതിക്ക് രൂപംനൽകാനുള്ള ശ്രമം ആരംഭിച്ചത് 1997 ലാണ്. ആധുനികമായ വിദ്യാഭ്യാസസങ്കേതങ്ങളും രീതികളും അനുസരിച്ച് ഉദ്ഗ്രഥിത രീതി, പ്രക്രിയാധിഷ്ഠിത സമീപനം, പ്രയോഗാധിഷ്ഠിത ക്ലാസ്മുറികൾ, കുട്ടി അറിവിന്റെ നിർമാതാവാണ് എന്ന കാഴ്ചപ്പാട്, സാമൂഹിക ചുറ്റുപാട് ജ്ഞാനനിർമിതിയിൽ പ്രധാനമാണെന്ന തിരിച്ചറിവ്, സമഗ്രവും നിരന്തരവുമായ മൂല്യനിർണയം തുടങ്ങിയ ആശയങ്ങൾ അടങ്ങുന്ന പാഠ്യപദ്ധതി നിലവിൽ വന്നു. ഇവയനുസരിച്ച് പഠിച്ചു വന്ന വിദ്യാർഥികൾ ഇപ്പോൾ ഹയർ സെക്കൻഡറിതലം പൂർത്തിയാക്കിയിരിക്കുകയാണ്.

2005 ലെ ദേശീയ കരിക്കുലം ചട്ടക്കൂടും അതിന് ആധാരമായ നിലപാടുരേഖകളും സ്വയം വിമർശനപരമായ വിലയിരുത്തലിനുള്ള അവസരം നൽകിയിരിക്കുകയാണ്.

### ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും കേരളവും

പുതിയ പാഠ്യപദ്ധതി നല്ലൊരു ആശയമാണെന്ന് ഇപ്പോൾ പൊതുസമൂഹം സമ്മതിക്കുന്നുണ്ട്. ദേശീയ കരിക്കുലം ചട്ടക്കൂടിന്റെ സമീപനം നമ്മുടെ പാഠ്യപദ്ധതി ഇന്നു നേരിടുന്ന പ്രശ്നങ്ങളെ മുറിച്ചുകടക്കാനുള്ള ഉൾക്കാഴ്ച തരുന്നുണ്ട്.

നാം സ്വീകരിച്ച സൈദ്ധാന്തികവും ദാർശനികവും ചരിത്രപരവുമായ സമീപനങ്ങൾ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും (2005) ഏതാണ്ടു സ്വീകരിച്ചിരിക്കുന്നുവെന്നതു കേരളത്തിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾക്കുള്ള അംഗീകാരമായി കണക്കാക്കാവുന്നതാണ്.

ജനാധിപത്യവിരുദ്ധമായ അധികാരഘടനയുടെ എല്ലാ സവിശേഷതകളും ചിട്ടകളും മുമ്പത്തെ ക്ലാസ്മുറിയിൽ പ്രതിഫലിച്ചിരുന്നു. നിശ്ശബ്ദതയുടെ സംസ്കാരമാണ് അന്നു ക്ലാസ്മുറിയിൽ വളർത്താൻ ശ്രമിച്ചത്. അതിനു പകരം സംഘപഠനത്തിനും സഹവർത്തിതപഠനത്തിനും പ്രാമുഖ്യം നൽകി. കുട്ടികളുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടുകയും അറിവ് നേടുന്നതിനുള്ള അവരുടെ നിർണായക പങ്ക് സ്ഥാപിച്ചുകൊടുക്കുകയും ചെയ്തു. ഇതുവഴി ക്ലാസ്മുറിയെ ജനാധിപത്യവൽക്കരിക്കാൻ ശ്രമിച്ചു. അറിവിന്റെ നിർമിതിയും സാമൂഹികനിർമിതിയും പരസ്പരപൂരകങ്ങളായി മാറി. ജനങ്ങൾ ഉൽപാദകരാകുന്നതിനു സമാനമായി, ക്ലാസ്മുറികളിലെ ജ്ഞാനോൽപാദകരായി വിദ്യാർഥികൾ മാറി.

### ഭാവിസമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

ഭാവിസമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വികസിപ്പിച്ചുകൊണ്ടു മാത്രമേ വിദ്യാഭ്യാസ രംഗത്തെ പരിവർത്തനങ്ങൾക്കു തുടക്കം കുറിക്കാൻ കഴിയൂ. പുരോഗമനപരമായ ദർശനങ്ങളുടെയും പഠനങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ സമൂഹത്തിലെ മുഴുവൻ

വ്യക്തികളുടെയും ക്രിയാത്മക പങ്കാളിത്തമുള്ള ഒരു ഭാവിസമൂഹത്തെ സൃഷ്ടിക്കേണ്ടതുണ്ട്. അപ്രകാരം ലക്ഷ്യമിടുന്ന ഒരു ജനാധിപത്യസമൂഹത്തിന്റെ ആശയതലം ഉൾക്കൊള്ളുന്ന പഠനരീതിയാണു സ്വീകരിക്കേണ്ടത്. മതം, ജാതി, സാമ്പത്തികസ്ഥിതി, സ്ത്രീ-പുരുഷ വ്യത്യാസം, പ്രാദേശികത എന്നിവയുടെ അടിസ്ഥാനത്തിലുള്ള യാതൊരു വിവേചനവും ഇല്ലാത്തതും മാനവികതയിൽ ഊന്നിയതുമായ ഒരു ഭാവിസമൂഹമാണു നാം സ്വപ്നം കാണേണ്ടത്.

- ദേശീയബോധം, സ്വാശ്രയത്വം, തനതു സംസ്കാരപോഷണം, ജനാധിപത്യാവകാശങ്ങൾ എന്നിവയ്ക്കു മുഖ്യപരിഗണന നൽകുന്നതാകും ഈ സമൂഹം.
- ദരിദ്രജനവിഭാഗങ്ങളുടെ ക്ഷേമത്തിനു മുഖ്യപരിഗണന നൽകുന്നതും ഉൽപാദനാധിഷ്ഠിതമായ ഒരു വികസനസങ്കൽപം മുൻനിർത്തി വിഭവങ്ങളെ പ്രയോജനപ്പെടുത്തുന്നതുമായ സമൂഹമാണു സൃഷ്ടിക്കപ്പെടേണ്ടത്. നമ്മുടെ മാനവശക്തിയെ സുസ്ഥിരമായ ഒരു വികസനത്തിനു വേണ്ടി പ്രയോജനപ്പെടുത്തുന്ന ഒരു സമൂഹക്രമം നാം വിഭാവന ചെയ്യുന്നു.
- മനുഷ്യന്റെ കൂട്ടായ്മയിലും സഹകരണത്തിലും അടിയുറച്ച് മുന്നോട്ടുപോകുന്നതാകും ഈ സമൂഹം. സമ്പത്തിന്റെ ഉൽപാദനവും വിതരണവും നീതിപൂർവകവും കാര്യക്ഷമവുമാകുന്ന വികസനമാതൃകകൾ സൃഷ്ടിക്കുകയും അവ പരിപാലിക്കുകയും ചെയ്യും.
- അറിവ് പൊതുസമ്പത്താണെന്ന ധാരണയുടെയും അന്വേഷണവും വിമർശനാത്മക ചിന്തയും അറിവുനിർമാണ പ്രക്രിയയുടെ അടിസ്ഥാനശിലയാണെന്ന തിരിച്ചറിവിന്റെയും അടിസ്ഥാനത്തിൽ സമൂഹം നവീകരിക്കപ്പെടും.
- ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ പുറന്തള്ളപ്പെട്ട വിഭാഗങ്ങളോടുള്ള വിവേചനങ്ങൾക്കെതിരേ നിരന്തരം പോരാടുന്ന ഈ സമൂഹം സ്ത്രീക്കും പുരുഷനും സമൂഹത്തിന്റെ പുരോഗതിയിൽ തുല്യസ്ഥാനം നൽകും.
- സാംസ്കാരികവൈവിധ്യം മാനിച്ചുകൊണ്ട് സ്വന്തം സാംസ്കാരികപാരമ്പര്യത്തെ സംരക്ഷിക്കുകയും ഉപഭോഗസംസ്കാരത്തിന്റെ ദുഷ്പ്രവണതകൾക്കെതിരേ ശക്തമായ നിലപാടെടുക്കുകയും ചെയ്യുന്ന സമൂഹമായിരിക്കും ഇത്. സാംസ്കാരികരംഗത്ത് മാധ്യമങ്ങൾ ഉയർത്തുന്ന അനഭിലഷണീയമായ പ്രവണതകൾ തിരിച്ചറിയുന്നതിനും അതിനെതിരേ പ്രതികരിക്കുന്നതിനും കഴിയുന്നതായിരിക്കും ഇത്.
- സാമൂഹികതിന്മകൾക്കെതിരേ അണിചേരാനും സാമൂഹികപുരോഗതിക്കായുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാനുമുള്ള സന്നദ്ധത, വിഭാഗീയശക്തികൾക്കെതിരേ ശക്തമായി പ്രതികരിക്കുന്നതിനുള്ള മനോഭാവം - ഇവ പ്രതീക്ഷിത സമൂഹത്തിന്റെ മുഖമുദ്രയായിരിക്കും.

## വിദ്യാഭ്യാസലക്ഷ്യങ്ങൾ

കേരളത്തിന്റെ വിദ്യാഭ്യാസലക്ഷ്യങ്ങൾ നിർണയിക്കുമ്പോൾ ഇന്ത്യയുടെ സ്വാതന്ത്ര്യവും പരമാധികാരവും മതേതരത്വവും ജനാധിപത്യവും അരക്കിട്ടുറപ്പിക്കാൻ കരുത്തുള്ള ഒരു സമൂഹത്തെ മുന്നിൽ കാണേണ്ടതുണ്ട്. ഉയർന്ന സൗന്ദര്യബോധവും പ്രവൃത്യുന്മുഖമായ മാനുഷികമൂല്യങ്ങളും ഇതിലൂടെ ഫലവത്താക്കാൻ കഴിയണം. സുരക്ഷിതത്വബോധവും ചുമതലാബോധവും സാമൂഹികജീവിതത്തിന്റെ സമസ്ത രംഗങ്ങളിലും തെളിയണം. തന്റെ വളർച്ച കുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയുടെ ഭാഗമാണെന്ന തിരിച്ചറിവ് ഓരോ വ്യക്തിയിലും ഉണ്ടാകേണ്ടതാണ്.

**സാമൂഹികനീതിക്കു വേണ്ടിയുള്ള വിദ്യാഭ്യാസം**

സമത്വത്തിലും നീതിയിലും അടിയുറച്ച ഒരു സാമൂഹികക്രമം രൂപപ്പെടുത്താൻ കുട്ടികളെ സജ്ജരാക്കുന്ന വിദ്യാഭ്യാസമാണു ലക്ഷ്യമിടേണ്ടത്. ഇതു ജനാധിപത്യത്തിലും മതനിരപേക്ഷതയിലും സ്ത്രീപുരുഷ സമത്വത്തിലും അധിഷ്ഠിതമായിരിക്കണം. ഭരണഘടന മതനിരപേക്ഷത വിഭാവന ചെയ്യുന്നു. ഇതു ജാതിമതാദികളുടെ പേരിലുള്ള സ്പർധയെയും അക്രമങ്ങളെയും പ്രതിരോധിക്കുംവിധം ശക്തമാക്കി പരിപാലിക്കേണ്ടതുണ്ട്. സങ്കുചിതമായ താൽപര്യങ്ങളെ തടയാനും കൂട്ടായ്മ വളർത്താനും കഴിയുന്ന പഠനക്രമമാണു ലക്ഷ്യമിടേണ്ടത്. വിമോചനത്തിനും സാമൂഹികമാറ്റത്തിനും വേണ്ടിയുള്ള ഉപാധിയായി വിദ്യാഭ്യാസം മാറണം. ആത്മപ്രകാശനത്തിനും സ്വത്വാവബോധത്തിനും വഴിതുറക്കുന്നതാവണം വിദ്യാഭ്യാസം.

**വിദ്യാഭ്യാസം സന്തുലിതവും വിവേകപൂർണവുമായ വികസനത്തിന്**

പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ചുള്ള സമഗ്രമായ അവബോധം വളർത്തിയെടുക്കേണ്ടതുണ്ട്. സുസ്ഥിരവികസനം എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് എല്ലാ വികസന പ്രവർത്തനങ്ങളെയും പരിസ്ഥിതിക്ക് അനുഗുണമാകും വിധം രൂപപ്പെടുത്താനുള്ള മനോഭാവമാണു വികസിപ്പിക്കേണ്ടത്. വിഭവസംരക്ഷണത്തിലും വിനിയോഗത്തിലും സന്തുലിതവും വിവേചന പൂർണവുമായ സമീപനം സ്വീകരിക്കാൻ വിദ്യാർഥികൾ പ്രാപ്തി കൈവരിക്കേണ്ടതുണ്ട്.

**മികച്ച പൗരത്വം വികസിപ്പിക്കുന്നതിനുള്ള വിദ്യാഭ്യാസം**

സമൂഹത്തിൽ ഉത്തരവാദിത്തമുള്ള പൗരന്മാരായി പ്രവർത്തിക്കാൻ കഴിവു നൽകുന്നതായിരിക്കണം വിദ്യാഭ്യാസം. യുക്തിചിന്തയും ചരിത്രബോധവും രാഷ്ട്രീയവീക്ഷണവും ഉൾക്കൊള്ളുന്നതായിരിക്കണം പൗരബോധം. ശാസ്ത്രീയസമീപനവും നീതിബോധവും ജീവിതത്തിന്റെ സമസ്തമേഖലകളിലും പ്രകടിപ്പിക്കാൻ ഭാവിതലമുറയ്ക്കു കഴിയണം.

**ഉയർന്ന ദേശീയബോധം വളർത്തുന്ന വിദ്യാഭ്യാസം**

സാർവദേശീയ വീക്ഷണത്തിൽ അധിഷ്ഠിതമായ ദേശീയബോധമാണു നാം ലക്ഷ്യമിടേണ്ടത്. മാനവപുരോഗതിയും വിശ്വസ്നേഹവും ഉയർത്തിപ്പിടിക്കുന്നതാവണം അത്. ഭാരതത്തിന്റെ വൈവിധ്യങ്ങളെ അംഗീകരിക്കുന്നതും കൂട്ടിയിണക്കുന്നതുമായി ഈ ദേശീയ ബോധം വളരേണ്ടതുണ്ട്.

**അവകാശബോധത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം**

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നതും ഐക്യരാഷ്ട്ര പ്രമാണങ്ങളിൽ അടങ്ങിയിരിക്കുന്നതുമായ അവകാശങ്ങൾ സമൂഹത്തിൽ പ്രാവർത്തികമാക്കാൻ ഉതകുന്ന വിദ്യാഭ്യാസമാണു ലക്ഷ്യമിടുന്നത്. ഇതു മനുഷ്യാവകാശങ്ങളും കുട്ടികളുടെയും സ്ത്രീകളുടെയും പ്രത്യേക അവകാശങ്ങളും സംരക്ഷിക്കാൻ പശ്ചാത്തലമൊരുക്കുന്നതാവണം. വിദ്യാഭ്യാസ അനുഭവങ്ങൾക്ക് അവകാശബോധവികാസവുമായി നേർബന്ധം ഉണ്ടാകണം.

**ശാസ്ത്ര–സാങ്കേതിക അവബോധം വളർത്തുന്ന വിദ്യാഭ്യാസം**

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര-സാങ്കേതികവിദ്യകൾ സ്വായത്തമാക്കുന്നതിനും ജീവിതസാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുമുള്ള കഴിവു വളർത്തിയെടുക്കേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതികവികാസങ്ങൾക്കനുസരിച്ച് അറിവും ശേഷികളും മെച്ചപ്പെടുത്താനുള്ള മികവ് വിദ്യാർഥികൾ കൈവരിക്കേണ്ടതുണ്ട്. പൊതുസമൂഹത്തിന്റെ താൽപര്യങ്ങൾ കണക്കിലെടുത്ത് ശാസ്ത്ര-സാങ്കേതികരംഗത്തെ മാറ്റങ്ങളോട് നിലപാടുകൾ സ്വീകരിക്കാനും കഴിയണം.

## ശാസ്ത്രീയ മനോഭാവം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസം

കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ സമീപിക്കണം; പരിഹാരങ്ങൾ നിർദേശിക്കണം. ഇതിന് യുക്തിചിന്ത വളർത്താൻ ഉതകുന്ന വിദ്യാഭ്യാസമാണു ലഭ്യമാക്കേണ്ടത്. ശാസ്ത്രവും കപടശാസ്ത്രവും തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ വിദ്യാർഥികളെ സജ്ജരാക്കേണ്ടതുണ്ട്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വിഭാഗീയതകളുടെയും മുൻവിധികളുടെയും സ്വാധീനത്തിൽ നിന്നു സമൂഹത്തെ മോചിപ്പിക്കാൻ അവർക്കു കഴിയണം. ശാസ്ത്രീയമായ ജീവിതവീക്ഷണത്തിന്റെ അർഥതലങ്ങൾ വിദ്യാഭ്യാസത്തിലൂടെ സ്വാംശീകരിക്കാൻ കഴിയണം. അശാസ്ത്രീയതകൾക്കെതിരായ നിലപാടുകൾ സ്വീകരിക്കാനുള്ള മനോഭാവം ലഭിക്കുകയും വേണം.

## സാംസ്കാരികത്തനിമ പരിപാലിക്കുന്ന വിദ്യാഭ്യാസം

പ്രാദേശികവും പരമ്പരാഗതവുമായ ജ്ഞാനരൂപങ്ങളും നാട്ടറിവുകളും (കൃഷി, ജലം, ഭൂവിനിയോഗം, കല, കരവിരുത്...) കണ്ടെത്തുന്നതിനും പ്രസക്തമായവ പരിരക്ഷിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള കഴിവു വളർത്തിയെടുക്കുന്നതായിരിക്കണം വിദ്യാഭ്യാസം. ആരോഗ്യം, കായികശേഷീവികസനം, കല-സംസ്കാരം, തൊഴിൽസംസ്കാരം എന്നിവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം.

## തൊഴിൽനൈപുണി വളർത്തുന്ന വിദ്യാഭ്യാസം

അധ്വാനം സമൂഹത്തെ പരിവർത്തിപ്പിക്കുന്നു. അധ്വാനത്തിന്റെ മഹത്ത്വം തിരിച്ചറിയണം. അറിവും അധ്വാനവും പരസ്പരപൂരക സ്വഭാവത്തോടെ വിലയിരുത്തപ്പെടുന്ന വിദ്യാഭ്യാസമാണു വേണ്ടത്. പ്രവൃത്തിയിലുള്ള അനുഭവങ്ങൾ തൊഴിൽപരമായ ജ്ഞാനവും നൈപുണിയും മനോഭാവവും വികസിപ്പിക്കും. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും വിഭിന്ന രൂപങ്ങളിൽ അധ്വാനശേഷീവികസനം ലക്ഷ്യമിടണം. കൃഷിയുടെ മഹത്ത്വം തിരിച്ചറിയുന്നതിനും മണ്ണിനും ജീവനും അനുകൂലമായ കൃഷിയും കൃഷിരീതികളും വികസിപ്പിച്ചെടുക്കുന്നതിനുമുള്ള കഴിവു വളർത്തിയെടുക്കണം.

## സാമൂഹികവും ജനാധിപത്യപരവുമായ മൂല്യങ്ങൾ നേടാനുള്ള വിദ്യാഭ്യാസം

വ്യക്തി, കുടുംബം, സമൂഹം എന്നിവയുടെ കൂട്ടായ്മയിലൂടെ അനുതാപം, സ്നേഹം, ആർദ്രത, സാഹോദര്യം തുടങ്ങിയ ജീവിതമൂല്യങ്ങൾ നേടിയെടുക്കാൻ വിദ്യാഭ്യാസം സഹായകമാവണം. ആരോഗ്യകരമായ സ്ത്രീ-പുരുഷാവബോധം വളർത്താൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം. ജനാധിപത്യം ഒരു ആശയം എന്ന നിലയിലും ഒരു മൂല്യബോധം എന്ന നിലയിലും ഉൾക്കൊള്ളാൻ വിദ്യാഭ്യാസം സഹായകമാവണം.

## സ്വാശ്രയത്വം ഊട്ടിവളർത്തുന്ന വിദ്യാഭ്യാസം

സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക മണ്ഡലങ്ങളിൽ സ്വാശ്രയസങ്കൽപം വളർത്തിയെടുക്കാൻ ഉതകുന്ന വിദ്യാഭ്യാസമാണു നടപ്പാക്കേണ്ടത്.

## ചെറുത്തുനിൽപ്പിനു കരുത്തു പകരുന്ന വിദ്യാഭ്യാസം

ആഗോളവൽക്കരണം മുന്നോട്ടുവയ്ക്കുന്ന അനഭിലഷണീയ പ്രവണതകളെയും എല്ലാതരം അധിനിവേശങ്ങളെയും ചെറുത്തുനിൽക്കാനുള്ള മനോഭാവവും കരുത്തും പകരാൻ വിദ്യാഭ്യാസത്തിനു കഴിയണം. ആവശ്യവും ധൂർത്തും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനും ഉപഭോഗഭ്രാന്തിന് അടിമപ്പെടാതെ സ്വയം നിയന്ത്രിക്കാനും വിദ്യാർഥികളെ പ്രാപ്തരാക്കേണ്ടതുണ്ട്. സ്വാതന്ത്ര്യനിരാസത്തിന്റെയും സാംസ്കാരികാധിനിവേശത്തിന്റെയും വിപത്തുകൾ തിരിച്ചറിയാൻ അവർക്കു കഴിയണം.

## അറിവിന്റെ നിർമാണത്തിലും വിനിമയത്തിലും ഊന്നുന്ന വിദ്യാഭ്യാസം

അറിവു നിർമിച്ചെടുക്കുന്നതിനും സമൂഹത്തിൽ വിനിമയം ചെയ്യുന്നതിനും വിദ്യാഭ്യാസത്തിലൂടെ കഴിവ് ആർജിക്കേണ്ടതുണ്ട്. അറിവുനിർമാണത്തിന്റെ കാര്യത്തിൽ വംശം, വർഗം, സ്ത്രീ-പുരുഷഭേദം തുടങ്ങിയവയുടെ പേരിലുള്ള വിവേചനങ്ങളെ പ്രതിരോധിക്കാനും അതിജീവിക്കാനും അവർക്കു കഴിയണം. തങ്ങളുടെ ആവശ്യങ്ങളും അറിവും ആശയങ്ങളും പ്രാദേശിക, ദേശീയ, അന്തർദേശീയ തലങ്ങളിൽ പങ്കുവയ്ക്കുന്നതിനും പ്രതികരിക്കുന്നതിനും ആവശ്യമായ ഭാഷാനൈപുണികൾ നേടാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം.

## വിമർശനാത്മക സമീപനം പോഷിപ്പിക്കുന്ന വിദ്യാഭ്യാസം

മാനവരാശിയുടെ നേട്ടങ്ങളെ സമഗ്രമായി വിലയിരുത്താനുള്ള കഴിവ് വിദ്യാർഥികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. എല്ലാതരം ചൂഷണങ്ങൾക്കുമെതിരേ നിലപാടു സ്വീകരിക്കാൻ അവർക്കു കഴിയണം. ജീവിതാനുഭവങ്ങളെയും ജീവിതസന്ദർഭങ്ങളെയും വിമർശനാത്മകമായി നോക്കിക്കാണാനും വിവേചനബുദ്ധിയോടെ തീരുമാനമെടുക്കാനും അവർക്കു കഴിയണം. സ്വയംവിമർശനത്തിനുള്ള സന്നദ്ധതയും ആവശ്യമാണ്. സാമൂഹികതിന്മകളെ തിരിച്ചറിയാനും ചോദ്യംചെയ്യാനും യുക്തിഭദ്രമായി പ്രതിരോധിക്കാനും കഴിയണം. മുൻവിധികളെയും പിടിവാശികളെയും പ്രലോഭനങ്ങളെയും ചെറുക്കാനുള്ള കഴിവ് നിരന്തരം വളർത്തേണ്ടതുണ്ട്. വ്യത്യസ്ത ആശയങ്ങളെ സമചിത്തതയോടെ സ്വീകരിക്കാനും സമന്വയിപ്പിക്കാനും കഴിയണം. പ്രചരിപ്പിക്കപ്പെടുന്ന ആശയങ്ങൾ വിശകലനം ചെയ്യുന്നതിനും തെറ്റുകൾ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനും അവർക്കു കഴിയണം. അവയെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക തലങ്ങളിൽ വിശകലനം ചെയ്തു നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്.

## പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

ഏതൊരു പാഠ്യപദ്ധതി പരിഷ്കരണപ്രക്രിയയിലും പഠനത്തെ സംബന്ധിച്ച ചില സുപ്രധാന കാര്യങ്ങളിൽ വ്യക്തമായ നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്. ഈ നിലപാടുകൾ സ്വീകരിക്കുന്നത് എന്തുകൊണ്ടാണെന്നും അവ പ്രയോഗത്തിൽ വരുത്താൻ എന്തെന്ത് പുതിയ നടപടികളാണു കൈക്കൊള്ളുക എന്നും വ്യക്തമാക്കേണ്ടതുമുണ്ട്. ഇപ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ട ചില ചോദ്യങ്ങളാണ്,

1. കുട്ടികൾ എന്തിനാണു പഠിക്കുന്നത്?
2. കുട്ടികൾ എന്താണു പഠിക്കേണ്ടത്?
3. കുട്ടികൾ എങ്ങനെയാണു പഠിക്കേണ്ടത്?

ഇതിൽ ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരം വിശദീകരിച്ചുകഴിഞ്ഞു. നിശ്ചിതമായ ഗുണവിശേഷങ്ങളുള്ള ഒരു ഭാവിസമൂഹത്തെ നിർമിക്കുകയാണു വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും അതുവഴി വ്യക്തിയുടെയും സമൂഹത്തിന്റെയും വിമോചനമെന്ന വിശാലമായ കാഴ്ചപ്പാടു സാധ്യമാക്കാമെന്നും സൂചിപ്പിക്കുകയുണ്ടായി.

## പഠനത്തിന്റെ ഉള്ളടക്കം

കുട്ടികൾ എന്താണു പഠിക്കേണ്ടത് എന്നത് മേൽ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കണം. നിലവിലുള്ള സാമൂഹികസാഹചര്യത്തെ വിശകലനം ചെയ്തും അതിനകത്ത് വ്യക്തിയുടെ സ്ഥാനം അടയാളപ്പെടുത്തിയുമാണ് ഇക്കാര്യം നിർവഹിക്കേണ്ടത്.

നിലവിലുള്ള സമൂഹത്തിൽ ഒട്ടേറെ വൈരുധ്യങ്ങൾ നിലനിൽക്കുന്നു. സാമ്പത്തികമായ വിവിധ തട്ടുകളും അധികാരത്തിന്റെ അനവധി രൂപങ്ങളും അതിൽ അടങ്ങിയിരിക്കുന്നു.

സാംസ്കാരികവും സാമൂഹികവും സ്ത്രീ-പുരുഷ ഭേദപരവും മറ്റുമായ വേർതിരിവുകൾ ഉച്ചനീചപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും വളർച്ചയിലൂടെ മനുഷ്യസമൂഹം ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം എല്ലാവരിലും ഒരുപോലെ എത്തിയിട്ടില്ല. മാത്രമല്ല, നിലനിൽക്കുന്ന വേർതിരിവുകളെ അവ ഒന്നുകൂടി രൂക്ഷമാക്കുകയും ചെയ്തിരിക്കുന്നു. ആഗോളവൽക്കരണവും കച്ചവടവൽക്കരണവും മുമ്പു നേടിയ പല നേട്ടങ്ങളും ഇല്ലാതാക്കുന്നു.

സമ്പത്തിന്റെ കേന്ദ്രീകരണം, വിപണികളുടെ വ്യാപനം, ആഗ്രഹങ്ങളുടെ നിർമാണം എന്നിവ തകൃതിയായി നടക്കുന്നു. ഇതിനിടയിൽ കൃഷി, പരമ്പരാഗത വ്യവസായം തുടങ്ങിയവ തകരുന്നു. അഴിമതി, അക്രമം, ആത്മഹത്യ, വർഗീയത, അന്ധവിശ്വാസം എന്നിവ പെരുകുന്നു.

ഈ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം എന്താവണം എന്ന ചോദ്യം പ്രധാനമാണ്. ഒരു കാര്യം ഉറപ്പാണ്, ഇന്നലയുടെ വസ്തുനിഷ്ഠമായ വിലയിരുത്തലും ഇന്നിന്റെ ശരിയായ വ്യാഖ്യാനവും വഴി മാത്രമേ മെച്ചപ്പെട്ട ഒരു നാളയെ കെട്ടിപ്പടുക്കാനാവൂ.

അതുകൊണ്ടുതന്നെ വർത്തമാനകാല യാഥാർഥ്യത്തെ ക്ലാസ്മുറിക്കു പുറത്തുനിർത്താനാവില്ല. കുട്ടിയുടെ ജീവിതത്തെത്തന്നെ ഇത്തരം പല യാഥാർഥ്യങ്ങളും ശക്തമായി നിർണയിച്ചുകൊണ്ടിരിക്കുകയാണ്. സമൂഹത്തോടു പ്രതിബദ്ധതയും വിമർശനാവബോധവുമുള്ള ഒരു തലമുറ രൂപപ്പെടണമെങ്കിൽ വിദ്യാഭ്യാസത്തിലൂടെ അതിനു തുടക്കമിടണം. ഇന്നത്തെ ജീവിതത്തെ അറിഞ്ഞുകൊണ്ടാണ് നാളത്തെ ജീവിതത്തിനു തയാറെടുക്കേണ്ടത്.

എങ്കിൽ ഉള്ളടക്കം വികസിച്ചുവരേണ്ടത് കുട്ടിയുടെ അനുഭവപരിസരത്തുനിന്ന് ആവണം. സമൂഹം പൊതുവിൽ നേരിട്ടുകൊണ്ടിരിക്കുന്ന വലിയ പ്രശ്നങ്ങളുമായി ഇത്തരം അനുഭവങ്ങൾക്കു ബന്ധമുണ്ട്. വ്യക്തിയെ പല രീതിയിൽ നമുക്ക് അടയാളപ്പെടുത്താം. അതിനു ചെറുതും വലുതുമായ പല പരിധികളും കല്പിക്കാം. എങ്കിലും സാംസ്കാരികമായ ഒരു തലം വച്ചു നോക്കിയാൽ കേരളം എന്നതു പലതിന്റെയും അടിത്തറയായി വർത്തിക്കും. അതുകൊണ്ട് കേരളം എന്ന അടിസ്ഥാന ജീവിതയാഥാർഥ്യത്തിനകത്തു നിന്നുകൊണ്ട്, തന്നെ നിർമിക്കുന്ന പ്രാദേശികവും ദേശീയവും ആഗോളവുമായ യാഥാർഥ്യങ്ങളെ കുട്ടി വിശകലനം ചെയ്യുന്നത് പഠനത്തെ അർഥവത്താക്കുമെന്നു നാം കരുതുന്നു. കേരളസമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന മുഖ്യപ്രശ്നങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് പാഠ്യപദ്ധതിയെ പൊതുവിൽ രൂപകല്പന ചെയ്യുന്നത് പഠനത്തെ യാഥാർഥ്യത്തിൽ അധിഷ്ഠിതമാക്കുമെന്നു പ്രതീക്ഷിക്കുന്നു.

കേരളസമൂഹം നേരിടുന്ന പ്രശ്നങ്ങൾ എന്നത്, നമ്മുടെ മാത്രം പ്രശ്നങ്ങളല്ല. അതിനു പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ കാരണങ്ങളും വിതാനങ്ങളുമുണ്ട്. കേരളത്തിലെ പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ നിശ്ചയമായും ആഗോളതലത്തിൽ അനുഭവപ്പെടുന്ന വ്യാപകമായ പരിസ്ഥിതിനാശവും അതിന്റെ ഭാഗമായി ഉണ്ടായിവന്നിട്ടുള്ള തിരിച്ചറിവുകളും കടന്നുവരും. ചുരുക്കത്തിൽ, മൂർത്തമായ ഒരനുഭവയാഥാർഥ്യം എന്ന നിലയിൽ കേരളം പാഠ്യപദ്ധതിയിൽ നിലനിൽക്കും. ഒപ്പം മറ്റെല്ലാ തലങ്ങളിലും വിതാനങ്ങളിലുമുള്ള പഠനം വഴക്കവുമുള്ള ഒരു നിമിത്തമായി അതിൽ വർത്തിക്കുകയും ചെയ്യും.

ഭരണഘടന വിഭാവന ചെയ്യുന്നതും ദേശീയമായി നിർണയിക്കപ്പെട്ടതുമായ മൂല്യങ്ങളും കാഴ്ചപ്പാടുകളും ഈ പാഠ്യപദ്ധതി രൂപീകരണത്തിൽ നിർണായകമായി വർത്തിക്കും. ദേശീയബോധം, ജനാധിപത്യവീക്ഷണം, മതേതര കാഴ്ചപ്പാട്, സ്ഥിതിസമത്വചിന്ത, സാംസ്കാരികത്തനിമയിലുള്ള അഭിമാനം, പരിസ്ഥിതി അവബോധം, പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള പ്രത്യേക പരിഗണന തുടങ്ങിയവയെല്ലാം പുതിയ തലമുറയിൽ നിർമിച്ചെടുക്കാൻ ഈ പാഠ്യപദ്ധതി പ്രതിജ്ഞാബദ്ധമായിരിക്കും.

ഏതു മൂല്യവും രൂപപ്പെടേണ്ടത് അനുഭവങ്ങളുടെ ഭാഗമായാണ്. നിലനിൽക്കുന്ന പ്രശ്നങ്ങളുടെ വിചിന്തനത്തിലേക്കും അതിലൂടെയുണ്ടാക്കുന്ന തിരിച്ചറിവിലേക്കും നയിക്കുന്ന അനുഭവങ്ങൾ ലഭിക്കേണ്ടതുണ്ട്. ഉദാഹരണമായി, പരിസ്ഥിതിത്തകർച്ചയുടെതായ സമകാലിക യാഥാർഥ്യത്തെ തിരിച്ചറിയുക, അതിൽ എങ്ങനെ ഇടപെടണമെന്നു പര്യാലോചിക്കുക, കുട്ടികളുടെ ഇടപെടൽ തലങ്ങളിൽ അതിന് അവസരമുണ്ടാക്കുക എന്നിവ പാരിസ്ഥിതിക അവബോധം ശരിയായി രൂപപ്പെടുന്നതിന് അത്യാവശ്യമാണ്. അല്ലാത്തപക്ഷം മൂല്യവിദ്യാഭ്യാസം കുട്ടിയിൽ യാതൊരു മാറ്റവും ഉണ്ടാക്കില്ല.

സാമൂഹികപ്രശ്നങ്ങളെ കേന്ദ്രീകരിച്ചാണ് പാഠ്യപദ്ധതി രൂപപ്പെടുത്തുക എന്നു സൂചിപ്പിച്ചു. ഇതിനർഥം ചെറിയ ക്ലാസ് തൊട്ടേ സാമൂഹികപ്രശ്നങ്ങൾ ബൃഹദ്രൂപത്തിൽ കുട്ടിയുടെ മുന്നിൽ വരുക എന്നല്ല. പ്രായത്തിനും അനുഭവപരിചയത്തിനും യോജിക്കുന്ന, അഥവാ ഉൾക്കൊളളാൻ കഴിയുന്ന ചെറിയ ഒരു പ്രശ്നമായാവും അതു കുട്ടിയുടെ അനുഭവസീമയിൽ വരുക. ക്രമേണ അതിന്റെ വ്യാപ്തി വർധിക്കും. ചിലപ്പോൾ അതു സാമൂഹികപ്രശ്നവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടുകിടക്കുന്ന ഒരു അക്കാദമികപ്രശ്നമായും വരാം. ഏതായാലും സാമൂഹികപ്രശ്നങ്ങളെ കേന്ദ്രീകരിച്ചോ ബന്ധപ്പെട്ടോ ഉള്ള പ്രശ്നാധിഷ്ഠിതവിദ്യാഭ്യാസമാണു പാഠ്യപദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

ഇത്തരം പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും വിശകലനം ചെയ്യുന്നതിനും ശാസ്ത്രത്തിന്റെ ആശയങ്ങളും പഠനരീതിയും ആവശ്യമായി വരും. പ്രസ്തുത പ്രശ്നത്തെ അളവുപരമായും യുക്തിയുക്തമായും സമീപിക്കാൻ ഗണിതം ഉപയോഗിക്കേണ്ടി വരും. അതിന്റെ സാമൂഹിക വിശകലനം സാമൂഹികശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് നിർവഹിക്കാൻ സാധിക്കും. ഭാഷകളാവട്ടെ, പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ബന്ധപ്പെട്ട കാര്യങ്ങൾ വിനിമയം ചെയ്യുന്നതിനും പ്രതികരിക്കുന്നതിനുമുള്ള ശക്തമായ ഉപകരണങ്ങളായി വർത്തിക്കും. അനുഭവം, ആവിഷ്കരണം, പരിഹാരം തുടങ്ങിയ തലങ്ങളിൽ കലാ-കായിക-പ്രവൃത്തിപരിചയ മേഖലകളും കടന്നുവരും. ചെറിയ ക്ലാസുകളിൽ ഇവ ഉദ്ഗ്രഥിതമായിത്തന്നെ കൈകാര്യം ചെയ്യാനാവും. മുകളിലോട്ടു വരുന്തോറും വേർതിരിവും വിശേഷവൽക്കരണവും സംഭവിക്കും.

നിശ്ചിതമായ ലക്ഷ്യത്തിന്റെയും സമീപനത്തിന്റെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന അറിവുകളും വിരുതുകളും ആണ് ഓരോ വിഷയത്തിലും ഉണ്ടാവുക. കുട്ടികളുടെ പ്രായത്തിന്റെയും മുന്നറിവുകളുടെയും പഠനരീതികളുടെയും ഇടപെടൽതലത്തിന്റെയും അടിസ്ഥാനത്തിൽ അവ ചാക്രികമായി വിന്യസിക്കും. ജഡമായ കുറേ വിജ്ഞാനശകലങ്ങൾ - അവ പണ്ടേ പഠിച്ചുവരാറുണ്ട് എന്ന ഒറ്റ ന്യായത്തിൽ - പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തില്ല. മുൻപാഠ്യപദ്ധതികളിൽ പരിഗണിക്കപ്പെടാത്ത പല വിജ്ഞാനഘടകങ്ങളും വിശകലനരീതികളും പ്രക്രിയകളും പ്രതികരണപ്രവർത്തനങ്ങളും പുതുതായി കടന്നുവരാനും സാധ്യതയുണ്ട്. അറിവ് എന്നതു സാമൂഹികമായി സൃഷ്ടിക്കപ്പെടുന്നതും സാംസ്കാരികമായി നിർണയിക്കപ്പെടുന്നതും ചരിത്രപരമായി അടയാളപ്പെടുത്തുന്നതുമായ ഒരു യാഥാർഥ്യമാണ് എന്നു തിരിച്ചറിയണം. അതു വിഷയത്തിന്റെ കേവലമായ ഉള്ളടക്കമെന്ന നിലയിൽ പരിമിതപ്പെട്ടതാവരുത്. മറിച്ച്, വിശാലമായ സാമൂഹിക യാഥാർഥ്യത്തിനകത്തുകൂടി അതു പ്രസക്തമാവണം.

ഇങ്ങനെ പറയുമ്പോൾത്തന്നെ, ദേശീയ പാഠ്യപദ്ധതിയുടെ ഉള്ളടക്കതലങ്ങൾ നാം പരിഗണിക്കും. ഒപ്പം സാമൂഹികപ്രസക്തമായ അറിവിന്റെ കാര്യത്തിൽ നാം ഏറെ മുന്നോട്ടുപോവുകയും ചെയ്യും. കുട്ടിയുടെ ഗ്രഹണശേഷിയും ആശയപരമായ മേൽ-കീഴ് ബന്ധവും പരിഗണിച്ചുകൊണ്ടുള്ള പ്രസക്തമായ ചില അഴിച്ചുപണികളും ഈ പാഠ്യപദ്ധതിയിൽ ഉണ്ടാവും.

ദേശീയ പാഠ്യപദ്ധതി നിർദേശിച്ച വിമർശനാത്മക ബോധനശാസ്ത്രം ഉള്ളടക്കനിർണയത്തിലും സ്വാധീനം ചെലുത്തും. സമൂഹത്തിലുള്ള വൈരുധ്യം ക്ലാസ് മുറിയിലും പ്രകടമാവുമെന്ന്

നേരത്തേ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം വൈരുധ്യങ്ങളെ പുനർനിർമിക്കുന്ന ഇടമായും ക്ലാസ് മുറികൾ മാറാനിടയുണ്ട്. ചില അറിവുകളെ ശ്രേഷ്ഠമായും മറ്റു ചിലതിനെ മ്ലേച്ഛമായും പാഠപുസ്തകങ്ങളിൽ ചിത്രീകരിക്കുന്ന സ്ഥിതി ഉണ്ടാവാറുണ്ട്. സംസ്കാരം, ഭാഷ, ജീവിതാവസ്ഥകൾ എന്നിവയെല്ലാം മേലാള പക്ഷപാതിത്വത്തോടെ ചിത്രീകരിക്കാറുണ്ട്. കീഴാള വിഭാഗങ്ങളിൽ നിന്നു വരുന്ന കുട്ടികൾക്ക് ഇവയൊക്കെ ഉണ്ടാക്കുന്ന ആഘാതം ചെറുതല്ല. ആകയാൽ, വിമർശനാത്മകമായ ഒരു തലത്തിൽ നിന്നു വേണം പാഠപുസ്തകങ്ങളിലെ ഉള്ളടക്കം, ഭാഷ, ചിത്രീകരണം തുടങ്ങിയവ ചിട്ടപ്പെടുത്തുന്നത്.

പഠിക്കുക എന്നതിനർഥം അറിയുക എന്നതിനൊപ്പം മാറുക എന്നുകൂടിയാണ്. കേവലമായ വിവരങ്ങൾ ശേഖരിച്ചതു കൊണ്ടായില്ല. അവ ജ്ഞാനനിർമാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ മാത്രമാണ്. വിവരങ്ങളെ അപഗ്രഥിച്ച് ചില നിഗമനങ്ങളിൽ എത്തിയതുകൊണ്ടുമാകുന്നില്ല. ആ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന അവസ്ഥയിൽ മാറ്റം വരുത്താൻ പര്യാപ്തമായ നിർദേശങ്ങളും പ്രതികരണങ്ങളും ഉണ്ടാവണം. എന്തുകൊണ്ട് പുഴകൾ മലിനീകരിക്കപ്പെടുന്നു, ദരിദ്രർ അപമാനിക്കപ്പെടുന്നു, എല്ലാം വിൽപനച്ചരക്കായി മാറുന്നു, നാട്ടുഭാഷാപദങ്ങൾ അന്യം നിൽക്കുന്നു, പ്രാദേശിക തൊഴിൽക്കൂട്ടങ്ങൾ തകർന്നടിയുന്നു, പെൺകുട്ടികൾ രണ്ടാം തരം പൗരാവസ്ഥയിൽ കഴിയുന്നു, മാധ്യമങ്ങളിൽ ചുറ്റുമുള്ള ജീവിതം കാണാതെപോവുന്നു, മഹത്തായ മതമൂല്യങ്ങളെ വർഗീയത കൈയേറുന്നു, ലാളിത്യം ഒരു മൂല്യമല്ലാതായിത്തീരുന്നു, യുദ്ധം അടിച്ചേൽപ്പിക്കപ്പെടുന്നു എന്നൊക്കെ ഓരോ പഠിതാവിനും ചിന്തിക്കാനാവണം. നേടിയ അറിവുകൾ പ്രകാശിപ്പിക്കാനും നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാനും പ്രതികരണങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കാനും നിലപാടുകൾ ആവിഷ്കരിക്കാനും നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാനും ബദലുകൾ കണ്ടെത്താനും അവസരമുണ്ടാവണം. ചുരുക്കത്തിൽ, സാമൂഹികമായി നിർമിച്ച അറിവിനെ വിമർശനാത്മകമായ പ്രതികരണത്തിന്റെ തലത്തിലേക്ക് ഉയർത്തുന്ന ഉള്ളടക്കവിതാനം പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കണം.

## പഠനത്തിന്റെ രീതി

മനഃശ്ശാസ്ത്രം കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ ലോകത്തിനു നൽകിയ തിരിച്ചറിവുകളെ വിവേകപൂർവം പരിശോധിച്ചുകൊണ്ടേ ഇക്കാര്യത്തിൽ ചില ഉറച്ച നിലപാടുകളിൽ എത്താനാവൂ. തള്ളേണ്ടവ തള്ളാനും കൊള്ളേണ്ടവ കൊള്ളാനുമുള്ള ആർജവം നാം കൈക്കൊണ്ടേ പറ്റൂ.

വിദ്യാഭ്യാസ മനഃശ്ശാസ്ത്രത്തിൽ ഒരേ കാലഘട്ടത്തിൽ ഒട്ടേറെ ശാഖകൾ രൂപപ്പെടുകയുണ്ടായി. എന്നാൽ വ്യാപകമായി സ്വീകരിക്കപ്പെട്ടതും വളരെക്കാലം സ്വാധീനം ചെലുത്തിയതും വ്യവഹാരവാദമാണ്. ചോദക-പ്രതികരണബന്ധത്തിന്റെ നിർമാണമാണ് അടിസ്ഥാനപരമായി പഠനപ്രക്രിയയായി ഇവർ മുന്നോട്ടുവച്ചത്. നടപ്പാക്കാൻ എളുപ്പമുള്ള ഒരു പദ്ധതിയായിരുന്നു ഇതെന്നതിൽ സംശയമില്ല. പരമ്പരാഗതമായി നിലനിന്ന ഉരുവിട്ടു പഠിക്കൽ, ശിക്ഷിച്ചു മെച്ചപ്പെടുത്തൽ, അറിവിന്റെ കൈമാറ്റം, അധ്യാപകന്റെ ചോദ്യം ചെയ്യപ്പെടാത്ത സ്ഥാനം എന്നിവയ്ക്ക് ഈ കാഴ്ചപ്പാട് നല്ല ന്യായീകരണമായി മാറി.

നൈസർഗികവാസനകളാൽ മാത്രം നയിക്കപ്പെടുന്ന ഏതാനും ജീവികളിൽ നടത്തിയ പരീക്ഷണങ്ങളായിരുന്നു വ്യവഹാരവാദത്തിന് ആധാരം. ഇവർ കണ്ടെത്തിയ ചില മാതൃകകളാണ് മനുഷ്യശിശുക്കളുടെ പഠനത്തിനും ശുപാർശ ചെയ്തത്. മനുഷ്യനൊഴികെയുള്ള ജീവികളുടെ കാര്യത്തിൽ മുതിർന്നവ ചെയ്യുന്നതു കണ്ടും അനുകരിച്ചും ആവർത്തിച്ചും ആണ് കുഞ്ഞുങ്ങൾ വളരുന്നത്. ഏതാനും കാര്യങ്ങൾ അവയ്ക്കു ജന്മസിദ്ധമായും ലഭിക്കും. അനുഭവങ്ങളെ വിശകലനം ചെയ്യാനും സഹപാഠികളുമായും മുതിർന്നവരുമായും ചർച്ചയിലും സംവാദങ്ങളിലും ഏർപ്പെടാനും സഹായിക്കുന്ന ആശയവിനിമയ ഉപാധികളും ഉയർന്ന മാനസികശേഷികളും

ഈ ജീവികൾക്കില്ല. എന്നാൽ ഇത്തരം കഴിവുകളുള്ള മനുഷ്യശിശുവിന്റെ കാര്യത്തിലും ജന്മ വാസനയുടെയും അനുകരണത്തിന്റെയും ചോദക-പ്രതികരണ ബന്ധരൂപീകരണത്തിന്റെയും പരിമിത വഴികളേ നിർദേശിക്കാനുള്ളൂ എന്നത് ഈ വിചാരമാതൃകയെ നിരാകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

രണ്ടാമതായി പരിഗണനയിൽ വരുന്നത് മനുഷ്യവ്യക്തിത്വത്തിൽ അചഞ്ചലമായ വിശ്വാസം പ്രകടിപ്പിച്ച മാനവികതാവാദമാണ്. പഠിതാവിന്റെ പ്രകൃതം മാനിക്കണമെന്നും വ്യക്തിത്വത്തെ അംഗീകരിക്കണമെന്നും പഠനത്തെ കുട്ടിയുടെ യഥാർഥ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തണ മെന്നും അധ്യാപകൻ പഠനത്തെ സുഗമമാക്കുന്ന രീതിയിൽ ഇടപെടണമെന്നും ഈ സമീപനം വ്യക്തമാക്കുന്നു. പഠിതാവ് പഠനപ്രശ്നത്തെ സ്വയം ഏറ്റെടുത്തും അതിൽ പൂർണപങ്കാളി യായും സ്വയം വിലയിരുത്തിയും മുന്നോട്ടുപോകുമ്പോഴാണ് പഠനം താൽപര്യജനകവും പ്രയോ ജനപ്രദവുമാവുക. പഠനത്തിന്റെ സാമൂഹികവശങ്ങളിൽ കാര്യമായി ശ്രദ്ധിച്ചില്ല എന്ന പരി മിതി നിലനിൽക്കുമ്പോൾത്തന്നെ, കുട്ടികളോടുള്ള സമീപനത്തെ സംബന്ധിച്ച് മാനവികതാ വാദം മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾ ശിശുകേന്ദ്രിതവും ജനാധിപത്യത്തിൽ അധിഷ്ഠിതവുമായ ഒരു പാഠ്യപദ്ധതിക്ക് പൊതുവിൽ സ്വീകാര്യമാണ്.

പഠനത്തെ സജീവമായ മാനസികപ്രക്രിയയായും അറിവിന്റെ നിർമാണമായും വീക്ഷിക്കുന്ന ജ്ഞാനനിർമിതിവാദമാണ് അടുത്തത്. ഇതിനു രണ്ടു ധാരകളുണ്ട്. അതിലൊന്ന് കുട്ടിയെ ഏകാ കിയായ അന്വേഷകയായി അവതരിപ്പിക്കുന്നു. കുട്ടിക്ക് ഉണ്ട് എന്നു കരുതപ്പെടുന്ന സവിശേഷ മായ കഴിവുകളിലാണ് അതിന്റെ ഊന്നൽ. അധ്യാപകരുടെ ഇടപെടലിനെ പരിമിതപ്പെടുത്തുന്ന ഒരു സമീപനമാണിത്. സമൂഹത്തിന് ഇവിടെ കാര്യമായ പങ്കാളിത്തമില്ല. ഇതിലൂടെ കുട്ടികൾ എത്തിച്ചേരുന്ന അറിവുകൾ അപൂർണമായിരിക്കുമെന്നും അതു പരമാവധിയിലേക്ക് ഉയരില്ലെന്നും ഉള്ള വിമർശനങ്ങൾ ഈ വീക്ഷണത്തിന് എതിരേയുണ്ട്.

ദേശീയ പാഠ്യപദ്ധതി ശക്തമായി ശുപാർശ ചെയ്തിട്ടുള്ള സാമൂഹിക ജ്ഞാനനിർമിതിവാദ മാണ് രണ്ടാമത്തെ കൈവഴി. ജനനം മുതൽ ചുറ്റുമുള്ളവരുമായി ഇടപെട്ടുകൊണ്ടിരിക്കുന്ന, കൂടുതൽ അറിവുള്ളവരുടെ സഹായത്തോടെ നിലവിലുള്ള കഴിവുകൾക്ക് അപ്പുറത്തേക്ക് ഉയർന്നു പോവുന്ന ഒരു സാമൂഹികപഠിതാവായി കുട്ടിയെ ഈ സമീപനം വീക്ഷിക്കുന്നു. ഈ പഠിതാവ് ജീവശാസ്ത്രപരമായ തലത്തിനൊപ്പം സാംസ്കാരികമായും വികസിക്കുന്നു. ഭാഷാപരവും ഗണി തപരവുമൊക്കെയായ ചിഹ്നങ്ങൾ, ഉയർന്ന മാനസികപ്രക്രിയകൾ, മുമ്പു നേടിയ അറിവിന്റെ വിപുലസഞ്ചയം എന്നീ മാനസിക ഉപകരണങ്ങൾ മറ്റു ജന്തുക്കളെ അപേക്ഷിച്ച് മനുഷ്യശിശു വിന്റെ മികവാണ്. ഇതൊക്കെയും ജനനശേഷം കുട്ടി സമൂഹവുമായി ഇടപെട്ടു നേടിയതാണ്. മനുഷ്യർ ഒരു സമൂഹമെന്ന നിലയിൽ ഇതഃപര്യന്തം വികസിപ്പിച്ചെടുത്ത സാമഗ്രികൾ, ഉപകര ണങ്ങൾ, പുസ്തകങ്ങൾ, യന്ത്രങ്ങൾ, സ്ഥാപനങ്ങൾ, സംവിധാനങ്ങൾ തുടങ്ങിയ ഭൗതിക ഉപ കരണങ്ങളും ഈ പഠിതാവിന് പ്രയോജനപ്പെടുത്താനാവും. ചുരുക്കത്തിൽ, മാനസികവും ഭൗതി കവുമായ നിരവധി സാംസ്കാരിക ഉപകരണങ്ങൾ ഉപയോഗിച്ച്, സമൂഹത്തിലെ മറ്റ് അംഗങ്ങ ളുമായി ഇടപെട്ട് വികാസത്തിന്റെ ഉയർന്ന നിലയിലേക്കു പോകാൻ കഴിയുന്ന മനുഷ്യസാധ്യ തയെ പ്രയോജനപ്പെടുത്താൻ സാമൂഹിക ജ്ഞാനനിർമിതിവാദം നമ്മോട് ആഹ്വാനം ചെയ്യു ന്നു. മനുഷ്യനിലെ കേവലജന്തുവിനെ മാത്രം കണ്ട വ്യവഹാരവാദത്തിനും ഏകാകിയായ അന്വേ ഷകനെ മാത്രം കണ്ട കേവല ജ്ഞാന നിർമിതിവാദത്തിനും അപ്പുറമുള്ള ഒരു സാധ്യതയാണ് മനുഷ്യനിലെ സാമൂഹികവശത്തിൽ ഊന്നിയ സാമൂഹിക ജ്ഞാനനിർമിതിവാദം മുന്നോട്ടുവച്ചത്.

നമ്മുടെ സ്വാഭാവികമായ വികാസഗതിക്കു നിരക്കുന്നതും വ്യക്തിയെയും സമൂഹത്തെയും പര സ്പരം ബന്ധപ്പെടുത്തുന്നതും രണ്ടിന്റെയും മെച്ചപ്പെട്ട വികാസം ഉറപ്പുവരുത്തുന്നതുമായ ഈ സമീപനം ജനാധിപത്യത്തിലും സാമൂഹികമൂല്യങ്ങളിലും അധിഷ്ഠിതമായ ഒരു ഭാവിസമൂഹ ത്തിന്റെ നിർമിതിക്ക് അനുഗുണമാണ്.

തന്നെയും തന്റെ ചുറ്റുപാടുകളെയും വിമർശനാത്മകമായി സമീപിക്കുമ്പോഴാണ് സമൂഹനിർമിതിക്കടിത്തറയാകുന്ന ജ്ഞാനനിർമിതി നടക്കുക. സാമൂഹികവും സാംസ്കാരികവുമായ വൈരുധ്യങ്ങൾ പഠിതാക്കൾ ആർജിക്കുന്ന കഴിവിനെ ബാധിക്കും. ഇത്തരം വൈരുധ്യവും വൈവിധ്യവുമായി നിരന്തരം ഇടപെടുകയും ചോദ്യംചെയ്യുകയും ചെയ്തുകൊണ്ടേ വളർച്ച സാധ്യമാവൂ. സാമാന്യബോധത്തിൽ നിന്ന് ശാസ്ത്രീയവീക്ഷണത്തിലേക്കുള്ള പരിവർത്തനം അറിവിന്റെ നിർമാണത്തിന്റെ ഭാഗമായി സംഭവിക്കണം. തന്നെയും ജീവിതപരിസരത്തെയും പഠിതാവ് വീണ്ടും വീണ്ടും പരിശോധിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസം നിർമാണത്തിന്റെയും പരിവർത്തനത്തിന്റെയും തുടർച്ചയായ പ്രക്രിയയാണ്. സാമൂഹിക ജ്ഞാനനിർമിതിവാദത്തിലധിഷ്ഠിതവും വിമർശനാത്മകബോധനശാസ്ത്രത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളുന്നതുമാവണം പഠനസമീപനം.

പഠനം നടക്കുമ്പോൾ തലച്ചോറിനകത്തു നടക്കുന്ന മാറ്റങ്ങളെ നാഡീമനഃശ്ശാസ്ത്രം വിശദീകരിക്കുന്നു. നാഡീകോശങ്ങളുടെ സങ്കീർണമായ വലക്കണ്ണികളുടെ രൂപത്തിലാണു പഠനം തലച്ചോറിൽ രേഖപ്പെടുത്തുന്നത്. പഠനം നടക്കുമ്പോൾ തലച്ചോറിലുണ്ടാകുന്ന മാറ്റങ്ങൾ കാണിച്ചുതരാൻ കഴിയുന്ന യന്ത്രസംവിധാനങ്ങൾ ഇന്നുണ്ട്. മസ്തിഷ്കവികാസം ഏറിയകൂറും നടക്കുന്നതു ചെറുപ്രായത്തിലാണ്. ഓരോ കഴിവുമായി ബന്ധപ്പെട്ടും ചില നിർണായക വികാസവേളകളുണ്ട്. ആ പ്രായത്തിൽ അതുമായി ബന്ധപ്പെട്ട നിശ്ചിത അനുഭവങ്ങൾ ലഭിച്ചില്ലെങ്കിൽ അപരിഹാര്യമായ നഷ്ടമാവും സംഭവിക്കുക. പ്രീ-പ്രൈമറി ഘട്ടത്തിൽ അനൗപചാരികവും വൈവിധ്യപൂർണവുമായ കളിയനുഭവങ്ങൾ നൽകണം എന്ന പൊതുനിരീക്ഷണത്തെ ഇത്തരം കണ്ടെത്തലുകൾ ഒന്നുകൂടി ഉറപ്പിക്കുന്നു. വ്യത്യസ്ത ബുദ്ധിമേഖലകളിലുള്ള പഠനം തലച്ചോറിന്റെ വ്യത്യസ്തഭാഗങ്ങളെയാണു പ്രവർത്തിപ്പിക്കുന്നത്. ഒരു പ്രശ്നത്തെ നാം പരിഹരിക്കാൻ ശ്രമിക്കുമ്പോൾ ഈ വിധം വികസിച്ച വ്യത്യസ്ത ഭാഗങ്ങളുടെ ഏകോപിച്ച പ്രവർത്തനമാണു തലച്ചോറിൽ നടക്കുന്നത്. ഇതിനർഥം ബുദ്ധിയുടെ ബഹുതലങ്ങളെ പരിഗണിച്ചുകൊണ്ടുള്ള വൈവിധ്യപൂർണമായ അനുഭവങ്ങൾ സ്കൂൾഘട്ടത്തിൽ ലഭിക്കണമെന്നാണ്. അതോടൊപ്പം തന്നെ ചില പ്രത്യേക ബുദ്ധിമേഖലകളോട് കുട്ടികൾക്കു സവിശേഷമായ ചായ്‌വ് ഉണ്ടാവും. അവരുടെ പഠനശൈലി ഇതുമായി ബന്ധപ്പെട്ടതാവും. അവരുടെ ഭാവിവികസന സാധ്യതയും ഏറ്റവും കൂടുതൽ ഈ മേഖലകളിലാവും. അതുകൊണ്ട് കുട്ടികളുടെ വ്യത്യസ്തത അംഗീകരിക്കുന്ന പാഠ്യപദ്ധതിയിൽ, ഓരോ കുട്ടിക്കും തന്റെ മേഖല കണ്ടെത്താനും അതിലൂടെ മുന്നേറി തന്റെയും ഒപ്പം സമൂഹത്തിന്റെയും പൊതുവികാസം ഉറപ്പുവരുത്താനുമുള്ള അവസരങ്ങൾ ഉണ്ടാവണം. അനുഭവങ്ങളുടെയും പോഷകസമൃദ്ധമായ ഭക്ഷണത്തിന്റെയും കുറവ് പഠനത്തെ ബാധിക്കുമെന്ന സൂചനയും നാഡീമനഃശാസ്ത്രം നൽകുന്നു.

### പഠനപ്രക്രിയയുടെ നിർവഹണം

പഠനപ്രവർത്തനത്തിന്റെ മാനസികതലം പൂർത്തീകരിക്കപ്പെടേണ്ടതു കുട്ടിയുടെ മസ്തിഷ്കത്തിലാണ്. എന്നാൽ ഇതിന്റെ ഭൗതികവും സാമൂഹികവുമായ തലങ്ങൾ ആവിഷ്കരിക്കപ്പെടുന്നത് സ്കൂളിലും വീട്ടിലും മറ്റു സാമൂഹികസന്ദർഭങ്ങളിലുമായാണ്. പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമായാണ് അതു കുട്ടിക്ക് അനുഭവപ്പെടുക. ഔപചാരിക വിദ്യാഭ്യാസത്തിൽ ഇത്തരം സന്ദർഭങ്ങൾ എപ്പോഴും സ്വയമേവ ഉയർന്നുവരണമെന്നില്ല. അതുകൊണ്ടുതന്നെ സന്ദർഭങ്ങൾ സൃഷ്ടിക്കുന്നതിൽ അധ്യാപകർക്കും പഠനസാമഗ്രികൾക്കും സവിശേഷമായ പങ്കുണ്ട്.

ഓരോ പഠനപ്രശ്നവും ഒന്നുകിൽ സാമൂഹികപ്രശ്നങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടതാവാം. അല്ലെങ്കിൽ സാമൂഹികപ്രശ്നങ്ങളുടെ പരിഹരണത്തിൽ പ്രസക്തമായിത്തീരുന്ന അക്കാദമിക പ്രശ്നവുമാവാം. രണ്ടുതരത്തിലായാലും ചിന്തിക്കുന്ന ഒരു വ്യക്തി എന്ന നിലയിലും സമൂഹത്തിലെ വളർന്നുവരുന്ന ഒരംഗം എന്ന നിലയിലും കുട്ടിയിൽ ആന്തരികമായ പ്രചോദനം

ഉണ്ടാക്കുന്നതാവും ഈ പ്രശ്നം. ഇതോടെ പ്രശ്നപരിഹാരത്തിന്റെ വഴിയിലൂടെ ഉത്തരവാദിത്തപൂർണമായ യാത്ര പഠിതാവ് ആരംഭിക്കുന്നു. ഇവിടെ പഠിതാവ് ഒറ്റയ്ക്കല്ല; സഹപഠിതാക്കളും അധ്യാപകനും ഒപ്പമുണ്ട്; രക്ഷിതാവും സമൂഹവും സഹായത്തിനുണ്ട്. അതുകൊണ്ടുതന്നെ ചർച്ചചെയ്തും പങ്കുവച്ചും പ്രശ്നപരിഹരണരീതി നിർണയിക്കാനാവുന്നു. സ്വന്തം ചിന്തകൾക്കും നിർദേശങ്ങൾക്കും അർഹമായ പരിഗണന ലഭിക്കുന്നു. മുന്നറിവുകൾ, നേരത്തേ നേടിയ കഴിവുകൾ, പ്രത്യേകം തയാറാക്കപ്പെട്ട പഠനസാമഗ്രികൾ, ഉചിതമായ അധ്യാപക ഇടപെടൽ എന്നിവ ഉപയോഗിച്ച് വിവരശേഖരണവും അപഗ്രഥനവും നിർവഹിക്കുന്നു. എത്തിച്ചേർന്ന ധാരണകളുടെ വെളിച്ചത്തിൽ വ്യക്തിപരമോ സാമൂഹികമോ ആയ പ്രതികരണങ്ങളിൽ ഏർപ്പെടുന്നു. ഈ പ്രക്രിയയിൽ ഉടനീളം പങ്കുവയ്ക്കലും സംവാദവും വിലയിരുത്തലും മെച്ചപ്പെടുത്തലും നടക്കുന്നു. ഇതു വ്യക്തിയിലും കുട്ടി ഇടപെടുന്ന സമൂഹത്തിലും നിരന്തര മാറ്റങ്ങൾ സൃഷ്ടിക്കുന്നു.

ഏതൊരു പഠനപ്രശ്നവും കുട്ടിയുടെ നിലവിലുള്ള അറിവുകൾക്കു മുകളിൽ നിൽക്കുന്നതുകൊണ്ടാണ് അതു വെല്ലുവിളിയായി മാറുന്നത്. അതേസമയം അതു കുട്ടിക്കു ലഭ്യമാവുന്ന സാഹചര്യങ്ങൾക്കും സഹായങ്ങൾക്കും അകത്തു പരിഹരിക്കപ്പെടാൻ കഴിയുന്നതുമാവണം.

ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവും സാമൂഹികവുമായ സാധ്യതകളെയും പരിമിതികളെയും കുറിച്ച് അധ്യാപകർക്ക് അറിവുണ്ടാകണം. കുട്ടിയുടെ പരിമിതികൾക്കുള്ളിലേക്കു പഠനലക്ഷ്യത്തെ ചുരുക്കുക എന്ന എളുപ്പമാർഗമല്ല നാം സ്വീകരിക്കുക. പകരം, കുട്ടിയുടെ പരിമിതികളെ മറ്റു രീതികളിൽ എങ്ങനെ മറികടക്കാമെന്ന് കൂട്ടായി ആലോചിക്കുകയും അതിനുള്ള പരിഹാരങ്ങൾ ഏർപ്പെടുത്തുകയും അതുവഴി പരമാവധി പഠനനേട്ടം ഉറപ്പുവരുത്തുകയുമാവും ചെയ്യുക.

പാഠപുസ്തകങ്ങൾ പ്രശ്നാധിഷ്ഠിത പഠനത്തിന് അനുസൃതമായി രൂപകല്പന ചെയ്യപ്പെടണം. വിജ്ഞാനത്തെ പണിതീർന്ന ഒരുൽപന്നമായി കാണരുത്. പ്രശ്നസന്ദർഭങ്ങൾക്കൊപ്പം അതു പരിഹരിക്കാനാവശ്യമായ ചില പൊതുവിവരങ്ങളും പാഠപുസ്തകത്തിൽ ഉണ്ടാവണം. അഥവാ, മറ്റ് ഉപാധികൾ വഴി അത് ഉറപ്പുവരുത്തണം. ജ്ഞാനനിർമിതിക്കായി ഒരുങ്ങിയ കുട്ടികൾ അതിന്റെ മുന്നുപാധിയായ ചില കേവലവിവരങ്ങൾക്കായി തേടിനടന്നു നിരാശപ്പെടുന്ന സ്ഥിതി ഉണ്ടാവരുത്. ഇതു ദരിദ്രപക്ഷത്തിൽപ്പെട്ട കുട്ടികളെ പിന്നാക്കക്കാരാക്കി മാറ്റും. അതേസമയം അന്വേഷണം എന്ന ശീലത്തെ ഇല്ലായ്മചെയ്യാനും പാടില്ല. പ്രാദേശികമായി ലഭിക്കേണ്ട വിവരങ്ങൾ അവിടെ വച്ചു തന്നെ ശേഖരിക്കണം. ഇക്കാര്യത്തിൽ അധ്യാപകരും രക്ഷിതാക്കളും പ്രാദേശികസമൂഹവും കുട്ടിക്കു തുണയാവണം.

നിലവിലുള്ള സാഹചര്യത്തിൽ പാഠപുസ്തകം മറ്റുചില ദൗത്യങ്ങൾ കൂടി ഏറ്റെടുക്കുന്നു. കുട്ടി എത്തിച്ചേരുന്ന പ്രധാന ധാരണകളും ചില പ്രതികരണരൂപങ്ങളും പാഠപുസ്തകത്തിൽ രേഖപ്പെടുത്താൻ ഇടം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ കുട്ടിയുടെ എഴുത്തുപുസ്തകത്തിൽ ഉണ്ടാവണം. ഇതുവഴി എല്ലാ വിദ്യാലയങ്ങളിലും നിശ്ചിത നിലവാരത്തിലുള്ള ചില മിനിമം കാര്യങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സംവിധാനത്തിനു കഴിയുമല്ലോ. ഒപ്പം, സ്കൂളിൽ നടക്കുന്ന പ്രധാന പഠനപ്രവർത്തനങ്ങൾ സംബന്ധിച്ച ഏതാണ്ടൊരു ചിത്രം രക്ഷിതാവിനു നൽകാനും ഇത് ഉപകരിക്കും. പ്രതിമാസ രക്ഷാകർതൃയോഗത്തിലൂടെ ഇതിനു കൂടുതൽ വ്യക്തത വരുത്താം. രക്ഷാകർതൃ പങ്കാളിത്തമില്ലാതെ ഇത്തരമൊരു പാഠ്യപദ്ധതിക്കു ഫലപ്രദമായി മുന്നോട്ടുപോവാനാവില്ല.

അധ്യാപികയുടെ കൈവശമുള്ള സഹായകഗ്രന്ഥത്തിൽ പാഠ്യപദ്ധതി ലക്ഷ്യങ്ങൾ, പരിഗണിക്കപ്പെടേണ്ട സാമൂഹികപ്രശ്നങ്ങൾ, പഠനത്തിന്റെ പൊതുസമീപനം, വിഷയസമീപനം, മൂല്യ

നിർണയം സംബന്ധിച്ച സൂചനകൾ എന്നിവ നൽകണം. നടക്കേണ്ട പ്രക്രിയകൾ, എത്തിച്ചേരേണ്ട ധാരണകൾ, രൂപപ്പെടേണ്ട മനോഭാവങ്ങൾ, പ്രതീക്ഷിക്കുന്ന പ്രതികരണങ്ങൾ, ഉണ്ടാവേണ്ട ഉൽപന്നങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തത ഉണ്ടാവണം. ക്ലാസിൽ ഉയർന്നുവരാനിടയുള്ള ഉള്ളടക്കസംബന്ധമായ സംശയങ്ങൾക്കു മതിയായ വിശദീകരണങ്ങൾ അതിൽ ഉണ്ടാവണം. കേരളത്തിലെ ഏതു ക്ലാസ്മുറിയിലും നടക്കേണ്ട ചില മിനിമം പ്രവർത്തനങ്ങളുടെ ക്രമീകൃത ചിത്രം പാഠപുസ്തകവുമായി ബന്ധപ്പെടുത്തി അധ്യാപകസഹായിയിൽ നൽകണം. എന്നാൽ ക്ലാസ് മുറിയിലെ ആവശ്യങ്ങൾക്ക് അനുസൃതമായി മെച്ചപ്പെട്ട മറ്റു പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിന് ഇതൊന്നും അധ്യാപകർക്കു തടസ്സമാവാനും പാടില്ല. സർഗാത്മകമായ അധ്യാപനം, പാഠ്യപദ്ധതി സമീപനത്തിനകത്തുനിന്നുകൊണ്ട് നാം പരമാവധി പ്രതീക്ഷിക്കുന്നു. മാതൃകകളും ഉദാഹരണങ്ങളും സാധ്യതകളും ക്ലസ്റ്ററുകളിൽ പങ്കുവയ്ക്കാനും പരസ്പരം മെച്ചപ്പെടുത്താനും അധ്യാപകർക്കു കഴിയണം. പ്രവർത്തനങ്ങളിൽ വരുത്തേണ്ട പ്രാദേശികമായ മാറ്റങ്ങളും ഇത്തരം വേദികളിൽ ചർച്ചചെയ്യപ്പെടണം.

പ്രശ്നാധിഷ്ഠിത പാഠ്യപദ്ധതിയിൽ പ്രാദേശികമായ അനുഭവങ്ങൾ പ്രധാനമാണ്. പ്രാദേശികമായ പ്രശ്നങ്ങളും അതുമായി ബന്ധപ്പെട്ട രേഖകളും സാമഗ്രികളും പാഠങ്ങളും മറ്റും ചേരുമ്പോൾ പാഠ്യപദ്ധതി കൂടുതൽ മിഴിവുറ്റതാവും. സ്കൂൾ - ക്ലസ്റ്റർ - പഞ്ചായത്ത് തലങ്ങളിൽ ഇതിനുള്ള കൂട്ടായ്മകൾ പ്രവർത്തിക്കണം. പ്രാദേശികമായി തയാറാക്കപ്പെടുന്ന വായനസാമഗ്രികൾ, ശേഖരങ്ങൾ, പുസ്തകങ്ങൾ, റഫറൻസ് സാമഗ്രികൾ, ഐ.ടി. അധിഷ്ഠിത ഉപാധികൾ എന്നിവ ലഭ്യമാക്കുന്നതിനും മുഖ്യപരിഗണന നൽകണം.

പഠനത്തിനു സഹായകമായ ബാലസാഹിത്യഗ്രന്ഥങ്ങൾ ഇനിയുമേറെ ഉണ്ടാവണം. ഉചിതരൂപത്തിലുള്ള മാധ്യമസഹായവും അഭിലഷണീയമാണ്. എന്നാൽ പഠനപ്രക്രിയയിലൂടെ കുട്ടി എത്തിച്ചേരേണ്ട ധാരണകൾ നേരത്തേ തയാറാക്കി നൽകുന്ന ബാഹ്യ ഇടപെടലുകൾ ഇന്ന് വിപണിയിലൂടെ നടക്കുന്നുണ്ട്. ഇതു കുട്ടികളുടെ യഥാർഥവികാസത്തെ തടയുന്ന സാമൂഹികവിരുദ്ധ പ്രവർത്തനമാണെന്നു പറയാതെ വയ്യ. ഇതിനെതിരേ അധ്യാപകർ നിലപാടെടുക്കണം; രക്ഷിതാക്കളെ ബോധവൽക്കരിക്കണം.

ഏതൊരു പാഠ്യപദ്ധതിയും വിജയകരമായി നിർവഹിക്കപ്പെടുക, അതിന്റെ അന്തസ്സത്ത തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്ന അധ്യാപകരിലൂടെയാണ്. അറിവു പകരുകയോ കുട്ടിയെ അറിവു നിർമിക്കാൻ വിട്ട് പൂർണമായും മാറിനിൽക്കുകയോ ചെയ്യുന്ന അധ്യാപകരെയല്ല, മറിച്ച്, പഠനപ്രശ്നങ്ങളെ ശരിയായ വിതാനത്തിൽ ഉയർത്തിക്കൊണ്ടുവരുന്ന, കുട്ടികളെ നിരന്തരമായി പ്രചോദിപ്പിക്കുന്ന, ചോദ്യങ്ങളും സൂചനകളും വിശദീകരണങ്ങളും മറ്റും വഴി അവർക്കു കൈത്താങ്ങു നൽകുന്ന, തിരിച്ചറിവുള്ള ഒരു സമൂഹനിർമാതാവിനെയാണ് നാം അധ്യാപകരിൽ പ്രതീക്ഷിക്കുന്നത്.

### പഠിക്കാനുള്ള അവകാശം

മെച്ചപ്പെട്ട രീതിയിൽ പഠിക്കാൻ അവസരം കിട്ടുക എന്നത് ഓരോ കുട്ടിയുടെയും അവകാശമാണ്. സാമ്പത്തികമോ സാമൂഹികമോ സാംസ്കാരികമോ ഭാഷാപരമോ ശാരീരികമോ സ്ത്രീ-പുരുഷ ഭേദപരമോ ആയ വേർതിരിവുകൾ ഈ അവകാശത്തെ നിഷേധിക്കുന്നതിനു കാരണമാവരുത്. പല കാരണങ്ങളാലും വീട്ടിൽ സൗകര്യം കുറഞ്ഞ കുട്ടികൾക്ക്, അത്തരം പരിമിതികൾ അവരുടെ പഠനനേട്ടം കുറയുന്നതിന് ഇടയാക്കരുത്. അതുകൊണ്ട് പഠനത്തിനുള്ള സൗകര്യങ്ങളും അവസരങ്ങളും സമൂഹത്തിന്റെ മുൻകൈയിൽ പരമാവധി സ്കൂളിൽത്തന്നെ ഏർപ്പെടുത്തണമെന്ന വാദത്തിനു പ്രസക്തിയുണ്ട്. സ്കൂളിൽ കുട്ടിക്ക് കൂടുതൽ പഠനസൗകര്യങ്ങളും പഠനസമയവും ഒരുക്കുന്നത് ദരിദ്രപക്ഷത്തോടും പിന്നാക്കവിഭാഗങ്ങളോടും ചെയ്യുന്ന നീതിയായി കാണണം.

അതുപോലെ ശാരീരികപ്രശ്നങ്ങൾ സ്കൂൾ നൽകുന്ന മെച്ചപ്പെട്ട സാമൂഹികാനുഭവം പ്രയോജനപ്പെടുത്തുന്നതിൽ കുട്ടികൾക്കു തടസ്സമാവാതെ നോക്കണം. ശാരീരികപ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുള്ള ഉപകരണങ്ങൾ നൽകണം. സ്കൂളിനെ അവരുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുത്തണം. അതുവഴി ഉൾച്ചേർന്ന വിദ്യാഭ്യാസത്തിനുള്ള സാധ്യത പരമാവധി പരിഗണിക്കണം.

വീട്ടിലും നാട്ടിലും എന്നതുപോലെ സ്കൂളിലും പെൺകുട്ടികൾക്ക് ആൺകുട്ടികളെപ്പോലെത്തന്നെ അവസരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശമുണ്ട്.

അതുപോലെ പാർശ്വവൽക്കരിക്കപ്പെടുന്നവരെ സംബന്ധിച്ച് സാംസ്കാരികമായ സവിശേഷതകളും ഭാഷാപരമായ തനിമയും നിലനിർത്തിക്കൊണ്ടു തന്നെ പഠനം രൂപകൽപ്പന ചെയ്യാൻ പാഠ്യപദ്ധതിവഴി അങ്ങേയറ്റം ശ്രമിക്കണം.

## ഭാഷാസമീപനം

'കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007' ഭാഷാപഠനത്തിന്റെ അനന്തസാധ്യതകൾ നമുക്കു മുന്നിൽ തുറന്നിടുന്നു. ജ്ഞാനസമ്പാദനത്തിനുള്ള വിഷയങ്ങൾക്കിടയിൽ അരുകിലാക്കപ്പെട്ട ഭാഷാപഠനം ചിന്തയുടെയും സംസ്കാരത്തിന്റെയും ഭാവനയുടെയും പുതുവഴികളിലേക്കുള്ള ചൂണ്ടുപലകയാണെന്ന തിരിച്ചറിവ് ഈ രേഖ അവതരിപ്പിക്കുന്നുണ്ട്. സ്കൂൾവിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഭാഷാപഠനത്തിനു പ്രമുഖ സ്ഥാനം കല്പിക്കുന്നവയാണ് ഇതിലെ നിർദേശങ്ങൾ.

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിൽ ഭാഷകൾക്കുള്ള പ്രാധാന്യം ഏതു പാഠ്യപദ്ധതി രൂപീകരണത്തിലും ഗൗരവമായി പരിഗണിക്കപ്പെടേണ്ടതാണ്. ആധുനിക ഭാഷാശാസ്ത്രവും മനശ്ശാസ്ത്രവും ബഹുഭാഷാപഠനത്തിന്റെ സാധ്യതകൾക്ക് അടിവരയിടുന്നു. ഭാഷാപഠനം ബൗദ്ധികവികാസത്തിനും യുക്തിചിന്ത വളർത്താനും സഹായിക്കുന്നുണ്ട്.

1997-98 മുതൽ സംസ്ഥാനത്തു പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കിയതിന്റെ ഭാഗമായി ഭാഷാപാഠപുസ്തകങ്ങൾ, പഠനരീതി, മൂല്യനിർണയം എന്നിവയിൽ സമഗ്രമായ മാറ്റം വരുത്തുകയുണ്ടായി. ഇതു ഭാഷാപഠനം മെച്ചപ്പെടുത്താൻ സഹായകമായിട്ടുണ്ട്. ഭാഷ ഉൽപാദിപ്പിക്കാൻ സഹായകമായ അന്തരീക്ഷമൊരുക്കിക്കൊണ്ട് പഠനം ആസൂത്രണം ചെയ്യുന്ന രീതി പ്രക്രിയാധിഷ്ഠിത പാഠ്യപദ്ധതി പ്രദാനം ചെയ്യുന്നു. വിദ്യാർഥികളിലെ സർഗാത്മകത ഉണർത്തുന്നതിന് ഈ പഠനരീതി സഹായിച്ചിട്ടുണ്ട്. ഓർമ പരിശോധിക്കുന്ന ചോദ്യരീതിയിൽനിന്നു ഭാഷാശേഷികളും ചിന്താപ്രക്രിയയും പരിഗണിക്കുന്ന ചോദ്യങ്ങൾക്കു പ്രാധാന്യം നൽകുന്ന പരീക്ഷാരീതി നിലവിൽ വന്നു. സ്കൂൾലൈബ്രറികൾ സജീവമാകാൻ പുതിയ പാഠ്യപദ്ധതി വഴി തെളിച്ചു. കുട്ടികൾക്കുവേണ്ടി ധാരാളം പ്രസിദ്ധീകരണങ്ങൾ ഇന്നു പ്രചാരം നേടിവരുന്നതു ഭാഷാ പാഠ്യപദ്ധതിയുടെ സ്വാധീനം കൊണ്ടാണ്. സാങ്കേതികവിദ്യയുടെ സഹായം ഭാഷാപഠനത്തിൽ പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങളും ഉണ്ടായിട്ടുണ്ട് എന്ന് ഈ രേഖ സൂചിപ്പിക്കുന്നു.

## ഭാഷാപഠനം - പൊതുസമീപനം

വ്യവഹാരമനശ്ശാസ്ത്രത്തിൽ അധിഷ്ഠിതമായ ഭാഷാപഠനരീതിയുടെ സ്ഥാനത്ത് കുട്ടിയുടെ നൈസർഗികമായ ഭാഷാശേഷി ഉപയോഗപ്പെടുത്തുന്ന സമീപനമായാണ് പുതിയ പാഠ്യപദ്ധതി അവതരിപ്പിച്ചത്. ഭാഷ ഉല്പാദിപ്പിക്കുന്നതിനുള്ള കുട്ടിയുടെ കഴിവുകളും സിദ്ധികളും ഉപയോഗപ്പെടുത്തുകയും ഭാഷ ഉപയോഗിച്ച് ദൈനംദിന വ്യവഹാരങ്ങളും സർഗാത്മകപ്രകടനങ്ങളും നടത്തുന്നതിന് അവസരം നൽകുകയും ചെയ്യുന്നതാണ് ഈ രീതി. വിഗോട്സ്കി, ബ്രൂണർ തുടങ്ങിയ സാമൂഹികജ്ഞാനനിർമിതിവാദികളുടെ ആശയങ്ങളും ഭാഷാശാസ്ത്ര രംഗത്ത് നോം ചോംസ്കി നടത്തിയ കണ്ടെത്തലുകളുമാണ് ഈ സമീപനത്തിന്റെ പ്രധാന അടിത്തറകളിൽ ഒന്ന്. ഇതോടൊപ്പം കുട്ടിയെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസപ്രക്രിയയെക്കുറിച്ച് വിദേശത്തും

കേരളത്തിലും നടത്തിയ പരീക്ഷണങ്ങളുടെ അനുഭവങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. പൊതുവിൽ സാമൂഹിക ജ്ഞാനനിർമിതിവാദം, ചോംസ്കി ആവിഷ്കരിച്ച സർവഭാഷാ വ്യാകരണസിദ്ധാന്തം, ഗസ്റ്റാൾട്ട് മനശ്ശാസ്ത്രം, ശിശുകേന്ദ്രീകൃത വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ, മാനവികതാദർശനം എന്നിവയുടെ സമന്വയത്തിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന ഭാഷാസമഗ്രതാ ദർശനമാണ് ഇപ്പോൾ ഭാഷാ പഠനത്തിന്റെ അടിത്തറയായി വർത്തിക്കുന്നത് എന്നു കാണാം.

## ഭാഷാപഠനരീതി

ഭാഷാർജനത്തിന്റെ ആദ്യഘട്ടത്തിൽ കുട്ടിയിൽ പ്രബലമായി രൂപപ്പെടുന്ന ഭാഷയാണു മാതൃഭാഷ. കുട്ടിയുടെ വികാരവിചാരങ്ങളെയും പ്രതികരണങ്ങളെയും പ്രതിഫലിപ്പിക്കാൻ കഴിയുന്ന ഉചിതമായ മാധ്യമമാണ് ഇത്. അതിനാൽ സ്കൂൾവിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ സ്ഥാനം വളരെ വലുതാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ മാതൃഭാഷയ്ക്ക് വ്യത്യസ്ത ധർമങ്ങൾ അനുഷ്ഠിക്കാൻ കഴിയും. ജ്ഞാനനിർമിതിക്ക് മാതൃഭാഷയാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്.

ഒരു വ്യക്തിയുടെ പഠനത്തെ സ്വാധീനിക്കുന്നതിൽ നിർണായക പങ്കു വഹിക്കുന്ന ഘടകമാണ് അയാളുടെ പഠനരീതി. സ്വാഭാവികതയോടെയുള്ള ആശയസ്വാംശീകരണത്തിനു സഹായിക്കുന്നതും പഠനരീതി തന്നെയാണ്.

വിവരത്തെ അല്ലെങ്കിൽ വസ്തുക്കളെ സമീപിക്കാനും ശേഖരിക്കാനും അപഗ്രഥിക്കാനുമുള്ള ഓരോരുത്തരുടെയും കഴിവിനെ സഹായിക്കുന്ന മുൻഗണനാക്രമത്തിലുള്ള നൈപുണികളുടെ ശേഖരമാണു പഠനരീതി.

- സംഘപ്രവർത്തനങ്ങളിലെ ഇടപെടൽ
- പ്രവർത്തനങ്ങളിലെ പങ്കാളിത്തം
- മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കൽ
- പ്രശ്നങ്ങൾ പരിഹരിക്കൽ

എന്നിവയെല്ലാം ഓരോരുത്തരുടെയും പഠനരീതിയെ സ്വാധീനിക്കുന്നുണ്ട്.

പഠനരീതി തിരിച്ചറിയുന്നത് അധ്യാപികയെ പഠനച്ചുമതലകൾ തിരഞ്ഞെടുക്കുന്നതിനു സഹായിക്കും. കൂടാതെ ആവശ്യമായ പഠനസങ്കേതങ്ങൾ ഏതെന്നു തിരഞ്ഞെടുക്കാനും ഉപയോഗിക്കാനും അധ്യാപികയെ സഹായിക്കും. കുട്ടികൾക്കു വ്യത്യസ്ത തരത്തിലുള്ള പഠനരീതികളുണ്ടെന്നും അതിനനുസരിച്ചാണ് പഠനാനുഭവങ്ങൾ തയാറാക്കി നൽകേണ്ടതെന്നും ഉള്ള ധാരണ അധ്യാപികയ്ക്കു വേണം.

## അധ്യാപക ശാക്തീകരണം

വൈവിധ്യമാർന്ന നിരവധി പ്രശ്നങ്ങളാൽ വലയം ചെയ്യപ്പെട്ട ഒരു ലോകമാണു നമ്മുടെ മുമ്പിലുള്ളത്. സമൂഹവളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും പ്രശ്നങ്ങളുടെ സങ്കീർണത മാനവസമൂഹം അനുഭവിച്ചിരുന്നു. അവയുമായുള്ള ഏറ്റുമുട്ടലുകളിലൂടെയാണ് എല്ലാ വികാസങ്ങളും സാധ്യമായിട്ടുള്ളത്.

കേരളസമൂഹം നേരിടുന്ന കാതലായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതാവണം നമ്മുടെ പാഠ്യപദ്ധതി. വിവിധ രംഗങ്ങളിൽ നാം നേരിടുന്ന പ്രശ്നങ്ങൾ വിശകലനവിധേയമാക്കിയാൽ അവയുടെ അടിത്തറയായിട്ടുള്ള കാമ്പുപ്രശ്നങ്ങൾ കണ്ടെത്താനാവും. അവയാകട്ടെ, ജീവിതത്തിന്റെ സമസ്തരംഗങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നവയുമാണ്. ഓരോ കുട്ടിയുടെയും ജീവിതത്തെ അവ സ്വാധീനിക്കുന്നു. സ്വന്തം ജീവിതാനുഭവവുമായി

ബന്ധിപ്പിക്കുന്ന പഠനാനുഭവങ്ങൾ ഉയർന്ന ചിന്തകൾക്കും ഭാവിജീവിതത്തിന്റെ തയാറെടുപ്പിനും കുട്ടിയെ സഹായിക്കുന്നു.

ക്ലാസ്മുറിയിൽ എത്തിയിരിക്കുന്ന കുട്ടികളെ അസ്വസ്ഥരാക്കുന്നത് എന്തെല്ലാമാണ്? സ്കൂൾവളപ്പിൽ നിന്ന് ശുദ്ധജലം യഥേഷ്ടം കിട്ടുന്നില്ല. മഴക്കാലത്തിന്റെ അസ്വസ്ഥതകൾ മറുവശത്ത്. ഇതിനെക്കുറിച്ചു ചിന്തിക്കാനും പ്രതികരിക്കാനും എപ്പോഴാണ് അവസരം നൽകുന്നത്? ഭാവിജീവിതത്തിൽ ഇത്തരം പ്രശ്നങ്ങളെ നേരിടാൻ എങ്ങനെ കഴിയും?

സജീവമായ ഇടപെടലിന്റെ മേഖലയായി മാറുമ്പോഴാണ് ഏതൊരു പഠനവും ഉൾക്കാഴ്ചയുടെ തലങ്ങളിലേക്കു വളരുന്നത്. തനിക്ക് അന്യമായതോ ഒന്നും സംഭാവനചെയ്യാനില്ലാത്തതോ ആയ ഒരു മേഖലയെ സംബന്ധിച്ച വിവരങ്ങൾ കുത്തിനിറയ്ക്കുന്ന പ്രക്രിയയ്ക്കുപകരം, തന്നെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഊന്നിയ അന്വേഷണങ്ങളിലൂടെ പഠനം ഉന്മേഷവത്തായി മാറുന്നു. ഈ പശ്ചാത്തലത്തിലാണ് പ്രശ്നാധിഷ്ഠിത പാഠ്യപദ്ധതിയെക്കുറിച്ചു ചിന്തിക്കേണ്ടിവരുന്നത്.

## പ്രശ്നമേഖലകൾ

കേരളസമൂഹം നേരിടുന്ന നിരവധി പ്രശ്നങ്ങളുടെ കേന്ദ്രം എന്ന നിലയിൽ എട്ടു പ്രശ്നമേഖലകൾ നിർണയിച്ചുകൊണ്ടാണ് പാഠ്യപദ്ധതി വിശദാംശങ്ങൾ അന്വേഷിക്കാൻ ആരംഭിച്ചത്.

- കൃഷി ഒരു സംസ്കാരമായി കാണാത്ത അവസ്ഥ
- ശാസ്ത്രീയമായ സ്ഥല-ജല-മാനേജ്മെന്റിന്റെ അഭാവം.
- പരിസ്ഥിതിസൗഹൃദപരമായ വ്യവസായവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും അഭാവം.
- പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള പരിഗണന ഇല്ലായ്മ.
- ശാസ്ത്രീയമായ ആരോഗ്യ-പൊതുജനാരോഗ്യ കാഴ്ചപ്പാടിന്റെ അഭാവം.
- അധ്വാനശേഷി വികാസത്തിന്റെ അഭാവം.
- വിശ്വമാനവൻ എന്ന കാഴ്ചപ്പാടിന്റെ അഭാവം.
- സാംസ്കാരികത്തനിമയെയും അതിന്റെ സ്വതന്ത്രവികാസത്തെയും ക്കുറിച്ച് ധാരണ ഇല്ലായ്മ.

എന്നീ എട്ടു മേഖലകളാണ് പാഠ്യപദ്ധതി പൊതുവായി സ്വീകരിച്ചിട്ടുള്ളത്. ഓരോ വിഭാഗത്തിന്റെ ഉള്ളിലും സൂക്ഷ്മമായ അന്വേഷണങ്ങൾ നടത്തി പ്രശ്നങ്ങളും ഉപപ്രശ്നങ്ങളും വേർതിരിച്ചെടുത്തു. അവ വിവിധ ക്ലാസുകളിലായി, വിവിധ വിഷയങ്ങളിലായി വിന്യസിച്ചുകൊണ്ടാണ് പാഠ്യപദ്ധതി രൂപീകരണം നിർവഹിച്ചിട്ടുള്ളത്.

പ്രശ്നങ്ങളുടെ വിശകലനത്തിൽ നിന്ന് അവയുമായി ബന്ധപ്പെട്ട ആശയങ്ങൾ, വികസിച്ചുവരേണ്ട ധാരണകളും കഴിവുകളും മനോഭാവങ്ങളും, പഠനത്തിന്റെ ഭാഗമായി നിരീക്ഷണവിധേയമാക്കാൻ കഴിയുന്ന പ്രകടനങ്ങൾ തുടങ്ങിയവ നിർണയിക്കപ്പെട്ടിട്ടുണ്ട്. പാഠഭാഗങ്ങളുടെ തിരഞ്ഞെടുപ്പ്, യൂണിറ്റുകളുടെ ക്രമീകരണം, പ്രവർത്തനങ്ങളുടെ വിന്യാസം തുടങ്ങിയവ ഇതിലൂടെയാണു നിർവഹിക്കപ്പെട്ടത്. അതിനാൽ പ്രശ്നങ്ങളിൽ ഊന്നിനിന്നുകൊണ്ടുവേണം പഠനാനുഭവങ്ങൾ ഒരുക്കേണ്ടത്.

## പാഠപുസ്തകത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

പ്രാഥമികതലത്തിലുള്ള പഠനോപകരണമാണ് പാഠപുസ്തകം. ഇതു നൽകുന്ന അടിത്തറ ഉറപ്പിച്ചുകൊണ്ടാണ് പഠനത്തിന്റെ ഉയർന്ന തലങ്ങൾ ഒരുക്കേണ്ടത്. വായിക്കാനും ചിന്തിക്കാനും ചർച്ചചെയ്യാനും ആവിഷ്കാരങ്ങളിൽ ഏർപ്പെടാനുമൊക്കെയുള്ള സന്ദർഭങ്ങൾ പാഠ

പുസ്തകത്തിൽ ഒരുക്കിയിട്ടുണ്ട്. അതിന്റെ എല്ലാ സാധ്യതകളും ക്ലാസ്മുറിയിൽ പ്രയോജന പ്പെടുത്തേണ്ടതാണ്. പാഠപുസ്തകത്തിന്റെ സഹായത്തോടെയുള്ള പാഠ്യപദ്ധതി വിനിമയത്തിന് ആവശ്യമായ പിന്തുണ നൽകാൻ *അധ്യാപകസഹായി* പ്രയോജനപ്പെടുത്തണം.

ഓരോ ക്ലാസിലും രണ്ടു പാഠപുസ്തകം വീതം രൂപപ്പെടുത്തിയിട്ടുണ്ട്. ഇവ രണ്ടു വ്യത്യസ്ത ധർമങ്ങൾ നിറവേറ്റുന്നവയുമാണ്. മുമ്പ് നിലനിന്നിരുന്ന പാഠപുസ്തകം, ഉപപാഠപുസ്തകം എന്നിവയ്ക്കു പകരം കേരളപാഠാവലിയും അടിസ്ഥാന പാഠാവലിയും നൽകുമ്പോൾ അവ നിർവഹിക്കുന്ന ധർമത്തിലും വ്യത്യാസം വരുത്തിയിട്ടുണ്ട്. അധികവായനയ്ക്കുള്ള വിഭവം എന്ന നിലയിലാണ് ഉപപാഠപുസ്തകങ്ങൾ നടപ്പിലാക്കിയിരുന്നത്. വായനയ്ക്ക് ആവശ്യമായ വിഭവങ്ങൾ ലഭ്യമാവാതിരുന്ന സന്ദർഭത്തിൽ ഉപപാഠപുസ്തകങ്ങൾ വലിയൊരു സഹായമായിരുന്നു. എന്നാൽ ഇന്ന് ക്ലാസ് ലൈബ്രറികളും സ്കൂൾ ലൈബ്രറികളും ശക്തിപ്പെടുത്തിക്കൊണ്ട് വായനയ്ക്കുള്ള സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. അഭിരുചിക്കനുസരിച്ച് വൈവിധ്യമുള്ള രചനകൾ തിരഞ്ഞെടുത്തു വായിക്കാനും അവയെ പഠനപ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്താനും കഴിയുന്നുണ്ട്. അതുകൊണ്ട് ഉപപാഠപുസ്തകമെന്ന അധികവായനാവിഭവം അപ്രസക്തമായിത്തീരുന്നു.

ഉപപാഠപുസ്തകത്തെ ആശ്രയിച്ചു മാത്രം മാതൃഭാഷാപഠനം നടത്തിവരുന്ന ഒരു വിഭാഗം വിദ്യാർഥികളുണ്ട്. അവർക്കാകട്ടെ, മികച്ച ഭാഷാപഠന സന്ദർഭങ്ങൾ പ്രദാനം ചെയ്യാൻ ഉപപാഠപുസ്തകങ്ങൾക്കു കഴിയുന്നുമില്ല. ഭാഷാപഠനത്തിന്റെ മൂല്യവത്തും അർഥവത്തുമായ ഒരു തലം അറബി, സംസ്കൃതം, ഉർദു എന്നിവ ഒന്നാംഭാഷയായി പഠിക്കുന്ന കുട്ടികൾക്കും ലഭ്യമാക്കേണ്ടതില്ലേ. മാതൃഭാഷ മാത്രം ഒന്നാംഭാഷയായി പഠിക്കുന്ന കുട്ടികൾക്കും മേൽപ്പറഞ്ഞ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ ഒരു പാഠപുസ്തകം തയാറാക്കിയത് ഈ പശ്ചാത്തലത്തിലാണ്. പ്രശ്നമേഖലകളിൽ കുറേയെണ്ണം അടിസ്ഥാന പാഠപുസ്തകത്തിലും മറ്റുള്ളവ കേരളപാഠാവലിയിലും വിന്യസിച്ചുകൊണ്ടാണ് ഇതു സാധ്യമാക്കിയിട്ടുള്ളത്. അതിനാൽ രണ്ടു പാഠപുസ്തകങ്ങളെയും തുല്യപ്രാധാന്യത്തോടെ പരിഗണിക്കേണ്ടതുണ്ട്. പ്രശ്നമേഖലകളുടെ ചാക്രികമായ വിതരണത്തിലൂടെ എല്ലാ പ്രശ്നമേഖലകളിലൂടെയും കടന്നുപോകാൻ വിവിധ ക്ലാസുകളിൽ വച്ച് എല്ലാ കുട്ടികൾക്കും അവസരം ലഭിക്കും.

രണ്ടു പാഠപുസ്തകത്തിലും സമാനമായ വ്യവഹാരരൂപങ്ങളോ സാധർമ്യമുള്ള പ്രവർത്തനങ്ങളോ നിർദേശിക്കപ്പെട്ടിട്ടുണ്ടാവും. പ്രവർത്തനത്തിന്റെ/ വ്യവഹാരത്തിന്റെ തലം നിർണയിച്ചുകൊണ്ടാണ് ഇത്തരം ആവർത്തനങ്ങളെ നേരിടേണ്ടത്. ഉദാഹരണമായി, കത്ത് എന്ന വ്യവഹാരം ഒരേ ക്ലാസിലെ രണ്ടു പാഠപുസ്തകത്തിലും ഉൾപ്പെടുത്തിയിട്ടുണ്ടെന്നു കരുതുക. രണ്ടു കത്തിന്റെയും പശ്ചാത്തലത്തിലെ വ്യത്യാസം ആദ്യമായി പരിഗണിക്കണം. പ്രക്രിയാതലത്തിൽ ആവശ്യമായ വൈവിധ്യം ഉറപ്പുവരുത്തുകയും ചെയ്യണം. അടിസ്ഥാന പാഠപുസ്തകത്തെ ആശ്രയിച്ച് ഈ പ്രവർത്തനം രൂപീകരിക്കുമ്പോൾ വ്യവഹാരധർമത്തിന് കൂടുതൽ ഊന്നൽ നൽകാം. ദൈനംദിന ജീവിതത്തിൽ അനിവാര്യമായ ഒരു വ്യവഹാരമെന്ന നിലയിൽ അതിൽ വൈദഗ്ധ്യം നേടാൻ എല്ലാ കുട്ടികൾക്കും കഴിയേണ്ടതില്ലേ.

കേരളപാഠാവലിയുമായി ബന്ധപ്പെട്ട് ഈ പ്രവർത്തനത്തിൽ ഏർപ്പെടുത്തുമ്പോൾ സർഗാത്മകതയ്ക്കും ഉയർന്ന ചിന്തയ്ക്കും അവസരം നൽകാം. ഇങ്ങനെ സൂക്ഷ്മമായ വിശകലനത്തിലൂടെ പ്രവർത്തനങ്ങളിൽ വൈവിധ്യം വരുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.

### അധ്യാപകസഹായിയും അധ്യാപകശാക്തീകരണവും

കുട്ടികൾക്കു വിവരങ്ങൾ എത്തിച്ചുകൊടുക്കുക എന്ന ധർമമല്ലല്ലോ പാഠപുസ്തകം നിർവഹിക്കുന്നത്. അറിവിന്റെ നിർമാണത്തിനുള്ള പ്രവർത്തനത്തിൽ പ്രയോജനപ്പെടുത്തേണ്ട പ്രധാന ഉപകരണമാണ് പാഠപുസ്തകം. അതുപോലെ അധ്യാപകർക്കു വിവരങ്ങൾ നൽകുന്ന ഒരു

ശേഖരമല്ല *അധ്യാപകസഹായി*. അധ്യാപകശാക്തീകരണം ലക്ഷ്യമാക്കി നൽകുന്ന പല പിന്തുണകളിൽ ഒന്നായിട്ടാണ് *അധ്യാപകസഹായി*യെ പരിഗണിക്കേണ്ടത്.

- അധ്യാപകപരിശീലനങ്ങൾ
- ക്ലസ്റ്റർതല കൂടിയിരിപ്പുകൾ
- സ്കൂൾ വിഷയഗ്രൂപ്പുകളുടെ കൂടിയിരിപ്പുകൾ
- സ്വതന്ത്രമായ അന്വേഷണങ്ങൾ
- ക്ലാസ്റൂം അനുഭവങ്ങൾ
- തത്സമയപിന്തുണ

എന്നിവയിലൂടെയാണ് അധ്യാപകശാക്തീകരണം ഫലവത്തായിത്തീരുന്നത്. സ്വയം മെച്ചപ്പെടലുകളും കൂട്ടായ ചർച്ചകളും ഇതിന്റെ ഭാഗമാണ്.

ജ്ഞാനനിർമിതി, സാമൂഹിക ജ്ഞാനനിർമിതി എന്നിവയുടെ തത്ത്വങ്ങൾ പരിഗണിച്ചാണ് ഈ *അധ്യാപകസഹായി* രൂപപ്പെടുത്തിയിട്ടുള്ളത്. കേന്ദ്രീകൃതമായി മുൻകൂട്ടി രൂപപ്പെടുത്തിയ സാമഗ്രികൾക്കുപരിയായി ക്ലാസ് സാഹചര്യങ്ങൾക്കനുസരിച്ച് അധ്യാപകർ രൂപപ്പെടുത്തുന്ന സാമഗ്രികളും പഠനത്തിനു പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിനുവേണ്ടി ചില രചനകൾ നിർവഹിക്കാനുള്ള നിർദേശങ്ങൾ *അധ്യാപകസഹായി*യിൽ നൽകുന്നു. ഈ രചനകൾ സൂക്ഷ്മമായി നിർവഹിക്കുകയും അധ്യാപകരുടെ വിവിധ തലങ്ങളിലുള്ള കൂടിയിരിപ്പുകളിൽ അവതരിപ്പിച്ച് ചർച്ചചെയ്യുകയും വേണം.

## രചനകളിൽ ഏർപ്പെടുമ്പോൾ

നാം ഒരു ആസ്വാദനം തയാറാക്കുമ്പോഴാണ് അതിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാകുന്നത്. ആലോചനയിൽ പുതിയ വഴികൾ തെളിയുകയും ചെയ്യും. ഈ അനുഭവം കുട്ടികൾക്കു പിന്തുണ നൽകാൻ സഹായകമാവും.

ധാരാളം റഫറൻസുകളും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിവരശേഖരണവും കൊണ്ട് ഒരു രചന എങ്ങനെ സമ്പുഷ്ടമാകുമെന്നു തിരിച്ചറിയാൻ കഴിയുന്ന വിധത്തിൽ *അധ്യാപകസഹായി*യിൽ നിർദേശിച്ചിട്ടുള്ള രചനകൾ നിർവഹിക്കുമല്ലോ. രചനാശൈലി മെച്ചപ്പെടുത്താൻ നാം എന്തൊക്കെയാണു ചെയ്യുന്നത്? എത്ര തവണ മാറ്റിയെഴുതാൻ കഴിഞ്ഞു? ഓരോ മാറ്റിയെഴുത്തിലൂടെയും എന്തൊക്കെ മെച്ചങ്ങളാണ് കൈവന്നത്? കുറിപ്പുകൾ തയാറാക്കുന്നത് എങ്ങനെ? അവ വികസിപ്പിച്ച് രചന നിർവഹിക്കുമ്പോഴുള്ള മെച്ചങ്ങൾ എന്തെല്ലാം? തുടങ്ങിയ കാര്യങ്ങളിൽ ഉൾക്കാഴ്ച രൂപീകരിക്കാൻ ഇതുമൂലം കഴിയും. ഭാഷ മെച്ചപ്പെടുത്തുന്നതിന് ഭാഷ പ്രയോഗിക്കുക തന്നെ വേണം. ഈ പാഠം കുട്ടികൾക്കു നൽകാൻ സ്വന്തം അനുഭവങ്ങൾ പ്രയോജനപ്പെടും.

## ക്ലസ്റ്റർതല കൂടിയിരിപ്പുകൾ

കൊടുക്കൽ വാങ്ങലുകളും സംവാദങ്ങളും ജ്ഞാനനിർമിതിയെ ശക്തിപ്പെടുത്താൻ സഹായിക്കുന്നു. അധ്യാപകരുടെ ചിട്ടയായ കൂടിയിരിപ്പ് അനുഭവങ്ങൾ ക്ലാസ്മുറിയിലും സംക്രമിപ്പിക്കാൻ കഴിയും. ക്ലസ്റ്റർതല കൂടിയിരിപ്പിന്റെ ഒരു സാധ്യതയായി ഇതിനെ കണക്കാക്കാം.

അനുഭവങ്ങളുടെ പങ്കുവയ്പിനും രചനകളുടെ മെച്ചപ്പെടുത്തലിനും അധ്യാപകർക്കു ലഭിക്കുന്ന മികച്ച വേദിയാണ് ക്ലസ്റ്റർയോഗങ്ങൾ. *അധ്യാപകസഹായി* യിൽ നിർദേശിച്ചിട്ടുള്ളതും അല്ലാത്തതുമായ രചനകൾ ക്ലസ്റ്റർയോഗങ്ങളിൽ അവതരിപ്പിച്ച് ചർച്ചചെയ്യണം. മികച്ചവ കൈമാറി ഉപയോഗിക്കാനും കഴിയുമല്ലോ. ക്ലാസ്റൂം അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന്റെ ഭാഗമായി

കുട്ടികളുടെ രചനകളും ക്ലസ്റ്റർയോഗങ്ങളിൽ പരിശോധിക്കപ്പെടണം. ക്ലാസ്മുറിയിൽ ആവശ്യ മായ സാമഗ്രികളുടെ കൂട്ടായ നിർമാണത്തിനുള്ള വേദികൂടിയാണ് ഇവ.

ക്ലാസ്റൂമിലേക്കു രൂപപ്പെടുത്തിയ ഒരു പ്രവർത്തനം പ്രയോഗിച്ചു നോക്കുമ്പോൾ (സിമുലേ ഷൻ) ക്ലസ്റ്ററിൽ പല കാര്യങ്ങളിലും തെളിച്ചം ലഭിക്കും.

- പ്രവർത്തനങ്ങളിൽ വരുത്തേണ്ട മെച്ചപ്പെടുത്തൽ
- കൂടുതലായി കണ്ടെത്തേണ്ട ഉപകരണങ്ങൾ
- വിലയിരുത്തൽസാധ്യതകൾ
- അവതരണം, ക്രോഡീകരണം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തുടങ്ങിയവയിൽ ധാരണ രൂപപ്പെടുത്താൻ ഇതിലൂടെ കഴിയും. മികച്ച പ്രവർത്തനങ്ങൾ പര സ്പരം പ്രയോജനപ്പെടുത്തുകയും ചെയ്യാമല്ലോ.

**പ്രശ്നാധിഷ്ഠിത പഠനം (Problem Based Education)**

## പഠനം ഒരു സാമൂഹികപ്രക്രിയ

പഠനം എന്നതിന് മനുഷ്യനോളം പഴക്കമുണ്ട്. മനുഷ്യനോടൊപ്പം രൂപംകൊണ്ടതും വളർന്നുവ രുന്നതുമായ പ്രക്രിയയാണത്. മനുഷ്യനിൽ അടങ്ങിയതും അവൻ വികസിപ്പിക്കുന്നതുമാണെ ങ്കിലും പഠനത്തിന് മനുഷ്യന്റെ സാമൂഹികവികാസത്തെയാകെ സ്വാധീനിക്കാനുള്ള കഴിവുണ്ട്. മനുഷ്യന്റെ സാമൂഹികവികാസവും പഠനവും പരസ്പരം സ്വാധീനിക്കുകയും വളർത്തുകയും ചെയ്യുന്നു. പഠനമെന്നത് ഒറ്റപ്പെട്ട വ്യക്തികളിൽ തുടങ്ങുകയും ഒടുങ്ങുകയും ചെയ്യുന്ന ഒന്നല്ല. വ്യക്തികളോരോരുത്തരും നിർവഹിക്കുന്ന പഠനങ്ങൾക്കെല്ലാം ഒറ്റനോട്ടത്തിൽ കാണാവുന്നതോ സൂക്ഷ്മവിശകലനത്തിൽ മാത്രം കാണാവുന്നതോ ആയ സാമൂഹികതലങ്ങളുണ്ട്. ഇന്നലെ വരെ നേടിയ സാമൂഹികമായ ജ്ഞാനരൂപങ്ങളെ (Knowledge forms) ഉപയോഗപ്പെ ടുത്തിക്കൊണ്ടു മാത്രമേ ഏതൊരാൾക്കും ഇന്നു പുതിയ ജ്ഞാനങ്ങളെ ഉണ്ടാക്കിയെടുക്കാൻ കഴിയൂ. പഠനമെന്നതു ശൂന്യതയിൽ നിന്നു രൂപംകൊള്ളുന്നതല്ല; നിരവധി നൂറ്റാണ്ടുകളിലൂടെ സാമൂഹികമായി തുടരുന്ന പ്രക്രിയയാണ്.

അതുകൊണ്ടുതന്നെ പഠനത്തിന്റെ ലക്ഷ്യമെന്താണെന്ന ആലോചന ഓരോ കാലത്തെയും സാമൂഹികാവശ്യങ്ങളുമായി ബന്ധപ്പെടുന്നതാണ്. പെറുക്കിത്തിന്നും വേട്ടയാടിയും ജീവിച്ചി രുന്ന കാലത്ത് അതിനുള്ള വിവരങ്ങളും വിരുതും മൂർച്ചപ്പെടുത്തലാണ് പഠനലക്ഷ്യമായി മാറു ക. എന്നാൽ നട്ടും നനച്ചും വസ്തുക്കൾ ഉണ്ടാക്കാൻ തുടങ്ങിയ കാലത്ത് നായാട്ടുവിദ്യകളെ ലക്ഷ്യംവയ്ക്കുന്ന പഠനം തനി പഴഞ്ചനായിരിക്കും. ഇവിടെ കാർഷികവിദ്യകളും വിരുതുകളും നല്ലപോലെ ആഴത്തിലും പരപ്പിലും കൈവശമാക്കലും വളർത്തിയെടുക്കലുമാവും കാലത്തിനു നിരക്കുന്ന പഠനലക്ഷ്യം. സാമൂഹികമായ ജീവനോപായങ്ങളെ ക്രമമായി മുന്നോട്ടുകൊണ്ടു പോവുക എന്ന ആവശ്യം എല്ലായ്പ്പോഴും പഠനത്തിനുണ്ട്. അതായത്, നല്ല നിലയിൽ ഉൽപ്പാ ദനപ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ പഠനത്തിലേർപ്പെടുന്നവരെ പ്രാപ്തരാക്കുക എന്നത് പഠനത്തിന്റെ ലക്ഷ്യമാണ്.

## പരുവപ്പെടുത്തൽ വിദ്യാഭ്യാസത്തിന്റെ നിരാകരണം

ഉൽപ്പാദന പ്രവർത്തനങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും വേണ്ടുന്ന ഭൗതിക ജ്ഞാന ങ്ങളെ മാത്രം ലക്ഷ്യമിടുന്ന പഠനം വളരെ ലളിതമായ ഘടനയുള്ള സമൂഹത്തിലേ സാധ്യമാവൂ.

നാം ജീവിക്കുന്ന സമൂഹമാവട്ടെ, ആയിരത്താണ്ടുകളിലൂടെയുള്ള പരിണാമങ്ങൾ വഴി നിരവധി തട്ടുകളായി മാറിയ അതിസങ്കീർണമായ ഒരു വ്യവസ്ഥയാണ്. ഇവിടെ പഠനമെന്നത് പലപ്പോഴും നിലനിൽക്കുന്ന വേർതിരിവുകളെ അതേപോലെ നിലനിർത്താൻ കൂടി സഹായകമാവുന്നു. എല്ലാവരുടെയും ക്ഷേമവും വികാസവും പ്രഖ്യാപിതലക്ഷ്യമാവുമ്പോൾത്തന്നെ സമൂഹത്തിലെ താഴെക്കിടയിൽ കഴിയുന്നവരുടെ ആവശ്യങ്ങളോടും പ്രശ്നങ്ങളോടും നിസ്സംഗതയും അവഗണനയും പുലർത്തിക്കൊണ്ടാണ് പഠനസമ്പ്രദായം നിലവിലുള്ള അവസ്ഥയെ നിലനിർത്തുന്നത്. ഇതിനെ തിരിച്ചറിയാൻ കഴിയാത്തവിധം വ്യക്തികളെ മാനസികമായി രൂപപ്പെടുത്തുന്ന പ്രവർത്തനം വളരെ സ്വാഭാവികമായി തന്നെ പഠനം വഴി നിർവഹിക്കപ്പെടുന്നുണ്ട്. ചുറ്റും കാണുന്ന എന്തിനെക്കുറിച്ചും ചോദ്യങ്ങൾ ഉന്നയിക്കുന്ന, ജിജ്ഞാസയോടെ സ്കൂളിലെത്തിച്ചേരുന്ന കുട്ടികൾക്കു സംഭവിക്കുന്ന മാറ്റം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാവും. ഏറ്റവും കൂടിയ സാക്ഷരതാനിരക്കും അഭ്യസ്തവിദ്യരുടെ ബാഹുല്യവും നമ്മുടെ നേട്ടമായി കാണിക്കാനാവുമ്പോൾത്തന്നെ ഉൽപാദനപ്രക്രിയകളിൽ നിന്നകന്ന് പൊള്ളയായ ഉപഭോഗസമൂഹമായി നാം മാറുന്നതിൽ, അഥവാ മാറ്റുന്നതിൽ പഠനം വഹിക്കുന്ന പങ്കും ചെറുതല്ല. എല്ലാവരെയും ഉയർത്താനും വളർത്താനും ലക്ഷ്യമിടുന്നു എന്ന നാട്യത്തിൽ നിലവിലുള്ള സാമൂഹിക അസമത്വങ്ങളെയും അനീതികളെയും വിമർശനവിധേയമാക്കാതെ മുന്നോട്ടു പോകുന്ന പഠനസമീപനത്തിൽ മാറ്റം വരുത്തേണ്ടതല്ലേ?

## പഠനവും സാമൂഹികമാറ്റവും

നിലവിലുള്ള ജീവനോപായങ്ങളെ വളർത്തിയെടുക്കുന്നതോടൊപ്പം വ്യവസ്ഥയ്ക്കു കീഴ്പ്പെടുന്ന മനസ്സുള്ളവരാക്കി ആളുകളെ മാറ്റുക എന്നതും പഠനത്തിലൂടെ നിർവഹിക്കപ്പെടുന്നുണ്ട് എന്നു നാം കണ്ടു. എന്നാൽ, കേരളത്തിലടക്കം വിവിധ സ്ഥലങ്ങളിൽ നടന്ന നവോത്ഥാനപ്രവർത്തനങ്ങളും ദേശീയപ്രസ്ഥാനത്തിന്റെ സമരങ്ങളും കർഷകരുടെയും തൊഴിലാളികളുടെയും വിമോചനപ്രവർത്തനങ്ങളും നമ്മെ മറ്റൊരു കാര്യം ധരിപ്പിക്കുന്നുണ്ട്. പഠനത്തിനു സമൂഹത്തെ മാറ്റുക എന്ന ലക്ഷ്യവും നിർവഹിക്കാനാവും. 'വിദ്യകൊണ്ട് പ്രബുദ്ധരാവുക' എന്ന നവോത്ഥാന മുദ്രാവാക്യം പഠനത്തിന്റെ വിമോചനലക്ഷ്യത്തെയാണു സൂചിപ്പിക്കുന്നത്. എല്ലാ സാമൂഹിക - സാമ്പത്തിക വേർതിരിവുകളും മറികടന്ന് എല്ലാവരെയും ഉൾക്കൊള്ളുന്ന വിധം കേരളത്തിലെ വിദ്യാഭ്യാസസംവിധാനം വളർന്നുവന്നതു വിദ്യാഭ്യാസത്തിന്റെ വിമോചനലക്ഷ്യം മുന്നിൽ വച്ചുകൊണ്ടാണ്.

വിദ്യാഭ്യാസത്തിന്റെ വിമോചനലക്ഷ്യത്തെ കാലത്തിനിണങ്ങും വിധം വളർത്തിക്കൊണ്ടു പോകാനുള്ള ചുമതല നമുക്കുണ്ട്. ഈ ലക്ഷ്യം ഉന്നംവയ്ക്കുന്ന പഠനം സമൂഹത്തിന്റെയും അതിലടങ്ങുന്ന വ്യക്തികളുടെയും സർവതോമുഖമായ വികാസത്തിന്റെ താൽപര്യത്തെ ഉയർത്തിപ്പിടിക്കും. ഇന്നു നമുക്കു ചുറ്റുമുള്ള ജീവിതം എല്ലാ വിഭാഗങ്ങൾക്കും തുല്യാവസരം നൽകുന്നില്ല എന്നെല്ലാവർക്കും അറിയാം. നിരവധി വിഭാഗങ്ങൾക്ക് സാമൂഹികനീതിയും അവസരങ്ങളും നിഷേധിക്കപ്പെടുന്നു. സാമൂഹികമായ അവസരങ്ങൾ സമൃദ്ധമായി ലഭിക്കുന്ന വിഭാഗങ്ങൾക്ക് അതിവേഗം മുന്നോട്ടു പോകാൻ കഴിയുന്നു. മറ്റുള്ളവർ പുറന്തള്ളപ്പെടുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങളിൽ വൈജ്ഞാനികശേഷികളും നൈപുണികളും നേടുന്നതിനും സമൂഹജീവിതത്തിൽ പ്രയോഗത്തിൽ വരുത്തുന്നതിനും തുല്യമായ അവസരങ്ങളും സാമൂഹിക നീതിയും ഉറപ്പുവരുത്താൻ കഴിയുന്ന ഒരു പുതിയ തലമുറയുടെ സൃഷ്ടി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്.

**സാമൂഹികമാറ്റം ലക്ഷ്യമിടുന്ന പഠനം എന്തിനെല്ലാം അവസരം നൽകണം?**

- സാമൂഹികനീതിക്കുവേണ്ടി പ്രവർത്തിക്കാൻ
- സന്തുലിതവും വിവേകപൂർണവുമായ വികസനത്തിന്
- മികച്ച പൗരത്വം വികസിപ്പിക്കാൻ
- ഉയർന്ന ദേശീയബോധം വളർത്താൻ
- അവകാശബോധം വളർത്താൻ
- ശാസ്ത്ര- സാങ്കേതിക അവബോധം വളർത്താൻ
- കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കാൻ
- സാംസ്കാരികത്തനിമ തിരിച്ചറിയാനും വളർത്താനും
- തൊഴിൽ ചെയ്യാനുള്ള കഴിവു വളർത്തൽ
- സാമൂഹികവും ജനാധിപത്യപരവുമായ മൂല്യങ്ങൾ നേടാൻ
- സ്വാശ്രയത്വം ഊട്ടിവളർത്താൻ
- അനീതികളെ ചെറുക്കാനുള്ള കരുത്തുവളർത്താൻ
- അറിവിന്റെ നിർമാണത്തിനും വിനിമയത്തിനും നേതൃത്വം നൽകാൻ
- വിമർശനാത്മക ചിന്ത വളർത്താൻ

സാമൂഹികമാറ്റങ്ങളുടെ പ്രക്രിയയിൽ നിന്നു വിദ്യാഭ്യാസത്തെ പൂർണമായി അടർത്തിയെടുത്തുകൊണ്ട് മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാൻ സാധ്യമല്ല. വിദ്യാർഥികൾ അറിവു മാത്രം നേടിക്കൊണ്ടിരിക്കുന്ന നിസ്സംഗ നിരീക്ഷകരല്ല. അവർ ഇന്നത്തെ സങ്കീർണമായമായ സമൂഹത്തിന്റെ പ്രവർത്തനങ്ങളിൽ തങ്ങളുടേതായ രീതിയിൽ പങ്കെടുക്കുന്നുണ്ട്; ക്ലാസ് മുറിക്കകത്തും പുറത്തുമുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആശയങ്ങളും അഭിപ്രായങ്ങളും രൂപീകരിക്കുന്നുണ്ട്. ഏതുപോലെയെന്നാൽ, നീന്തൽവിദ്യ കാണാപ്പാഠം പഠിച്ച ആൾ നീന്താൻ തുടങ്ങുമ്പോൾ തിരിച്ചറിയുന്ന ഒരു കാര്യമുണ്ട്- തനിക്ക് നീന്തലിനെക്കുറിച്ച് ഒന്നുമറിയില്ല എന്ന്. നീന്തലിനെക്കുറിച്ചുള്ള ചോദ്യോത്തരപാഠ പഠനം നിഷ്പ്രയോജനമാവുന്നത് അത് നീന്തലിനെക്കുറിച്ച് പ്രതിപാദിക്കാത്തതുകൊണ്ടല്ല. അതിൽ നീന്തുക എന്ന മനുഷ്യപ്രവർത്തനത്തിന്റെ യഥാർഥ സത്ത അടങ്ങുന്നില്ല എന്നതുകൊണ്ടാണ്. ലക്ഷ്യത്തെ മാർഗത്തിൽ നിന്നു തീർത്തും വെട്ടിമാറ്റുന്ന ഈ രീതി അതുകൊണ്ടുതന്നെ ഫലപ്രദമല്ല. ഇത്തരം പ്രവർത്തനങ്ങൾ വഴി ഗൗരവപ്പെട്ട ഒരു ലക്ഷ്യവും നേടിയെടുക്കാനാവില്ല.

സാമൂഹികമാറ്റം ലക്ഷ്യമിടുന്ന പഠനത്തിന്റെ വഴിയും സാമൂഹികമാറ്റത്തിലൂടെയായിരിക്കും. ഒരു പുതുവഴി വെട്ടലാണിത്. കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ ഗുണപരമാക്കുന്ന വഴിയും ഇതാവുമെന്നു തോന്നുന്നു.

ഇവിടെ നാം ഉള്ളടക്കമായി സ്വീകരിക്കുന്നത് സാമൂഹികപ്രശ്നങ്ങളെയാണ്. വൈവിധ്യവും വൈപുല്യവും കൊണ്ട് ഭിന്നസ്വഭാവമാർന്ന സാമൂഹികപ്രശ്നങ്ങളെ ഔപചാരിക പഠനക്രമത്തിലേക്ക് എങ്ങനെ കൊണ്ടുവരും എന്നതു വലിയ വെല്ലുവിളിയാണ്. ഈ വെല്ലുവിളിയെ പൂർണമായ അർഥത്തിൽ ഏറ്റെടുക്കുന്നതിന് വളരെയേറെ പ്രാദേശിക വഴക്കമുള്ള പഠനപദ്ധതി രൂപപ്പെടുത്തേണ്ടിവരും. കേവലമായ വൈജ്ഞാനികപഠനത്തോട് വൻതോതിലുള്ള താൽപര്യം പുലർത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ സാമൂഹികപ്രശ്നങ്ങളെ കേന്ദ്രബിന്ദുവാക്കുന്ന സമീപനം എങ്ങനെ പ്രാവർത്തികമാക്കും എന്ന് ആലോചിക്കേണ്ടതുണ്ട്.

സാമൂഹികജീവിതത്തെ ഭൗതികമണ്ഡലം, സാമൂഹികമണ്ഡലം, സാംസ്കാരികമണ്ഡലം എന്നിങ്ങനെ ഇഴചേർക്കാനാവും. ഓരോ ജീവിതമണ്ഡലത്തിലും എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങളുമുണ്ട്. ഈ പ്രശ്നങ്ങളോരോന്നും പരിശോധിക്കുമ്പോൾ അവയ്ക്ക് ആധാരമായ പൊതു പ്രഭവകേന്ദ്രങ്ങളുണ്ടെന്നു കാണാം. അങ്ങനെയാണെങ്കിൽ കേരളത്തിൽ സാമാന്യേന അനുഭവപ്പെടുന്ന ചില പ്രശ്നങ്ങളുടെ പൊതു പ്രഭവകേന്ദ്രങ്ങളെ അടിസ്ഥാനമാക്കുന്ന ഉള്ളടക്കം എങ്ങനെ സ്വീകരിക്കണമെന്നു ചിന്തിക്കാവുന്നതാണ്. ഇവയിൽ ഭൗതികവും സാമൂഹികവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ഉൾപ്പെടുന്നവ ഉണ്ടായിരുന്നാൽ മതിയാവും. ഉദാഹരണത്തിന്, കേരളത്തിൽ ഉടനീളം വർഷകാലത്തു വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാവുന്നു. എന്നാൽ, വേനലാകുന്നതോടെ കുടിവെള്ളക്ഷാമവും വരൾച്ചയും വ്യാപകമാവുന്നു. വ്യത്യസ്ത രൂപഭാവങ്ങളോടെ കേരളീയരെ ആകെ ബാധിക്കുന്ന ഈ പ്രശ്നത്തെ ശാസ്ത്രീയമായ സ്ഥല -ജല പരിപാലനബോധത്തിന്റെ കുറവുമൂലം ഉണ്ടാകുന്ന ഒന്നായി കാണാം. അതായത്, വെള്ളപ്പൊക്കമായും വരൾച്ചയായും ഉരുൾപൊട്ടലായും കുടവെള്ളക്ഷാമമായും ഒക്കെ അനുഭവപ്പെടുന്ന പ്രശ്നത്തിന്റെ പൊതു പ്രഭവകേന്ദ്രത്തെ ശാസ്ത്രീയമായ സ്ഥല- ജല പരിപാലനബോധത്തിന്റെ അഭാവം എന്നു ചുരുക്കിപ്പറയാവുന്നതാണ്. ഈ ചുരുക്കെഴുത്തിനെ അടിസ്ഥാനമാക്കിയുള്ള അന്വേഷണത്തിന്റെ ഭാഗമായി കുട്ടി എത്തിച്ചേരുന്നത് ഭൂമിശാസ്ത്രം, ഭൗതികം, രസതന്ത്രം, ജീവശാസ്ത്രം, ചരിത്രം, സാമ്പത്തികശാസ്ത്രം, സ്റ്റാറ്റിസ്റ്റിക്സ് (സാംഖികം), ഭാഷ മുതലായ വൈജ്ഞാനികശാഖകളുടെ പഠനത്തിനത്തിലേക്കാണ്. മൂർത്തത്തിൽ നിന്ന് അമൂർത്തത്തിലേക്കും അറിയുന്നതിൽ നിന്ന് അറിയാത്തതിലേക്കും ഉള്ള പ്രയാണമാണു വിദ്യാഭ്യാസമെന്ന സാമാന്യതത്ത്വത്തെ ആസ്പദമാക്കിയാണു പഠനം മുന്നേറുന്നത്. ഇത്തരത്തിൽ ജീവിതത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളിൽ അനുഭവപ്പെടുന്ന നിരവധി പ്രശ്നങ്ങളെ ഉൾക്കൊള്ളുന്ന ചില പൊതു പ്രഭവകേന്ദ്രങ്ങളെ പട്ടികപ്പെടുത്താൻ നമുക്കു കഴിയും.

**കേരളത്തിന് പൊതുവെ ബാധകമാവുന്ന ചില പ്രശ്ന പ്രഭവകേന്ദ്രങ്ങൾ**

- ശാസ്ത്രീയമായ സ്ഥല- ജല പരിപാലനത്തിന്റെ അഭാവം.
- കൃഷിയെ ഒരു ജീവിതസംസ്കാരമായി കാണാത്ത അവസ്ഥ.
- വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ.
- അധ്വാനശേഷി വികാസത്തിന്റെ അഭാവം.
- സാംസ്കാരികത്തനിമയെയും അതിന്റെ സ്വതന്ത്രവികാസത്തെയും കുറിച്ച് ധാരണയില്ലായ്മ.
- പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള  പരിഗണനയില്ലായ്മ.
- പരിസ്ഥിതിസൗഹൃദപരമായ വ്യവസായവൽക്കരണം, നഗരവൽക്കരണം എന്നിവയെക്കുറിച്ചുള്ള ധാരണക്കുറവ്.
- ശാസ്ത്രീയമായ ആരോഗ്യ- പൊതുജനാരോഗ്യബോധത്തിന്റെ അഭാവം.

നാം നേരിടുന്ന അനവധി സാമൂഹികപ്രശ്നങ്ങളുടെ അടിവേരുകൾ ഇവയിൽ കണ്ടെത്താനാവും. ഓരോ പ്രഭവകേന്ദ്രങ്ങളിൽ നിന്നും ജനിക്കുന്നതെങ്കിലും പ്രാദേശികമായ ഒട്ടനവധി രൂപഭാവ വൈവിധ്യങ്ങൾ ഓരോ സാമൂഹികപ്രശ്നത്തിനുമുണ്ടാകും. ഇവയെല്ലാം പ്രായോഗികമായി തീർത്തും പരിഹരിക്കുക എന്നത് ഒരു പഠനപദ്ധതിയിലൂടെ നേടിയെടുക്കാവുന്നതല്ല. വിവിധ ജീവിതമണ്ഡലങ്ങളിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി എങ്ങനെ സമീപിക്കാമെന്നതിന്റെ രീതിയാണ് ഇവിടെ പഠിതാവിന് വശമാവുന്നത്. ഉദാഹരണത്തിന്, "വിശ്വമാനവൻ എന്ന കാഴ്ചപ്പാടില്ലായ്മ" എന്നത് എടുക്കാം. ഇവിടെ പ്രപഞ്ചത്തെയും

മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ പ്രവർത്തനത്തെയും ഇവ തമ്മിലുള്ള ബന്ധത്തെയും കുറിച്ച് ഇന്നു നമ്മൾ എത്തിച്ചേർന്ന ശാസ്ത്രീയധാരണകളാണു പഠനവിഷയം. ഇവിടെ ഓരോ ധാരണയും ഉൾക്കൊള്ളുന്നതിനു നിരവധി തരത്തിലുള്ള അറിവുകൾ വേണം. അതോടൊപ്പം ധാരാളം മിഥ്യാധാരണകൾ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും കുട്ടി ഉൾക്കൊള്ളുന്നുമുണ്ട്. അവ ഇഴചേർത്തു പരിശോധിക്കാനുള്ള കഴിവ് കുട്ടി നേടിയെടുക്കുക എന്നത് പഠനലക്ഷ്യമാണ്. ഇവിടെ ഒരുപക്ഷേ, ഗ്രഹണത്തെക്കുറിച്ചുള്ള മിഥ്യാധാരണകളെയായിരിക്കാം ഒരുവേള വിഷയമാക്കുന്നത്. ഈ കാര്യം വിശകലനം ചെയ്യുന്നതിന് ഒട്ടേറെ അറിവുകൾ വേണം. ദ്രവ്യം, ചലനം, സമയം, പ്രപഞ്ചം, സ്ഥൂലപ്രപഞ്ച ചലനം തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ അറിവു വേണ്ടതുണ്ട്. ഗ്രഹണമെന്നതിനെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുക, ഗ്രഹണവുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങളെ ചോദ്യംചെയ്യുക എന്നിവ ഒരേസമയം അറിവുനിർമാണവുമാണ്; സമൂഹത്തിന്റെ ബോധത്തിൽ ഇടപെടലുമാണ്. ഇത്തരത്തിൽ ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിൽ ഏതേതു പ്രശ്നങ്ങളെ എത്രമാത്രം ആഴത്തിൽ വിശകലനം ചെയ്യണം എന്നു ചിട്ടപ്പെടുത്തുന്നതാവും ഇവിടെ സിലബസ്. ഈ സിലബസിലൂടെ കടന്നുപോകുന്ന കുട്ടിക്ക് തന്റെ ചിന്തയെ ഉണർത്താനും കൈകാലുകളടക്കം ഉപയോഗിച്ച് ചില പ്രവർത്തനങ്ങൾ ചെയ്യാനും ആശയങ്ങൾ രൂപപ്പെടുത്താനും വൈവിധ്യമാർന്ന നിലയിൽ അവയെ ആവിഷ്കരിക്കാനും തന്റെ ചുറ്റുമുള്ള മനുഷ്യരുടെ ചിന്തയിലും പ്രവൃത്തിയിലും ജീവിതവീക്ഷണത്തിലും ഗുണപരമായി ഇടപെടാനുമുള്ള അവസരമാണു കൈവരുന്നത്. ഈ വഴിയിലൂടെയുള്ള പഠനം ഒരു സാമൂഹികലക്ഷ്യത്തെ മുന്നിൽ നിർത്തിക്കൊണ്ടുള്ള അനുഭവങ്ങളുടെ കോർത്തിണക്കലാണ്.

# 1 വിശ്വം സ്നേഹമയം

## *സിലബസ് ഗ്രിഡ്*

**പ്രശ്നമേഖല** : വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ

**ഉപപ്രശ്നം** :
- സമൂഹത്തിൽ ഓരോ വ്യക്തിക്കും തന്റേതായ ഇടവും ചുമതലയും ഉണ്ടെന്ന് തിരിച്ചറിയുന്നില്ല.

**പഠനലക്ഷ്യങ്ങൾ** :
- സാമൂഹ്യജീവിതത്തിൽ വ്യക്തികളുടെ സംഭാവനകൾ വിലപ്പെട്ടതാണെന്ന തിരിച്ചറിവുണ്ടാകുക.
- വ്യക്തികളുടെ ക്രിയാത്മകപ്രവർത്തനങ്ങൾ സാമൂഹ്യപരിവർത്തനത്തിന് കാരണമായിട്ടുണ്ടെന്ന തിരിച്ചറിവുണ്ടാകുക.
- ഓരോ വ്യക്തിയും സാമൂഹികനന്മയ്ക്കുതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണെന്ന തിരിച്ചറിവുണ്ടാകുക.
- സാമൂഹ്യജീവിതത്തിലും കുടുംബജിവിതത്തിലും വ്യക്തികൾ തങ്ങളുടേതായ സംഭാവനകൾ നൽകി പരിവർത്തനം സൃഷ്ടിക്കുന്നത് മുഖ്യവിഷയമായ കഥകൾ, കവിതകൾ തുടങ്ങിയ സാഹിത്യരൂപങ്ങൾ പരിചയപ്പെടുക.
- പദച്ചേരുവകളുടെ പ്രത്യേകതകൾ കണ്ടെത്തുക.

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| സ്വയം തിരിച്ചറിയുമ്പോൾ (സ്വന്തം വ്യക്തിത്വവും സമൂഹത്തിലെ ഇടവും തിരിച്ചറിഞ്ഞു പ്രവർത്തിക്കൽ) | • സാമൂഹ്യ ജീവിതത്തിൽ ഓരോ വ്യക്തിയുടെയും സംഭാവന വിലപ്പെട്ടതാണ്.<br>• ചില വ്യക്തികളുടെ ക്രിയാത്മക പ്രവർത്തനങ്ങൾ സാമൂഹ്യ പരിവർത്തനത്തിന് ഉതകിയിട്ടുണ്ട്.<br>• കുടുംബ - സാമൂഹ്യ ജീവിതങ്ങളിൽ പരിവർത്തനം വരുത്താൻ പ്രാപ്തരായ വ്യക്തികൾ മുഖ്യകഥാപാത്രമായി വരുന്ന രചനകൾ ഭാഷയിലുണ്ട്.<br>• ഇത്തരം പല രചനകളിലെയും വൈകാരികാംശം വായനക്കാരിൽ ആരോഗ്യകരമായ മാനസിക പരിവർത്തനം വരുത്തുവാൻ പ്രാപ്തമാണ്.<br>• സമൂഹത്തിൽ ഓരോ വ്യക്തിക്കും അവരവരുടേതായ ഇടമുണ്ട്.<br>• പദച്ചേരുവകൾക്ക് ചില പ്രത്യേകതകളുണ്ട്. | **ആർജ്ജിത ജ്ഞാനം**<br>• സാമൂഹ്യപരിവർത്തനത്തിനുവേണ്ടി പ്രവർത്തിക്കുകയും ത്യാഗം അനുഷ്ഠിക്കുകയും ചെയ്ത വ്യക്തികൾ കഥാപാത്രമായി വരുന്ന കഥകൾ, കവിതകൾ.<br>• വ്യക്തികളുടെ പ്രവർത്തനം മറ്റുള്ളവരിൽ അഭിലഷണീയമായ പരിവർത്തനത്തിന് കാരണമാകുന്ന പ്രമേയം വരുന്ന കഥ.<br>• സ്നേഹബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്ന കഥ.<br>• മറ്റുള്ളവർക്ക് വേണ്ടി സ്വന്തം സുഖസൗകര്യങ്ങൾ പരിഗണിക്കാതെ സേവനനിരതരാവുന്നവരെക്കുറിച്ചുള്ള കഥ. | • മറ്റുള്ളവരുടെ മന:പരിവർത്തനത്തിന് കാരണമായ വ്യക്തികൾ, സമൂഹത്തിൽ തന്റെ ഇടം തിരിച്ചറിഞ്ഞ് പ്രവർത്തിച്ചു വിജയിച്ച വ്യക്തികൾ തുടങ്ങിയ പ്രമേയമായി വരുന്ന കഥകൾ, കവിതകൾ എന്നിവ വായിച്ചാസ്വാദിക്കുകയും അഭിപ്രായക്കുറിപ്പ്, പ്രതികരണക്കുറിപ്പ്, അനുഭവക്കുറിപ്പ്, കത്ത്, കഥാപാത്ര നിരൂപണം, ആസ്വാദനക്കുറിപ്പ് എന്നീ രൂപങ്ങളിൽ പ്രകടിപ്പിക്കുകയും ചെയ്യുന്നു,<br>• പദങ്ങൾ പരിശോധിച്ച് പദച്ചേരുവകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു. | • സ്വന്തം സുഖസൗകര്യങ്ങൾ പരിഗണിക്കാതെ, മറ്റുള്ളവർക്കു വേണ്ടി സേവനമനുഷ്ഠിക്കുന്നത് മഹത്തായ കാര്യമാണെന്ന മനോഭാവം.<br>• അന്യന്റെ വേദനയെ സ്വന്തം വേദനയായി കാണാനുള്ള മനോഭാവം.<br>• മറ്റുള്ളവരിൽ മാനസികപരിവർത്തനം വരുത്താൻ പ്രാപ്തമായ വൈകാരികാംശം പ്രതിഫലിക്കുന്ന രചനകൾ നടത്താനുള്ള മനോഭാവം. | സാമൂഹ്യപരിവർത്തനത്തിന് കാരണമാവുന്ന വ്യക്തികൾ മുഖ്യകഥാപാത്രമായി വരുന്ന സൃഷ്ടികൾ വിശകലനംചെയ്തു ചർച്ചകളിലും രചനകളിലും ആവിഷ്ക്കരിക്കാനുള്ള കഴിവ്. |

# 1 വിശ്വം സ്നേഹമയം

**ആമുഖം**

മനുഷ്യൻ സമൂഹജീവിയാണ്. അവന്റെ സാമൂഹികബന്ധങ്ങൾ സുദൃഢവും ശക്തവുമാകുന്നത് സഹജീവികളോടുള്ള ആത്മാർഥവും അതിരറ്റതുമായ സ്നേഹബന്ധങ്ങളിലൂടെയാണ്. വർത്തമാനകാലത്ത് ഓരോ മനുഷ്യനും തന്നിലേക്ക് വല്ലാതെ ഒതുങ്ങുകയും തന്റെ മാത്രം സുഖസൗകര്യങ്ങൾക്കായി ജീവിതത്തെ മാറ്റിത്തീർക്കുകയും ചെയ്യുന്നു. സമൂഹത്തിന്റെ അവിഭാജ്യഘടകമാണ് മനുഷ്യൻ എന്ന തിരിച്ചറിവോടെ ജീവിതത്തിൽ തന്റെ നന്മ പ്രയോജനപ്പെടുത്തുകയും മറ്റുള്ളവരിലേക്ക് അതു പകരുകയും ചെയ്യുന്ന സാമൂഹികാവസ്ഥ നമുക്ക് തിരിച്ചു പിടിക്കേണ്ടതുണ്ട്. കുടുംബബന്ധങ്ങൾ ശക്തമാക്കാനും കുടുംബത്തിൽ നിന്ന് സമൂഹത്തിലേക്ക് അത് വ്യാപിപ്പിക്കാനും സ്നേഹത്തിലും നന്മയിലും അധിഷ്ഠിതമായ സമൂഹം സൃഷ്ടിക്കാനും നാം നമ്മുടെ കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്.

ഒരു കവിത വായിക്കാം.

## പ്രേമസംഗീതം

ഒരൊറ്റ മതമുണ്ടുലകി, ന്നുയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെ പ്പാലമൃതൂട്ടും പാർവണശശിബിംബം
ഭക്ത്യനുരാഗദയാദിവപുസ്സാപരാത്മചൈതന്യം
പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.
അതിന്നൊരരിയാം നാസ്തിക്യം താൻ ദ്വേഷം; ലോകത്തി-
ന്നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം
മാരണദേവതയാമതുമാറ്റും മണവറ പട്ടടയായ്,
മടുമലർവാടിക മരുപ്പറമ്പായ്, വാനം നാരകമായ്.

* * * * *

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;
പ്രപഞ്ചമസ്മദ്വചനാമ്രേഡനപണ്ഡിതമാം കീരം;
പ്രപഞ്ചമസ്മദ്ഭാവവിഡംബന പാടവമാർന്ന നടൻ;
പ്രപഞ്ചഭൂമിയിൽ വിതച്ച വിത്തിൻ ഫലത്തെ നാം കൊയ്വൂ;
പ്രപഞ്ചമരുൾവൂ പട്ടുംവെട്ടും പകരത്തിനു പകരം
വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം.
പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ;
ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?

പദാർഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം;
പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.
നമിക്കിലുയരാം, നടുകിൽത്തിന്നാം, നൽകുകിൽ നേടീടാം;
നമുക്കു നാമേ പണിവതുനാകം നരകവുമതുപോലെ.
മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ
പാഷാണൗഷധിപക്ഷിമൃഗാദികൾ പല പല വടിവുകളിൽ
പ്രകൃതി ലസിപ്പൂ നമുക്കു ചുറ്റും പരമോത്സവധാത്രി.
പേർത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോർക്കെല്ലാം
പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാണാം.
ഉലകാമുത്തമവിദ്യാലയമിതിലുപകാരോപനിഷ-
ത്തോതിക്കോനവനുപദേശിപ്പതുമുറക്കവേ കേൾക്കാം-
ഏകോദരസോദരർ നാമേവരൂ, മെല്ലാജീവികളും
ലോകപടത്തിൽത്തമ്മിലിണങ്ങിടുമോതപ്രോതങ്ങൾ.
അടുത്തു നിൽപോരനുജനെ നോക്കാനക്ഷികളില്ലാത്തോർ
ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം?

*മണിമഞ്ജുഷ* — *ഉള്ളൂർ*

ലോകത്തിന്റെ നിലനിൽപ്പിന് അടിസ്ഥാനം സ്നേഹമാണെന്ന സത്യത്തെ സംഗീതാത്മകമായി അവതരിപ്പിക്കുകയാണ് കവി. ഭൂമിയെ സ്വർഗമാക്കാനും ലോകത്തെ തിന്മയാകുന്ന അന്ധകാരത്തിന്റെ ആഴക്കടലിൽ നിന്ന് കര കയറ്റാനും മനുഷ്യനെ മഹത്വത്തിലേക്കുയർത്താനും കഴിയുന്ന സ്നേഹത്തിന്റെ വിവിധങ്ങളായ ഭാവങ്ങളെ ആവിഷ്കരിക്കുകയാണ് ഇവിടെ.

ഇനി കുടുംബബന്ധങ്ങളുടെ ഇഴയടുപ്പമുള്ള ഒരു കഥ വായിക്കാം.

## കോലാട്

അവളുടെ നാല്പത്തിമൂന്നാമത്തെ വയസ്സിൽ തമാശക്കാരനായ മൂത്ത മകൻ പറഞ്ഞു: "അമ്മേ നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ വരിക."

അവൾ അവന്റെ ചിരിയിൽ പങ്കുകൊണ്ടു. പക്ഷേ, അന്ന് അവരെല്ലാവരും വീട്ടിൽ നിന്ന് പുറത്തുപോയപ്പോൾ അവൾ കണ്ണാടിയെടുത്ത് വിഷണ്ണതയോടെ തന്റെ മുഖം പരിശോധിച്ചു. തന്റെ ഒട്ടിയ കവിളുകളും വീണ്ടും പുഷ്ടിപ്പെടുത്തുവാൻ വല്ല മാർഗവുമുണ്ടായിരുന്നെങ്കിൽ തന്റെ ജീവിതവും അതോടൊപ്പം പുഷ്ടിപ്പെടുമെന്ന് അവൾക്ക് തോന്നി. യൗവനവും ദേഹപുഷ്ടിയുമുണ്ടായിരുന്ന കാലത്ത് അവൾ നിലത്തു പായ വിരിച്ചു കിടന്നുറങ്ങുമായിരുന്നില്ല... പക്ഷേ, ഓരോന്ന് ഓർത്ത് കണ്ണാടി നോക്കിക്കൊണ്ട് ഇരിക്കുവാൻ അവൾക്ക് മനസ്സു വന്നില്ല. അടുക്കളയിൽ പാലു തിളയ്ക്കാൻ തുടങ്ങുകയായിരുന്നു.

രാവിലെ മുതൽ അർധരാത്രി വരെ അവിശ്രമം ജോലിയെടുത്ത് അവൾ തന്റെ കുടുംബത്തെ വളർത്തിക്കൊണ്ടുവന്നു. മെലിഞ്ഞ്, വെളുത്ത് അവിടവിടെയായി ചില ഒടിവുകൾ പറ്റിയെന്നു തോന്നിക്കുന്ന ഒരു ശരീരമായിരുന്നു അവളുടേത്. പക്ഷേ, അവൾ ഒരിക്കലും ക്ഷീണിച്ച് വീഴുകയോ ആവലാതിപ്പെടുകയോ ഉണ്ടായില്ല. അതുകൊണ്ട് അവൾ വെള്ളം നിറച്ച പാട്ടകൾ എടുത്തു പൊക്കി കുളിമുറിയിൽ നിന്ന് അടുക്കളയിലേക്കും അടുക്കളയിൽ നിന്ന് കുളിമുറിയിലേക്കും മറ്റും നടക്കുമ്പോൾ അവളുടെ ഭർത്താവും മുതിർന്ന മക്കളും അവളെ സഹാ

യിക്കാൻ മുതിർന്നില്ല. അവൾ പഠിപ്പും പരിഷ്കാരവും ഇല്ലാത്തവളായിരുന്നു. വീട് അടിച്ചു തുടച്ച് വൃത്തിയാക്കുവാനും ഭക്ഷണം പാകംചെയ്യുവാനും തുണികൾ അലക്കി ഇസ്തിരിയിടുവാനും അവൾക്കുള്ള പാടവത്തെപ്പറ്റി അവർ ഇടയ്ക്ക് പുകഴ്ത്തി പറഞ്ഞു. പ്രശംസ കേൾക്കുമ്പോഴൊക്കെ തേഞ്ഞ പല്ലുകൾ വെളിപ്പെടുത്തി അവൾ പുഞ്ചിരി തൂകി. ഇളയ മകൻ സ്കൂളിൽ നിന്ന് മടങ്ങുമ്പോൾ ഒരിക്കൽ ഒരു നെല്ലിക്ക അവൾക്കായി കൊണ്ടുവന്നു. അന്ന് അടുക്കളയുടെ ഇരുട്ടിൽ നിന്നുകൊണ്ട് അവൾ സന്തോഷാശ്രുക്കൾ പൊഴിച്ചു. കാലക്രമേണ അവന്റെ കണ്ണിലും അവൾ ഒരു പേക്കോലമായി. സ്കൂളിലെ ഡ്രാമയ്ക്കു താനും കൂടെ വരുമെന്ന് അവൾ പറഞ്ഞപ്പോൾ അവൻ പറഞ്ഞു:

'അമ്മ വരണ്ട. എനിക്ക് കുറവാണ്.'

'അതിനെന്താ ഞാൻ സിൽക്കിന്റെ സാരി ഉടുക്കാലോ. എന്റെ കല്യാണസാരി.' അവൾ പറഞ്ഞു.

'എന്നാലും വരണ്ട.'

മെലിഞ്ഞ കാലുകൾ, രണ്ടു മുറികളുള്ള ആ കൊച്ചു വീട്ടിൽ വിശ്രമമില്ലാതെ ചലിച്ചു കൊണ്ടിരുന്നു. ഒടുവിൽ ആ യന്ത്രവും കേടുവന്നു. അവൾക്ക് പനി തുടങ്ങി. വയറ്റിൽ വേദനയും. ഇഞ്ചി നീരും കുരുമുളകു രസവും ഒന്നും അവളെ സഹായിച്ചില്ല. പത്താം ദിവസം ഡോക്ടർ അവളുടെ ഭർത്താവിനോട് പറഞ്ഞു:

"ഇവരെ ഉടനെ ആശുപത്രിയിലേക്ക് കൊണ്ടുപോവണം. ഇതു മഞ്ഞക്കാ...യുടെ ഒരു സീരിയസ് കേസ്സാണ്."

പാഠപുസ്തകങ്ങൾക്ക് മുമ്പിൽ ഇരുന്നിരുന്ന കുട്ടികൾ അതു കേട്ടു നടുങ്ങി. ഒരു പരിചാരകൻ അവളെ ചക്രക്കട്ടിലിൽ കിടത്തി ഉന്തിക്കൊണ്ട് ആശുപത്രി മുറിയിൽ പ്രവേശിപ്പിച്ചപ്പോൾ കണ്ണുമിഴിച്ചു കൊണ്ട് അവൾ പറഞ്ഞു: "അയ്യോ! പരിപ്പ് കരിയണ്ണ്ട്ന്ന് തോന്ന്ണ്" അവളുടെ ഭർത്താവിന്റെ കണ്ണുകൾ നനഞ്ഞു.

*മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണം* — *മാധവിക്കുട്ടി*

- "അയ്യോ! പരിപ്പ് കരിയണ്ണ്ട്ന്ന് തോന്ന്ണ്" അവളുടെ ഭർത്താവിന്റെ കണ്ണുകൾ നനഞ്ഞു.

കഥ ഇങ്ങനെയാണ് അവസാനിക്കുന്നത്. സ്നേഹത്തിന്റെ രണ്ടു തലത്തിലുള്ള പ്രതികരണങ്ങളാണ് ഇവ. 'കോലാടി'ൽ തെളിയുന്ന ജീവിതവീക്ഷണം എന്ത്? പ്രേമസംഗീതവുമായി താരതമ്യപ്പെടുത്തി അധ്യാപിക കുറിപ്പു തയാറാക്കണം. ഇത് തുടർന്നുവരുന്ന പഠനപ്രവർത്തനങ്ങളിൽ ആശയരൂപീകരണത്തിനും മറ്റും അധ്യാപികയ്ക്ക് സഹായക സാമഗ്രിയായി പ്രയോജനപ്പെടുത്തുകയും ചെയ്യാം.

## യൂണിറ്റിനെക്കുറിച്ച്

കുടുംബബന്ധങ്ങളുടെ തീവ്രതയും സാമൂഹികജീവിതപ്രശ്നങ്ങളിൽ ഇടപെടാനുള്ള നന്മയും സൂചിപ്പിക്കുന്ന പാഠഭാഗങ്ങളാണ് ഈ യൂണിറ്റിൽ ഉള്ളത്. കമലാ സുരയ്യ (മാധവിക്കുട്ടി) യുടെ അമ്മ എന്ന കഥയും എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിൽ നിന്ന് എടുത്തു ചേർത്ത 'യാത്രാമൊഴി' എന്ന ഭാഗവുമാണ് അവ. തന്റെ കുടുംബത്തിലെയും സമൂഹത്തിലെയും പ്രശ്നങ്ങളെ വൈകാരികമായി ഉൾകൊള്ളാൻ മനുഷ്യന് കഴിയണം എന്ന ഒരു കാഴ്ചപ്പാടോടുകൂടി വേണം ഈ യൂണിറ്റ് അവതരിപ്പിക്കാൻ.

വിശ്വമാനവൻ എന്ന കാഴ്ചപ്പാട് വളർന്നു വരാത്തഅവസ്ഥ പ്രധാന പ്രശ്നമേഖലയായും സാമൂഹിക ജീവിത പ്രശ്നങ്ങളെ വൈകാരികമായി ഉൾക്കൊള്ളാൻ കഴിയാത്ത സാഹചര്യം ഉപപ്രശ്നമായും ഈ യൂണിറ്റിൽ പരിഗണിച്ചിരിക്കുന്നു.

## യൂണിറ്റിലൂടെ നേടേണ്ടത്

- ജീവിത കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിൽ കുടുംബം വലിയ സ്വാധീനം ചെലുത്തുന്നു.
- സാമൂഹിക ജീവിതത്തിലെ സംഘർഷങ്ങളും പ്രശ്നങ്ങളും കുടുംബബന്ധങ്ങളിലും നിഴലിക്കുന്നു.
- മനുഷ്യന്റെ നന്മ മറ്റു മനുഷ്യരുടെ ജീവിതത്തെ പരിവർത്തിപ്പിക്കുന്നു.
- താനും പ്രപഞ്ചത്തിന്റെ ഭാഗമാണ്.
- ഭേദചിന്തകളില്ലാതെ മനുഷ്യരെക്കാണുന്നിടത്താണ് യഥാർഥ മാനവസ്നേഹം കുടികൊള്ളുന്നത്.
- കുടുംബബന്ധങ്ങളുടെ ഊഷ്മളത പ്രമേയമായ ധാരാളം സാഹിത്യരചനകൾ മലയാളത്തിലുണ്ട്.
- വാക്യത്തിലെ പദങ്ങൾക്ക് നൽകുന്ന ഊന്നൽ മാറുന്നതിനനുസരിച്ച് ആശയത്തിലും മാറ്റം വരുന്നു.

## യൂണിറ്റിലേക്ക്

### പഠനപ്രവർത്തനങ്ങളെക്കുറിച്ച്

അധ്യാപിക പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു മേഖലയാണ് പഠനപ്രവർത്തനങ്ങളുടേത്. യൂണിറ്റ് വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ സാർഥകമാകേണ്ടത് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലൂടെയാണ്. യൂണിറ്റിന്റെ ഒടുവിൽ കൊടുത്ത പ്രവർത്തനങ്ങൾ ക്രമമായി ചെയ്തുപോകണമെന്നില്ല. വേണമെങ്കിൽ യൂണിറ്റിനെ സമഗ്രമായി കണ്ടും പ്രവർത്തനങ്ങൾ അധ്യാപികയ്ക്ക് ക്രമപ്പെടുത്താവുന്നതാണ്. പാഠ്യപദ്ധതിയുടെ സൈദ്ധാന്തിക തലത്തിലൂന്നിക്കൊണ്ട് അനുക്രമം വികസിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു ശൃംഖല നിർമിക്കുകയാണ് വേണ്ടത്. കുട്ടിക്ക് അറിവ് നിർമിക്കുന്നതിനും ലഭ്യമാകുന്ന ആശയങ്ങൾ വിമർശനാത്മകമായി പ്രതികരിക്കുന്നതിനും ഉതകുന്നതാണ് പഠനപ്രവർത്തനങ്ങളെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. ഓരോ പഠനപ്രവർത്തനത്തിന്റെയും ഭാഗമായി കുട്ടിയിൽ രൂപംകൊള്ളുന്ന ആശയങ്ങൾ പോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് കുട്ടി രൂപപ്പെടുത്തുന്ന വ്യവഹാരരൂപങ്ങളും കുട്ടിയുടെ ഭാഷാശേഷി, അപഗ്രഥനപാടവം, അവതരണശേഷി, ആസ്വാദനതലം, സർഗാത്മക കഴിവുകൾ മുതലായവ വികസിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ സഹായകമാവണം.

വൈക്കം മുഹമ്മദ് ബഷീറിന്റെ വിഖ്യാതമായ ഓർമക്കുറിപ്പുകളിലെ ഒരു ഭാഗമാണ് പ്രവേശകമായി നൽകിയിട്ടുള്ളത്.

കുട്ടികൾ തന്നെ ഈ ഭാഗം വായിക്കട്ടെ. ശേഷം ചർച്ചയാവാം.

- ഉമ്മയ്ക്ക് മകനോടുള്ള സ്നേഹം പ്രകടമാവുന്ന സന്ദർഭം ഏതാണ്?
- 'ഓ ചോറും കറിയും വെച്ച് എല്ലാ രാത്രിയും ഞാൻ കാത്തിരിക്കും' എന്ന അമ്മയുടെ മറുപടിയിലൂടെ പ്രകടമാവുന്ന വികാരം എന്താണ്?

തുടങ്ങിയ ചോദ്യങ്ങളിലൂടെ ചർച്ച നയിക്കാം. ഏറെക്കാലമായി വിട്ടുനിന്ന മകനുവേണ്ടി എല്ലാ ദിവസവും ചോറുമായി കാത്തിരിക്കുന്ന ഉമ്മയുടെ പ്രവൃത്തി 'ഓ' എന്നു മൂളിക്കളയാവുന്നത്ര നിസ്സാരമാണെന്ന് നിങ്ങൾ വിചാരിക്കുന്നുവോ? 'അഭിപ്രായങ്ങൾ യുക്തിസഹമായി അവതരിപ്പിക്കട്ടെ.

- ചർച്ചകളിലെ പങ്കാളിത്തം നിരന്തര മൂല്യനിർണയത്തിനു വിധേയമാക്കാം.

'ഓ' എന്നുള്ള മൂളൽ അമ്മയെ സംബന്ധിച്ച് നിസ്സാരമാണ്. മകനുവേണ്ടി ചെയ്യുന്ന കാര്യങ്ങളിൽ ഏറ്റവും സാധാരണവും ലഘുവുമാണ്. അതോടൊപ്പം തന്നെ മകനെ സംബന്ധിച്ചും മറ്റുള്ളവരെ സംബന്ധിച്ചും ഏറ്റവും മഹത്തായ പ്രവർത്തനവുമാണ്.

# അമ്മ

കമലാസുരയ്യ (മാധവിക്കുട്ടി) യുടെ കഥകളിൽ ഏറ്റവും ശ്രദ്ധേയമാണ് അമ്മ. വാർദ്ധക്യകാലത്ത് ഒരു അമ്മ അനുഭവിക്കേണ്ടിവന്ന യാതനയുടെയും ഒറ്റപ്പെടലിന്റെയും തീവ്രതയാണ് കഥയിലെ ഇതിവൃത്തം.

കുട്ടികൾ കഥ വായിക്കട്ടെ. കഥയുടെ ആസ്വാദനത്തിന് സഹായിക്കുന്ന ചില ചോദ്യങ്ങളാവാം.

- “എത്ര തുണികൾ അലക്കിക്കഴിഞ്ഞു, തന്റെ കൈകൾ കൊണ്ട്! എത്ര ഊണുകൾ ഉണ്ടാക്കിക്കഴിഞ്ഞു! ഇനി ചെയ്യാൻ ബാക്കിയൊന്നുമില്ലെന്ന സ്ഥിതിയായി.” അമ്മയുടെ ഈ ചിന്തകൾ നമ്മുടെ മനസ്സിലേക്ക് ഉയർത്തിവിടുന്നത് എന്തൊക്കെയാണ്?
- കഥയിലെ പോലീസുകാരന്റെയും പാൽക്കാരന്റെയും പ്രവർത്തനങ്ങൾ എന്തായിരുന്നു?
- ‘ടാക്സി ഡ്രൈവർ മാതൃകാപരമായ പ്രവർത്തനമാണ് ചെയ്തത്.’ ഇത്തരം സഹായങ്ങൾ ഇന്ന് സമൂഹത്തിൽ വളരെ കുറഞ്ഞുപോവുന്നു. നിങ്ങളുടെ അഭിപ്രായമെന്ത്? യുക്തിസഹമായി അവതരിപ്പിക്കൂ.

## അമ്മയുടെ ചിന്തകൾ

- ലഘു ചർച്ച

ചർച്ചയിൽ ഉന്നയിക്കേണ്ടവ

  - അമ്മയുടെ ഇന്നത്തെ അവസ്ഥ
  - ഇന്നത്തെയും പണ്ടത്തെയും അവസ്ഥയുടെ താരതമ്യം.
  - അത് അമ്മയിലുണ്ടാക്കിയ വികാരവിചാരങ്ങൾ
  - നമുക്കു ചുറ്റും ഇങ്ങനെ ഒറ്റപ്പെടുന്ന അമ്മമാരുണ്ടോ?
  - കഥയിലെ അമ്മയുമായി അവരെ താരതമ്യം ചെയ്യട്ടെ.
  - കുട്ടികൾ സ്വന്തമായി കുറിപ്പ് തയാറാക്കട്ടെ
  - ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തണം
  - ഏതാനും പേർ അവതരിപ്പിക്കട്ടെ

അവതരണത്തിനുശേഷം ആശയതലത്തിൽ എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ ലഘുചോദ്യങ്ങളിലൂടെ കൂട്ടിച്ചേർക്കണം.

- എഡിറ്റിങ്

പദതലം : (ആവർത്തിച്ചു വരുന്ന പദങ്ങൾ, തെറ്റായി ഉപയോഗിച്ച പദങ്ങൾ, അക്ഷരത്തെറ്റ്)

വാക്യതലം : (ഒരേ തരത്തിലുള്ള വാക്യഘടന ആശയഗ്രഹണത്തിന് ക്ലിഷ്ടതയുള്ള വാക്യങ്ങൾ)

ആശയതലം : (അടുക്കും ചിട്ടയുമുള്ള അവതരണം, പദങ്ങളുടെ ഉചിതമായ പ്രയോഗം)

കുട്ടികളുടെ രചനകൾ പൊതുവായി എഡിറ്റിങ്ങിന് വിധേയമാകണം. പദതലം, വാക്യതലം, ആശയതലം എന്നീ മേഖലകളിൽ മെച്ചപ്പെടുത്തൽ നടക്കണം.

- പുനർരചന
- കുറിപ്പ് വിലയിരുത്തലിന് വിധേയമാക്കണം
- പോർട്ട്ഫോളിയോവിലേക്ക്

## പോർട്ട്ഫോളിയോ

- ഒരു നിശ്ചിത കാലയളവിൽ കുട്ടി നടത്തിയ വിവിധ പ്രവർത്തനങ്ങളുടെ ശേഖരമാണ് പോർട്ട്ഫോളിയോ
- പ്രധാന വ്യവഹാരരൂപങ്ങളുടെ മെച്ചപ്പെട്ട സൃഷ്ടിയാണ് ഇതിൽ ഉൾക്കൊള്ളിക്കേണ്ടത്.
- ഓരോ യൂണിറ്റിനെയും ശക്തമായി പ്രതിനിധീകരിക്കുന്ന വ്യവഹാരരൂപമാണ് ഉൾപ്പെടുത്തേണ്ടത്.

## കഥയിലെ കഥാപാത്രങ്ങൾ

- ക്ലാസിലെ ഒരു കുട്ടി കഥ വായിക്കട്ടെ. മറ്റു കുട്ടികൾ ശ്രദ്ധിക്കട്ടെ.
- കഥയിലെ പ്രധാന കഥാപാത്രങ്ങൾ ആരൊക്കെ?
- പ്രധാന കഥാപാത്രങ്ങൾ എന്തുചെയ്യുന്നു? എന്തു ചിന്തിക്കുന്നു? എങ്ങനെ ഇടപെടുന്നു. കോളങ്ങളിൽ എഴുതട്ടെ.




- ഇതിൽ നിന്ന് കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകളും രീതികളും പ്രത്യേകതകളും കണ്ടെത്താമോ? എന്തെല്ലാം? ആശയഭൂപടം കുട്ടികൾ പൂർത്തിയാക്കണം.

| | | |
|---|---|---|
| | | |

- ഇങ്ങനെയുള്ള കഥാപാത്രങ്ങളെ നിങ്ങൾ കാണാറുണ്ടോ?
- കഥയിലെ കഥാപാത്രങ്ങളും നിങ്ങൾക്ക് പരിചയമുള്ള കഥാപാത്രങ്ങളും തമ്മിൽ കണ്ടെത്തിയ സാമ്യങ്ങൾ എന്തൊക്കെ?
- കഥയിലെ സംഭവങ്ങളുമായി ബന്ധമുള്ള ഏതെങ്കിലും സംഭവം നിങ്ങൾക്ക് പറയാമോ?

ഈ പ്രക്രിയയിലൂടെ കടന്നുപോയ ശേഷം കുട്ടികൾ അഭിപ്രായക്കുറിപ്പ് തയാറാക്കട്ടെ. കുറിപ്പുകൾ പരസ്പരം മാറി വിലയിരുത്തട്ടെ.

## വിലയിരുത്തൽസൂചകങ്ങൾ എന്തെല്ലാം?

വിഷയവുമായി ബന്ധപ്പെട്ട ആശയസമഗ്രത

സ്വന്തം കാഴ്ചപ്പാട്

ആശയങ്ങളുടെ തുടർച്ചയായ പരസ്പരബന്ധത്തോടെയുള്ള അവതരണം

### ആശയഭൂപടം

താൻ ആർജിക്കേണ്ട ഒരു മേഖലയിൽ തനിക്ക് എത്രത്തോളം ആശയം സ്വരൂപിക്കാൻ സാധിച്ചിട്ടുണ്ടെന്നും അതിന്റെ പരസ്പരബന്ധങ്ങൾ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും കുട്ടിക്ക് സ്വയം മനസ്സിലാക്കാൻ കഴിയുന്ന ഒരു പ്രവർത്തനമാണ് ആശയഭൂപടം.

സ്വയം വിലയിരുത്തലിന് ഇത് വളരെ സഹായിക്കുന്നു. കുട്ടി സ്വന്തം ആശയഭൂപടം തയാറാക്കിയ ശേഷം ക്ലാസിന് പൊതുവായ ആശയഭൂപടവും തയാറാക്കാം. ഈ സമയത്ത് നടക്കുന്ന ചർച്ചയിൽ താൻ എന്തുകൊണ്ട് ഓരോ ഇനവും ഉൾപ്പെടുത്തി എന്ന് സാധൂകരിക്കണം. അപ്പോഴാണ് സ്വയം വിലയിരുത്തൽ നടക്കുക. പ്രവർത്തനം പൂർത്തീകരിച്ചശേഷം തനിക്ക് എത്രത്തോളം നന്നായി ചെയ്യാൻ സാധിച്ചു എന്ന് ആത്മ പരിശോധന നടത്താനും ഇതുകൊണ്ട് സാധിക്കും.

## കറുത്ത കാറിന് അതറിയാമായിരുന്നു

### ചർച്ച

- കറുത്ത കാറിന് അതറിയാമായിരുന്നു എന്ന വാക്യത്തിലൂടെ കഥാകാരി ഉദ്ദേശിക്കുന്നതെന്ത്?
- അമ്മ എന്ന കഥാപാത്രത്തിന്റെ ഏതവസ്ഥയാണ് ഈ വാക്യത്തിലൂടെ നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്നത്.
- “കറുത്ത” എന്ന വാക്ക് ഇവിടെ എന്താണ് സൂചിപ്പിക്കുന്നത്?

തുടങ്ങിയ ചോദ്യങ്ങളിലൂടെ പ്രയോഗത്തിന്റെ സവിശേഷത കുട്ടിയുടെ ശ്രദ്ധയിൽപ്പെടുത്തി ചർച്ച ക്രോഡീകരിക്കണം.

### ക്രോഡീകരണത്തിൽ വരേണ്ടത്

കഥയിലെ ‘കറുത്ത കാറിന് അതറിയാമായിരുന്നു’ എന്ന പ്രയോഗത്തിലൂടെ കഥാകാരി അമ്മയുടെ ജീവിതാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നു. താൻ ജീവിതത്തിൽ ചെയ്യേണ്ടതെല്ലാം ചെയ്തു കഴിഞ്ഞു. എന്നാൽ തനിക്ക് കിട്ടേണ്ടതൊന്നും തിരിച്ചു കിട്ടിയതുമില്ല. ഈ നിസ്സഹായതാവസ്ഥ ജീവിതത്തിൽ നിന്നുമുള്ള തിരിച്ചുപോക്കിനെക്കുറിച്ച് അമ്മയെ ചിന്തിപ്പിക്കുന്നു. മരണത്തിന്റെ പ്രതീകമായി കഥയിൽ പ്രത്യക്ഷപ്പെടുന്ന കാറിനുപോലും അതറിയാമായിരുന്നു.

### മറ്റു ചില ഉദാഹരണങ്ങൾ

> *കുട്ടി അമ്മയോടു ചോദിച്ചു: “ഞാനെവിടെ നിന്നാണ് വന്നത്? എവിടെ നിന്നെങ്കിലും കിട്ടിയതാണോ അമ്മയ്ക്കെന്നെ?” കുഞ്ഞിനെ നെഞ്ചോട് ചേർത്ത് ചിരിച്ചും കരഞ്ഞും കൊണ്ട് അമ്മ പറഞ്ഞു: “നീയെന്റെ ഹൃദയത്തിന്റെ അഭിലാഷമായിരുന്നു.”*
>
> *രവീന്ദ്രനാഥ ടാഗോർ*

> *ഒരു കുഞ്ഞിന്റെ ഭക്ഷണപ്പാത്രത്തിൽ ഒരമ്മയുടെ ചിന്തയുണ്ട്*
>
> *ഒരു ജാപ്പനീസ് പഴഞ്ചൊല്ല്*

ഇവ ചാർട്ടിലോ ബോർഡിലോ പ്രദർശിപ്പിക്കുകയും പ്രയോഗഭംഗി ക്ലാസിൽ ചർച്ചചെയ്യുകയും വേണം. തുടർന്ന് ഇത്തരം പ്രയോഗങ്ങൾ മറ്റു കഥകളിൽ നിന്ന് കണ്ടെത്തി ഗ്രൂപ്പിൽ വിശകലനം ചെയ്ത് അവതരിപ്പിക്കാൻ നിർദ്ദേശിക്കുകയും ആവാം.

വായനമൂല, ലൈബ്രറി ഇവ പ്രയോജനപ്പെടുത്തണം.

### പത്രവാർത്ത തയാറാക്കാം

- കുട്ടികൾ കഥ മൗനമായി വായിക്കട്ടെ.
- ലഘു ചർച്ച

കഥയിലെ പാൽക്കാരൻ, ടാക്സി ഡ്രൈവർ എന്നീ കഥാപാത്രങ്ങളെ നിങ്ങൾക്കിഷ്ടപ്പെട്ടുവോ? എന്തുകൊണ്ട്?

മറ്റു കഥാപാത്രങ്ങളിൽ നിന്നു വ്യത്യസ്തമായി എടുത്തുപറയേണ്ട എന്തൊക്കെ പ്രത്യേകതകളാണ് ഇവർക്കുള്ളത്?

തുടങ്ങിയ ചോദ്യങ്ങളിലൂടെ ചർച്ച നയിക്കുകയും വേണ്ടത്ര ആശയതലം കുട്ടികൾക്ക് ലഭിച്ച ശേഷം പത്രവാർത്ത തയാറാക്കാൻ നിർദ്ദേശിക്കുകയും വേണം.

### പത്രവാർത്ത തയാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്

പ്രസ്താവനകളും സംഭവങ്ങളും വിവരങ്ങളുമെല്ലാം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയാണ് വാർത്തകൾ. ഇതു തയാറാക്കുമ്പോൾ, വായനക്കാരെ അറിയിക്കേണ്ടത് എന്തെല്ലാമെന്നു കൃത്യമായി കണക്കാക്കണം. വസ്തുതകൾ വളച്ചുകെട്ടില്ലാതെയും ലളിതമായും എഴുതേണ്ടതുണ്ട്. കാര്യങ്ങളുടെ പ്രാധാന്യവും സ്വഭാവവുമനുസരിച്ച് വാർത്തയുടെ വലുപ്പം ക്രമീകരിക്കാം. സംക്ഷിപ്തതയാണ് അതിന്റെ മുഖ്യഗുണം. ശ്രദ്ധ പിടിച്ചുപറ്റുന്ന തലക്കെട്ട് വായനയ്ക്കു പ്രേരണ നൽകും.

അമേരിക്കയിൽ കറുത്തവർഗക്കാരൻ പ്രസിഡന്റായപ്പോൾ ഒരു പത്രത്തിന്റെ ഒന്നാം പേജ് മുഖ്യ തലക്കെട്ട് 'ബ്ലാക്ഹൗസ്' എന്നായിരുന്നു. ക്രിക്കറ്റിൽ ആസ്ത്രേലിയ ജയിച്ചപ്പോൾ "ഇന്ത്യൻ മണ്ണിൽ കങ്കാരുനൃത്തം" എന്നു തലക്കെട്ടു കൊടുത്തു. ഇതുപോലുള്ള ഉദാഹരണങ്ങൾ കണ്ടെത്തി, ചാർട്ടിലോ മറ്റോ ക്ലാസിൽ പ്രദർശിപ്പിക്കാം.

### പത്രവാർത്ത വിലയിരുത്തുമ്പോൾ

- ആർക്ക്? എന്ത്? എവിടെ വച്ച്? എപ്പോൾ, എങ്ങനെ? ഇവ ഉണ്ടാവണം.
- സംക്ഷിപ്തമായി അവതരിപ്പിക്കണം.
- എളുപ്പം മനസ്സിലാക്കാവുന്നതും ലളിതവുമാവണം ഭാഷ.
- വായനക്കാരനെ ഉള്ളടക്കത്തിലേക്ക് നയിക്കുന്നതാവണം തലക്കെട്ട്.
- സംഭവത്തിന്റെ/പ്രശ്നത്തിന്റെ കാതലായ ഭാഗങ്ങളിൽ തുടങ്ങി വിശദാംശങ്ങളിൽ അവസാനിക്കുന്ന ഘടന

### കരിഞ്ഞ മരം

"അവർ വെറും നിലത്ത് ഒരു പായ കൂടി വിരിക്കാൻ മെനക്കെടാതെ കിടന്നു. കരിഞ്ഞ മരങ്ങളുടെ വേരുകൾ മണ്ണിൽ നിന്നും വിടുവിച്ച് മേൽപ്പോട്ടുയരുന്നതു പോലെ ആ കൈവിരലുകൾ ഒരു നിശ്ചലതയോടെ മേൽപ്പോട്ടു വളഞ്ഞുകിടക്കുന്നു. കണ്ണുകളിൽ നിന്ന് കണ്ണുനീർ കലർന്ന ഒരു കൊഴുത്ത വെള്ളം ഒലിച്ചുകൊണ്ടിരുന്നു."

- എന്ന ഭാഗം ചാർട്ടിലെഴുതി പ്രദർശിപ്പിക്കണം.
- ഈ ഭാഗം കഥയ്ക്ക് എത്രത്തോളം മിഴിവേകുന്നുണ്ട് എന്നതിനെക്കുറിച്ച് ക്ലാസിൽ ചർച്ച ചെയ്യണം.
- തുടർന്ന് കുട്ടികൾ കുറിപ്പ് തയാറാക്കട്ടെ.
- ക്ലാസിൽ വായിച്ചവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ.

- അധ്യാപികയുടെ ഇടപെടലുകളും ആവശ്യമായ കൈത്താങ്ങും ഉണ്ടാവുമല്ലോ
- കുറിപ്പുകൾ വിലയിരുത്താനുള്ള പ്രക്രിയ ഉറപ്പുവരുത്തണം.

### ചർച്ചയിൽ വരേണ്ടത്

- അമ്മയുടെ ജീവിതാവസ്ഥയുടെ സൂക്ഷ്മതല ആവിഷ്കാരം
- കരിഞ്ഞ മരവും പ്രായാധിക്യത്താൽ ചുരുങ്ങിപ്പോയ അമ്മയുടെ രൂപവും തമ്മിലുള്ള സാദൃശ്യം
- ആസന്നമായ മരണാവസ്ഥ
- മനുഷ്യന്റെ വാർദ്ധക്യകാലത്തെക്കുറിച്ചും കരിഞ്ഞമരവുമായുള്ള സാദൃശ്യം തിരിച്ചറിയട്ടെ.
- കുറിപ്പു തയാറാക്കട്ടെ.
- ക്ലാസിൽ വായിച്ചവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ.
- അധ്യാപികയുടെ ഇടപെടലുകളും ആവശ്യമായ കൈത്താങ്ങും ഉണ്ടാകുമല്ലോ.
- കുറിപ്പുകൾ വിലയിരുത്താനുള്ള പ്രക്രിയ ഉറപ്പുവരുത്തണം.

### ഉപന്യാസം തയാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്

- വിഷയം തിരഞ്ഞെടുക്കണം
- പ്രധാനാശയം, ഉപാശയങ്ങൾ ഇവ കണ്ടെത്തണം
- ആശയക്രമീകരണം പാലിക്കണം
- ഓരോ ആശയത്തെയും ഉപാശയങ്ങളെയും സമർഥിക്കാനാവശ്യമായ അധിക വിവരങ്ങൾ ഉണ്ടായിരിക്കണം
- ഖണ്ഡികാകരണം
- വിഷയത്തിന് അനുയോജ്യമായ തലക്കെട്ട് ഉണ്ടായിരിക്കണം.

ഖണ്ഡികാകരണം എന്തിന്?

- വ്യത്യസ്ത ആശയങ്ങൾ ഇടകലർത്തി എഴുതുന്നതിലെ അനൗചിത്യം ഒഴിവാക്കാൻ
- വായിക്കുന്നയാൾക്ക് പെട്ടെന്ന് ആശയങ്ങൾ കണ്ടെത്താൻ സഹായിക്കാൻ
- ....................................................................

### ഉപന്യാസത്തിലേക്ക്

#### ക്രൂരതയുടെ പ്രതീകമായി മട്ടലായിക്കുന്ന്

സ്വന്തം ലേഖകൻ

ചെറുവത്തൂർ : ചോരക്കുഞ്ഞുങ്ങളെ കുന്നുകളിലും പൊന്തക്കാടുകളിലും ഉപേക്ഷിച്ച വരരുചിയുടെയും പറയിയുടെയും പുരാവൃത്തത്തിന് മലയാളി ക്രൂരതയുടെ പുതിയ പാഠഭേദങ്ങൾ തീർക്കുകയാണോ? ചെറുവത്തൂരിനടുത്ത മട്ടലായിക്കുന്ന് ഉയർത്തുന്ന ചോദ്യം ഇതാണ്.

വൃദ്ധമാതാപിതാക്കളെ വാഹനങ്ങളിൽ കൊണ്ടുവന്ന് തള്ളാനുള്ള ഇടമായാണ് ഈ കുന്നിനെ ക്രൂരമായ മക്കൾ ഉപയോഗിക്കുന്നത്. പെറ്റുവളർത്തിയ അമ്മയെയും പോറ്റി വലുതാക്കിയ അച്ഛനെയും അസമയങ്ങളിലാണ് ഇവിടെ ഉപേക്ഷിച്ചു പോകുന്നത്. ഉപേക്ഷിക്കപ്പെട്ടവരിൽ ചിലർ ചെറുവത്തൂർ ടൗണിൽ അലഞ്ഞുതിരിയുന്നത് ശ്രദ്ധയിൽപ്പെട്ട നാട്ടുകാർ ഇവരെ വൃദ്ധസദനത്തിൽ എത്തിക്കുകയുണ്ടായി. അപ്പോഴാണ് മക്കൾ ചെയ്ത കടുംകൈയെക്കുറിച്ച് പുറംലോകം അറിയുന്നത്.

നല്ല നിലയിൽ കഴിഞ്ഞ ഇവരിൽ പലരും വാർധക്യസംബന്ധമായ രോഗമോ, മാനസികവിഭ്രാന്തിയോ കൊണ്ട് കഷ്ടപ്പെടുന്നവരാണ്. സ്വത്ത് തട്ടിയെടുത്തശേഷമാണ് പാഴ്വസ്തുപോലെ ഇവരെ വലിച്ചെറിയുന്നത്. സ്വയം വീട് വിട്ടിറങ്ങിയതാണെന്ന് മറ്റുള്ളവരെ ധരിപ്പിക്കാനുള്ള ശ്രമവും മക്കൾ നടത്തിയിട്ടുണ്ട്.

- ഇത്തരം വാർത്തകൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കണം.
- ഉപന്യാസത്തിന്റെ വിഷയം രൂപപ്പെടുത്തുന്നു

പ്രായമായ അച്ഛനമ്മമാരെ സംരക്ഷിക്കാത്തത് നിത്യസംഭവമായി പത്രങ്ങളിൽ കാണാറില്ലേ? ഇത് നമ്മിലുണർത്തുന്ന ചിന്തകൾ എന്താണ്?

നമുക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച അവരോട് നാം പെരുമാറേണ്ടത് ഇങ്ങനെയാണോ?

- കുട്ടികൾ അവരുടെ അനുഭവം/അഭിപ്രായം പറയട്ടെ
- അധ്യാപകന്റെ അനുഭവം പറയുകയോ സമാനസ്വഭാവമുള്ള വായനസാമഗ്രി നൽകുകയോ ചെയ്യണം
- ആശയമേഖലകൾ കണ്ടെത്തി കുട്ടികൾ ആശയഭൂപടം തയാറാക്കട്ടെ
- ആശയവുമായി ബന്ധപ്പെട്ട വസ്തുതകൾ ശേഖരിക്കൽ. വായനസാമഗ്രി/CD/ചിത്രം (കുറിപ്പ്/പട്ടിക/ഗ്രാഫ് തയാറാക്കണം)
- വസ്തുതകളുടെ വിശകലനവും ആശയമേഖലകളിലേക്ക് തരം തിരിക്കലും
- പ്രമേയവുമായി ബന്ധപ്പെട്ട മറ്റ് ഉപന്യാസങ്ങൾ വായിക്കുന്നു.
- വ്യക്തിഗത ഉപന്യാസരചന
- എഴുതിയ ഭാഗം ഗ്രൂപ്പിൽ അവതരിപ്പിക്കൽ
- ഉപന്യാസത്തിന്റെ വിലയിരുത്തൽ സൂചകങ്ങൾ ഗ്രൂപ്പിലും ക്ലാസിലും വികസിപ്പിക്കൽ
- രചന മെച്ചപ്പെടുത്തൽ
- ഗ്രൂപ്പിൽ വായിച്ച് വിലയിരുത്തുന്നു/മാറ്റങ്ങൾ വരുത്തൽ
- അധ്യാപകൻ ചിലത് തിരഞ്ഞെടുത്ത് വിലയിരുത്തൽ/മാറ്റങ്ങൾ വരുത്തൽ
- ഉപന്യാസം മെച്ചപ്പെടുത്തി രചന-പതിപ്പിലേക്ക്

ഒരു ഉപന്യാസം എങ്ങനെയാണ് വിലയിരുത്തേണ്ടത്

**വിലയിരുത്തൽ സൂചകങ്ങൾ**

- വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ സമഗ്രത
- ഘടന (ശീർഷകം, ആമുഖം, ആശയാവതരണം, ഖണ്ഡികാകരണം, ഉപസംഹാരം)
- വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ വിശകലനംചെയ്യുകയും യുക്തിപൂർവം സ്വാഭിപ്രായം കൂട്ടിച്ചേർത്ത് അവതരിപ്പിക്കുകയും ചെയ്യുന്നു.

ഇത്തരം സൂചകങ്ങൾ ഉപയോഗിച്ച് രചനകൾ വിലയിരുത്താം.

# യാത്രാമൊഴി

എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിൽ നിന്ന് എടുത്തുചേർത്ത ഒരു പാഠഭാഗമാണ് യാത്രാമൊഴി. വേർപാടിന്റെ ആഴം ശക്തമായി അവതരിപ്പിക്കുന്നു എന്നത് വായിക്കുന്ന ഏതൊരാൾക്കും അനുഭവവേദ്യമാണ്. അയോധ്യയിലെ യുവരാജാവായി ശ്രീരാമനെ വാഴിക്കാൻ ദശരഥൻ തീരുമാനിക്കുന്നു. കൊട്ടാരത്തിലും രാജ്യത്തും എല്ലാം അതിനുള്ള ഒരുക്കങ്ങൾ തയാറായിക്കഴിഞ്ഞു. ഈ സമയത്താണ് പണ്ടെങ്ങോ ദശരഥൻ നൽകിയ രണ്ടുവരങ്ങൾ നൽകാൻ കൈകേയി ആവശ്യപ്പെടുന്നത്. ഭരതനെ രാമനുപകരം യുവരാജാവാക്കണമെന്നും രാമനെ പതിന്നാലുവർഷം വനവാസത്തിനയയ്ക്കണമെന്നുമായിരുന്നു അത്.

ദശരഥൻ വാഗ്ദാനം ചെയ്ത വരങ്ങൾ നൽകാൻ നിർബന്ധിതനായി. രാമാഭിഷേകം മുടങ്ങി. ദുഃഖാതിരേകത്താൽ ദശരഥൻ തളർന്നു. അച്ഛന്റെ വാക്കു പാലിക്കാൻ ശ്രീരാമൻ വനവാസ

ത്തിനു പോകാൻ തീരുമാനിക്കുകയും ചെയ്തു. അമ്മയായ കൗസല്യയോട് യാത്ര ചോദിക്കാൻ രാമൻ ചെല്ലുന്നു.

അയോധ്യയിൽ നടന്ന സംഭവങ്ങളൊന്നും അറിയാതെ ധർമനിഷ്ഠയായ കൗസല്യ രാമന്റെ ഉൽക്കർഷത്തിന് വേണ്ടി ഹോമപൂജാദികൾ ചെയ്ത്, ബ്രാഹ്മണർക്ക് ദാനധർമങ്ങൾ നൽകി ഏകാഗ്രതയോടെ ഭക്തിപുരസ്സരം ഭഗവാനെ പ്രാർഥിച്ചു നിൽക്കുന്നു. രാമൻ കയറിവന്നതറിഞ്ഞതേ ഇല്ല. ഇതു കണ്ട സുമിത്ര 'രാജപ്രിയേ ശ്രീരാമൻ വന്നതറിഞ്ഞില്ലേ' എന്നു ചോദിച്ചപ്പോൾ ശ്രദ്ധിച്ച കൗസല്യ കണ്ടത് തന്റെ മുമ്പിൽ വന്ദിച്ചുനിൽക്കുന്ന രാമകുമാരനെയാണ്.

മകനെ അവൾ മുറുകെ പുണർന്നു മടിയിൽ ഇരുത്തി നെറുകയിൽ ഉമ്മ വച്ച് സന്തോഷത്തോടെ, കരിംകൂവളത്തിന്റെ നിറമുള്ള ശരീരം മെല്ലെ തലോടിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: "എന്തിനാ മകനേ നിന്റെ മുഖം വാടിയിരിക്കുന്നത്? നിനക്ക് വിശക്കുന്നുണ്ടോ? വന്നിരുന്ന് വല്ലതും കഴിക്കൂ."

ഇതുകേട്ട് ദുഃഖം ഉള്ളിലൊതുക്കി രാമൻ ഇപ്രകാരം പറഞ്ഞു: "ഇപ്പോൾ ഭക്ഷണം കഴിക്കാൻ സമയമില്ലമ്മേ. ഇന്നുതന്നെ വനവാസത്തിനു പോകണം. പണ്ട് അച്ഛൻ കൈകേയി അമ്മയ്ക്ക് കൊടുത്ത വരം ഇന്നലെ അച്ഛനോട് ആവശ്യപ്പെട്ടു. ഒന്ന് ഭരതനെ രാജാവായി വാഴിക്കണം, മറ്റൊന്ന് എന്നെ വനത്തിൽ അയയ്ക്കണം. പതിനാലു വർഷം വനത്തിൽ താമസിച്ച് പെട്ടെന്ന് ഞാൻ ഇവിടെ വന്നെത്തും അതുവരെ അമ്മ ദുഃഖം കൂടാതെ ഇരിക്കുക."

ശ്രീരാമൻ പറഞ്ഞതു കേട്ട ഉടനെ കൗസല്യ മോഹാലസ്യപ്പെട്ട് നിലത്തുവീണു. മോഹാലസ്യം അല്പം ഭേദപ്പെട്ടപ്പോൾ ദുഃഖത്തോടെ കരഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞു: "നീ ഇന്ന് വനവാസത്തിന് പോകയാണെങ്കിൽ എന്നെയും കൂടി കൊണ്ടുപോകണം. നിന്നെ പിരിഞ്ഞ് അര നിമിഷം പോലും എനിക്ക് ജീവിക്കാൻ സാധ്യമല്ല. എന്നെ കൂടാതെ നീ ദണ്ഡകാരണ്യത്തിലേക്ക് പോകുകയാണെങ്കിൽ ഞാൻ കാലപുരിക്ക് പോകും. കുട്ടിയെ വേർപെട്ട തള്ളപ്പശുവിന്റെ ദുഃഖം ആർക്കും പറഞ്ഞറിയിക്കാൻ പറ്റില്ലല്ലോ?" ഇങ്ങനെ കൗസല്യയുടെ വിരഹദുഃഖം വാക്കുകളായി അണപൊട്ടി. (കൂടുതൽ വരികൾ അധ്യാത്മരാമായണം കിളിപ്പാട്ടിൽ നിന്നും കണ്ടെത്തി അധ്യാപിക വായിക്കണം.)

- ചെറുസംഘങ്ങളായി കുട്ടികൾ കവിത വായിക്കട്ടെ ഗ്രൂപ്പിൽ ഈണം, താളം ഇവ കണ്ടെത്തി ഓരോ ഗ്രൂപ്പും അവതരിപ്പിക്കട്ടെ. ഓരോ ഗ്രൂപ്പ് അവതരിപ്പിക്കുമ്പോഴും മറ്റു ഗ്രൂപ്പുകൾ വിലയിരുത്തട്ടെ.
- താളം
- ഈണം
- ആലാപനഭംഗി

## വിടചൊല്ലൽക്കവിതകൾ

യാത്രചോദിക്കുന്നതോ യാത്രാനുമതി നൽകുന്നതോ ആയ ചില കവിതകൾ ശേഖരിച്ച് ക്ലാസിൽ ചൊല്ലി അവതരിപ്പിക്കാൻ അവസരം നൽകണം. ചിലത് വായിക്കാം.

അച്ഛനോട് യാത്ര ചോദി-
ച്ചമ്മയോട് യാത്ര ചോദി-
ച്ചിടത്തു കാല് വെച്ചിടാതെ
വലത് കാല് വെച്ചിറങ്ങി.

നടുമുറ്റത്തെ തുളസിയിൽ നി-
ന്നിമയൊരെണ്ണം പറിച്ചു തിന്നും
ദുഃഖമെല്ലാം കടിച്ചിറക്കി
സ്വപ്നമെല്ലാം നുണച്ചിറക്കി

കുടിനിന്നൊരാളുകൾ തൻ
കണ്ണിൽ നിന്നു നടന്നിറങ്ങി
എട്ടുകെട്ടും പടിപ്പുരയും
ഇട്ടെറിഞ്ഞുണ്ണി നീങ്ങി.

*യാത്രപ്പാട്ട്* — *ഡി.വിനയചന്ദ്രൻ*

ആരോട് യാത്ര പറയേണ്ടൂ ഞാൻ? മാസങ്ങൾ
ആണ്ടുകൾ അളന്നെത്തുമൊരു ബിന്ദുവിൽ
ആൾത്തിരക്കേറുമീ, വാഹനമെന്നെയൊരു
പാഴ്ച്ചൂമടായിങ്ങിറക്കി വെയ്ക്കെ,
എന്നമൃതപാഥേയവും പഴയഭാണ്ഡവും
നെഞ്ഞോടണച്ചു ഞാനിങ്ങു നിൽക്കേ
പാതിയിതപാരത തൻ മധുരമാം ക്ഷണം
മാതിരി പാണികൾ നീട്ടിനിൽക്കെ
ആരുടെ കരങ്ങളെന്നറിവീല, പുഴയെ നീ-
രാഴി പോലെന്നെപ്പുണർന്നു നിൽക്കെ,
ആരോടു യാത്ര പറയേണ്ടുഞാ,നെന്തിനോ
ടാരോടു യാത്ര പറയേണ്ടൂ?

*ആരോട് യാത്ര പറയേണ്ടൂ?* — *ഒ.എൻ.വി.*

ഇനി യാത്രപറഞ്ഞിടട്ടെ ഹാ!
ദിനസാമ്രാജ്യപതേ ദിവസ്പതേ
അനിയന്ത്രിതദീപ്തിയാം കതിർ-
ക്കനകാസ്ത്രവൃതനാം ഭവാനു ഞാൻ

സുസിതാംബരനായി വൃദ്ധനായ്
ബിസിനീതന്തുമരീചികേശനായ്
ലസിതസ്മിതനായ ചന്ദ്രികാ-
ഭസിതസ്നാത! മൃഗാങ്ക! കൈതൊഴാം
അതിഗാഢതാമസ്സിനെത്തുര-
ന്നെതിരേ രശ്മികൾ നീട്ടി ദൂരവേ
ദ്യുതി കാട്ടുമുഡുക്കളേ! പരം
നതി നിങ്ങൾക്കതിമോഹനങ്ങളേ!

പ്രിയരാഘവ! വന്ദനം ഭവാ-
നുയരുന്നൂ ഭുജശാഖ വിട്ടു ഞാൻ
ഭയമറ്റു പറന്നുപോയിടാം
സ്വയമിദ്യോവിലൊരാശ്രയം വിനാ.

*ചിന്താവിഷ്ടയായ സീത* — *കുമാരനാശാൻ*

"അമ്മേ പിൻവിളി വിളിക്കാതെ
മിഴിനീരു കൊണ്ടെന്റെ കഴലു കെട്ടാതെ
പടി പാതി ചാരി പുറത്തുപോകൂ
മിഴി പാതി ചാരി പുറത്തുപോകൂ

*യാത്രാമൊഴി* — *ബാലചന്ദ്രൻ ചുള്ളിക്കാട്*

**ചർച്ചചെയ്യാം**

യാത്ര ചോദിക്കുന്ന സന്ദർഭം ഉള്ള ഇത്തരം കവിതകളുടെ സവിശേഷതകൾ ക്ലാസിൽ ചർച്ച ചെയ്യുകയും 'യാത്രാമൊഴി'യുമായി താരതമ്യംചെയ്യുകയും ആവാം;

- ഭാവതീവ്രത
- വൈകാരികത
- 

തുടർന്ന് ലഘു ചോദ്യങ്ങളിലൂടെ യാത്രാമൊഴി എന്ന പാഠഭാഗത്ത് കണ്ടെത്താവുന്ന സവിശേഷതകൾ ചർച്ചചെയ്യണം.

- ശ്രീരാമന് അച്ഛനമ്മമാരോടുള്ള സ്നേഹം, ആദരവ് ഇവ അദ്ദേഹത്തിന്റെ വാക്കുകളിലൂടെ പ്രതിഫലിക്കുന്നുണ്ടോ? എങ്ങനെ?

ക്രോഡീകരണത്തിൽ മാതാപിതാക്കൾക്ക് മക്കളോടുള്ള സ്നേഹവും അവർ തിരിച്ചു നൽകുന്ന സ്നേഹാദരങ്ങളുടെ ആഴവും കുട്ടികൾക്ക് തിരിച്ചറിയാൻ സാധിക്കണം. കുടുംബബന്ധങ്ങളുടെ ഈ കെട്ടുറപ്പിന് ചില മാറ്റങ്ങൾ സംഭവിക്കുമ്പോൾ അത് താങ്ങാവുന്നതിലും എത്രയോ അധികമാവുന്നു. എന്നു മനസ്സിലാക്കാൻ സാധിക്കണം.

**കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താം**

- ചർച്ച

തന്റെ കുഞ്ഞിനെ പിരിഞ്ഞ തള്ളപ്പശുവിന്റെ അവസ്ഥ എങ്ങനെയായിരിക്കും?

ശ്രീരാമനെ പിരിഞ്ഞ തന്റെ അവസ്ഥ പരിതാപകരമായിരിക്കും എന്ന് പറയാതെ ഇങ്ങനെ പറഞ്ഞതുകൊണ്ട് ഇവിടെയുണ്ടാവുന്ന മേന്മ എന്ത്?

തുടങ്ങിയ ചോദ്യങ്ങളിലൂടെയുള്ള ചർച്ച കുട്ടികൾക്ക് വൈകാരികതലം തിരിച്ചറിയാൻ സഹായകമാവണം.

- തുടർന്ന് ഇതുപോലുള്ള ഭാഗങ്ങൾ മറ്റ് കവിതകളിൽ നിന്നും കണ്ടെത്താൻ പറയണം.

ചില ഉദാഹരണങ്ങൾ

**ജരിതയും മക്കളും**

അരണ്യം തന്നിൽ പിടിപെട്ടിതു വഹ്നിദേവൻ
കരഞ്ഞുതുടങ്ങിനാൾ ജരിതതാനുമപ്പോൾ
നിർഗുണനായ പിതാവിവറ്റെയുപേക്ഷിച്ചാൽ
ദു:ഖിക്കുമാറായി ഞാൻ പൈതങ്ങളിവരോടും
പറക്കെപ്പോകാതെയും വന്നിതു ബാലൻമാർക്കു
നിരക്കെപ്പിടിപെട്ടു വനത്തിലഗ്നിതാനും

* * * * *

ഇങ്ങനെ കരയുമ്പോൾ പൈതങ്ങളുരചെയ്താ-
രെങ്ങാനും പൊയ്ക്കോൾകമ്മേ! നീ കൂടെ മരിക്കണ്ടാ
ഞങ്ങൾ ചാകിലോ പിന്നെപ്പെറ്റു സന്തതിയുണ്ടാ-
മെങ്ങനെയുണ്ടാകുന്നു നീ കൂടെ മരിക്കിലോ?

* * * * *

എന്നതു കേട്ടനേരം വന്നൊരു ശോകത്തോടെ
തന്നുടെ പൈതങ്ങളെ നോക്കിയും കരഞ്ഞിടും
പിന്നെത്താൻ പറക്കയും മാണ്ടുനോക്കുകയും-
മെന്നുടെ കർമമെന്നു കല്പിച്ചു പോയാളവൾ.

## കാവ്യകേളി നടത്താം

- നാലു ഗ്രൂപ്പുകളായി മാറ്റുക
- നിബന്ധനകൾ ചർച്ചചെയ്യട്ടെ

ഒരു സംഘം എട്ടുവരി കവിതചൊല്ലണം.

ആ കവിതയുടെ അഞ്ചാം വരിയിലെ അദ്യാക്ഷരങ്ങൾ തുടങ്ങുന്ന മറ്റൊരു എട്ടു വരി കവിത അടുത്ത സംഘം ചൊല്ലണം.

വേണ്ട കവിത മൂന്നു തവണ ചൊല്ലാൻ കഴിയാതായാൽ ആ ഗ്രൂപ്പ് പുറത്തുപോകും.

- വിദ്യാരംഗം കലാമത്സരങ്ങളിൽ അവതരിപ്പിക്കുകയുമാകാം.

## താരതമ്യക്കുറിപ്പ് തയാറാക്കാം

- 'അമ്മ' എന്ന കഥയും 'യാത്രാമൊഴി' എന്ന ഭാഗവും വീണ്ടും കുട്ടികൾ മൗനമായി വായിക്കട്ടെ.
- ആശയ ഭൂപടം കുട്ടികൾ തയാറാക്കണം.







- ആശയഭൂപടം തയാറാക്കിയ ശേഷം താരതമ്യക്കുറിപ്പ് തയാറാക്കാൻ നിർദ്ദേശിക്കാവുന്നതാണ്.
- വ്യക്തിഗതരചന
- ഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കണം
- പൊതു അവതരണം
- എഡിറ്റിങ്
- പുനർരചന
- പരസ്പരം കൈമാറി വിലയിരുത്തൽ

## താരതമ്യക്കുറിപ്പ് വിലയിരുത്തൽസൂചകങ്ങൾ

- വിഷയവുമായി ബന്ധപ്പെട്ട ആശയസമഗ്രത
- താരതമ്യംചെയ്ത് സ്വന്തം കാഴ്ചപ്പാട് അവതരിപ്പിച്ചിട്ടുണ്ട്
- ആശയങ്ങൾ പൂർവാപരബന്ധത്തോടെ അവതരിപ്പിച്ചിട്ടുണ്ട്.

## കിളിപ്പാട്ട്

മലയാള ഭാഷയിലെ സമ്പന്നമായ ഒരു കാവ്യശാഖയാണ് കിളിപ്പാട്ട്. കിളിയെ അഭിസംബോധന ചെയ്ത് കഥ പറയുന്ന ഒരു സമ്പ്രദായമാണ് കിളിപ്പാട്ടിലുള്ളത്. കാകളി, കേക, കളകാഞ്ചി, അന്നനട തുടങ്ങിയ ഭാഷാവൃത്തങ്ങളാണ് ഇതിൽ ധാരാളമായി ഉപയോഗിച്ചിരിക്കുന്നത്. ഇവ കിളിപ്പാട്ടുവൃത്തങ്ങൾ എന്ന പേരിലും അറിയപ്പെടുന്നു. പുരാണേതിഹാസങ്ങൾ വിവർത്തനം

ചെയ്തോ ആശയപരാവർത്തനം ചെയ്തോ ഭാഷയിലേക്ക് ഭക്തിയും അധ്യാത്മിക ചിന്തയും പകർന്നുനൽകുന്ന രീതിയാണ് കിളിപ്പാട്ടിന്റേത്.

തുഞ്ചത്തെഴുത്തച്ഛനോടു കൂടിയാണ് കിളിപ്പാട്ടു പ്രസ്ഥാനം അറിയപ്പെടുന്നതും സമ്പന്നമാകുന്നതും. അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് തുടങ്ങിയ എഴുത്തച്ഛൻ കൃതികൾ ഈ കാവ്യശാഖയിലെ എക്കാലത്തെയും മികച്ച ഗ്രന്ഥങ്ങളാണ്. കൂടാതെ എഴുത്തച്ഛന്റേതെന്ന് കരുതപ്പെടുന്ന ഭാഗവതം, ദേവീമാഹാത്മ്യം, ബ്രഹ്മാണ്ഡപുരാണം, സീതാവിജയം, ഉത്തരരാമായണം തുടങ്ങിയ കിളിപ്പാട്ടുകൾ സവിശേഷപ്രാധാന്യമുള്ളവയാണ്.

അതോടൊപ്പം തന്നെ നമ്പ്യാരുടെ പഞ്ചതന്ത്രം, ഏകാദശീമാഹാത്മ്യം, നളചരിതം എന്നീ കൃതികളും ഈ പ്രസ്ഥാനത്തിലെ അറിയപ്പെടുന്ന രചനകളാണ്. തുടർന്നും ശ്രദ്ധേയമായ ഒട്ടേറെ കിളിപ്പാട്ടുകൾ മലയാളത്തിലുണ്ടായിട്ടുണ്ട്.

**സഹായക ഗ്രന്ഥങ്ങൾ**

1. സ്വർഗം തുറക്കുന്ന സമയം - കഥ - എം.ടി.വാസുദേവൻ നായർ
2. തിങ്കളാഴ്ച്ച നല്ല ദിവസം - തിരക്കഥ - പി.പത്മരാജൻ
3. പൂതപ്പാട്ട് - കവിത - ഇടശ്ശേരി
4. വെളുത്തകുട്ടി - കഥ - ഉറൂബ്
5. വർക്കത്തുകെട്ട താറാവ് - കവിത - വൈലോപ്പിള്ളി ശ്രീധരമേനോൻ
6. ദീനാമ്മ - കഥ - പി. കേശവദേവ്

## സാഹിത്യകാരൻമാരെ അറിയാം

**എഴുത്തച്ഛൻ**

ആധുനിക മലയാളഭാഷയുടെ പിതാവ് എന്നാണ് എഴുത്തച്ഛൻ അറിയപ്പെടുന്നത്. സാഹിത്യത്തിൽ ഭക്തിപ്രസ്ഥാനത്തിന് അടിത്തറപാകിയ അദ്ദേഹം കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെയും ഉപജ്ഞാതാവാണ്. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ എന്നാണ് മുഴുവൻ പേര്. മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ തിരൂരിനടുത്തുള്ള തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു സമീപമാണ് ജന്മസ്ഥലം. ഇപ്പോൾ ഈ സ്ഥലം തുഞ്ചൻപറമ്പ് എന്നാണ് അറിയപ്പെടുന്നത്. പതിനാറാം നൂറ്റാണ്ടിലാണ് അദ്ദേഹം ജീവിച്ചിരുന്നത് എന്നാണ് പൊതുവെ കണക്കാക്കപ്പെടുന്നത്.

അധ്യാത്മരാമായണം കിളിപ്പാട്ട്, ഭാരതം കിളിപ്പാട്ട്, ശ്രീമദ്ഭാഗവതം, ഹരിനാമകീർത്തനം, ചിന്താരത്നം, ദേവീമാഹാത്മ്യം, ഇരുപത്തിനാലു വൃത്തം തുടങ്ങിയ ഒട്ടേറെ കൃതികൾ എഴുത്തച്ഛന്റേതായിട്ടുണ്ട്.

അതുവരെ നിലനിന്നിരുന്ന പാട്ട്, മണിപ്രവാളം എന്നീ കാവ്യഭാഷാരീതികളെ ശുദ്ധീകരിച്ച് മലയാളത്തിന് സ്വതന്ത്ര തനിമ നൽകി എന്നതാണ് എഴുത്തച്ഛൻ ഭാഷയ്ക്ക് നൽകിയ മഹത്തായ സംഭാവന. കിളി കഥപറയുന്ന രീതിയിൽ കഥ അവതരിപ്പിക്കുന്നതാണ് കിളിപ്പാട്ട്. അദ്ദേഹത്തിന്റെ കിളിപ്പാട്ടുരീതിയോടുകൂടിയാണ് മലയാളകവിത ജനകീയമായിത്തീർന്നത്.

**കമലാ സുരയ്യ (മാധവിക്കുട്ടി)**

നാലപ്പാട്ട് ബാലാമണിയമ്മയുടെയും വി.എം.നായരുടെയും മകളാണ് കമലാസുരയ്യ എന്ന പേരിൽ അറിയപ്പെടുന്ന മാധവിക്കുട്ടി. പാലക്കാട് ജില്ലയിലെ പുന്നയൂർക്കുളത്ത് 1934 ലാണ് ജനനം. ലളിതമായ ശൈലിയിൽ കഥയെഴുതുന്ന അവർ ഒരു കവയിത്രി കൂടിയാണ്. 1969-ൽ 'തണുപ്പ്' എന്ന കൃതിക്ക് ചെറുകഥയ്ക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 1964-ൽ ഏഷ്യൻ പൊയട്രി പ്രൈസ്, 1995-ൽ ഏഷ്യൻ രാജ്യങ്ങളിലെ ഇംഗ്ലീഷ് കൃതികൾക്കുള്ള കെന്റ് അവാർഡ്, ആശാൻ വേൾഡ് പ്രൈസ്, 1997-ൽ വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങി ഒട്ടേറെ ബഹുമതികൾ അവരെ തേടിയെത്തി. 'എന്റെ കഥ' എന്ന കൃതി 15 ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

മതിലുകൾ, നരിച്ചീറുകൾ പറക്കുമ്പോൾ, തരിശുനിലം, ചുവന്ന പാവാട, പക്ഷിയുടെ മണം, മാനസി, ബാല്യകാലസ്മരണകൾ, മാധവിക്കുട്ടിയുടെ തിരഞ്ഞെടുത്ത കഥകൾ, നീർമാതളം പൂത്ത കാലം, അമാവാസി എന്നിവയാണ് മുഖ്യകൃതികൾ.

സമ്മർ ഇൻ കൽക്കത്ത, ഓൾഡ് പ്ലേ ഹൗസ്, കലക്റ്റഡ് പോയംസ് തുടങ്ങിയവ അവരുടെ ഇംഗ്ലീഷ് കവിതാസമാഹാരങ്ങളാണ്.

# 2 ഇല്ലം നിറ വല്ലം നിറ

## *സിലബസ് ഗ്രിഡ്*

**പ്രശ്നമേഖല** : **കൃഷി ഒരു സംസ്കാരമായി കാണാത്ത അവസ്ഥ**

**ഉപപ്രശ്നം** :
- കാർഷികസംസ്കാരം ഭാഷയെയും സാഹിത്യത്തെയും സ്വാധീനിക്കുന്നുവെന്ന് തിരിച്ചറിയുന്നില്ല.

**പഠനലക്ഷ്യങ്ങൾ** :
- പുതിയ കാലത്ത് കാർഷികവൃത്തിയോട് ആഭിമുഖ്യക്കുറവ് ഉണ്ടെന്നുള്ള തിരിച്ചറിവുണ്ടാകൽ.
- കാർഷികവൃത്തി ജീവശ്വാസമായിരുന്ന ഒരു തലമുറ ഇവിടെ ജീവിച്ചിരുന്നു എന്ന തിരിച്ചറിവുണ്ടാകൽ.
- കാർഷികസംസ്കാരം നമ്മുടെ സാഹിത്യത്തെയും ഭാഷയെയും വലിയ അളവിൽ സ്വാധീനിച്ചിട്ടുണ്ടെന്ന ധാരണ ഉണ്ടാകൽ.
- കാർഷികസംസ്കാരം പ്രതിഫലിക്കുന്ന ഭാഷയിലെ കഥകൾ, നോവൽ ഭാഗങ്ങൾ, കവിതകൾ എന്നിവയിലെ അനുഭവപരിസരം മനസ്സിലാക്കൽ.
- കൃഷിയുമായി ബന്ധപ്പെട്ട പദങ്ങൾ, ചൊല്ലുകൾ, ശൈലികൾ, പ്രയോഗങ്ങൾ എന്നിവ കണ്ടെത്താനുള്ള താത്പര്യം ഉണ്ടാകൽ.
- സാഹിത്യകൃതികളിലെ പ്രയോഗങ്ങളുടെ അർത്ഥതലം കണ്ടെത്തുന്നതിലൂടെ കൂടുതൽ വായനക്ക് താത്പര്യം ജനിക്കൽ.

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| ഇല വിരിയും നാളുകൾ<br><br>കാർഷികസംസ്കാരത്തിന്റെ ഈടുവയ്പുകൾ | • കൃഷിയോട് ഏറെ ആഭിമുഖ്യമുള്ള ഒരു തലമുറ ഇവിടെ ജീവിച്ചിരുന്നു.<br>• പുതിയകാലത്ത് കാർഷികവൃത്തിയോട് ആഭിമുഖ്യം കുറയുന്നു.<br>• മണ്ണിൽ നിന്ന് അടർന്ന് മാറി മനുഷ്യജീവിതത്തിന് നിലനിൽപ്പില്ല.<br>• നമ്മുടെ സാഹിത്യകൃതികളിൽ കാർഷിക സംസ്കാരം പ്രതിഫലിക്കുന്നു.<br>• കാർഷികസംസ്കാരം ഉല്പ്പാദിപ്പിച്ച പദങ്ങൾ, ശൈലികൾ, പ്രയോഗങ്ങൾ തുടങ്ങിയവ നമ്മുടെ സാഹിത്യകൃതികൾക്ക് ചാരുത നൽകുന്നുണ്ട്.<br>• കൃഷിച്ചൊല്ലുകളെ കാവ്യാത്മകമായി പല രചനകളിലും ഉപയോഗിച്ചിട്ടുണ്ട്.<br>• പല മലയാള ചലച്ചിത്രഗാനങ്ങളിലും കാർഷികസംസ്കാരം നിറഞ്ഞുനിൽക്കുന്നു. | **ആർജ്ജിതാനുഭവങ്ങൾ**<br>• കേരളത്തിലെ പ്രധാന തൊഴിൽ കൃഷിയാണ് എന്ന സാമാന്യധാരണ.<br>• കൃഷി ഒരു നാടിന്റെ സംസ്കാരത്തെ രൂപപ്പെടുത്തുന്നു.<br>• നാടൻചൊല്ലുകൾ തുടങ്ങിയവ കാർഷികസംസ്കാരത്തിന്റെ ഭാഗമായി രൂപപ്പെട്ടവയാണ്.<br>• ഒരു പ്രദേശത്തിന്റെ ഭാഷയുടെ തനിമ അവിടെ നിന്നുണ്ടാകുന്ന സാഹിത്യ സൃഷ്ടിയിൽ പ്രകടമാകുന്നു.<br>**കൃതികളും രചനകളും**<br>• കാർഷികവൃത്തിയോട് മനുഷ്യനുള്ള ആത്മബന്ധം ആവിഷ്ക്കരിക്കുന്ന നോവൽഭാഗങ്ങൾ, കഥകൾ<br>• കൃഷിയുമായി താദാത്മ്യം പ്രാപിച്ച മനുഷ്യന്റെ ജീവിതം ആവിഷ്ക്കരിച്ച കവിതകൾ.<br>• കവിത വായിച്ചാസ്വാദിക്കുകയും കണ്ടെത്തലുകൾ, ആസ്വാദനക്കുറിപ്പ്, വർണ്ണന എന്നീരൂപങ്ങളിൽ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. | • കാർഷികസംസ്കാരത്തിൽ ജീവിച്ചിരുന്നവരുടെ അനുഭവങ്ങളെ ഇന്നത്തെ തലമുറയുടേതുമായി താരതമ്യപ്പെടുത്തി കുറിപ്പുകൾ തയാറാക്കുന്നു.<br>• കാർഷികജീവിതത്തിന്റെ മഹത്വം മനസ്സിലാക്കി തിരിച്ചുവരുന്ന മനുഷ്യന്റെ ചിന്തകളെ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയാറാക്കുന്നു.<br>• കൃഷിയെ സ്നേഹിച്ചിരുന്ന മനുഷ്യനും കൃഷിയിൽ നിന്നകന്ന മനുഷ്യനും ജീവിതത്തിലുണ്ടായ പ്രശ്നങ്ങളെ പരിചയിച്ച രചനകളെ ആസ്പദമാക്കി വിശകലനം ചെയ്ത് ലഘു ഉപന്യാസം തയാറാക്കുന്നു.<br>• കാർഷികസംസ്കാരത്തിന്റെ ഭാഗമായി ഭാഷയിൽ ഉണ്ടായ പദങ്ങൾ ശേഖരിച്ച് കാർഷികപദനിഘണ്ടു തയ്യാറാക്കുന്നു. പുതിയ കാർഷിക സംസ്കാരത്തിന്റെ ഭാഗമായുണ്ടായ പദങ്ങളുമായി താരതമ്യം ചെയ്യുന്നു.<br>• കാർഷികവൃത്തിയിൽ നിന്നുരുത്തിരിഞ്ഞ ചൊല്ലുകൾ രചനകളിൽ ആവിഷ്ക്കരിച്ചതിന്റെ സവിശേഷതകൾ കണ്ടെത്തുന്നു. അവ നേരിട്ടും അല്ലാതെയും നൽകുന്ന ആശയങ്ങൾ ഉൾപ്പെടുത്തി കുറിപ്പുകൾ തയാറാക്കുന്നു. | • കാർഷികസംസ്കാരം പ്രതിഫലിക്കുന്ന സാഹിത്യരചനകൾ വായിക്കുവാനുള്ള മനോഭാവം.<br>• സാഹിത്യരചനകളുടെ ആന്തരിക സൗന്ദര്യം കണ്ടെത്തി അവ സ്വന്തം രചനകളിൽ ഉൾപ്പെടുത്തുവാനുള്ള താത്പര്യം.<br>• നമ്മുടെ ഭാഷയെ വളർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച കാർഷിക സംസ്കാരത്തോടുള്ള ആദരവ്. | കൃതികൾ വായിച്ചു വിശകലനം ചെയ്യുകയും അവയിൽ ആവിഷ്ക്കരിച്ചിട്ടുള്ള കാർഷിക ജീവിതത്തിന്റെ ശക്തിയും സൗന്ദര്യവും തിരിച്ചറിഞ്ഞ് വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ ആവിഷ്ക്കരിക്കാനുള്ള കഴിവ്. |

# 2 ഇല്ലം നിറ വല്ലം നിറ

## ആമുഖം

ഉൽപാദനവ്യവസ്ഥയിൽ നിന്ന് ഉപഭോഗവ്യവസ്ഥയിലേക്കുള്ള പരിവർത്തനം ഒരു ജീവിത രീതിയുടേതു മാത്രമല്ല ഒരു സംസ്കാരത്തിന്റേത് കൂടിയാണ്. നിലവിലുണ്ടായിരുന്ന ഒരു പ്രാചീന സംസ്കൃതിയുടെ ചിഹ്നങ്ങൾക്ക് അർഥശോഷണം സംഭവിക്കുകയും പുതിയ സംസ്കാരത്തിന്റെ ചിഹ്നങ്ങൾ നമ്മുടെയൊക്കെ ജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്.

കതിരണിഞ്ഞ പാടങ്ങളും കാളയും കലപ്പയും വൈക്കോൽക്കൂനയുമൊക്കെ ഇന്ന് മലയാളികൾക്ക് ഗൃഹാതുരത്വമുണർത്തുന്ന ചില സൂചകങ്ങൾ മാത്രമാണ്. കരച്ചിലിനുമേൽ ചിരിയും സങ്കടങ്ങൾക്ക് മേൽ ആഹ്ലാദവും അസ്വസ്ഥതകൾക്ക് മേൽ സഹിഷ്ണുതയും എല്ലാറ്റിലുമുപരി മരണത്തിനുമേൽ ജീവിതവും വിജയം വരിക്കുന്ന ഒരു ജീവിതദർശനം വൈലോപ്പിള്ളി കന്നിക്കൊയ്ത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്.

കൃഷി ഒരു ഉപജീവനമാർഗം എന്നതിലപ്പുറം ഒരു സംസ്കാരമായി നിലനിന്നപ്പോൾ അതിൽ നിന്ന് ഉരുത്തിരിഞ്ഞ ജീവിതമൂല്യങ്ങളാണ് നമ്മെ മുന്നോട്ടു നയിച്ചത്. ഉൽപാദകസമ്പദ് ക്രമത്തിൽ നിന്ന് ഉപഭോഗസമ്പദ്ക്രമത്തിലേക്കുള്ള മാറ്റത്തിൽ പുതിയ മൂല്യവ്യവസ്ഥ നാം സ്വരൂപിച്ചെടുത്തു. ലാഭത്തിലധിഷ്ഠിതമായ വിപണിയുടെ മൂല്യങ്ങൾ ഉത്പാദിപ്പിച്ചെടുത്തത് സ്വാർഥതയും മത്സരവുമാണ്.

പ്രകൃതിയുടെ സർഗപ്രവർത്തനം വളരെ പതുക്കെയെങ്കിലും അതിന് സമയനിഷ്ഠയും താളവുമുണ്ട്. ആകാശത്തിൽ മിഴികൾ നട്ടിരിക്കുമ്പോൾ, മണ്ണിൽ ചേർന്നു കിടക്കുമ്പോൾ നമുക്കതു ബോധ്യമാവും. അതുപോലെതന്നെ കാർഷികവൃത്തിക്കും താളമുണ്ട്. അത് കൃഷിക്കാരന്റെ താളം കൂടിയായി മാറുന്നുണ്ട്. സ്വാർഥത്തിന്റെ പരിഗണനകൾക്കപ്പുറം വിട്ടുകൊടുക്കലിന്റെ സംസ്കാരമാണ് ഇത് നൽകുന്നത്. തന്റെ പാടശേഖരത്തിൽ നിന്ന് ഏറ്റവും മികച്ചത് അടുത്ത തലമുറക്കായി മാറ്റിവെക്കുന്നതിലും നെൽക്കതിരുകളിൽ നിന്ന് പുഴുക്കളെ കളയുന്നതിലും, വിളകളിൽ നിന്ന് കളകൾ പിഴുതുമാറ്റുന്നതിലും മണ്ണിൽ വിത്തെറിഞ്ഞ് മുള പൊട്ടാനായി കാത്തിരിക്കുന്നതിലും ചില ജീവിതമൂല്യങ്ങൾ നിറഞ്ഞുനിൽക്കുന്നുണ്ട്.

കൃഷിയിടങ്ങളിൽ നിന്ന് ഉയരുന്ന ഉൽപാദനപ്രക്രിയയുടെയും സഹവർത്തിത്വത്തിന്റെയും പ്രതീക്ഷയുടെയും സന്ദേശങ്ങൾ ജീവിതത്തിൽ പകർത്തുമ്പോൾ അത് ഒരു ജീവിതരീതിയാകുന്നു. സംസ്കാരമാകുന്നു.

## യൂണിറ്റിനെക്കുറിച്ച്

നമുക്ക് ഭക്ഷിക്കാനുള്ള വസ്തുക്കൾ നാം തന്നെ ഉൽപാദിപ്പിക്കുന്ന ഒരു കാർഷികസംസ്കാരമായിരുന്നു നമുക്കുണ്ടായിരുന്നത്. എന്നാൽ കൃഷി ചെയ്യാനുള്ള സ്ഥലം കുറഞ്ഞുവരുന്നു, ലാഭകരമല്ല, ജോലിക്കാരെ ലഭിക്കുന്നില്ല, തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ ഉയർത്തി കൃഷിയിൽ നിന്നു നാം മെല്ലെ അകലുകയാണ്. എന്നാൽ കാർഷികവൃത്തി ജീവശ്വാസമായി കൊണ്ടു നടന്ന ഒരു തലമുറ ഇവിടെ ഉണ്ടായിരുന്നു.

കാർഷികസംസ്കാരം ഭാഷയെയും സാഹിത്യത്തെയും സ്വാധീനിക്കുന്നുവെന്ന തിരിച്ചറിവ് ഉണ്ടാക്കാനുതകുന്ന മൂന്ന് പാഠഭാഗങ്ങളാണ് യൂണിറ്റിൽ നൽകിയിരിക്കുന്നത്. മലയാറ്റൂർ രാമകൃഷ്ണന്റെ വേരുകൾ എന്ന നോവൽഭാഗം, ഒളപ്പമണ്ണയുടെ ഒലി എന്ന കവിത, കല്പറ്റ നാരായണന്റെ ഒക്കൽ എന്ന അനുഭവക്കുറിപ്പ്.

## യുണിറ്റിലൂടെ നേടേണ്ടത്

- കാർഷികവൃത്തിയോടുള്ള ആഭിമുഖ്യം കുറയുന്നു എന്ന തിരിച്ചറിവ് ഉണ്ടാകൽ
- കാർഷികസംസ്കാരം നമ്മുടെ സാഹിത്യത്തെയും ഭാഷയെയും സ്വാധീനിച്ചിട്ടുണ്ടെന്ന ധാരണയുണ്ടാക്കൽ
- കാർഷികസംസ്കാരം പ്രതിഫലിക്കുന്ന ഭാഷയിലെ കഥകൾ, നോവൽഭാഗങ്ങൾ കവിതകൾ എന്നിവയിലെ അനുഭവപരിസരം മനസ്സിലാക്കുക.

## വേരുകൾ

ഗ്രാമത്തിന്റെ നൈർമല്യവും ആർദ്രതയും മനസ്സിൽ സൂക്ഷിക്കുന്ന ഐ.എ.എസ്സുകാരനാണ് രഘു. എന്നാൽ പട്ടുചേലകളുടെയും സ്വർണാഭരണങ്ങളുടെയും വിമൻസ് ക്ലബിന്റെയും പരിഷ്കാര ലോകത്താണ് ഭാര്യ-ഗീത-ജീവിക്കുന്നത്. തിരുവനന്തപുരത്ത് തന്റെ അന്തസ്സിനൊത്ത ഒരു പടുകൂറ്റൻ ബംഗ്ലാവ് പണിയിക്കണമെന്ന് അവൾ ആഗ്രഹിക്കുന്നു. അതിനു വേണ്ട ഭീമമായ തുക അവരുടെ കൈവശമില്ലാത്തതു കൊണ്ട് രഘുവിന്റെ നാട്ടിലെ വീടും പറമ്പും വിൽക്കാൻ ഗീത ആവശ്യപ്പെടുന്നു. എന്നാൽ സ്വന്തം ഞരമ്പുകൾ വേരുകളായി പടരുന്ന ആ ഭൂമിയെക്കുറിച്ച് ഓർക്കാൻ രഘുവിന് ഏറെയുണ്ട്. അച്ഛന്റെ മുത്തച്ഛൻ 'ഗണപതിപ്പാട്ടാ' വാങ്ങിയ പറമ്പിലാണ് വീടു നിൽക്കുന്നത്. അപ്പൂപ്പൻ 'ആദിനാരായണ പാട്ടാ' അവിടെയാണ് താമസിച്ചത്. അച്ഛന്റെ അവസാനകാലം കഴിച്ചുകൂട്ടിയതും അവിടെയാണ്. ഈ പറമ്പിൽ രഘു സ്വന്തം കൈ കൊണ്ട് നട്ടുവളർത്തിയ ഫലവൃക്ഷങ്ങളുമുണ്ട്.

ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി വീടും പറമ്പും വാങ്ങാൻ ആളെ കണ്ടെത്തണമെന്ന് കാണിച്ച് അയാൾ സഹോദരി അമ്മുലുവിന് കത്തെഴുതി. ഭൂമിയെടുക്കുവാൻ തയാറായ ദേവസ്സിയുമായി സംസാരിക്കാൻ രഘു നാട്ടിലെത്തുന്നു. ഗ്രാമത്തിലെ പുഴയും കുളവും മണ്ണും മണൽത്തരികളും രഘുവിൽ ഗതകാല സ്മരണകളുണർത്തുന്നു. മരച്ചീനിയും കടലയും ശർക്കരക്കാപ്പിയും നഗരജീവിതത്തിലെ റൊട്ടി ബട്ടർ ഫാസ്റ്റ്ഫുഡിനെക്കാൾ എത്ര രുചികരമാണെന്ന് രഘു തിരിച്ചറിയുന്നു. തന്റെ സംസ്കാരത്തിന്റെ വേരുകൾ ആഴ്ന്നുകിടക്കുന്ന മണ്ണ് വിൽക്കാനുള്ള തീരുമാനത്തിൽ നിന്ന് രഘു മാറുന്നു. ദേവസ്സിക്ക് കത്തെഴുതാൻ തീരുമാനിച്ച് രഘു തിരുവനന്തപുരത്തേക്ക് മടങ്ങുന്നു. തന്റെ പാട്ടാവിന്റെ ഓർമകളുണർത്തുന്ന വടിവാളുമായി.

*ഭൂത വർത്തമാനങ്ങൾ ഒരേ ആഖ്യാനപ്രവാഹത്തിൽ ഇണക്കി ആഖ്യാനകാലത്തെ വിച്ഛിന്നമാക്കുകയാണ് വേരുകളിൽ മലയാറ്റൂർ. വേരുകൾ ഭൂതകാലവും ഓർമയുമാണ്. രഘുവിന്റെ ഓർമകൾ ഭൂതകാലത്തേക്ക് നീങ്ങുന്നു. ഗ്രാമത്തിലെ വീടും പറമ്പും വിൽക്കാൻ തീരുമാനിക്കുമ്പോൾ അയാൾ അനുഭവിക്കുന്ന സംഘർഷമാണ് വേരുകളിൽ നോവലിസ്റ്റ് ആവിഷ്കരിക്കുന്ന പ്രധാന പ്രശ്നം. പൈതൃകമാണ് ഇവിടെ ഭൂതകാലം. വേരുകൾ മനുഷ്യനും മരണത്തിനുമിടയിലാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് വീടും പറമ്പും വില്ക്കണ്ട എന്ന് രഘു തീരുമാനിക്കുന്നത്.*

*പി.കെ.രാജശേഖരൻ*

## പ്രവർത്തനങ്ങളിലേക്ക്

ധന്യമീജന്മം മലർച്ചെടിത്തയ്യൊന്നു
നട്ടുനനയ്ക്കാൻ കഴിയുമെങ്കിൽ
നട്ടുനനച്ചു വളർത്തി അതിലൊരു
പൂവിരിയിക്കുവാനൊക്കുമെങ്കിൽ
പിന്നെയാപ്പൂവിന്റെ ചാരത്തു ചെന്നതിൻ
ഗന്ധം നുകരുവാൻ ഒക്കുമെങ്കിൽ
പൂവിന്റെ സൗരഭം പോലെയീ ലോകത്ത്
നന്മകൾ മാത്രം പരത്തുമെങ്കിൽ

*മുല്ലനേഴി*

കവിത ടീച്ചർ ഈണത്തിൽ ചൊല്ലിക്കൊടുക്കുന്നു. ചർച്ചയിൽ താഴെക്കൊടുത്ത ചോദ്യങ്ങൾ ഉന്നയിക്കാം.

- ഈ കവിത നൽകുന്ന സന്ദേശം എന്താണ്?
- എന്തൊക്കെ ചെയ്യാൻ സാധിച്ചാലാണ് ജീവിതം ധന്യമായിത്തീരുന്നത്?
- പൂവിനും മനുഷ്യനും തമ്മിൽ സാദൃശ്യമുണ്ടാകുന്നത് എപ്പോഴാണ്?

നട്ടുനനച്ച് വളർത്തി പൂവിരിയിക്കുമ്പോഴുള്ള ആനന്ദം, ജീവിതത്തിന്റെ ധന്യത, മനുഷ്യർക്കും പൂക്കൾക്കും തമ്മിലുള്ള സാദൃശ്യം എന്നീ ആശയങ്ങളെ മുൻനിർത്തി ചർച്ച ക്രോഡീകരിക്കുന്നു.

### നട്ടുനനച്ച് വളർത്തലിന്റെ ഒരനുഭവം വായിക്കാം

'ലൂസിയുടെ വാഴത്തോപ്പ്' എന്ന പാഠഭാഗം കുട്ടികളോട് വായിക്കുവാൻ ആവശ്യപ്പെടുന്നു. തുടർന്ന് ചില ചോദ്യങ്ങളിലൂടെ നട്ടുവളർത്തലിന്റെ അനുഭവങ്ങളിലേക്ക് ചർച്ച കൊണ്ടുവരാം.

### അനുഭവക്കുറിപ്പ് തയാറാക്കാം

- ഇത്തരം അനുഭവം നിങ്ങൾക്കുണ്ടായിട്ടുണ്ടോ?
- 'എന്റെ മരം പദ്ധതി' യുടെ ഭാഗമായി നട്ടുവളർത്തിയ ചെടിയെ നിങ്ങൾ എങ്ങനെ പരിപാലിച്ചു?
- ചെടി വളർന്നുവന്നപ്പോൾ നിങ്ങൾക്ക് എന്താണ് തോന്നിയത്?

തുടങ്ങിയ ചോദ്യങ്ങളിലൂടെ നട്ടുവളർത്തലിന്റെ ആനന്ദത്തിലേക്ക് കുട്ടികളെ എത്തിക്കണം. തുടർന്ന് അവരുടെ അനുഭവങ്ങൾ രേഖപ്പെടുത്താൻ ആവശ്യപ്പെടാം.

ഇത്തരം ഒരനുഭവക്കുറിപ്പ് ടീച്ചറും തയാറാക്കണം.

കുട്ടികൾ എഴുതിയ അനുഭവക്കുറിപ്പ് ഗ്രൂപ്പിൽ വായിക്കുന്നു. തുടർന്ന് ടീച്ചർ മുൻകൂട്ടി തയാറാക്കിയത് ക്ലാസിൽ വായിക്കണം. അനുഭവക്കുറിപ്പിന്റെ പ്രത്യേകതകളിലേക്ക് ക്ലാസ് ചർച്ച പുരോഗമിക്കണം.

ഈ ധാരണകളുടെ അടിസ്ഥാനത്തിൽ കുറിപ്പ് മെച്ചപ്പെടുത്തണം. കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കുന്നു; വിലയിരുത്തുന്നു.

### വിലയിരുത്തൽസൂചകങ്ങൾ

- വായനക്കാരിൽ വൈകാരികമായി എത്തിക്കാൻ പര്യാപ്തമായ ആശയങ്ങൾ തിരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.
- ശ്രദ്ധ ആകർഷിക്കുംവിധമുള്ള അവതരണവും ശൈലിയും
- വസ്തുക്കളുടെയും സ്വന്തം വികാരവിചാരങ്ങളുടെയും ഉചിതമായ ചർച്ചകളിലൂടെ സത്യസന്ധമായ അവതരണം

## ചർച്ചക്കുറിപ്പ്

"ഇങ്ങനെ വേണം കുട്ടി, ഒരു മടീല്യാണ്ട് പണിട്ക്കണം. ഇപ്പോഴത്തെ ഓരോ പെൺകുട്ട്യോള് അയ്യമ്മേ! എന്താ പത്രാസും പൗലോസും! മേലനങ്ങി ഒരു പണിയെടുക്ക്ല്ല"

കുഞ്ഞയ്യപ്പന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? അഭിപ്രായരൂപീകരണത്തിന് സഹായിക്കുന്ന ചില ചോദ്യങ്ങൾ ചോദിക്കണം. പറയുന്നത് ലൂസിയോടാണെങ്കിലും ഇത് എല്ലാവരോടുമുള്ള ചോദ്യമല്ലേ? കുട്ടികളുടെ അഭിപ്രായം ലഭിക്കുന്ന രൂപത്തിൽ ചില ചോദ്യങ്ങൾ ചോദിക്കാം.

- നിങ്ങൾ മണ്ണിൽ കളിക്കാൻ ഇഷ്ടപ്പെടുന്നുണ്ടോ?
- ചെരുപ്പിടാതെ മണ്ണിൽ നടക്കാറുണ്ടോ?
- എന്തെങ്കിലും ജോലി ചെയ്യാറുണ്ടോ?
- വീട്ടാവശ്യങ്ങൾക്കുള്ള പച്ചക്കറി കൃഷി ചെയ്ത് ഉണ്ടാക്കാറുണ്ടോ?
- 

പൊതുചർച്ച നടത്തണം

ക്രോഡീകരണം

- മേലനങ്ങാതെ ജീവിക്കുന്ന തലമുറ
- മണ്ണിനോട് അറപ്പും വെറുപ്പും പുലർത്തുന്ന തലമുറ
- കൃഷി അന്തസ്സില്ലാത്ത ജീവിതോപാധിയാണെന്ന ധാരണ
- നട്ടുവളർത്തുന്നതിലല്ല തിന്നു തീർക്കുന്നതിൽ ആഹ്ലാദിക്കുന്ന പുതിയ ലോകത്തിന്റെ അവസ്ഥ
- 

കുട്ടികൾ ചർച്ചക്കുറിപ്പ് തയാറാക്കുന്നു. അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തലിനുള്ള നിർദ്ദേശങ്ങൾ നൽകാം.

- മണ്ണിനോടുള്ള സ്നേഹം കുറഞ്ഞാൽ വരുംകാലത്തെ അവസ്ഥ എന്താകും? അധ്യാപിക നോവലിലെ കഥാസന്ദർഭം അവതരിപ്പിക്കുന്നു. വീടും പറമ്പും വിൽക്കാനുള്ള തീരുമാനവുമായി രഘു നാട്ടിലെത്തുന്ന ഭാഗത്ത് കഥ നിർത്തണം. തുടർന്ന് ചില ചോദ്യങ്ങൾ ചോദിക്കാം.
- രഘുവിന് പിന്നീടെന്താണ് സംഭവിച്ചത്?
- വീടും പറമ്പും വിൽക്കാൻ രഘുവിന് സാധിച്ചുവോ?

തുടർന്ന്,

'വേരുകൾ' എന്ന പാഠഭാഗം വായിക്കുവാൻ ആവശ്യപ്പെടാം.

- നോവൽപശ്ചാത്തലം വിശദീകരിക്കണം
- കഥാപാത്രങ്ങൾ, കുടുംബബന്ധങ്ങൾ എന്നിവ വിശദീകരിക്കാം.

## കഥാപാത്രനിരൂപണം

- ഈ നോവൽഭാഗത്തെ പ്രധാന കഥാപാത്രങ്ങൾ ആരെല്ലാമാണ്?
- നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രം ആര്?
- ഇതിലെ കേന്ദ്രകഥാപാത്രമായ രഘുവിന്റെ സ്വഭാവസവിശേഷതകൾ എന്തെല്ലാം?

തുടങ്ങിയ ചോദ്യങ്ങളിലൂടെ അധ്യാപിക ചർച്ച നയിക്കുന്നു.

- മണ്ണിനോടുള്ള സ്നേഹം
- കുടുംബസ്നേഹം
- നാടിനോടുള്ള അടുപ്പം
- 

പാഠഭാഗത്തെ ഏതെല്ലാം പരാമർശങ്ങളിൽ നിന്നാണ് രഘുവിന്റെ സ്വഭാവസവിശേഷതകൾ നിങ്ങൾ കണ്ടെത്തിയത്? കുട്ടികൾ അവ കണ്ടെത്തി ലിസ്റ്റ്ചെയ്യട്ടെ.

മുകളിൽ സൂചിപ്പിച്ച ആശയധാരണകളുടെ അടിസ്ഥാനത്തിൽ ടീച്ചർ ചർച്ച ക്രോഡീകരിക്കണം.

- 'ഈ നാടിന്റെ വളർച്ചയ്ക്കുവേണ്ടി തനിക്കു പലതും ചെയ്യാനാവില്ലേ.'
- 'തന്റെ വേരുകൾ ഈ പറമ്പിലാണ്. ഈ പഴയ മണ്ണിലാണ്. അതു മനസ്സിലാക്കാത്ത താൻ എന്തൊരു വിഡ്ഢിയാണ്.'
- 'ഈ മണ്ണ് എന്റെ മണ്ണാണെന്ന് എനിക്ക് ബോധ്യമായിരിക്കുന്നു. നിന്നെയും അത്തിമ്പാരെയും പോലെ ഞാൻ മണ്ണിനോടു പൊരുതിയിട്ടില്ല.'
- 'പകൽവെളിച്ചം പോലുള്ള ഒരു കാര്യം മനസ്സിലാക്കാൻ ഞാൻ സമയമെടുത്തു.'
- 'എന്തായാലും ശരി, ഞാൻ പറമ്പു വിൽക്കുന്നില്ല. ദേവസ്സിക്ക് ഒരു കത്തെഴുതിവയ്ക്കാം.'

കണ്ടെത്തിയ ആശയങ്ങളുടെ അടിസ്ഥാനത്തിൽ കഥാപാത്രനിരൂപണം തയാറാക്കുക. ഒന്നാം യൂണിറ്റിൽ ചേർത്തിട്ടുള്ള കഥാപാത്രനിരൂപണം തയാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്ന ഭാഗം പരിശോധിക്കുമല്ലോ.

നോവലിന്റെ തുടർന്നുവരുന്ന ഭാഗങ്ങൾ താഴെക്കൊടുക്കുന്നു. കുട്ടികൾക്ക് വായിച്ചുകൊടുക്കുക.

അമ്മുലുവിന്റെ കണ്ണുകൾ നിറഞ്ഞു. രഘുവിന് തോന്നി, തന്നെ കോളേജിലയയ്ക്കാൻ അവൾ പ്രദർശിപ്പിച്ച നിശ്ചയദാർഢ്യത്തിന്-ഇന്നോളം ഒരു പ്രതിഫലവും തനിക്ക് നൽകാനാവാത്ത ആ നെഞ്ചുറപ്പിന് - ഇപ്പോൾ താൻ പ്രതിഫലം നൽകിക്കഴിഞ്ഞുവെന്ന്.

"നാൻ ഇന്നേയ്ക്കേ പോകറേൻ" രഘു അറിയിച്ചു.

"ഇത്ര വേഗം പോകണോ?"

"വേണം, അവധി കുറവാക്കും."

"ഒരു കൂട മാമ്പഴവും രണ്ടുകെട്ടു ശർക്കരയും കാറിലെ കൊണ്ടുപോകലാമേ" അമ്മുലു പറഞ്ഞു.

"വേണ്ടാം... ആനാൽ ഒന്നു വേണം"

"എന്നത്?"

"പാട്ടാ വോട വടിവാൾ... ലക്ഷ്മി വീട്ടിലെ ഇരുക്ക്"

അയാൾ ലക്ഷ്മിയുടെ വീട്ടിലെത്തി. വടിവാൾ കൈയിലെടുത്തു.

"നാൻ ഇതെ കൊണ്ടുപോറേൻ"

"ഇപ്പവേ പുറപ്പെടറയാ"

"ആമാം"

കാറിൽ കയറിയിരുന്നപ്പോൾ വിച്ചു ഓടിയെത്തി, ഗേറ്റു തുറന്നുകൊടുക്കാൻ

രഘു കാർ പുറത്തിറക്കി.

"എന്നാൽ പിന്നെ കാണാം." അയാൾ അനന്തരവനോടു യാത്ര പറഞ്ഞു. "നാൻ പോറേൻ" വരാന്തയിൽനിന്നിരുന്ന അമ്മാഞ്ചിയോടും ലക്ഷ്മിയോടും അയാൾ വിളിച്ചുപറഞ്ഞു.

അമ്മുലുവിന്റെ പടിപ്പുരയ്ക്കടുത്ത് അയാൾ കാർ നിറുത്തി. കൈ വീശിക്കാണിച്ചു. "അത്തിമ്പാർ പറമ്പിലേന്ത്" വറത്തെ ശൊല്ലണം. അമ്മുലുവിന് നിർദ്ദേശം നൽകിയിട്ട് അയാൾ കാർ വിട്ടു.

* * *

ഡാഷിനകത്തു നിന്നും എന്തോ താഴെ വീണു. കെട്ടിടത്തിന്റെ ബ്ലൂ പ്രിന്റാണ് – താൻ ആദ്യം തയാർ ചെയ്യിച്ച രണ്ടായിരത്തഞ്ഞൂറു ചതുരശ്രയടിയുടെ പ്ലാൻ.

ഇതെങ്ങനെ ഇവിടെ വന്നു?

ടാർ റോഡിലെത്തി. അപ്പോൾ പുതിയൊരാശയം ജനിച്ചു. എന്തുകൊണ്ട് ബബ്ലൂസ് നാരകം നിന്ന സ്ഥലത്ത് ഉടൻ തന്നെ ഒരു വീട് കെട്ടിക്കൂടാ? നാല്പതിനായിരം രൂപയ്ക്ക് മനോഹരമായ ഒരു കെട്ടിടമുണ്ടാക്കാം. ആണ്ടിൽ ഒരു മാസം ലീവെടുത്ത് അവിടെ കൂടാം. ഇലക്ട്രിസിറ്റിയുണ്ടെങ്കിൽ, ഒരു സൗകര്യത്തിനും കുറവു വരുത്തേണ്ടതില്ല. ഫ്രിഡ്ജും ഫാനും റേഡിയോഗ്രാമും ഗീസറും ഒക്കെയാവാം. അങ്ങനെ കെട്ടിടം വച്ചാൽ, തന്റെ വേരുകൾ ഈ പഴയ മണ്ണിൽ കൂടുതൽ ആഴത്തിലോടും.

കൃഷി ചെയ്യരുതോ? തീർച്ചയായും ആവാം. നൂറ്റമ്പതു മൈൽ യാത്ര ചെയ്താൽ എത്തിച്ചേരാമല്ലോ?

അങ്ങനെ വീടു കെട്ടിക്കഴിഞ്ഞിട്ടു വേണം ഗീതയെയും കുട്ടികളെയും കൊണ്ട് കൂടെക്കൂടെ ഇവിടെ വരാൻ. അഡയാറിന്റെ അന്തരീക്ഷത്തെക്കാൾ വ്യക്തിത്വം നൽകുന്ന പെരിയാറിന്റെ അന്തരീക്ഷം ഗീത ശ്വസിക്കും. ലിപ്സ്റ്റിക്കിനും റൂഷിനും പുറമേയുള്ള ഒരു ലോകം അവൾ കണ്ടെത്തും. റമ്മികളിയിലെ ജയപരാജയങ്ങളെക്കാൾ വമ്പിച്ച ജയങ്ങളും തോൽവികളും ജീവിതത്തിലുണ്ടെന്ന് മനസ്സിലാക്കും. അജയനും സുമയും പൊയ്മുഖങ്ങൾ ധരിക്കാത്ത കുട്ടികളായി വളരും.

റോഡ് ഒരു കവലയിലെത്തി.

ഇടത്തോട്ടു തിരിഞ്ഞാൽ, നേരെ തിരുവനന്തപുരത്തേക്കു പോകാം. വലത്തോട്ടു തിരിഞ്ഞാൽ, തനിക്കു പരിചയമുള്ള ഒരു കോൺട്രാക്റ്ററുടെ സ്ഥലത്തെത്താം. മനോഹരമായ കെട്ടിടങ്ങൾ പണിയുന്ന ഒരു കോൺട്രാക്ടർ.

രഘു 'ഡാഷ്' തുറന്നു ബ്ലൂ പ്രിന്ററിൽ ഒരിക്കൽ കൂടി നോക്കി. പിന്നെ സംശയിച്ചില്ല. അയാൾ കാർ വലത്തേക്കു തിരിച്ചു.

* * *

നോവലിന്റെ അവസാന ഭാഗമാണിത്. എന്തൊക്കെ തീരുമാനങ്ങളിലാണ് രഘു എത്തിച്ചേർന്നത്. കുട്ടികളുമായി ചർച്ച ചെയ്യുക.

- പറമ്പു വിൽക്കുന്നില്ല
- ബബ്ലൂസ് നാരകം നിന്നിടത്ത് വീടു കെട്ടും
- സ്വന്തം പറമ്പിൽ കൃഷിചെയ്യും
- പരിഷ്കാരത്തിന്റേതല്ലാത്ത ഒരു ലോകമുണ്ടെന്ന് ഭാര്യയെ ബോധ്യപ്പെടുത്തും.

രഘുവിന്റെ സ്ഥാനത്ത് നിങ്ങളാണെങ്കിൽ നിങ്ങളെടുക്കുന്ന തീരുമാനങ്ങളെന്തൊക്കെയായിരിക്കും? എന്തുകൊണ്ടാണ് ഈ തീരുമാനങ്ങളെടുത്തത്? കുട്ടികൾ സ്വന്തം തീരുമാനങ്ങൾ കുറിക്കുന്നു.

### കത്തെഴുതാം

- മുൻ ചെയ്ത പ്രവർത്തനങ്ങളിലൂടെ രഘുവിന്റെ മാനസികാവസ്ഥ കുട്ടികൾക്ക് സ്വാംശീകരിക്കുവാൻ സാധിച്ചിരിക്കുമല്ലോ. തുടർന്ന് രഘു ദേവസിക്ക് എഴുതാനിടയുള്ള കത്തിനെക്കുറിച്ചുള്ള ചർച്ചയാവാം. കത്തിന്റെ ഘടനയെക്കുറിച്ച് മുൻ ക്ലാസുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ. കുട്ടികൾ കത്തെഴുതുന്നു. എഴുതിയ കത്തുകൾ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ഗ്രൂപ്പിൽ നിന്നു തിരഞ്ഞെടുത്ത കത്തുകൾ പൊതുവായി അവതരിപ്പിക്കുന്നു. കത്ത് മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

# ഒലി

ഗതകാല കാർഷികസ്മരണയിൽ ആവേശം കൊള്ളുന്ന വൃദ്ധനാണ് ഒളപ്പമണ്ണയുടെ ഒലി എന്ന കവിതയിലെ കൃഷിക്കാരൻ. ജോലിയൊന്നും ചെയ്യാൻ സാധിക്കാതായിട്ടും അദ്ദേഹത്തിന് മണ്ണിനോടുള്ള സ്നേഹം അവസാനിക്കുന്നില്ല. മക്കൾ കണ്ടംകിളയ്ക്കുന്നത് നോക്കിനിന്നും ഞാറു നടുമ്പോഴുള്ള ചേറിന്റെ ഗന്ധം ശ്വസിച്ചും അദ്ദേഹം വയൽവരമ്പത്ത് വന്നിരിക്കുകയാണ്. കാളകളുടെ കളിയോട്ടം- അനുസരണയില്ലായ്മ-അദ്ദേഹത്തെ ചൊടിപ്പിക്കുന്നു. ചോലയിൽ കുളിക്കാൻ പോയ മക്കളെ കാത്തിരിക്കുന്ന വൃദ്ധന്റെ മനസ്സിൽ പണ്ട് ചേറിൽ കൂത്താടിയ കാലം എഴുന്നേറ്റുനിൽക്കുന്നു. തിന്നും കുടിച്ചും കളിച്ചും ഈ ഭൂമിയിൽ കൂത്താടിയ കാലത്തിന്റെ സാംസ്കാരികത്തുടർച്ച അദ്ദേഹത്തെ അഹ്ലാദിപ്പിക്കുന്നു. അടർത്തിമാറ്റാൻ കഴിയാതെ അള്ളിപ്പിടിച്ചുനിൽക്കുന്ന സ്നേഹവും ആത്മാർഥതയുമാണ് വൃദ്ധന് മണ്ണിനോടും കൃഷിയോടുമുള്ളത്.

മണ്ണിനോടുള്ള മനുഷ്യന്റെ ബന്ധം എത്രത്തോളമാണെന്ന് ബോധ്യപ്പെട്ടുവല്ലോ കൃഷിയോടുള്ള മനുഷ്യന്റെ ബന്ധം വ്യക്തമാക്കുന്ന ഈ കഥ ശ്രദ്ധിക്കുക. കഥ ടീച്ചർ വായിച്ചവതരിപ്പിക്കുന്നു.

**അത് കൃഷിക്കാരുടെ നാടാണ്...**

ജനങ്ങളിൽ മഹാഭൂരിപക്ഷവും കൃഷിക്കാർ. അദ്ദേഹം നൂറു വയസ്സ് കഴിഞ്ഞ ഒരു കൃഷികാരനായിരുന്നു. പ്രത്യേകിച്ച് രോഗങ്ങളൊന്നുമില്ല. രാവിലെ എഴുന്നേറ്റ് വെള്ളം നനയ്ക്കാൻ പോയതാണ്. മടങ്ങിവന്നില്ല. പുല്ലു പറിക്കാൻ പോയ സ്ത്രീകളാണ് അത് കണ്ടത്. പാടവരമ്പിൽ മരിച്ചുകിടക്കുന്നു. വീട്ടിലെത്തിച്ച് മരണാനന്തരകർമങ്ങളെല്ലാം കഴിഞ്ഞപ്പോഴാണ് ആളുകൾ അത് ശ്രദ്ധിച്ചത്. ഒരു കൈ അല്പം ഉയർന്നുനിൽക്കുന്നു. എത്ര താഴ്ത്താൻ ശ്രമിച്ചിട്ടും താഴുന്നില്ല. ആരോ പറഞ്ഞതനുസരിച്ച് അദ്ദേഹത്തിന്റെ അടുത്ത സ്നേഹിതനെ വരുത്തി. അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: "ഇദ്ദേഹത്തിന് ഏറ്റവും ഇഷ്ടമുള്ള എന്തെങ്കിലും കൈയിൽ വെച്ചുകൊടുക്കുക." പലരും പല അഭിപ്രായങ്ങൾ പറഞ്ഞു. ഒടുവിൽ അദ്ദേഹം വിതക്കാറുള്ള നെന്മണി വിത്തുകൾ കൈയിൽ വെച്ചുകൊടുക്കാൻ തീരുമാനമായി. മകൻ ഒരു പിടി വിത്തുകൾ ആ കൈയിൽ വെച്ചുകൊടുത്തു. അത്ഭുതം! കൈ താണ് ശരീരത്തോടു ചേർന്ന് നിശ്ചലമായി.

*കസാൻ സാക്കീസ്*

എന്തുകൊണ്ടാണ് മകൻ അച്ഛന്റെ കൈയിൽ നെന്മണിവിത്തുകൾ വെച്ചുകൊടുക്കാൻ തീരുമാനിച്ചത്? കുട്ടികൾ ഉത്തരം പറയട്ടെ. മരിച്ചിട്ടും വേർപെടുത്താനാവാത്ത ബന്ധമാണ് കൃഷിയോട് കഥയിലെ കൃഷിക്കാരനുള്ളത്.

പ്രായമായിട്ടും കൃഷിയോട് താത്പര്യമുള്ള ഒരു കൃഷിക്കാരനെ പരിചയപ്പെടാം.

**ഈണം കണ്ടെത്താം**

കുട്ടികളെ സംഘങ്ങളാക്കി തിരിക്കുന്നു. 'ഒലി എന്ന കവിത' ഈണം കണ്ടെത്തി അവതരിപ്പിക്കുവാൻ ആവശ്യപ്പെടുന്നു. അവതരണം വിലയിരുത്താം.

അവതരണത്തിനുശേഷം കവിതയിലെ ആശയം കണ്ടെത്തുന്നതിനായി ചില ചോദ്യങ്ങൾ ചോദിക്കാം.

- കിഴവനായ കൃഷിക്കാരൻ വയൽവരമ്പത്ത് നിന്ന് എന്തെല്ലാം കാഴ്ചകളാണ് കാണുന്നത്.
- കൃഷിക്കാരന്റെ മനസ്സിലേക്ക് എന്താണ് കടന്നുവരുന്നത്?
- 

## ചർച്ചക്കുറിപ്പ്

ഒലിയിലെ കർഷകനും കഥയിലെ കർഷകനും തമ്മിൽ എന്തെല്ലാം സമാനതകളുണ്ട്?

കുട്ടികളുടെ പ്രതികരണങ്ങൾ ചാർട്ട് ചെയ്യുന്നു.

- പഴയ തലമുറയ്ക്ക് കൃഷിയോടുള്ള സ്നേഹം
- വാർദ്ധക്യവും മരണവുംപോലും കൃഷിയോടുള്ള താത്പര്യത്തെ ഇല്ലാതാക്കുന്നില്ല.
- കൃഷിയോട് താത്പര്യമുള്ള മക്കൾ
- 

ഇതെല്ലാം ഉൾക്കൊള്ളിച്ച് ഒരു ചർച്ചക്കുറിപ്പ് തയാറാക്കാൻ ആവശ്യപ്പെടാം.

തയാറാക്കിയ കുറിപ്പുകൾ അവതരിപ്പിക്കുന്നു; മെച്ചപ്പെടുത്തുന്നു.

## ചിത്രവിശകലനം

ഈ ചിത്രം ഫോട്ടോകോപ്പിയെടുത്ത് ഗ്രൂപ്പുകളിൽ നൽകുകയും ഒലി എന്ന കവിതയോടൊപ്പം ചേർത്ത ചിത്രവുമായി താരതമ്യംചെയ്ത് ആശയങ്ങൾ കണ്ടെത്താൻ നിർദ്ദേശിക്കുകയും ചെയ്യണം.



കണ്ടെത്തിയ കാര്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കട്ടെ. തുടർന്ന് കാർഷികരംഗത്ത് ഇന്ന് വന്ന മാറ്റത്തെക്കുറിച്ച് പൊതുചർച്ച.

ചർച്ചയിൽ

- കൃഷിരീതിയിൽ വന്ന മാറ്റം
- കൃഷി വ്യവസായമായി മാറുന്നു.
- മണ്ണിനോടുള്ള സ്നേഹം കുറയുന്നു.
- മണ്ണിനെ നശിപ്പിക്കുന്നു.
- സ്വാഭാവികമായ താളം നഷ്ടപ്പെടുന്നു.
- 

എത്തിച്ചേർന്ന ആശയങ്ങൾ കൂട്ടിച്ചേർത്ത് വിശകലനക്കുറിപ്പ് തയാറാക്കി അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കാം.

## പ്രയോഗഭംഗി കണ്ടെത്തുക

"പിന്നിട്ട കാലത്തിന്റെ സജീവമായ ഓർമ വൃദ്ധന്റെ മനസ്സിലേക്ക് നടന്നുവന്നു"

ഈ ആശയം വരുന്ന വരികൾ കവിതയിൽ നിന്ന് കണ്ടെത്തുക.

കാലം മനസ്സിലെണീറ്റിരിക്കും എന്ന അർഥം വരുന്ന മറ്റു പ്രയോഗങ്ങൾ കുട്ടികൾ എഴുതട്ടെ.

- കാലം ഓർമയിലേക്ക് വന്നു.
- പഴയ ഓർമകൾ മനസ്സിൽ തെളിഞ്ഞു.
- പഴയ കാലത്തേക്ക് യാത്രയായി
- 

തുടർന്ന്

ആശാന്തിയുടെ മൂടൽമഞ്ഞ് - ഒ.വി. വിജയൻ

കാലമാകുന്ന പാമ്പ് - എഴുത്തച്ഛൻ

കൊച്ചുദു:ഖത്തിൻ പച്ചത്തുരുത്ത് - ഒ.എൻ.വി.

എന്നിങ്ങനെ

അമൂർത്തമായതിനെ മൂർത്തവത്കരിക്കുന്ന ചില ഉദാഹരണങ്ങൾ ക്ലാസിൽ ചർച്ചചെയ്യുക.

ഇതു പോലെ മറ്റു കവിതകളിൽ നിന്നുമുള്ള വരികൾ കണ്ടെത്തുക.

## ശീർഷകവിശകലനം

- കവിതയുടെ തലക്കെട്ട് ഒലി എന്നാണല്ലോ. ഒലി എന്ന വാക്കുകൊണ്ട് അർഥമാക്കുന്നതെന്താണ്?

  നിഘണ്ടു നോക്കി വിവിധ അർഥങ്ങൾ കണ്ടെത്തുക.
- ശബ്ദം, ഒഴുക്ക്, ജലധാര

  കണ്ടെത്തിയ അർഥങ്ങൾ ക്രോഡീകരിക്കുക. ഈ അർഥങ്ങൾ കവിതയ്ക്ക് എത്രത്തോളം യോജിക്കുന്നു? ഇതിൽ ഏതിനോടാണ് നിങ്ങൾ കൂടുതൽ യോജിക്കുന്നത്? അഭിപ്രായങ്ങൾ കുറിക്കുക.
- സംസ്കാരത്തിന്റെ ഒഴുക്ക്
- വയലിലെ ശബ്ദങ്ങൾ
- കൃഷിയുടെ ശബ്ദം നിലയ്ക്കുമ്പോൾ സംസ്കാരത്തിന്റെ അന്ത്യം സംഭവിക്കുന്നു

കുട്ടികൾ വ്യക്തിപരമായി കുറിക്കുന്നു. അവതരിപ്പിക്കുന്നു.

(കവിതയുടെ വിവിധ അർഥതലങ്ങൾ കണ്ടെത്താൻ കുട്ടിയെ ഇത് സഹായിക്കുന്നു.)

## ആസ്വാദനക്കുറിപ്പ് തയാറാക്കാം

- ഒലി എന്ന കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പ് തയാറാക്കാം.
- കവിതയുമായി ബന്ധപ്പെട്ട ചർച്ച ആസ്വാദനക്കുറിപ്പ് തയാറാക്കാൻ കുട്ടികളെ സഹായിക്കും.
- ചർച്ചയിൽ ഉന്നയിക്കാവുന്ന ചില ചോദ്യങ്ങൾ
  - കവിതയിലെ പ്രധാനാശയങ്ങൾ എന്തെല്ലാമാണ്?
  - കവിതയിൽ നിങ്ങൾക്കിഷ്ടപ്പെട്ട വരികൾ ഏതാണ്? എന്തുകൊണ്ട്?
  - സവിശേഷ പ്രയോഗങ്ങൾ എന്തൊക്കെ?
  - കവിത നൽകുന്ന സന്ദേശം എന്താണ്?
  - ഗ്രൂപ്പിൽ ചർച്ചചെയ്യട്ടെ.

- ഗ്രൂപ്പുകൾ കണ്ടെത്തിയ ആശയങ്ങൾ പൊതു അവതരണത്തിനും കൂട്ടിച്ചേർക്കലുകൾക്കും വിധേയമാക്കണം.
- വ്യക്തിഗത രചന
- ഏതാനും പേർ അവതരിപ്പിക്കട്ടെ
- മികവുകളും പോരായ്മകളും ചർച്ചചെയ്യണം, വിലയിരുത്തണം

## ആസ്വാദനക്കുറിപ്പിന്റെ സൂചകങ്ങൾ

- ആശയങ്ങളുടെ പൂർവാപരബന്ധം
- സ്വന്തം നിരീക്ഷണം, സാമൂഹ്യപ്രസക്തി
- സൗന്ദര്യാംശം (സവിശേഷ പ്രയോഗങ്ങൾ, വാങ്മയ ചിത്രങ്ങൾ, ആലങ്കാരികത)

## വാങ്മയചിത്രം

- ഒലി എന്ന കവിതയിൽ കൃഷിയുമായി ബന്ധപ്പെട്ട എന്തെല്ലാം ദൃശ്യങ്ങളാണ് കവി അവതരിപ്പിക്കുന്നത്.
- കണ്ടം കിളയ്ക്കുന്ന കൃഷിക്കാർ
- ചെളിയിൽ പുരണ്ട കാളകളുടെ കളിയോട്ടം
- ഞാറു നടുന്ന പെണ്ണുങ്ങൾ
- കാളകളും മനുഷ്യരും ചോലയിൽ ഒന്നിച്ചു കുളിക്കുന്നത്.
- 

വാക്കുകൾകൊണ്ട് വരച്ച ഈ ചിത്രങ്ങൾ കവിതയുടെ സൗന്ദര്യം വർദ്ധിപ്പിക്കുന്നില്ലേ? ഇങ്ങനെ വാക്കുകൾ കൊണ്ട് സൃഷ്ടിക്കപ്പെട്ട ചിത്രങ്ങളുടെ ചില ഉദാഹരണങ്ങൾ ക്ലാസിൽ നൽകാം.

വേട്ടയ്ക്കിറങ്ങിയോർ തൊട്ടടുത്തെത്തവേ
നീട്ടിയ തോക്കിന്റെ മുന്നിൽ
അതിദൂരം ഓടിത്തളർന്ന മാൻപോലെ
നിശ്ശബ്ദയാം കാട് കിതച്ച് കാതോർത്തു നിന്നീടവേ

*സുഗതകുമാരി*

ഉടൻ മഹാദേവി ഇടത്തു കൈയാൽ
അഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി
ജ്വലിച്ച കൺകൊണ്ടൊരു നോക്കു നോക്കി
പാർശ്വസ്ഥനാകും പതിയോടുരച്ചാൾ

*വള്ളത്തോൾ*

## ആടാം പാടാം

- നെൽക്കൃഷിയുമായി ബന്ധപ്പെട്ട നാടൻപാട്ടുകളുടെ വി.സി.ഡികൾ ക്ലാസിൽ കാണിക്കാം. നഷ്ടപ്പെട്ടുപോകുന്ന ഒരു സംസ്കാരത്തിന്റെ ദൃശ്യങ്ങൾ കാണുവാനും ആസ്വദിക്കുവാനുമുള്ള അവസരമൊരുക്കാം. ഇത്തരം നാടൻപാട്ടുകളും കവിതകളും 'എന്റെ പാട്ടുപുസ്തകത്തിൽ' ശേഖരിക്കാൻ നിർദ്ദേശിക്കണം.

  ഉദാ: വിത്തറ്റകൃഷി - പി. കുഞ്ഞിരാമൻ നായർ

# ഒക്കൽ

ഓരോ പ്രദേശത്തിനും തനിമയാർന്ന ഒരു കാർഷികസംസ്കാരമുണ്ട്. എന്നാൽ കാലത്തിന്റെ മാറ്റത്തിൽ സംസ്കാരത്തിനു മാറ്റം സംഭവിക്കുന്നു. നെൽക്കൃഷി കുറയുകയും മറ്റ് ലാഭകരമായ കൃഷികൾ ഈ സ്ഥാനത്ത് കയറിവരികയും ചെയ്തു. ധാന്യവിളകൾക്ക് പകരം നാണ്യവിളകൾ ആധിപത്യം സ്ഥാപിച്ചു.

ഒക്കൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഒരു പദമാണ്. നെല്ല് മെതിച്ചെടുക്കുന്ന പണിയാണ് ഒക്കൽ. എന്നാൽ കൃഷിയുടെ തിരോധാനം കൃഷിയുമായി ബന്ധപ്പെട്ട ഇത്തരം പദങ്ങളെയും ഇല്ലാതാക്കിയിരിക്കുന്നു. കൃഷിയിൽ വന്ന മാറ്റം സംസ്കാരത്തിലും ഭാഷയിലും മാറ്റങ്ങളുണ്ടാക്കിയിരിക്കുന്നു. കാർഷികപദങ്ങളും ചിഹ്നങ്ങളും സാഹിത്യത്തിൽ നിന്ന് മെല്ലെ പടിയിറങ്ങുകയാണ്.

മേൽ സൂചിപ്പിച്ച ആശയങ്ങൾ തുടർന്നുവരുന്ന പഠനപ്രവർത്തനങ്ങൾ നടത്തുമ്പോൾ അധ്യാപികയ്ക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

കുട്ടികൾ ശേഖരിച്ച നാടൻപാട്ടുകളിൽ കൃഷിരീതിയുമായി ബന്ധപ്പെട്ട ഏതെങ്കിലുമൊന്ന് ക്ലാസിൽ ചൊല്ലി അവതരിപ്പിക്കട്ടെ.

ചില വരികൾ

> നിങ്ങളുടെ നാട്ടിലൊക്കെ
> എന്തുപണിയാണെടോ?
> ഞങ്ങളുടെ നാട്ടിലിപ്പോൾ
> കന്നുപൂട്ടലാണെടോ...
> കന്നുപൂട്ടലെങ്ങനാടീ മോതിരകുറത്തീ?
> കന്നുപൂട്ടലങ്ങനെ പിന്നിങ്ങനെ പിന്നങ്ങനെ.
> ..........................................................................
> കറ്റമെതിയെങ്ങനാടീ മോതിരകുറത്തീ?
> കറ്റമെതിയങ്ങനെ പിന്നിങ്ങനെ പിന്നങ്ങനെ.

നിങ്ങളുടെ നാട്ടിൽ കറ്റമെതിക്കുന്നത് എങ്ങനെയാണ്? കുട്ടികൾ അവർ കണ്ട രീതികൾ അവതരിപ്പിക്കട്ടെ. തുടർന്ന് ഒക്കൽ എന്ന പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു. തുടർന്ന് അധ്യാപിക പാഠഭാഗം വായിച്ചുകൊടുക്കണം. പാഠഭാഗത്ത് പരാമർശിക്കുന്ന കറ്റമെതിക്കൽരീതിയുടെ സവിശേഷത എന്താണ്?

പാഠഭാഗത്തു നിന്ന് ആശയം കണ്ടെത്തി അവതരിപ്പിക്കുന്നു.

### മറയുന്ന ശബ്ദങ്ങൾ

കാർഷികമേഖലയിൽ വന്ന മാറ്റം നേരത്തെ ചർച്ചചെയ്തുവല്ലോ. മുമ്പു പാടിയ നാടൻ പാട്ടിലെ കന്നുപൂട്ടൽ, കറ്റതല്ലൽ തുടങ്ങിയ പദങ്ങൾ കാർഷികമേഖലയെ സംബന്ധിച്ചിടത്തോളം ഇന്ന് പ്രസക്തമല്ലാതായിരിക്കുന്നു. ഈ പാഠഭാഗത്തിൽ നിന്ന് ഇത്തരത്തിലുള്ള പ്രാദേശികപദങ്ങൾ കണ്ടെത്തി പറയാൻ ആവശ്യപ്പെടാം.

മേട്ടി

മോട്ടന്മാർ

ഏറുമാടം

എരുത്

ഇത്തരം പദങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതിന് എന്താണ് കാരണം?

പാഠഭാഗത്തു നിന്ന് ലഭിക്കുന്ന സൂചനകൾ കുട്ടികൾ കണ്ടെത്തി പറയട്ടെ.

- കാലം ചെന്നപ്പോൾ എരുതുകളുടെ എണ്ണം കുറഞ്ഞു.
- ...

നഷ്ടപ്പെടുന്ന ഇത്തരം പദങ്ങൾ ശേഖരിച്ച് ഒരു കാർഷികപദനിഘണ്ടു തയാറാക്കാൻ കുട്ടികളോട് നിർദ്ദേശിക്കുന്നു.

## ആമുഖം തയാറാക്കാം

'ഇല്ലം നിറ വല്ലം നിറ' ഈ പഴഞ്ചൊല്ലിന്റെ ആശയഭംഗി ക്ലാസിൽ ചർച്ചചെയ്യണം.

സമൃദ്ധി

വിളവെടുപ്പ്

കരുതിവയ്ക്കൽ

കൃഷി ഐശ്വര്യമായി കാണുന്ന സംസ്കാരം എന്നിങ്ങനെയുള്ള ആശയങ്ങൾ ഈ പഴഞ്ചൊല്ലിൽ ഒളിഞ്ഞിരിപ്പില്ലേ. ഈ യൂണിറ്റിൽ പരിചയപ്പെട്ട പാഠഭാഗങ്ങളെല്ലാം ഈ ആശയങ്ങൾ തന്നെയാണോ ചർച്ചചെയ്തത്?

ലൂസിയയുടെ വാഴത്തോപ്പ്, ഒലി, ഒക്കൽ, വേരുകൾ എന്നീ പാഠഭാഗങ്ങൾ വിവിധ ഗ്രൂപ്പുകളിൽ പരിശോധിക്കാൻ നൽകി അവരുടെ അഭിപ്രായങ്ങൾ പറയാൻ ആവശ്യപ്പെടാം. ചർച്ച അധ്യാപിക ക്രോഡീകരിക്കണം. യൂണിറ്റിനു നൽകിയ ആമുഖം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. തുടർന്ന് കുട്ടികളോട് ഈ യൂണിറ്റിന് ഇല്ലം നിറ വല്ലം നിറ എന്ന പേര് നൽകിയത് എത്രത്തോളം അനുയോജ്യമാണെന്ന് പരിശോധിക്കുന്നു. തുടർന്ന് കുട്ടികൾ ഈ യൂണിറ്റിന് ആമുഖം തയാറാക്കട്ടെ.

ആമുഖം തയാറാക്കുമ്പോൾ

- സമഗ്രമായി നോക്കികാണുകയും സംക്ഷിപ്തമായി അവതരിപ്പിക്കുകയും വേണം.
- ആശയവിനിമയക്ഷമമായിരിക്കണം.
- ഭാഷ ലളിതവും ആകർഷകവുമായിരിക്കണം.

## വർണ്ണനതയാറാക്കാം

ഒക്കൽ പോലെ കൃഷിയുമായി ബന്ധപ്പെട്ട പ്രത്യേകതരം ചടങ്ങുകളോ ജോലികളോ നിങ്ങളുടെ നാട്ടിലുണ്ടോ? പൊതുചർച്ച നടത്തുന്നു. അത്തരം ചടങ്ങുകളെ കുറിച്ച് ഒരു വർണ്ണന തയാറാക്കുന്നു.

വർണ്ണനയിൽ

ആലങ്കാരികമായ ഭാഷ

ഭാവനാംശം കലർന്ന ഉള്ളടക്കം

ആശയപൂർണത

വാങ്മയചിത്രങ്ങൾ

(വർണ്യവസ്തുവിനെ സൂക്ഷ്മമായി നിരീക്ഷിച്ച് മനസ്സിൽ പതിയുന്ന രീതിയിൽ വാക്കുകളിലൂടെ ചിത്രീകരിക്കൽ)

## വളരുന്ന പഴഞ്ചൊൽനിഘണ്ടു

കാർഷികമേഖലയുമായി ബന്ധപ്പെട്ട് അവരുടെ പ്രദേശത്ത് പ്രചാരത്തിലുള്ള പഴഞ്ചൊല്ലുകൾ ശേഖരിക്കാൻ നിർദ്ദേശിക്കുന്നു. ശേഖരിച്ച ചൊല്ലുകൾ ക്ലാസിൽ ചർച്ചയ്ക്ക് വിധേയമാക്കണം. പഴഞ്ചൊല്ലിന്റെ ആശയങ്ങൾ ഉൾക്കൊള്ളിച്ച് ഒരു നിഘണ്ടു തയാറാക്കാൻ നിർദ്ദേശിക്കുന്നു. കുട്ടികൾ തയാറാക്കിയ നിഘണ്ടു ആവശ്യമെങ്കിൽ യഥാർഥ പഴഞ്ചൊൽനിഘണ്ടുവുമായി ഒത്തുനോക്കാൻ അവസരം നൽകണം. തുടർന്നും ഇത്തരം ചൊല്ലുകൾ ശേഖരിച്ച് വളരുന്ന പഴഞ്ചൊൽനിഘണ്ടുവാക്കി മാറ്റണം.

മകരത്തിൽ മഴ പെയ്താൽ മലയാളം മുടിഞ്ഞുപോകും

എന്ന ചൊല്ലിലെ ആശയം കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത് നോക്കൂ.

"മകരക്കാറിലെ തണ്ണീര്
മാനവന്മാരുടെ കണ്ണീര്"

ഇതുപോലെ ചൊല്ലുകൾ നേരിട്ടും അല്ലാതെയും കാവ്യാത്മകമായി പ്രയോഗിച്ചിരിക്കുന്നത് കവിതകൾ പരിശോധിച്ച് കണ്ടെത്താൻ നിർദ്ദേശം നൽകണം. അവ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകണം.

# 3 പ്രപഞ്ചശില്പികൾ

## *സിലബസ് ഗ്രിഡ്*

**പ്രശ്നമേഖല** : <u>അധ്വാനശേഷീവികാസത്തിന്റെ അഭാവം</u>

**ഉപപ്രശ്നം** :
- കായികാദ്ധ്വാനം ആവശ്യമുള്ള തൊഴിലുകൾ മഹത്തരമാണെന്ന് തിരിച്ചറിയുന്നില്ല.

**പഠനലക്ഷ്യങ്ങൾ** :
- സ്വന്തം അദ്ധ്വാനഫലം കൊണ്ടു ജീവിക്കുന്നതാണ് മാന്യത എന്ന ധാരണ വളർത്തൽ.
- കൂട്ടായ പണിയിടങ്ങളിൽ മറ്റുള്ളവർക്കൊപ്പം താനും അദ്ധ്വാനം പങ്കിടേണ്ടതാണെന്ന ധാരണ വളർത്തൽ.
- അദ്ധ്വാനത്തിന്റെ മഹത്വം പ്രതിഫലിക്കുന്ന കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങിയവ പരിചയപ്പെടൽ.
- പ്രാദേശിക ഭാഷാഭേദങ്ങളുടെ സൗന്ദര്യം കണ്ടെത്തൽ.
- കവിതയുടെ താളാത്മകതയും ആന്തരികസൗന്ദര്യവും കണ്ടെത്തുന്നതിനുള്ള കഴിവു വളർത്തൽ.
- വിവിധ ആവിഷ്ക്കാര രൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിയൽ.

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| പരിശ്രമം ചെയ്യുകിൽ<br><br>സ്വാശ്രയത്വത്തിലേയ്ക്കുള്ള വഴി അധ്വാനമാണ്. | • സ്വന്തം അദ്ധ്വാനത്തിന്റെ ഫലംകൊണ്ടാണ് ജീവിക്കേണ്ടത്.<br>• ചെയ്യുന്ന തൊഴിലിനോട്ആത്മാർത്ഥത പുലർത്തണം.<br>• പ്രദേശികഭാഷകൾക്കെല്ലാം അതിന്റേതായ തനിമയും ഓജസ്സുമുണ്ട്.<br>• കവിതയ്ക്ക് ബാഹ്യമായ സൗന്ദര്യംപോലെ താളവും ആന്തരിക സൗന്ദര്യവുമുണ്ട്. | **ആർജ്ജിതജ്ഞാനം**<br>• അധ്വാനം ജീവസന്ധാരണത്തിന് അനുപേഷണീയമാണ് എന്ന് തനിക്ക് ചുറ്റുമുള്ള തൊഴിലിടങ്ങൾ, തൊഴിൽ രീതികൾ, തൊഴിലാളികൾ എന്നിവയിലൂടെ നേടിയ അറിവ്<br>**കൃതികളും രചനകളും**<br>• അധ്വാനത്തിന്റെ മഹത്വം പ്രതിപാദിക്കുന്ന കഥകൾ, കവിതകൾ, അഭിമുഖം, ചിത്രങ്ങൾ<br>• പ്രാദേശിക ഭാഷാസൗന്ദര്യം നിറഞ്ഞ സാഹിത്യഭാഗങ്ങൾ. | • അധ്വാനത്തിന്റെ മഹത്വം പ്രതിപാദിക്കുന്ന കഥകൾ, കവിതകൾ, അഭിമുഖം, ചിത്രങ്ങൾ എന്നിവ വായിച്ചാസ്വാദിക്കുകയും പത്രവാർത്ത, അഭിമുഖം, വാങ്മയ ചിത്രം, കഥ, കവിത എന്നീ രൂപങ്ങളിൽ പ്രകടിപ്പിക്കുകയും ചെയ്യുന്നു.<br>• രചനകൾ വിശകലനം ചെയ്ത് പ്രാദേശിക ഭാഷയുടെ പ്രത്യേകതകൾ കണ്ടെത്തൽ. അവ ഭാഷയ്ക്കു നൽകുന്ന സൗന്ദര്യം കണ്ടെത്തൽ. | • കായികാധ്വാനത്തിനുള്ള മനോഭാവം.<br>• തൊഴിലെടുക്കുന്നവരോട് ആദരവ് കാണിക്കാനുള്ള മനോഭാവം.<br>• പ്രാദേശികഭാഷകൾക്കുള്ള വൈവിധ്യവും സൗന്ദര്യവും അന്വേഷിക്കാനും കണ്ടെത്താനുമുള്ള മനോഭാവം. | കൃതികളും രചനകളും വിശകലനം ചെയ്ത് അവയിൽ ആവിഷ്ക്കരിച്ചിട്ടുള്ള അധ്വാനത്തിന്റെ മഹത്വം തിരിച്ചറിഞ്ഞ് വിവിധ വ്യവഹാര രൂപങ്ങളിൽ ആവിഷ്ക്കരിക്കാനുള്ള കഴിവ്.<br><br>കവിതയുടെ ബാഹ്യവും ആന്തരികവുമായ സൗന്ദര്യം തിരിച്ചറിഞ്ഞ് ആവിഷ്ക്കരിക്കാനുള്ള കഴിവ്. |

# 3 പ്രപഞ്ചശില്പികൾ

**ആമുഖം**

എല്ലാവരും സ്വന്തം അധ്വാനഫലം കൊണ്ടാണു ജീവിക്കേണ്ടത്. ഒപ്പം ചെയ്യുന്ന തൊഴിലിനോട് ആത്മാർഥത പുലർത്തണം എന്ന ശക്തമായ ബോധവും വേണം.

പ്രാദേശികഭാഷകൾക്കെല്ലാം അതിന്റേതായ തനിമയും ഓജസ്സുമുണ്ടെന്ന് ഈ പാഠഭാഗങ്ങളിലൂടെ അറിയേണ്ടതുണ്ട്?

കവിതയ്ക്ക് ബാഹ്യസൗന്ദര്യത്തോടൊപ്പം ആന്തരികസൗന്ദര്യവും താളവുമുണ്ട് എന്നും തിരിച്ചറിയപ്പെടണം.

ഇത്തരം തിരിച്ചറിവുകളോടൊപ്പം, അധ്വാനമഹത്ത്വം പ്രതിപാദ്യമായ കഥകൾ, കവിതകൾ, അഭിമുഖങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ വിശകലനം ചെയ്യാനും ആസ്വദിക്കാനും കഴിയണം. നേടിയ ശേഷികളും ധാരണകളും കഥ, കവിത, അഭിമുഖം, വാങ്മയചിത്രം, പത്രവാർത്ത തുടങ്ങിയ രൂപങ്ങളിൽ പ്രയോഗിക്കാനും കുട്ടികൾക്കു കഴിയേണ്ടതുണ്ട്. വിവിധ രചനകൾ പരിശോധിച്ച് പ്രാദേശികഭാഷയുടെ സവിശേഷതകൾ കണ്ടെത്താനും അതു ഭാഷയ്ക്കു നൽകുന്ന സൗന്ദര്യം കണ്ടെത്താനും അവരെ പ്രാപ്തരാക്കേണ്ടതുണ്ട്.

ഹെമിങ്‌വേയുടെ 'കിഴവനും കടലും' എന്ന വിശ്വപ്രസിദ്ധനോവലിലെ ഒരു ഭാഗമാണ് പ്രവേശകം. അധ്വാനമാഹാത്മ്യവും അധ്വാനിക്കുന്നവരുടെ സുഖദുഃഖങ്ങളും വെളിപ്പെടുത്തുന്ന നാലു പാഠങ്ങളാണ് യൂണിറ്റിലുള്ളത്.

കായലിന്റെ ആഴങ്ങളിൽ മീൻ തേടിപ്പോകുന്ന കളത്തിൽ കുഞ്ഞമ്മ എന്ന മത്സ്യത്തൊഴിലാളിയുമായി നടത്തിയ അഭിമുഖമാണ് 'കാണാപ്പൊന്നു തേടി.' വിശ്രമമില്ലാതെ ജീവിതപ്പരപ്പിൽ നീന്തിയ കുഞ്ഞമ്മച്ചേട്ടത്തി മഹത്തായ പാഠങ്ങളാണു നമുക്കു കൈമാറുന്നത്. 'പാതകൾ പണിയുന്നവർ' എന്ന കവിതയിലൂടെ ബാലചന്ദ്രൻ ചുള്ളിക്കാട് എല്ലാ കഠിനാധ്വാനികളെയും കണ്ടെത്തുകയാണ്. ആധുനികസമൂഹത്തിന് അവർ അപരിചിതരാണെന്നും കാലം അവരുടെ മോഹങ്ങളെയെല്ലാം ദഹിപ്പിച്ചുകളയുന്നുവെന്നും കവി പറയുന്നു. കഠിനാധ്വാനവും ആത്മാർഥതയും ഒരിക്കൽ അംഗീകരിക്കപ്പെടുമെന്ന സന്ദേശം നൽകുന്ന നാടോടിക്കഥയാണ് 'ഒരുരുള ചോറ്'. തൂപ്പുകാരിയടക്കമുള്ള തൊഴിലാളികൾ ലോകത്തിനു മേൽ ചാർത്തിത്തരുന്ന സൗന്ദര്യം കണ്ടെത്തുകയാണ് 'തൂപ്പുകാരി' എന്ന കവിതയിലൂടെ ജി. ശങ്കരക്കുറുപ്പ്.

> "വിയർപ്പിൻ പശക്കൂട്ടു-
> ചാലിച്ചു ചേർത്തീ മണ്ണി-
> ലുയർത്തി ജനാവലി
> തളിർക്കും സംസ്കാരങ്ങൾ"

എന്നു വയലാർ രാമവർമ്മ പാടിയിട്ടുണ്ട്. ഏതു മഹാനിർമിതിക്കു പിന്നിലും കഠിനപ്രയത്നങ്ങളുടെ ചരിത്രമുണ്ട്. വിയർപ്പിന്റെ പശക്കൂട്ടുകൊണ്ടാണു നാഗരികതകൾ ഉയർന്നത്.

സുഖസൗകര്യങ്ങൾ നിറഞ്ഞതാണിന്നു മനുഷ്യജീവിതം. ലോകത്തെ ഇങ്ങനെയൊക്കെമാറ്റിത്തീർത്തതാരാണ്? ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾ മുതൽ

സുഖസൗകര്യങ്ങൾ നിറഞ്ഞ രമ്യഹർമ്യങ്ങൾ വരെ നിർമിക്കുന്നതു മനുഷ്യന്റെ കരുത്തുറ്റ കൈകളാണ്. എങ്ങും കർമവൈപുല്യത്തിന്റെ പ്രത്യക്ഷ ഉദാഹരണങ്ങൾ.

അധ്വാനിക്കുന്നവരോടൊപ്പമാണു ദൈവമെന്നു വിശ്വമഹാകവി ടാഗോർ 'ഗീതാഞ്ജലി'യിൽ പറയുന്നു:

"കരിനിലമുഴുമാക്കർഷകരോടും
വർഷം മുഴുവൻ വഴി നന്നാക്കാൻ
പെരിയ കരിങ്കൽപ്പാറ നുറുക്കി
നുറുക്കിയൊരുക്കും പണിയാളരൊടും
എരിവെയിലത്തും പെരുമഴയത്തും
ചേർന്നമരുന്നു ദൈവം മണ്ണാർ-
ന്നിരു കൈകളിലും; കൂടെച്ചളിയിലി-
റങ്ങൂ, കളയൂ ശുഭ്രം വസ്ത്രം."

ലോകം കർഷകനെറ്റിയിലെ വിയർപ്പുമുത്തുകളാൽ തിളങ്ങുന്നു. ഉണർവിന്റെ ആ ചിഹ്നത്തിനു മുമ്പിൽ ആരും പ്രണമിച്ചുപോവും. അതിന്റെ പ്രകാശത്തിൽ പുത്തൻ പ്രഭാതങ്ങളുണ്ടാവും. അവിടെ ആലസ്യത്തിനു സ്ഥാനമേയില്ല. വയലേലകളിൽ കർഷകൻ നടുന്ന ഞാറാണ് ലോകത്തിന്റെ ഭക്ഷണം. പ്രകൃതിപ്രതിഭാസങ്ങളോട് ഏറ്റുമുട്ടുന്ന കർഷകനെ വൈലോപ്പിള്ളി 'പടയാളി' എന്നു വിശേഷിപ്പിച്ചു.

കായിക അധ്വാനപരമായ തൊഴിൽ അറിയാതിരിക്കുന്നത് അപമാനമായി മാറണം എന്നാണു ഗാന്ധിജിയുടെ അഭിപ്രായം. കായികാധ്വാനത്തിൽ നിന്നു നാം അകന്നുകൊണ്ടിരിക്കുകയാണ്. ഇതുകാരണം രൂക്ഷമായ ഭക്ഷ്യപ്രതിസന്ധിയിലേക്കു നാടു കൂപ്പുകുത്താൻ പോവുന്നു.

## തൊഴിലിന്റെ മാന്യത

ടോൾസ്റ്റോയി "ആഹാരത്തിനുവേണ്ടി അദ്ധ്വാനിക്കുക" എന്ന തത്ത്വത്തെപ്പറ്റി എഴുതിയതു വായിച്ചപ്പോഴാണു മനുഷ്യൻ പണിയെടുത്തു ജീവിക്കണമെന്ന നിയമം ആദ്യമായി തികച്ചും ബോധ്യമായത്. അതിനുമുൻപുതന്നെ റസിന്റെ 'അൺടു ദിസ് ലാസ്റ്റ്' വായിച്ചപ്പോൾ ആ ആശയം എന്നെ ആകർഷിച്ചുതുടങ്ങിയിരുന്നു. ഒരുവൻ അവനാവശ്യമായ ആഹാരം സ്വന്തം കൈകൾകൊണ്ടു വേലചെയ്തുണ്ടാക്കണമെന്ന ദൈവികനിയമം ആദ്യമായി ഉറപ്പിച്ചുപറഞ്ഞത് ടി.എം.ബോണ്ഡാരെഫ് എന്നു പേരുള്ള ഒരു റഷ്യൻ എഴുത്തുകാരനാണ്. ടോൾസ്റ്റോയി അതിനു വേണ്ടത്ര പ്രചാരം നൽകി. എന്റെ അഭിപ്രായത്തിൽ, ഗീതയുടെ 3-ാം അധ്യായത്തിൽ യജ്ഞം ചെയ്യാതെ ഭുജിക്കുന്നവൻ കവർന്നെടുത്ത ആഹാരമാണ് ഭുജിക്കുന്നതെന്നു പറയുമ്പോഴും ഇതേ ആശയം തന്നെയാണ് ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. ഇവിടെ യജ്ഞമെന്നതിന് "ആഹാരത്തിനുവേണ്ടിയുള്ള തൊഴിൽ" എന്നാണർഥം.

സാമാന്യബുദ്ധിയും നമ്മെ എത്തിക്കുന്നതു അമ്മാതിരിയൊരു നിഗമനത്തിലാണ്. ശാരീരികാധ്വാനം ചെയ്യാത്തവന് ആഹാരം കഴിക്കാനെന്താണവകാശം? "മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും" എന്നാണ് ബൈബിളിൽ അരുളിച്ചെയ്തിട്ടുള്ളത്. പകൽ മുഴുവൻ കിടക്കയിൽ കിടന്നുരുളുകയും പരസഹായത്തോടെ ഭക്ഷണം കഴിക്കയും ചെയ്യുന്ന കോടീശ്വരന് താമസിയാതെ തന്റെ ജീവിതത്തിൽ മടുപ്പുതോന്നും. അതുകൊണ്ട് അയാൾ വ്യായാമംചെയ്തു വിശപ്പുണ്ടാക്കുകയും തന്നത്താൻ ആഹാരം കഴിക്കുകയും ചെയ്യുന്നു. ദരിദ്രനായാലും ധനികനായാലും ഏതെങ്കിലും രൂപത്തിലുള്ള വ്യായാമം കൂടിയേതീരൂ എങ്കിൽ അത് ഉല്പാദനത്തിന്റെ, അഥവാ ആഹാരത്തിനുവേണ്ടിയുള്ള തൊഴിലിന്റെ രൂപം പൂണ്ടാലെന്ത്?

കൃഷിക്കാരനോട് ശ്വസനവ്യായാമം ചെയ്യണമെന്നോ, മാംസപേശികൾ ചലിപ്പിക്കണമെന്നോ ആരും ആവശ്യപ്പെടുന്നില്ല. മനുഷ്യരാശിയുടെ പത്തിലൊമ്പതു ഭാഗത്തിലുമധികം ആളുകൾ മണ്ണുഴുതുമറിച്ച് ജീവിതം പുലർത്തുകയാണ്. ശേഷമുള്ള പത്തിൽ ഒരു ഭാഗം പേരും സ്വന്തം ആഹാരത്തിനുള്ള വക സ്വയം പണിചെയ്തുണ്ടാക്കുകയും, അത്രത്തോളമെങ്കിലും ഭൂരിപക്ഷത്തിന്റെ മാതൃക അനുസരിക്കുകയും ചെയ്താൽ ലോകം എത്ര കൂടുതൽ സന്തുഷ്ടവും ആരോഗ്യകരവും ശാന്തിനിറഞ്ഞതുമായിത്തീരും? അത്തരക്കാർക്കുകൂടി പങ്കുണ്ടായാൽ കൃഷിപ്പണിയുമായി ബന്ധപ്പെട്ട പല വിഷമതകൾക്കും എളുപ്പത്തിൽ പരിഹാരമുണ്ടാകും. "ആഹാരത്തിനുവേണ്ടിയുള്ള തൊഴിൽ" ഒരു കർത്തവ്യമായി എല്ലാവരും അംഗീകരിച്ചുകഴിയുമ്പോൾ ദ്വേഷജനകമായ സ്ഥാനഭേദങ്ങൾക്ക് അറുതിവരും. അത് എല്ലാ വർണങ്ങൾക്കും പൊതുവായുള്ളതാണ്. ഇന്ന് ലോകമാസകലം മുതലാളിയും തൊഴിലാളിയും തമ്മിൽ സംഘർഷം നിലവിലുണ്ട്. ദരിദ്രൻ ധനികനോട് അസൂയയുള്ളവനാണ്. എല്ലാവരും അവരവർക്കാവശ്യമായ പണിയെടുക്കുമ്പോൾ സ്ഥാനഭേദങ്ങൾ ഇല്ലാതാകും. സ്ഥാനഭേദങ്ങൾ പണക്കാർ പിന്നെയും അവശേഷിക്കും. പക്ഷേ, അവർ മുതലിന്റെ സൂക്ഷിപ്പുകാർ മാത്രമായി സ്വയം കണക്കാക്കുകയും മുതൽ പൊതുതാല്പര്യമനുസരിച്ച് വിനിയോഗിക്കുകയും ചെയ്യും.

അഹിംസ ആചരിക്കുകയും, സത്യത്തെ ആരാധിക്കുകയും ബ്രഹ്മചര്യാനുഷ്ഠാനം സ്വാഭാവികമായി കരുതുകയും ചെയ്യുന്ന ഒരാൾക്ക് അപ്പത്തിനുവേണ്ടിയുള്ള തൊഴിൽ എന്നത് യഥാർഥത്തിലൊരു അനുഗ്രഹമാണ്. ഈ തൊഴിൽ വാസ്തവത്തിൽ കൃഷിയുമായി മാത്രമേ ബന്ധപ്പെടുത്താനാവൂ. പക്ഷേ, തൽക്കാലം അതിലേർപ്പെടാൻ എല്ലാവർക്കും കഴിയുകയില്ല. അതുകൊണ്ട് ഒരാൾക്ക് കൃഷി ആദർശമായി സദാ അംഗീകരിച്ചുകൊണ്ടുതന്നെ മണ്ണിൽ പണിയെടുക്കുന്നതിനുപകരം നൂൽ നൂൽക്കുകയോ, നെയ്യുകയോ, ആശാരിപ്പണി, കൊല്ലപ്പണി, എന്നിവയിലേതെങ്കിലുമൊന്നു സ്വീകരിക്കുകയോ ആവാം. ഓരോരുത്തരും അവനവന്റെ തോട്ടിയായിരിക്കണം. ഭക്ഷണംപോലെതന്നെ ആവശ്യമുള്ളതാണ് വിസർജ്ജനവും. ഏറ്റവും നല്ലത് ഓരോരുത്തരും അവരവരുടെ വിസർജ്ജ്യം നീക്കംചെയ്യുകയാണ്. അതു സാധ്യമല്ലെങ്കിൽ ഓരോ കുടുംബവും തോട്ടിവേല സ്വയം ചെയ്തുകൊള്ളണം. തോട്ടിവേല സമൂഹത്തിൽ ഒരു പ്രത്യേകവിഭാഗത്തെമാത്രം ബാധിക്കുന്നതാക്കിയതിൽ അടിസ്ഥാനപരമായി എന്തോ തകരാറുണ്ടെന്ന് വർഷങ്ങളായി എനിക്കു തോന്നിയിട്ടുണ്ട്. ഈ അത്യാവശ്യമായ ശുചീകരണസേവനത്തിന് ആദ്യമായി താണ പദവി കല്പിച്ചയാൾ ആരാണെന്നറിയുവാൻ നമുക്ക് ചരിത്രരേഖകളൊന്നുമില്ല. ആരായാലും അയാൾ യാതൊന്നുകൊണ്ടും ഒരു നന്മയല്ല ചെയ്തത്. നാമെല്ലാം തോട്ടികളാണെന്ന ബോധം ബാല്യം മുതൽക്കേ നമ്മുടെ മനസ്സിൽ പതിഞ്ഞിരിക്കണം. അതിനുള്ള എളുപ്പവഴി, അതു മനസ്സിലാക്കിയവർ ആഹാരത്തിനുള്ള തൊഴിലായിത്തന്നെ തോട്ടിപ്പണി ആരംഭിക്കുകയെന്നതാണ്. ഇങ്ങനെ ബുദ്ധിപൂർവം സ്വീകരിക്കുന്ന പക്ഷം മനുഷ്യസമത്വം ശരിയായി മനസ്സിലാക്കാൻ തോട്ടിവേല നമ്മെ സഹായിക്കും.

*രാഷ്ട്രതന്ത്രം - മഹാത്മാഗാന്ധി*

- "യജ്ഞം ചെയ്യാതെ ഭുജിക്കുന്നവർ കവർന്നെടുത്ത ആഹാരമാണു ഭുജിക്കുന്നത്" - ഈ വാദത്തിന്റെ സാധുത പരിശോധിക്കൂ.
- ലോകത്തിനു ശാന്തി നൽകാൻ ഗാന്ധിജി നിർദ്ദേശിക്കുന്ന വഴിയേത്?
- 

ആമുഖവും ഗാന്ധിജിയുടെ ലേഖനഭാഗത്തെ ആശയങ്ങളും ഉൾപ്പെടുത്തി 'അധ്വാനത്തെക്കുറിച്ച് എന്റെ സങ്കല്പം' എന്ന വിഷയത്തിൽ ഒരു ലേഖനം അധ്യാപിക തയാറാക്കണം. സ്കൂൾ വിഷയസമിതിയിലോ ക്ലസ്റ്ററിലോ ചർച്ചചെയ്തു മെച്ചപ്പെടുത്താമല്ലോ. യൂണിറ്റിലൂടെ കടന്നു പോവുമ്പോൾ ക്ലാസിൽ അവതരിപ്പിക്കാം.

## യൂണിറ്റിലേക്ക്

തൊഴിലിന്റെ മാഹാത്മ്യം കുട്ടികൾ തിരിച്ചറിയുകയും ഉൾക്കൊള്ളുകയും വേണ്ടതുണ്ട്. പുതുതലമുറയിൽ കായികാധ്വാനത്തോട് ആദരവും ആഭിമുഖ്യവും വളർന്നുവരിക എന്നത് പ്രധാനമാണ്. ഏതു മേഖലയിൽ ജീവിക്കുമ്പൊഴും വിയർപ്പുവീഴുന്ന ജോലികളിൽ ഏർപ്പെട്ട് മാനസികവും ശാരീരികവുമായ ധന്യത നേടാൻ നമുക്കാവണം. ഈ അവസ്ഥയിലേക്കു കുട്ടികളെ എത്തിക്കുന്ന തരത്തിലാവണം പഠനപ്രവർത്തനങ്ങൾ.

'അധ്വാനശേഷീ വികാസത്തിന്റെ അഭാവം' എന്ന പ്രധാന പ്രശ്നമേഖലയിൽ നിന്ന് "ശാരീരിക അധ്വാനം ആവശ്യമുള്ള തൊഴിലുകളുടെ മാഹാത്മ്യം തിരിച്ചറിയാതെ പോവുന്നു" എന്ന ഉപപ്രശ്നത്തെ കേന്ദ്രീകരിച്ചാണ് പാഠഭാഗങ്ങൾ സംവിധാനം ചെയ്തിരിക്കുന്നത്. (പാഠങ്ങളെക്കുറിച്ച്)

## യൂണിറ്റിലേക്ക്

ഈ കൊച്ചുകഥ ഭാവാത്മകമായി അവതരിപ്പിച്ചുകൊണ്ട് അധ്യാപികയ്ക്കു പാഠഭാഗങ്ങളിൽ പ്രവേശിക്കാമല്ലോ.

### വെളിച്ചം

ഗുരു ശിഷ്യന്മാർക്ക് പാഠങ്ങൾ പകർന്നുകൊടുക്കുന്നതിനിടയിലാണ് ഒരു മധ്യവയസ്കൻ അവിടെയെത്തിയത്. ഗുരുവിനോട് അയാൾ ചോദിച്ചു: "ഗുരോ, അങ്ങ് ജ്ഞാനിയാണല്ലോ, എനിക്ക് ചില ചോദ്യങ്ങളുണ്ട്. എന്താണു ജനനം? എന്താണു മരണം? നാം എവിടെനിന്നു വരുന്നു." അടുത്ത മുറിയിൽ നിന്ന ഒരു ഗ്രന്ഥമെടുത്തുവരാൻ ഗുരു അയാളോടു പറഞ്ഞു. അയാൾ ആ മുറിയിൽ ചെന്നപ്പോൾ കൂരിരുട്ടായിരുന്നു. വെറും കൈയോടെ അയാൾ തിരിച്ചുവന്നു." ഒരു മെഴുകുതിരി കത്തിച്ചുനോക്കൂ" ഗുരു പറഞ്ഞു. ഗ്രന്ഥവുമായി മടങ്ങിയെത്തിയ അയാളോട് തിരി ഊതിക്കെടുത്താൻ ഗുരു നിർദ്ദേശിച്ചു. അയാൾ അപ്രകാരം ചെയ്തു.

ഗുരു ചോദിച്ചു: "നീ തിരി ഊതിക്കെടുത്തി. ആ വെളിച്ചം എങ്ങോട്ടാണു പോയത്? അത് വന്നത് എവിടെനിന്നായിരുന്നു.?"

"എനിക്കറിയില്ല ഗുരോ" - അയാൾ മറുപടി നൽകി. ഒരു പുഞ്ചിരിയോടെ ഗുരു പറഞ്ഞു: "ആ വെളിച്ചം എവിടെ നിന്നു വന്നെന്നോ എങ്ങോട്ടു പോയെന്നോ നിനക്കറിയില്ല. എന്നാലും, ആ വെളിച്ചമുണ്ടായിരുന്ന സമയത്ത് പ്രയോജനപ്രദമായ ചിലതു ചെയ്യാൻ നിനക്കു കഴിഞ്ഞു. അതുപോലെ, ജീവിച്ചിരിക്കുമ്പോൾ ജനിച്ചതെങ്ങനെ, മരിക്കുന്നതെങ്ങനെ, വന്നതെവിടെ നിന്ന്, എങ്ങോട്ട് പോവുന്നു എന്നൊക്കെ ചിന്തിച്ച് പ്രയാസപ്പെടാതെ, നിനക്കും മറ്റുള്ളവർക്കും ഉപകാരപ്പെടുന്ന കർമങ്ങളിൽ ഏർപ്പെട്ട് ജീവിതം അർഥപൂർണമാക്കൂ."

- കഥയുടെ സന്ദേശമെന്ത്?
- കഥയിൽ ജീവിതത്തെ എന്തിനോടാണു സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
- 

തുടങ്ങിയ ചോദ്യങ്ങളിലൂടെ ഒരു ലഘുചർച്ച നടക്കട്ടെ.

- ജീവിതത്തെ പലപ്പോഴും മെഴുകുതിരിയോട് സാമ്യപ്പെടുത്തി പറയാറുണ്ട്. ചുറ്റും ഇത്തിരി വെട്ടം പകർന്ന് അത് ഉരുകിത്തീരുന്നു. ആ അൽപ്പസമയത്തിനുള്ളിൽ തന്നാലാവും വിധം അതു വെളിച്ചം നൽകുന്നു. നമ്മുടെ ജീവിതവും ഇങ്ങനെയാണ്. ഓരോരുത്തരുടെയും സമയവും പരിമിതികളും അനുസരിച്ച് കർമങ്ങൾ നിറവേറ്റി സംതൃപ്തരായിരിക്കാനാണ് വെളിച്ചം എന്ന കഥ നമ്മോടു പറയുന്നത്.

ഇങ്ങനെ ഒരു സംതൃപ്തി സാന്റിയാഗോയ്ക്കു കിട്ടുന്നുണ്ടോ? നോവൽഭാഗം കുട്ടികൾ വായിച്ചുനോക്കട്ടെ.

## കിഴവനും കടലും

ലോകപ്രസിദ്ധനായ കഥാകാരനാണ് ഏണസ്റ്റ് ഹെമിങ്‌വേ. അദ്ദേഹത്തിന്റെ ഏറ്റവും മികച്ച കൃതികളിലൊന്നാണ് 'കിഴവനും കടലും' (Old man and the Sea). പ്രസ്തുത നോവലിന്റെ രത്നച്ചുരുക്കം എന്നു പറയാവുന്ന ഒരു രംഗമാണ് യൂണിറ്റിൽ പ്രവേശകമായി നൽകിയിരിക്കുന്നത്. നമ്മുടെ കഠിനാധ്വാനങ്ങൾ എപ്പോഴും ഗുണഫലങ്ങൾ ഉണ്ടാക്കിയെന്നു വരില്ല. ആഴക്കടലിൽ മത്സ്യബന്ധനത്തിനു പോയവർ ചിലപ്പോൾ വെറും കൈയോടെ മടങ്ങിവന്നേക്കാം.

ചില ചോദ്യങ്ങൾ :

- ജീവിതവും മരണവും തമ്മിലുള്ള ഒരു പോരാട്ടമായിരുന്നു അത്. എന്നു പറയാൻ കാരണമെന്ത്?
- 'പങ്കായം തുഴഞ്ഞ് കരുത്തുറ്റ കൈകൾ' എന്ന പ്രയോഗത്തിന്റെ പൊരുളെന്ത്?
- "കണ്ണീരുണങ്ങിയ മനസ്സോടെ അയാൾ അതു നോക്കിനിന്നു" - സാന്റിയാഗോയുടെ മനസ്സിലപ്പോൾ ഉണർന്ന ചിന്തകളെന്തെല്ലാമായിരിക്കും.?
- കടലിൽ മീൻപിടിക്കാൻ പോവുന്നവരുടെ അനുഭവങ്ങൾ എന്തൊക്കെയാണ്? - ചർച്ചചെയ്യാം.

എന്നിങ്ങനെയുള്ള ചോദ്യങ്ങളിലൂടെ ഈ നോവൽസന്ദർഭത്തിന്റെ ആശയത്തിലേക്കു കുട്ടികൾ എത്തിച്ചേരുമല്ലോ. പ്രകടിപ്പിച്ച ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കണം ശേഷം കുട്ടികൾ ഒരു കുറിപ്പ് തയാറാക്കട്ടെ.

സാന്റിയാഗോയുടേത് സങ്കടകരമായ ഒരനുഭവമാണ്. എന്നിട്ടും അദ്ദേഹമവിടെ ഒട്ടും പതറിപ്പോവുന്നില്ല. ആ രാത്രിയിൽ കരുത്തുറ്റ ഈജിപ്ഷ്യൻ സിംഹങ്ങളെ സ്വപ്നം കണ്ടുകൊണ്ടാണ് സാന്റിയാഗോ ഉറങ്ങിയത് എന്നു കഥാകൃത്ത് തുടർന്നു പറയുന്നുണ്ട്.

പാതിരാവിലും കായലിൽ മീൻ പിടിക്കാനെത്തുന്ന കളത്തിൽ കുഞ്ഞമ്മയ്ക്കുമുണ്ട് സാന്റിയാഗോവിന്റേതു പോലുള്ള അനുഭവങ്ങൾ. എന്തൊക്കെയാണതെന്ന് കേൾക്കാം. കുട്ടികളെ 'കാണാപ്പൊന്നു തേടി' എന്ന അഭിമുഖത്തിലേക്കു കൊണ്ടുപോവാം. രണ്ടു കുട്ടികൾ ഈ പാഠം അഭിമുഖ രീതിയിൽത്തന്നെ അവതരിപ്പിക്കട്ടെ. ഉചിതമായ നിർദ്ദേശങ്ങൾ അധ്യാപിക നൽകേണ്ടതുണ്ട്.

എറണാകുളം ജില്ലയിലെ കുമ്പളങ്ങി പഞ്ചായത്തിലെ താമസക്കാരിയാണ് കളത്തിൽ കുഞ്ഞമ്മ. കായലിൽ കഴുത്തറ്റം ഇറങ്ങിയും നീന്തിയും ചളിയിൽ പൂണ്ട മത്സ്യങ്ങളെ പിടിക്കുന്നതിൽ സാമർഥ്യമുണ്ട് കുഞ്ഞമ്മയ്ക്ക്. വളരെ ചെറുപ്പത്തിലേ ആരംഭിച്ച ഒരു സപര്യയാണത്. കായലാണവർക്ക് സുഖദു:ഖസമ്മിശ്രമായ ഒരു ജീവിതം നൽകിയത്. സ്ത്രീകൾ അപൂർവമായി ഏർപ്പെടുന്ന ഒരു തൊഴിലുമാണത്. ഒന്നും കിട്ടാത്ത ദിനങ്ങളിൽ, തളർന്നുപോവാതെ റോഡ്പണിക്കും മറ്റും പോവാറുണ്ട് കുഞ്ഞമ്മ. നല്ല വായനശീലവും അവർക്കുണ്ടെന്ന് അഭിമുഖത്തിൽ നിന്നു വ്യക്തമാവും.

## അഭിമുഖം

പുരുഷന്മാർ മാത്രമുണ്ടായിരുന്ന മിക്ക തൊഴിൽ മേഖലകളിലും ഇന്നു സ്ത്രീകൾ വിജയകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതൊടൊപ്പം നിരവധി പ്രശ്നങ്ങൾ അവർ നേരിടുന്നുമുണ്ട്. 'കാണാപ്പൊന്നു തേടി' എന്ന അഭിമുഖത്തിന്റെ രൂപഭാവങ്ങൾ ഉൾക്കൊണ്ട് കുട്ടികൾ ഒരു അഭിമുഖചോദ്യാവലി നിർമിക്കുകയും ഏതെങ്കിലും രംഗത്തു വിജയം വരിച്ച വനിതക

ളുമായി അഭിമുഖം നടത്തുകയും ചെയ്യട്ടെ. ഇതിനായി അധ്യാപകർ, പഞ്ചായത്ത്/കോർപറേഷൻ അംഗങ്ങൾ, ഉദ്യോഗസ്ഥർ, എഴുത്തുകാർ, കലാകാരന്മാർ തുടങ്ങിയവരിൽ ലഭ്യമായവരെ സമീപിക്കാമല്ലോ.

**പത്രവാർത്ത തയാറാക്കാം**

കാണാപ്പൊന്നുതേടി എന്ന ഭാഗം കുട്ടികൾ മൗനമായി വായിക്കട്ടെ.

- ലഘുചർച്ച
- വളരെ ചെറുപ്പത്തിൽ തന്നെ മീൻപിടിത്തത്തിലേക്ക് തിരിയാൻ കുഞ്ഞമ്മച്ചേച്ചിയെ പ്രേരിപ്പിച്ച സാഹചര്യം എന്തായിരുന്നു?
- എന്തെല്ലാം പ്രയാസങ്ങളാണ് മീൻപിടിത്തത്തിൽ കുഞ്ഞമ്മച്ചേച്ചിക്ക് അഭിമുഖീകരിക്കേണ്ടിവരുന്നത്?
- മീൻപിടിത്തത്തിന് പോകാത്തപ്പോൾ എങ്ങനെയാണ് കുഞ്ഞമ്മച്ചേച്ചി സമയം ചെലവഴിക്കാറുള്ളത്?

തുടങ്ങിയ ചോദ്യങ്ങളിലൂടെ ചർച്ച നയിക്കുകയും കുഞ്ഞമ്മച്ചേച്ചിയുമായുള്ള അഭിമുഖത്തിലെ പ്രസക്തഭാഗങ്ങളിലേക്ക് കുട്ടികളുടെ ശ്രദ്ധ ആകർഷിക്കുകയും വേണം.

തുടർന്ന് പത്രവാർത്ത തയാറാക്കാൻ കുട്ടികളോട് നിർദ്ദേശിക്കാം.

**അഭിമുഖത്തിൽ എന്തെല്ലാം**

വിവിധ രംഗങ്ങളിൽ സവിശേഷമികവു പുലർത്തുന്നവരാണ് സാധാരണയായി അഭിമുഖം നടത്താറുള്ളത്. മറ്റുള്ളവർക്ക് അറിയേണ്ട കാര്യങ്ങൾ ആ വ്യക്തിയിൽ നിന്നും അഭിമുഖകാരൻ മനസ്സിലാക്കിയെടുക്കേണ്ടതുണ്ട്. ഇതിനനുസരിച്ച് ചോദ്യങ്ങൾ രൂപകല്പനചെയ്യണം. ആറാം ക്ലാസിലെ കുട്ടികളാണിവിടെ അഭിമുഖം നടത്തുന്നത്. അപ്പോൾ പ്രായം പരിഗണിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനമാണ് അധ്യാപിക ആസൂത്രണം ചെയ്തുനൽകേണ്ടത്.  നാം സമീപിക്കുന്ന വ്യക്തിയുടെ പരമാവധി വിവരങ്ങൾ നേരത്തെതന്നെ മനസ്സിലാക്കണം. ഉദാഹരണമായി, ഒരു സാഹിത്യകാരിയുമായി അഭിമുഖം നടത്തുമ്പോൾ അവരുടെ ഏതാനും രചനകളും ജീവിതവും മറ്റുള്ളവർ അവരെപ്പറ്റിയെഴുതിയതും മനസ്സിലാക്കിവയ്ക്കുന്നതു നന്ന്.

സന്ദർഭാനുസരണം ചില ചോദ്യങ്ങളും ഉത്തരങ്ങളും അഭിമുഖത്തിനിടെ നടന്നേക്കാം. പത്രമാസികകളിൽ വന്ന ഒന്നോ രണ്ടോ അഭിമുഖങ്ങൾ കുട്ടികൾക്കു പരിചയപ്പെടുത്തണം. കുഞ്ഞമ്മച്ചേടത്തിയുമായി നടത്തിയ അഭിമുഖത്തിൽ നിന്ന് ഇന്റർവ്യൂവിന്റെ സ്വഭാവം കുട്ടികൾക്കു ലഭിക്കും. ക്ലാസിൽ അഭിമുഖ റിഹേഴ്സൽ സംഘടിപ്പിക്കാം. തയാറാക്കുന്ന ചോദ്യാവലി എഡിറ്റിങ്ങിന് വിധേയമാക്കണം. കാണാപ്പൊന്നു തേടി കുട്ടികൾ വീണ്ടും വായിക്കട്ടെ. സ്വരൂപിച്ച വസ്തുതകളിൽ നിന്ന് ഒരു പത്രവാർത്ത തയാറാക്കട്ടെ.

## നൂറാം വയസ്സിലും കാളിമുത്തശ്ശി കല്ലുടയ്ക്കുന്നു

അമ്പലപ്പാറ: വാർധക്യം വിശ്രമത്തിന്റെ കാലമാണെന്ന് വിശ്വസിക്കുന്നവർക്ക് വയങ്കാവ് കാളിക്കുന്നത്ത് റോഡിലെ വല്യേകുന്നത്ത് കാളിമുത്തശ്ശി വിസ്മയമാകും. നൂറാംവയസ്സിലും ക്വാറിയിൽ കരിങ്കല്ലുടയ്ക്കുന്ന കാളിമുത്തശ്ശി വയങ്കാവിലെ നിത്യ കാഴ്ചയാണ്. ദുർഘടവഴികൾ അനായാസം താണ്ടി രാവിലെ എട്ടുമണിയോടെ വീട്ടിൽനിന്ന് ക്വാറിയിലെത്തുന്ന മുത്തശ്ശി സന്ധ്യയോടെയാണ് തിരിച്ചുപോകുന്നത്.

പതിറ്റാണ്ടുകളായി ക്വാറിയിൽ കല്ലുടയ്ക്കുന്ന മുത്തശ്ശിക്ക് ഇത് ഉപജീവനം കൂടിയാണ്. ഇവിടെ തനിച്ചിരുന്നാണ് 'തൊള്ളായിരം വയസ്സുള്ള മുത്തി' എന്ന് ഓമനപ്പേരുള്ള മുത്തശ്ശി കല്ലുടയ്ക്കുന്നത്.

അധ്വാനംകൊണ്ട് ജീവിതം സഫലമാക്കുന്ന ഇവർക്ക് ഒരുവണ്ടി മെറ്റൽ കൊടുത്താൽ 900 രൂപ കിട്ടും. ഇതിനായി ഒരുമാസം മുഴുവൻ കല്ലുടയ്ക്കണം. വൈകിട്ട് ഇരുട്ടുപരക്കുംവരെയാണ് ജോലി. ഇതിനിടെ രണ്ടു മൂന്നു പ്രാവശ്യമെങ്കിലും ക്വാറി കയറിയിറങ്ങണം. ഭക്ഷണം കഴിക്കാനും മറ്റുമായി ക്വാറിയിൽ നിന്ന് ഒരു കിലോമീറ്റർ ദൂരം നടക്കുകയും വേണം. ഞായറാഴ്ചകളിലും കാളിമുത്തശ്ശിക്ക് അവധിയില്ല.

ബുദ്ധിയുറച്ചുതുടങ്ങിയ കാലത്തുതന്നെ പറമ്പിലും പാടത്തുമൊക്കെ ഈ പണിക്ക് പോയിത്തുടങ്ങി. 60 വയസ്സുവരെ വിവിധ ജോലികൾ ചെയ്തു. അറുപതാം വയസ്സുമുതലാണ് കരിങ്കൽ ക്വാറിയിലെത്തിയത്. ഇപ്പോഴും പുലർച്ചെ എണീറ്റ് വീട്ടിലെ മുറ്റമടിയും മറ്റും കഴിഞ്ഞാണ് ഇവർ ക്വാറിയിലെത്തുന്നത്. പട്ടിണിയാകാതിരിക്കാൻ കിട്ടിയതെന്തും കഴിക്കുമെന്ന് പറയുന്ന ഇവർക്ക് ആഹാരകാര്യത്തിൽ പ്രത്യേക ചിട്ടകളില്ല.

വള, മാല, ചെരുപ്പ് തുടങ്ങിയവയൊന്നും അണിയില്ല. ഉത്സവകാലമായാൽ വേലയ്ക്കും പൂരത്തിനും മുടങ്ങാതെ പോവുന്നത് മാത്രമാണ് തന്റെ സന്തോഷമെന്ന് ഇവർ പറയുന്നു. എത്രകാലം കല്ലുടയ്ക്കൽ തുടരും എന്ന ചോദ്യത്തിന് കൈകൾ പൊന്തും വരെ എന്നായിരുന്നു ഉത്തരം.

ഏകമകൾ ലക്ഷ്മിക്ക് നാലുവയസ്സുള്ളപ്പോഴാണ് ഇവരുടെ ഭർത്താവ് കൃഷ്ണൻ മരിച്ചത്. മകളുടെയും ഭർത്താവിന്റെയും കൂടെയാണ് താമസം.

## കവിതകൾ ശേഖരിക്കാം

അധ്വാനമഹത്വം പ്രതിപാദിക്കുന്ന ധാരാളം കവിതകൾ മലയാളത്തിലുണ്ട്. ഇവ ശേഖരിച്ച് പതിപ്പു നിർമിക്കാമല്ലോ.

## ചില കവിതാശകലങ്ങൾ

മൂന്നിലൊന്നു പങ്കുഴിയിൽ ചെങ്കോലു-
മൂന്നിനിൽക്കുന്നൊരധ്വാനമാണു ഞാൻ
ജീർണതേ മാറിനിൽക്കൂ, വരുന്നിതാ
ജീവിതത്തിൻ കൊടിപ്പടമേന്തി ഞാൻ

മർത്ത്യവീര്യമീയദ്രിയെ വെല്ലും

വിഭവസമൃദ്ധമാം ജിവിതത്തിൽ
വിളവെടുപ്പിനു നീ വിത്തുപാകി

ചേർക്കുണ്ടിൽത്താഴ്ത്തുമീ തൂവിരൽത്തുമ്പെത്ര
നാടിന്റെ നന്മകൾ കൊയ്തെടുത്തൂ!

ഇപ്പെരും ക്രൂരതയോടു പോരാടുവോ-
രിപ്പോഴും പുഞ്ചയ്ക്കു തേവുമീ വേട്ടുവർ
പഞ്ചഭൂതങ്ങളോടങ്കമാടീടുമീ-
പ്പഞ്ചമരത്രേ പെരും പടയാളികൾ

പതിപ്പിന്റെ പ്രവർത്തനങ്ങൾ ഗ്രൂപ്പുകളെ ഏല്പിക്കണം. ഓരോ ഗ്രൂപ്പും അവരുടെ ശേഖരണത്തിന് ആമുഖം തയാറാക്കണം. പതിപ്പിൽ മെച്ചപ്പെടുത്തിയ ആമുഖങ്ങളും ഉൾക്കൊള്ളിക്കണം.

## പ്രാദേശികഭാഷ

തൊഴിലാളി അയൽപക്കക്കാരനാണെങ്കിലും കവിയ്ക്ക് അദ്ദേഹം അപരിചിതനാണ്. അദ്ദേഹത്തിന്റെ ചരിത്രങ്ങളെല്ലാം കവി മനസ്സിലാക്കിയിട്ടുണ്ട്. വരുംകാലത്തിന്റെ അധിപനും തൊഴിലാളിയാണെന്ന് കവിക്കറിയാം. എങ്കിലും അദ്ദേഹത്തിന്റെ ചിന്തകൾ കവിക്ക് അജ്ഞാതമായി തന്നെയിരിക്കുന്നു.

## പാതകൾ പണിയുന്നവർ

തൊഴിലാളിജീവിതത്തിന്റെ ഹൃദയസ്പർശിയായ ആവിഷ്കാരമാണ് ചുള്ളിക്കാടിന്റെ ഈ കവിത. അദ്ദേഹത്തിന്റെ 'കൂലിപ്പണിക്കാരന്റെ ചിരി' എന്ന കവിതയിലെ ഒരു ഭാഗമാണിത്. വഴിപ്പണിക്കാരനെ മുൻനിറുത്തി ഏതു രംഗത്തെയും കഠിനാധ്വാനികളുടെ ജീവിതസത്യങ്ങളെ കവി ഇവിടെ അവതരിപ്പിക്കുന്നു.

## ഈണം കണ്ടെത്താം

കുട്ടികൾ ചെറുസംഘങ്ങളായി കവിതയ്ക്ക് ഈണം കണ്ടെത്തി അവതരിപ്പിക്കട്ടെ. ആലാപനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അധ്യാപിക ചൂണ്ടിക്കാണിച്ചുകൊടുക്കേണ്ടതുണ്ട്.

## ആസ്വാദനം

ആസ്വാദനത്തിന് സഹായകമായ ചില ചോദ്യങ്ങൾ അധ്യാപിക ചോദിക്കണം.

- വഴിപ്പണിക്കാരന്റെ ജീവിതം കഠിനതകൾ നിറഞ്ഞതായിത്തീരുന്നതെന്തുകൊണ്ട്?
- വരുവാനിരിക്കുന്ന വസന്തകാലത്തിന്റെ അധിപനാണ് വഴിപ്പണിക്കാരനെന്ന് കവി പറയുന്നതെന്തുകൊണ്ട്?
-

## കണ്ടെത്താം

സവിശേഷപ്രയോഗങ്ങളാണു ഭാഷയ്ക്ക് ഭാവം നൽകുന്നത്. ആശയത്തിന്റെ വിവിധ തലങ്ങളിലേക്കു സഞ്ചരിക്കാൻ അതു വായനക്കാരെ പ്രേരിപ്പിക്കും. ഭാവം ഉറപ്പിക്കാൻ ചില പദങ്ങളുടെ ആവർത്തനം സഹായിക്കും. "പെയ്തുതോർന്നു"- എന്നതും "പെയ്തുപെയ്തേ തോർന്നു" എന്നതും ശ്രദ്ധിക്കൂ. ആദ്യത്തേത് ഒരു കേവല പ്രസ്താവനയാണെങ്കിൽ രണ്ടാമത്തേത് മഴയുടെ തുടർച്ചയായ പെയ്ത്തിനെ കാണിക്കുന്നു. കൊടിയൊക്കെ, വഴിയൊക്കെ എന്നതിനു പകരം കൊടിയായ കൊടിയൊക്കെ, വഴിയായ വഴിയൊക്കെ എന്ന് ഉപയോഗിക്കുമ്പോൾ ലോകത്തെ എല്ലാ വഴികളും എല്ലാ കൊടികളും എന്ന വിപുലമായ ആശയം ലഭിക്കുന്നു. ഗദ്യത്തിലുമുണ്ട് ഇത്തരം പ്രയോഗങ്ങൾ. ക്ലാസിൽ നിന്നുതന്നെ വാക്കുകൾ കണ്ടെത്തി പട്ടികപ്പെടുത്തുമല്ലോ.

## സ്വതന്ത്രരചന

അധ്വാനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന പത്രവാർത്തകളും, ഫീച്ചറുകളും (ഒന്നോ, രണ്ടോ എണ്ണം) ക്ലാസിൽ കൊണ്ടുവന്ന് വായിക്കട്ടെ. ഉള്ളിൽ തട്ടുന്ന ഒരനുഭവം കുട്ടികൾ കഥയായോ കവിതയായോ ലേഖനമായോ എഴുതട്ടെ.

## ചർച്ചചെയ്യാം

നഗരങ്ങൾ ചരിത്രങ്ങളൊക്കെയും, താജ്മഹൽ നിർമിച്ച രാജശില്പി എന്നീ പ്രവർത്തനങ്ങൾ ഒരുമിച്ച് ചർച്ചചെയ്യാവുന്നതാണ്. നഗരങ്ങൾ, ചരിത്രങ്ങൾ ഇവയൊക്കെ പണിതത് തൊഴിലാളികളാണെന്ന തിരിച്ചറിവിലേക്ക് എത്താൻ കവിയെ സഹായിച്ചതെന്തൊക്കെയാണ്?

താജ്മഹൽ നിർമിച്ചതാര് എന്ന ചോദ്യത്തിന് ഉത്തരം ഷാജഹാൻ ചക്രവർത്തി എന്നായിരിക്കും. പലപ്പോഴും അതിനു പിന്നിൽ പ്രവർത്തിച്ച തൊഴിലാളികളെ നാം മറന്നുപോകുന്നില്ലേ? ഇതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്?

തുടങ്ങിയ ചോദ്യങ്ങളിലൂടെ അധ്യാപിക ചർച്ചനയിക്കുകയും തൊഴിലാളിയുടെ മഹത്വത്തെക്കുറിച്ച് ക്രോഡീകരണത്തിൽ കുട്ടികളെ ബോധ്യപ്പെടുത്തുകയും വേണം.

നഗരങ്ങളും കോട്ടകളും ആയുധങ്ങളുമൊക്കെ ചേർന്ന് ചരിത്രങ്ങളുണ്ടായി. സംസ്കാരവും മഹാസൗധങ്ങളും പിറവികൊള്ളുന്നതിന് പിന്നിൽ അജ്ഞാതങ്ങളായ ഒട്ടേറെ കരങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്.

താജ്മഹൽ നിർമിച്ച രാജശില്പി
ഷാജഹാൻ ചക്രവർത്തി -

എന്ന കവിഭാവന ഇതിനു വിപരീതമാണ്. എണ്ണിയാലൊടുങ്ങാത്ത തൊഴിലാളികളുടെ രക്തവും കണ്ണീരും വിയർപ്പുമാണ് മഹാസൗധങ്ങളായത്. ഈ സത്യം ഒരു ചരിത്രപുസ്തകത്തിലും കാണുന്നില്ല.

## ഒരുരുള ചോറ്

എത്ര മറച്ചുവച്ചാലും സത്യം ഒരുനാൾ പുറത്തുവരും, ആത്മാർഥതയും കഠിനാധ്വാനവും എന്നെങ്കിലും അംഗീകരിക്കപ്പെടും-ഇതാണീ നാടോടിക്കഥയുടെ ഇതിവൃത്തം. കുട്ടികൾക്ക് എളുപ്പത്തിൽ വായിച്ചാസ്വദിക്കാവുന്ന കഥയാണിത്. കഥയിലെ പന്നിയും കുറുക്കനും മനുഷ്യന്റെ തന്നെ രണ്ടു ശീലങ്ങളായും കാണാം.

## അഭിപ്രായമെഴുതാം

സ്വഭാവത്തിൽ എല്ലാവരും ഒരുപോലെയല്ല. ഉദാഹരണമായി, ചിലർ കാര്യങ്ങൾ നേരിട്ടു പറയും. ചിലർ സൂചനകളിലൂടെ പ്രകടിപ്പിക്കുന്നവരാണ്. എന്നാൽ മറ്റുചിലർ കാണുന്നതും അനുഭവിക്കുന്നതും പുറത്തു പറഞ്ഞെന്നു വരില്ല. തെറ്റുകാരനായ സുഹൃത്തു പോലും താൻ കാരണം വിഷമിക്കരുത് എന്നു വിചാരിക്കുന്നവരിൽപ്പെടുന്നു കിച്ചൻ. കഥയിലെ മഞ്ഞക്കിളിയെ ശ്രദ്ധിച്ചല്ലോ. മിച്ചുക്കുറുക്കന്റെ കാപട്യങ്ങൾ മുത്തിയമ്മയോടു പറയണമെന്നാണ് കിളി പറയുന്നത്. തീർച്ചയായും അതൊരു തെറ്റല്ല.

അധ്വാനിയായ കിച്ചൻ; തന്ത്രശാലിയായ മിച്ചു. കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകളെക്കുറിച്ച് ചർച്ച സംഘടിപ്പിക്കാം. കുട്ടികൾ സ്വന്തം അഭിപ്രായങ്ങളെഴുതട്ടെ.

## ആസ്വാദനക്കുറിപ്പ്

കഥയിലെ കിച്ചനും മിച്ചുവും മൃഗങ്ങളാണെങ്കിലും മനുഷ്യരുടെ സ്വഭാവങ്ങളാണവയ്ക്ക് നൽകിയിരിക്കുന്നത്. കഥാപാത്രങ്ങളുടെ ചിന്തയിലും പ്രവൃത്തികളിലുമൊക്കെ മനുഷ്യരീതികൾ കാണാം.

കുട്ടികൾ നേരത്തേ തയാറാക്കിയ അഭിപ്രായക്കുറിപ്പ് കൂടി ഉപയോഗപ്പെടുത്തി കഥയുടെ മൊത്തം ആശയത്തിലേക്കും കഥാവതരണത്തിന്റെ സൗന്ദര്യാംശങ്ങളിലേക്കും അധ്വാനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിലേക്കും നയിക്കാനുതകുന്ന മാർഗമാണ് അധ്യാപിക സ്വീകരിക്കേണ്ടത്.

- കഥയുടെ കേന്ദ്രാശയം
- കഥാപാത്രങ്ങൾ - സംഭാഷണങ്ങൾ
- തലക്കെട്ട്
- തുടക്കം, ഒടുക്കം
- നിർണായകരംഗം

- കഥ നൽകുന്ന സന്ദേശം
- ഏറ്റവും മികച്ച ഭാഗം

എന്നിങ്ങനെ ആവിഷ്കാരഭംഗിവരെ ചർച്ചചെയ്യണം.

ഉദാ: "അൽപ്പനേരത്തിനകം അവരുടെ മുന്നിൽ ഓട്ടുകിണ്ണത്തിൽ ആവിപാറുന്ന പൊടിയരിക്കഞ്ഞിയെത്തി. ഉരുകുന്ന വെണ്ണയുടെ നറുമണം" തുടങ്ങിയ ഭാഗങ്ങൾ.

## വാങ്മയചിത്രം

പേരുസൂചിപ്പിക്കുന്നതു പോലെതന്നെ, എഴുത്തുകാരൻ വാക്കുകൾകൊണ്ട് ആസ്വാദകമനസ്സിൽ വരയ്ക്കുന്ന ദൃശ്യമാണു വാങ്മയചിത്രം. സന്ദർഭങ്ങളോ വ്യക്തികളോ പ്രകൃതിയോ എന്തുമാവാം ഇത്. ഒരർഥത്തിൽ പറഞ്ഞാൽ, സൂക്ഷ്മസ്വഭാവത്തിന്റെ വർണനതന്നെ. പദ്യത്തിലും ഗദ്യത്തിലും ഇത്തരം ആവിഷ്കാരങ്ങളുണ്ടാവാറുണ്ട്.

ഒരു വ്യക്തിയെ വർണിക്കുമ്പോൾ ആകാരം, അവയവങ്ങൾ, ചലനങ്ങൾ, നോട്ടം, സംഭാഷണം, വസ്ത്രം, മുഖഭാവം തുടങ്ങിയവയൊക്കെ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ നമ്മുടെ മനസ്സിൽ അയാളുടെ സമ്പൂർണചിത്രം തെളിയാറുണ്ടല്ലോ. ഒരു സിനിമാഗാനം നോക്കൂ:

"മുടി മേലെ കെട്ടിവെച്ച്
തുളുനാടൻ പട്ടുടുത്ത്
മുക്കുറ്റിച്ചാർത്തും തൊട്ട്
ഞാനിരുന്നു"

കഥയിൽ മുത്തിയുടെ രൂപം വർണിച്ചതിങ്ങനെ;

"വെളുത്ത മുടി വാരികൂട്ടി നെറുകയിൽ
കെട്ടിയിരിക്കുന്നു. കാതിൽ ഊഞ്ഞാലാടുന്ന
തോടകൾ, വാത്സല്യം തുളുമ്പുന്ന കണ്ണുകൾ;
സ്നേഹം പ്രകാശിക്കുന്ന മുഖം."

ഈ ഉദാഹരണചിത്രങ്ങൾ വിശദീകരിച്ചുകൊടുക്കാം.

പിന്നെ, പാടത്തു നിന്നുക്ഷീണിച്ചുവരുന്ന കിച്ചന്റെ വാങ്മയചിത്രം കുട്ടികൾക്കു രചിക്കാനാവും. ആകർഷകമായ ഭാഷ, സംക്ഷിപ്തത, ഉചിതമായ പദപ്രയോഗങ്ങൾ, വർണനാപാടവം തുടങ്ങിയവ കണക്കിലെടുത്ത് മികച്ച വാങ്മയചിത്രങ്ങൾ തിരഞ്ഞെടുക്കാം.

## കഥാരചന

പഴഞ്ചൊല്ലുകൾക്കു കൊച്ചുകവിതകളുടെ സ്വഭാവമുണ്ട്. പ്രത്യക്ഷത്തിൽ ഒരർഥവും ഉള്ളിൽ വിശാലമായ മറ്റർഥങ്ങളും അവയ്ക്കുണ്ട്. ആന്തരാർഥങ്ങൾക്കാണു പ്രാധാന്യം. പഴഞ്ചൊല്ലുകൾ കൊണ്ടു തീർത്ത ബാലകഥകൾ നിരവധിയാണ്. 'ഒരുരുള ചോറ്' എന്ന കഥയ്ക്കു "പല നാൾ കള്ളൻ ഒരുനാൾ പിടിയിൽ" എന്ന ചൊല്ലിന്റെ പിൻബലമുണ്ടല്ലോ. 'കഠിനാധ്വാനം അംഗീകരിക്കപ്പെടും' എന്നത് കഥ നൽകുന്ന സന്ദേശമാണ്. ഇതേ പോലെ "ഒത്തൊരുമിച്ചാൽ മലയും പോരും," "വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും" തുടങ്ങിയ പഴഞ്ചൊല്ലുകളിൽ നിന്നു കഥകൾ നെയ്തെടുക്കാം,

ഒരു ചൊല്ലിനെ എത്രമാത്രം വ്യാഖ്യാനിക്കാം? വിവിധ വശങ്ങളിലേക്കു കുട്ടികളുടെ ചടുലമായ ഭാവന കടന്നുചെന്നേക്കാം. ചില ചോദ്യങ്ങളിലൂടെ ആശയരൂപീകരണം നടത്താം. ഭാവനയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താം. തുടർന്ന് കഥാരചനയുടെ ചില തന്ത്രങ്ങളും പരിഗണിക്കണം.

- സന്ദർഭവുമായി ഇണങ്ങിപ്പോവുന്ന കഥാപാത്രങ്ങൾ
- കഥാപാത്രങ്ങളുടെ ജീവിതസാഹചര്യം, സ്വഭാവസവിശേഷതകൾ
- അവതരണഘടന നിശ്ചയിക്കൽ
- ജിജ്ഞാസ ജനിപ്പിക്കാനുതകുന്ന രീതി
- പ്രയോഗങ്ങൾ
- കേന്ദ്രാശയം സൂചിപ്പിക്കുന്ന ശീർഷകം
-

രസകരമായ രണ്ടോ മൂന്നോ കൊച്ചുകഥകൾ തിരഞ്ഞെടുത്ത് ഇഴപിരിച്ചു ചർച്ചനടത്താം.

### തൂപ്പുകാരി

ജിയുടെ ശ്രദ്ധേയമായ ഒരു കവിതയാണു 'തൂപ്പുകാരി'. ജീവിതത്തിന്റെ പ്രധാന വീഥികളിലൊക്കെ സേവനമർപ്പിക്കുമ്പോഴും അവർ ആരാലും ശ്രദ്ധിക്കപ്പെടുന്നില്ല. ചുള്ളിക്കാടിന്റെ കവിതയിൽ അയൽക്കാരായിട്ടും അപരിചിതരാവുന്ന വഴിപ്പണിക്കാരനെപ്പോലെതന്നെയാണു ജിയുടെ 'തൂപ്പുകാരി'യും. അവളുടെ രൂപം മനോഹരമല്ലെങ്കിലും വൃത്തിഹീനമായ നഗരമുഖത്തെ അവൾ മിനുക്കി സുന്ദരമാക്കുകയാണ്. ആ കൈകൾ വിശുദ്ധമാണ്. ഓരോ പുതുദിനത്തിന്റെയും ചെങ്കതിർ അവളുടെ പുരികത്തിൽ ചുംബിക്കുന്നു. അവിടെ വിയർപ്പുകണങ്ങൾ പൊടിയുന്നു. അവളുടെ ചൂലു തട്ടുമ്പോൾ തെരുവ് ഇക്കിളിക്കൊള്ളുന്നു. ആ വേർപ്പുമണികളുടെയത്ര ഭംഗി മാളികപ്പുറത്തെ കൊച്ചമ്മമാരുടെ മുത്തുമാലകൾക്കില്ല. മ്ലാനമായ ചിത്രത്തെ കലാകാരി പ്രസന്നമാക്കുന്നതുപോലെ അവൾ പട്ടണത്തെ മിനുക്കിയെടുക്കുന്നു. പട്ടണമുഖം ആരോഗ്യശ്രീയുടെ കൈയിലെ വാൽക്കണ്ണാടിയാക്കുന്നു. അതീവഹൃദ്യമായ ഒരു രൂപമെടുത്ത് തന്റെ ഹൃദയത്തിൽ അവൾ വന്നു പിറന്നെങ്കിൽ എന്നു കവി ആശിച്ചുപോവുന്നു.

"തൂലികത്തുമ്പാൽ മ്ലാനചിത്രത്തെ മനോധർമ-
ശാലിയാമൊരു കലാകാരിയെന്നതുപോലെ,
പുതുക്കി മിനുക്കി നീ പട്ടണം; പുരീമുഖം"

തുടങ്ങിയ വരികളുടെ സവിശേഷസൗന്ദര്യം കുട്ടികളിലെത്തിക്കാൻ അധ്യാപിക ശ്രദ്ധിക്കേണ്ടതുണ്ട്.

### താരതമ്യക്കുറിപ്പ്

വൃത്തിഹീനലോകത്തെ വെടിപ്പുള്ളതാക്കുന്ന മഹദ്കൃത്യമാണു കാക്ക ചെയ്യുന്നത്. സൗന്ദര്യം കുറഞ്ഞ പക്ഷിയായാണു പലരും കാക്കയെ കാണുന്നത്.

## കാക്ക

കൂരിരുട്ടിന്റെ കിടാത്തി, യെന്നാൽ
സൂര്യപ്രകാശത്തിനുറ്റ തോഴി,
ചീത്തകൾ കൊത്തിവലിക്കുകിലു-
മേറ്റവും വൃത്തിവെടുപ്പെഴുന്നോൾ,
കാക്ക നീ ഞങ്ങളെ സ്നേഹിക്കിലും
കാക്കണം സ്വാതന്ത്ര്യമെന്നറിവോൾ!

* * *

ചേലുകൾ നോക്കുവോളല്ല, നാനാ-
വേലകൾ ചെയ്യുവോളിക്കിടാത്തി.

ലോലമായ് മുവ്വിതളുള്ള നീല-
ക്കാലടിയെങ്ങു പതിഞ്ഞിടുന്നോ,
ആ നിലമൊക്കെയും ശുദ്ധിയേൽപ്പൂ
ചാണകവെള്ളം തളിച്ചപോലെ!

* * *

- തൂപ്പുകാരിയും കാക്കയും ഏതെല്ലാം കാര്യങ്ങളിൽ സമാനത പുലർത്തുന്നു.?
- അവരെ മറ്റുള്ളവർ എത്രമാത്രം പരിഗണിക്കുന്നു?
- അവർ സമൂഹത്തിനു ചെയ്യുന്ന സേവനമെന്ത്?
- അർഹമായ നിലയിൽ നാമവരെ കാണുന്നുണ്ടോ?
-

തുടങ്ങിയ ചോദ്യങ്ങളിലൂടെ ചർച്ച നടത്താം തുടർന്ന് കുട്ടികൾ താരതമ്യക്കുറിപ്പ് തയാറാക്കട്ടെ. സമാനതകളോടൊപ്പം വൈജാത്യങ്ങളും സൂചിപ്പിക്കാമല്ലോ. മെച്ചപ്പെടുത്തി എഴുതാം. എഡിറ്റിങ് സാധ്യതകൾ പ്രയോജനപ്പെടുത്താം.

## തൂപ്പുകാരി ഒരു ചിത്രകാരി

കവിതയിൽ ജി. തൂപ്പുകാരിയെ മനോധർമശാലിയായ കലാകാരിയായി വർണിക്കുന്നുണ്ട്. അസുന്ദരമായതിനെ സുന്ദരമാക്കുന്നതാണു കല. വൃത്തികെട്ട ഒരു തെരുവ് നമ്മിൽ അറപ്പുണ്ടാക്കും. എന്നാൽ ആ തെരുവിന്റെ പെയിന്റങ്ങ് നമ്മുടെ സൗന്ദര്യബോധത്തെ തൊട്ടുണർത്തും. മ്ലാനമായതിനെ പ്രകാശമുള്ളതാക്കാൻ നിശ്ചലഭാവത്തെ ചലനാത്മകമാക്കാൻ, കടുംശിലയെപ്പോലും കവിതയാക്കാൻ കലാകാരനു കഴിയും. ഇവിടെ തൂപ്പുകാരിയുടെ തൂലിക ചൂലാണ്. വൃത്തിയാക്കും മുമ്പുള്ള നഗരവും ശേഷമുള്ള നഗരമുഖവും സങ്കൽപ്പിച്ചുനോക്കൂ. ഇങ്ങനെയൊരു താരതമ്യം കവിതയെ ഏറെ മനോഹരമാക്കുന്നുണ്ട്. ഈ തരത്തിൽ പുതിയ ആസ്വാദന നിലവാരത്തിലേക്കു കുട്ടികൾ കടക്കട്ടെ. മെച്ചപ്പെട്ട ഒരു കുറിപ്പ് തയാറാക്കട്ടെ.

- എന്തുകൊണ്ടാണ് കവി തൂപ്പുകാരിയെ മനോധർമശാലിയായ കഥാകാരിയായി വിശേഷിപ്പിക്കുന്നത്? തൂപ്പുകാരിയും കലാകാരിയും തമ്മിലുള്ള സാമ്യങ്ങളേവ? കുട്ടികൾ അഭിപ്രായം പറയട്ടെ. അധ്യാപികയും ഇടപെടണം.

## പ്രാസഭംഗി

കവിതയ്ക്ക് ആശയം, ഭാവം, വർണന, താളം തുടങ്ങിയവ പോലെതന്നെ ശബ്ദസൗകുമാര്യത്തിനും സ്ഥാനം കൽപ്പിക്കുന്നു. പഴയ കവിതകളിൽ ഇത് ഏറെ ദീക്ഷിച്ചിരുന്നതായിക്കാണാം. ശബ്ദത്തിനോ അർഥത്തിനോ പ്രാധാന്യമെന്നത് ഒരു വലിയ സംവാദവുമായിരുന്നു. ഇന്ന് ഗാനങ്ങളിലാണ് ശബ്ദഭംഗി ഏറെ കണ്ടുവരുന്നത്. അക്ഷരാവർത്തനം കവിതയുടെ ചൊല്ലഴകിനു കരുത്തു പകരുമെന്നാണ് അഭിപ്രായം. വരികളിലെ ആദ്യാക്ഷരം, രണ്ടാമത്തേത്, അവസാന അക്ഷരം, വ്യഞ്ജനങ്ങൾ എന്നിവ ആവർത്തിക്കുന്ന രീതിയുണ്ട്.

"കാർവർണൻ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെ മെല്ലെ"

*ചെറുശ്ശേരി*

"ഞാനൊരു ബാലനശക്തനെന്നാകിലും
മാനിയാമെന്നുടെ താതനെയോർക്കനീ"

*എഴുത്തച്ഛൻ*

തുടങ്ങിയ ഉദാഹരണങ്ങളിൽ രണ്ടാമത്തെയക്ഷരം ആവർത്തിക്കുന്നു. ദ്വിതീയാക്ഷരപ്രാസം എന്നാണിതിനു പേര്

തുള്ളൽപ്പാട്ടുകളിൽ നമ്പ്യാർ അക്ഷരാവർത്തനം കൊണ്ട് ചടുലതാളങ്ങൾ തന്നെ തീർത്തു.

'തട്ടും കൊട്ടും ചെണ്ടയ്ക്കത്രേ
കിട്ടും പണമതു മാരാൻമാർക്കും
വെട്ടും കുത്തും പരിശയ്ക്കത്രേ
കിട്ടും വിരുതു പണിക്കർകെന്നും"

*സ്യമന്തകം*

"ആടുകയും ചിലർ പാടുകയും - ചില
രോടുകയും ചിലർ ചാടുകയും ചിലർ
വാടുകയും ചിലർ തേടുകയും ചിലർ
ചോടുകൾ വച്ചിടകൂടുകയും ചിലർ
വീടുകളും പല നാടുകളും പല
തോടുകളും പല കേടുകളും പല
കാടുകളും പല മാടുകളും മല-
മൂടുകളും മലർവാടികളും പല
മേടുകളും പല വേടുകളും പല
പാടവമോടു കടന്നു കടന്നുവ-
രാടലകന്നു തകർത്തു തിമർത്തു മ-
ഹാടവി പൂക്കു ഗമിക്കുന്നേരം"

*ഘോഷയാത്ര*

ഇത്തരം ചില ഉദാഹരണങ്ങൾ കുട്ടികൾക്കു പരിചയപ്പെടുത്തുമല്ലോ.

## ലഘുജീവചരിത്രം

സ്വാർഥതയില്ലാതെ, ലോകക്ഷേമത്തിനും അന്യന്റെ സന്തോഷത്തിനുമായി കഠിനാധ്വാനം ചെയ്യുന്ന നിരവധി പേർ നാട്ടിലുണ്ട്. അവരുടെ മഹത്വവും അതിലടങ്ങിയ നന്മയും മറ്റുള്ള വർക്കു മാതൃകയാവേണ്ടതുണ്ട്. സംഭവങ്ങൾക്കു പ്രാധാന്യം നൽകികൊണ്ട് അത്തരമൊരു വ്യക്തിയുടെ ജീവചരിത്രം നിർമ്മിക്കാം. ആകർഷണീയമായ ഭാഷയും ശൈലിയും സ്വീകരിച്ചു കൊണ്ട് ഒരാൾ സവിശേഷവ്യക്തിത്വങ്ങളെക്കുറിച്ചു രചിക്കുന്നതാണു ജീവചരിത്രം. തൂലികാ ചിത്രങ്ങളോ മാതൃകാപരമായ ലഘുജീവചരിത്രമോ പരിചയപപ്പെടുത്തി അധ്യാപികയുടെ സഹാ യത്തോടെ കുട്ടികൾ അതു തയാറാക്കട്ടെ. വായിച്ചും തിരുത്തിയും മെച്ചപ്പെടുത്തി പതിപ്പ് തയാറാക്കാം.

## സംവാദം

കായികമായി നിർവഹിക്കേണ്ട മിക്ക ജോലികളും ഇന്നു യന്ത്രങ്ങളാണു ചെയ്യുന്നത്- ഇതു ഗുണമോ ദോഷമോ സമൂഹത്തിനുണ്ടാക്കുക? സംവാദം സംഘടിപ്പിക്കുക.

എങ്ങനെ കായികാധ്വാനം വീണ്ടെടുക്കാം എന്നതിൽ ക്രോഡീകരിക്കണം.

# 1 വർണസുരഭിയാം ഭൂമി

## *സിലബസ് ഗ്രിഡ്*

**പ്രശ്നമേഖല** : പരിസ്ഥിതിസൗഹൃദപരമായ വ്യവസായവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും അഭാവം

**ഉപപ്രശ്നം** :
- വൈവിധ്യവും പാരസ്പര്യവുമാണ് പ്രകൃതിയുടെ സൗന്ദര്യം നിലനിർത്തുന്നത് എന്ന തിരിച്ചറിവില്ലായ്മ

**പഠനലക്ഷ്യങ്ങൾ** :
- പ്രകൃതിയിലെ ഓരോ വസ്തുവിനും ജീവിക്കും അതിന്റേതായ സ്ഥാനവും ഇടവും ഉണ്ട്. ഇവ പരസ്പരം ഇഴുകിച്ചേർന്ന് വർത്തിക്കുന്നതാണ് പ്രകൃതിയുടെ സൗന്ദര്യം എന്ന് തിരിച്ചറിയുക.
- പ്രകൃതിയുടെ പാരസ്പര്യവും സൗന്ദര്യവും വിഷയമാക്കിയ സാഹിത്യരചനകൾ ഉണ്ടെന്ന് തിരിച്ചറിയുക.
- സാഹിത്യരൂപങ്ങളിലെ പ്രയോഗഭംഗി, സൗന്ദര്യാംശങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് സ്വന്തം രചനകളിൽ ആവിഷ്ക്കരിക്കുക.

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| പ്രകൃതിയുടെ പാരസ്പര്യം വൈവിധ്യങ്ങളുടെ ചേർച്ചയാണ് പ്രകൃതിയുടെ സൗന്ദര്യം | • വൈവിധ്യങ്ങളുടെ കൂടിച്ചേരലാണ് പ്രകൃതിസൗന്ദര്യം.<br>• പ്രകൃതിയിലെ എല്ലാചരാചരങ്ങളും അമൂല്യമാണ്.<br>• പാരസ്പര്യമാണ് പ്രകൃതിയുടെ നിലനിൽപ്പിന്റെ കാതൽ.<br>• പ്രകൃതിയുടെ പാരസ്പര്യവും സൗന്ദര്യവും വിഷയമാക്കിയ നിരവധി രചനകൾ സാഹിത്യത്തിലുണ്ട്.<br>• ഇത്തരം രചനകളിലെ പ്രയോഗഭംഗി, വർണ്ണന, ഭാഷ എന്നിവ ആസ്വാദ്യമാണ്. | **ആർജ്ജിതജ്ഞാനം**<br>• പ്രകൃതിയിലെ സഹജസ്വഭാവം നഷ്ടപ്പെടുന്നു എന്ന തിരിച്ചറിവ്.<br>• പ്രകൃതിയുടെ സുന്ദരവും വിരൂപവുമായ ഭാവങ്ങൾ അനാവൃതമാകുന്ന രചനകൾ.<br>**കൃതികളും രചനകളും**<br>• പ്രകൃതിയിലെ പരസ്പരാശ്രിതത്വം പ്രകടമാക്കുന്ന കവിത, കഥ.<br>• പ്രകൃതിസൗന്ദര്യത്തിന്റെ വൈവിധ്യം ചിത്രീകരിക്കുന്ന ലേഖനങ്ങൾ, കവിതകൾ, കഥകൾ. | • പ്രകൃതിയിലെ പാരസ്പര്യത്തിന്റെ ഉദാത്തമാതൃകകൾ പ്രതിപാദിക്കുന്ന കഥകൾ, കവിതകൾ ഇവ വായിച്ച് ആസ്വാദിക്കുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>• പ്രകൃതി സൗന്ദര്യം പ്രതിപാദിക്കുന്ന കവിതകളും കഥകളും വായിച്ച് ആസ്വദിച്ച് വർണ്ണനകൾ, താരതമ്യക്കുറിപ്പ്, ചിത്രങ്ങൾ, കഥാപാത്രനിരൂപണം, ആസ്വാദനക്കുറിപ്പ്, കവിത, ചർച്ചാക്കുറിപ്പ് എന്നീ വ്യവഹാരരൂപങ്ങൾ തയ്യാറാക്കുന്നു.<br>• ഭാഷയുടെ പ്രയോഗഭംഗി പ്രതിഫലിക്കുന്ന ലഘുകവിത, കഥ, ഉപന്യാസം ഇവ നിർമ്മിക്കുന്നു. | • പ്രകൃതിയിലെ ഓരോ വസ്തുവും വിലപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് സംരക്ഷിക്കാനുള്ള മനോഭാവം.<br>• പ്രകൃതി സൗന്ദര്യം ആസ്വാദിക്കാനും അവ നഷ്ടപ്പെടുന്ന സാഹചര്യം തിരിച്ചറിഞ്ഞ് അതിനെതിരെ പ്രതികരിക്കാനുമുള്ള മനോഭാവം.<br>• പരസ്പരാശ്രിതത്വമാണ് പ്രകൃതിയുടെ നിലനിൽപ്പിന് ആവശ്യമെന്ന് തിരിച്ചറിഞ്ഞ് ഇതിന് വിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് എതിരെയുള്ള നിലപാടെടുക്കൽ. | പ്രകൃതിയുടെ പാരസ്പര്യം, സൗന്ദര്യം ഇവ പ്രതിപാദിക്കുന്ന സാഹിത്യ രചനകൾ വിശകലനം ചെയ്യുന്നതിനും.<br><br>പ്രകൃതി സൗഹൃദപരമായ നിലപാടുകൾ സ്വീകരിക്കുന്നതിനുമുള്ള താല്പര്യവും പ്രവർത്തനങ്ങളും<br><br>ഇത്തരം സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന രചനകളിൽ ഏർപ്പെടൽ. |

# 1 വർണസുരഭിയാം ഭൂമി

*പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം പൗരാണികകാലം മുതല്ക്കേ മികച്ച സാഹിത്യരചനകൾക്ക് വിഷയമായിട്ടുണ്ട്. കാളിദാസന്റെ ശാകുന്തളവും മേഘസന്ദേശവു മെല്ലാം ഇതിന് ഉദാഹരണങ്ങളാണ്.*

കാളിദാസന്റെ ശാകുന്തളത്തിൽ ഭർത്തൃഗൃഹത്തിലേക്ക് പുറപ്പെടുന്ന ശകുന്തള ആശ്രമത്തോടു യാത്രപറയുന്ന സന്ദർഭം നോക്കൂ:

(തീർഥാടനം കഴിഞ്ഞു മടങ്ങിയെത്തിയ കണ്വമഹർഷി ഗർഭിണിയായ ശകുന്തളയെ ദുഷ്യന്തന്റെ കൊട്ടാരത്തിലേക്കയക്കുന്നു. ഭർതൃഗൃഹത്തിലേക്കു പോകുന്ന ശകുന്തളയ്ക്കു കണ്വാശ്രമത്തിലെ ചരാചരങ്ങൾ നിറകണ്ണുകളോടെ യാത്രാമംഗളമാശംസിക്കുന്നു)

സഖിമാർ : ഞങ്ങൾ നിന്നെ കുറിയിടുവിക്കട്ടെ, ശരിയായിരിക്കൂ!

ശകുന്തള : ഇതു പതിവുള്ളതാണെങ്കിലും ഇപ്പോൾ ബഹുമാനിക്കേണ്ടിയിരിക്കുന്നു. സഖിമാർ എന്നെ ചമയിക്കുക എന്നത് ഇനി ദുർല്ലഭമാണല്ലോ (കണ്ണീർതൂകുന്നു).

മുനികുമാരന്മാർ : (ആഭരണങ്ങൾ എടുത്തുകൊണ്ട് പ്രവേശിക്കുന്നു) ഇതാ ആഭരണങ്ങൾ, ആര്യയെ ചമയിക്കാം.

(എല്ലാവരും നോക്കി വിസ്മയിക്കുന്നു.)

ഗൗതമി : വത്സ നാരദ, ഇതെല്ലാം എവിടെ നിന്നാണ്?

മുനികുമാരന്മാർ : കേട്ടാലും! ശകുന്തളയ്ക്കു വേണ്ടി വൃക്ഷങ്ങളിൽ ചെന്ന് പൂപറിക്കുവാൻ താതകാശ്യപൻ ഞങ്ങളോടാജ്ഞാപിച്ചു. ഞങ്ങൾ ചെന്ന ഉടനെ ചുറ്റാനുള്ള ഉടയാട ഒരു വൃക്ഷം തന്നു. മറ്റൊരെണ്ണം ചരണങ്ങളിൽ പുരട്ടാനുള്ള ചെഞ്ചാറു ചൊരിഞ്ഞു. മറ്റുള്ളവയാകട്ടെ, ശാഖാഗ്രങ്ങൾ വഴിയായി ആഭരണങ്ങളും തരികയുണ്ടായി.

സഖിമാർ : ഈയുള്ളവർ ആഭരണങ്ങൾ കൈകാര്യം ചെയ്തിട്ടില്ല. ചിത്രത്തിൽ കണ്ടിട്ടുള്ള പരിചയം കൊണ്ട് നിന്നെ അണിയിക്കുന്നതാണേ! (സഖിമാർ ചമയിക്കുന്നു)

ശകുന്തള : സഖി പ്രിയംവദേ, എനിക്കാര്യപുത്രനെ കാണാനുള്ള കൗതുകം വളരെയുണ്ടെങ്കിലും ആശ്രമം വിട്ടുപോകുന്നതിന് ഒരിടപോലും മുന്നോട്ടു നീങ്ങുന്നില്ല.

പ്രിയംവദ : വിട്ടുപിരിയുന്നതിൽ നിനക്കുമാത്രമല്ല മനസ്താപം. ഈ തപോവനത്തിന്റെ അവസ്ഥ നോക്കൂ. മാനുകൾ പുല്ലുമേയാൻ മറന്നു. മയിലുകൾക്കു നൃത്തമാടാനാവുന്നില്ല, വള്ളികളിൽ നിന്ന് വെള്ളില വീഴുമ്പോൾ കാനനമാകെ കണ്ണീർപെയ്യുന്നതു പോലെ തോന്നുന്നു.

ശകുന്തള : (ഓർമിച്ച്) അച്ഛാ, ഞാൻ എന്റെ ലതാസഹോദരിയായ വനജ്യോത്സ്നയോട് യാത്ര ചോദിക്കട്ടെ.

കാശ്യപൻ : ഈ ലതയോട് നിനക്കു സഹോദരസ്നേഹമുണ്ടെന്ന് എനിക്കറിയാം. ഇതാ അതു വലത്തുവശത്തുനിൽക്കുന്നു.

ശകുന്തള : (മുല്ലവള്ളിയെ ആലിംഗനം ചെയ്തിട്ട്) വനജ്യോത്സ്നേ, നീ തേന്മാവു മായിച്ചേർന്നിരിക്കുകയാണെങ്കിലും ഇങ്ങോട്ടുവന്നിട്ടുള്ള ചെറുതലക്കൈകൾ കൊണ്ട് എന്നെ പ്രത്യാലിംഗനം ചെയ്യണേ! ഇന്നു മുതൽ ഞാൻ നിന്നെപ്പി രിഞ്ഞ് ദൂരദേശത്തു വസിക്കുവാൻ പോകുകയാണ്.

കാശ്യപൻ : നീ നിന്റെ ഗുണങ്ങൾ കൊണ്ട് സ്വന്തം വരനെ പ്രാപിച്ചു. തേന്മാവിനോട് ചേർന്നു ഈ മുല്ലവള്ളിയും. നിങ്ങളെക്കുറിച്ച് ചിന്തിച്ച് ഇനി ഞാൻ ദുഃഖി ക്കേണ്ടാ.

ശകുന്തള : (സഖിമാരോട്) വനജ്യോത്സ്നയെ ഞാൻ നിങ്ങളുടെ കൈയിൽ ഏൽപ്പിച്ചി രിക്കുന്നു.

സഖിമാർ : ഞങ്ങളെ നീ ആരുടെ കൈയിലാണ് ഏൽപ്പിച്ചിരിക്കുന്നത് (കണ്ണു നീർതൂകുന്നു)

കാശ്യപൻ : അനസൂയേ, കരയരുത്; നിങ്ങൾ വേണമല്ലോ ശകുന്തളയെ ആശ്വസിപ്പിക്കാൻ.

ശകുന്തള : (നോക്കിയിട്ട്) അച്ഛാ, ഇതാ ഗർഭിണിയായ മാൻപേട ആശ്രമത്തിനടുത്തു തന്നെ വലിഞ്ഞിഴഞ്ഞു നടക്കുന്നു. ഇവൾ സുഖമായി പ്രസവിച്ചാൽ ആ സന്തോഷവർത്തമാനം എന്റെ അടുക്കൽ പറഞ്ഞയയ്ക്കണേ!

കാശ്യപൻ : അതു ഞാൻ മറക്കുകയില്ല.

ശകുന്തള : (എന്തോ കാലിൽ തടഞ്ഞതായിഭാവിച്ചിട്ട്) ചെടികളിൽ ഉടക്കിയതുപോലെ എന്റെ പുടവ തടയുന്നതെന്താണ്. (തിരിഞ്ഞുനോക്കുന്നു)

കാശ്യപൻ : മകളേ, നീ മുഖമാകെ മുറിവേറ്റ ഒരു മാൻകുട്ടിയെ ഓടലെണ്ണതടവി മുറിവു ണക്കി, ചാമയരിനൽകി വളർത്തിയില്ലേ. നിന്റെ ആ ദത്തുപുത്രനാണ് നിന്നെ പിന്തുടരുന്നത്.

ശകുന്തള : വത്സ, കൂട്ടുവിട്ടുപോകുന്ന എന്നെ നീ എന്തിനു പിന്തുടരുന്നു? പ്രസവിച്ച ഉടനെ തള്ള മരിച്ചുപോയിട്ടു നിന്നെ ഞാൻ വളർത്തിവിട്ടു. ഞാൻ പോയി ക്കഴിഞ്ഞാൽ അച്ഛൻ നിന്നെ അന്വേഷിച്ചുകൊള്ളും. ഇപ്പോൾ നിൽക്കു. (കര ഞ്ഞുകൊണ്ട് നടക്കുന്നു)

- ശകുന്തളയുടെ യാത്രാമൊഴി ഉണർത്തുന്ന ചിന്തകളെന്തെല്ലാം?
- കണ്വാശ്രമത്തിലെ ശകുന്തളയുടെ ജീവിതം എങ്ങനെയായിരുന്നു?

മനുഷ്യന്റെ പ്രകൃതിസ്നേഹം വേദകാലത്തു തന്നെ പ്രകടമായിരുന്നു.

യത്തേ ഭൂമേവിഖനാമി
ക്ഷിപ്രം തദപി രോഹതു
മാ തേ മർമ വിമൃഗ്വരി
മാ തേ ഹൃദയ മർപ്പിപം

(ഹേ ഭൂമി! നിന്നിൽ നിന്ന് ഞാനെടുക്കുന്നതെന്തോ അതു വേഗം വീണ്ടും മുളച്ചുവരട്ടെ. പാവ നയായവളേ! ഞാനൊരിക്കലും നിന്റെ മർമങ്ങളെ, നിന്റെ ഹൃദയത്തെ, പിളർക്കാതിരിക്കട്ടെ.)

യാത്രാമംഗളവും വേദസൂക്തവും വായിച്ചില്ലേ. ഇവയിലെ ആശയങ്ങൾ ഉപയോഗിച്ചുകൊണ്ട് നമ്മുടെ പ്രകൃതിദർശനം എന്ന വിഷയത്തിൽ ഒരു പ്രഭാഷണം അധ്യാപിക തയാറാക്കണം.

- നാം പ്രകൃതിയെ ഈ നിലയിലാണോ ഇന്നു കാണുന്നതും ഉപയോഗിക്കുന്നതും?
- ഈ സമീപനമുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെന്തെല്ലാമാണ്?
- പൗരാണിക പ്രകൃതിദർശനത്തെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്താണ്?
- എന്തുകൊണ്ട് ഈ നിലപാട് നിങ്ങൾ സ്വീകരിക്കുന്നു?

പ്രഭാഷണത്തിൽ ഈ ചോദ്യങ്ങൾക്കുള്ള മറുപടി കൂടി ഉൾപ്പെടുത്തണം. യൂണിറ്റിന്റെ അവസാനത്തിൽ കുട്ടികൾ തയാറാക്കേണ്ട പ്രഭാഷണത്തിൽ ഈ രചന ഉപയോഗപ്പെടുത്തണം.

പ്രകൃതിയെ, അതിലെ ചരാചരങ്ങളെ അവയുടെ ഇഴക്കണ്ണികൾ അറ്റുപോവാതെ സംരക്ഷിക്കേണ്ടതല്ലേ? അതിനിനിയും കാലതാമസമുണ്ടായാൽ നമ്മുടെ നിലനിൽപ്പുപോലും അപകടത്തിലാകും. ഇത് കുട്ടികളും പുതുതലമുറയും തിരിച്ചറിയേണ്ടതാണ്.

## യൂണിറ്റിനെക്കുറിച്ച്

പരിസ്ഥിതിയോട് ഇണങ്ങിയും സൗഹൃദപരമായും വേണം വികസനമെന്നും, വ്യവസായവൽക്കരണവും നഗരവൽക്കരണവും നിലവിലുള്ള പ്രകൃതിയെ, വിഭവങ്ങളെ മുച്ചൂടും നശിപ്പിക്കുന്ന തരത്തിലാകരുതെന്നും കുട്ടിക്ക് വ്യക്തമാക്കുന്നതിന് സഹായകമായതാണ് ഇവിടുത്തെ പ്രശ്നമേഖല. ഇതിൽത്തന്നെ ഒരേ സമയം വൈവിധ്യവും എന്നാൽ പരസ്പരബന്ധിതവുമായ സഹവർത്തിത്വവുമാണ് പ്രകൃതിയുടെ നിലനിൽപ്പിന്റെ ആധാരം എന്ന ആശയമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്ന ഉപപ്രശ്നം.

## യൂണിറ്റിലൂടെ നേടേണ്ടത്

പ്രകൃതിയിൽ ഓരോ വസ്തുവിനും അതിന്റേതായ ഇടവും സ്ഥാനവുമുണ്ടെന്നു തിരിച്ചറിയുക. ഇവയുടെ ഇണക്കമാണ് പ്രകൃതിയുടെ സൗന്ദര്യം എന്ന സത്യം ഉൾക്കൊള്ളുക. വൈവിധ്യങ്ങൾ ഇണങ്ങിച്ചേരുന്നതിലൂടെയാണ് പ്രകൃതി നിലനിൽക്കുന്നത്. ആദികവി മുതൽ ആധുനിക സാഹിത്യകാരന്മാർ വരെ പ്രകൃതിയുടെ ലയഭാവതാളങ്ങൾ രചനയ്ക്കു വിഷയമാക്കിയിട്ടുണ്ട്. പ്രകൃതിയുടെ ഓരോ സ്പന്ദനങ്ങളെയും ചരാചരങ്ങളിൽ നിലനിൽക്കുന്ന പാരസ്പര്യത്തെയും കണ്ടെത്തുന്നതിന് ഈ രചനകൾ സഹായിക്കുന്നു. സാഹിത്യമെന്ന നിലയിൽ സൗന്ദര്യതലങ്ങളിൽ മികച്ചുനിൽക്കുന്ന ഇത്തരം രചനകൾ ആസ്വദിക്കുകയും സ്വാംശീകരിച്ച് സ്വരചനകളിൽ ആവിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. ഒപ്പം പ്രകൃതിസ്നേഹം വളർത്തുന്ന പ്രവർത്തനങ്ങളിൽ താത്പര്യമുണർത്തുംവിധം പ്രശ്നമേഖലയെ വിശകലനംചെയ്യുകയും വേണം.

## യൂണിറ്റിലേക്ക്

തണലേകിയും തണുപ്പേകിയും നിരവധി പക്ഷിമൃഗാദികൾക്കു കൂട്ടായിത്തീർന്ന ഒരു വൃക്ഷം. ഫലമേകുന്ന അയിനിമരം ഗ്രാമത്തിന്റെ തിലകക്കുറിയായിരുന്നു. മരം വെട്ടിവീഴ്ത്തുന്നതോടെ പ്രകൃതിയുടെ ചങ്ങലക്കണ്ണികൾക്ക് വിളക്കിച്ചേർക്കാനാവാത്ത വിടവ് അവശേഷിക്കുന്നു. അയിനിമരത്തിന്റെ കഥ പറയുന്നു, സി. രാധാകൃഷ്ണന്റെ 'ആകാശത്തിൽ ഒരു വിടവ്.'

എല്ലാം നശിച്ചുപോയിട്ടില്ല, പോകില്ല; വല്ലതും ശേഷിക്കുമെന്ന പ്രതീക്ഷയുടെ കിരണങ്ങൾ പ്രകൃതിയിൽ തകർച്ചനേരിടുന്ന ഓരോന്നിനെയും തട്ടിയുണർത്തുന്നു. അവ ഭൂമിക്കു നൽകുന്ന പുതുഊർജത്തിന്റെ കഥ പാടുന്നു സച്ചിദാനന്ദനെഴുതിയ ഹരിതം എന്ന കവിത.

ഭൂമിയുടെ നിത്യവിസ്മയമായ ലാവണ്യസൗഭാഗ്യം പോലെ എത്തുന്ന ഋതുക്കളെക്കുറിച്ചും അവ പ്രകൃതിയിൽ വരയ്ക്കുന്ന വർണപ്പൂക്കളങ്ങളെക്കുറിച്ചും സ്വാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വിവരിക്കുന്നു ഏ.പി. ഉദയഭാനുവിന്റെ ഉപവസന്തം എന്ന ലേഖനം.

വിവിധ വർണങ്ങളിലും ഭാവങ്ങളിലും വേഷവിധാനങ്ങളിലും പാറിപ്പറന്നുനടക്കുന്ന അരിപ്പിറാവിൽ, അതിന്റെ മൃദുലകോമളമേനിയിൽ പ്രകൃതിയിലെ മുഴുവൻ സൗന്ദര്യാംശങ്ങളും കണ്ടെത്തുന്ന ഒരു കവിതയാണ് വള്ളത്തോളിന്റെ 'ഒരരിപ്പിറാവ്.'

### പഠനപ്രവർത്തനങ്ങളിലേക്ക്

#### തേക്കുമുത്തച്ഛന്റെ കഥ

മൃഗങ്ങൾ പരസ്പരം സഹായിച്ച കഥ കുട്ടികളോട് പറയാൻ ആവശ്യപ്പെടാം

- ഉറുമ്പിനെ രക്ഷിച്ച പ്രാവ്
- സിംഹത്തെ രക്ഷിച്ച എലി
- കുറുക്കന്റെ തൊണ്ടയിലെ മുള്ളെടുത്ത കൊക്ക്.

ഇതുപോലുള്ള കഥകളിലെ പൊതുസന്ദേശം ക്ലാസ്സിൽ ചർച്ചചെയ്യണം. കുട്ടികൾ കഥ വായിക്കട്ടെ.

പരസ്പരം ആശ്രയിക്കാതെ ജീവജാലങ്ങൾ കഴിഞ്ഞിരുന്നെങ്കിൽ തേക്കുമരത്തിനെന്തു സംഭവിക്കുമായിരുന്നു? ചർച്ചചെയ്യുക.

(എന്റെ മരം ഡയറിയുടെ കവർച്ചിത്രത്തിനടുത്ത പേജിൽ ടി.വി. ശരത് വരച്ച ചിത്രം ക്ലാസിൽ വിശകലനംചെയ്യണം).

ലഘുചോദ്യങ്ങളിലൂടെ കഥയെ അപഗ്രഥിക്കാം. ഏതാനും മാതൃകകൾ:

- തേക്കുമുത്തച്ഛന്റെ അനുവാദം മറ്റു ജീവികൾ ഗൗരവമായെടുത്തത് എന്തുകൊണ്ടാവാം?
- തേക്കുമരത്തിന്റെ ചുറ്റുമുള്ള ലോകം എങ്ങനെയുള്ളതായിരുന്നു?

ഇന്തോനേഷ്യൻ നാടോടിക്കഥ കുട്ടികൾക്കു പരിചയപ്പെടുത്തണം.

## ആട്ടിടയബാലനും ആൽമരവും

പണ്ടു പണ്ട്, മൃഗങ്ങളും മനുഷ്യരും മരങ്ങളും അന്യോന്യം സംസാരിച്ചിരുന്ന കാലത്ത് ഒരു ചെറിയ ഗ്രാമത്തിലെ വിസ്തൃതമായ പച്ചപിടിച്ച മേച്ചിൽപ്പുറത്തിനരുകിൽ ഒരു ആൽമരം വളർന്നുനിന്നിരുന്നു. കട്ടിയേറിയ ഇലകൾക്കിടയിലൂടെ ഒരു സൂര്യരശ്മി പോലും കടത്തിവിടാത്ത ശക്തനായ ഒരു വലിയ മരമായിരുന്നു അത്. വെയിലധികമുള്ള ചൂടേറിയ ദിവസങ്ങളിൽ ഗ്രാമവാസികൾ മരത്തിന്റെ കുളുർമയുള്ള തണലിൽ വിശ്രമിക്കുകയും കുറച്ചുനേരം മരത്തിനോട് സംസാരിക്കുകയും ചെയ്യുമായിരുന്നു. വിവേകം നിറഞ്ഞ വയസ്സനാണ് ഈ ആൽമരമെന്ന് എല്ലാവർക്കുമറിയാമായിരുന്നു. അതിന്റെ പ്രായവും അനുഭവങ്ങളും അത്രയേറെയായിരുന്നു.

ഒരു ദിവസം ആട്ടിടയനായ ഒരു ബാലൻ മരത്തിനടിയിൽ വിശ്രമിക്കുവാനായി വന്ന് ഇരുന്നു. പകൽ മുഴുവൻ വെയിലത്തു നടന്നതിനാൽ അവൻ അങ്ങേയറ്റം ക്ഷീണിച്ചിരുന്നു. അവന്റെ ക്ഷീണിച്ച ദേഹത്തെ ആശ്വസിപ്പിക്കുവാനെന്നോണം ഇളം കാറ്റ് വീശിയിരുന്നു. മരച്ചുവട്ടിൽ കിടന്നുറങ്ങുവാൻ ആരംഭിച്ച ബാലൻ പെട്ടെന്നാണ് മരത്തിന്റെ ചില്ലകൾ ശ്രദ്ധിച്ചത്.

ബാലൻ തെല്ലൊരു അഹങ്കാരിയായിരുന്നു. താൻ പ്രഗത്ഭനായ ഒരു ആട്ടിടയനായതു കാരണം ആട്ടിൻപറ്റം എത്ര വേഗമാണ് വളരുന്നതെന്നും മറ്റും എപ്പോഴുമവൻ ആത്മപ്രശംസ നടത്തിയിരുന്നു. ആൽമരത്തിന്റെ കായ്കൾ വളരെ ചെറുതാണെന്നു കണ്ടപ്പോൾ കുട്ടിക്ക് അത്ഭുതമായി.

“ഇത്രയും വലിയൊരു മരത്തിന്റെ പൂക്കളും കായ്കളും ഇത്രയ്ക്ക് ചെറുതോ?” അവൻ പുച്ഛിച്ചു. “എല്ലാവരും ഈ മരമെത്ര വിവേകമുള്ളതാണെന്ന് പറയാറുണ്ട്. പക്ഷെ, ഇത്രയും ചെറിയ പഴങ്ങൾ ഉണ്ടാകുന്ന മരമെങ്ങനെ വിവേകശാലിയാകും?”

ആൽമരം കുട്ടി പറഞ്ഞ ഓരോ വാക്കും കേട്ടു. മിണ്ടാതെനിന്ന മരം സ്വന്തം ഇലകൾ പതുക്കെയിളക്കി മൃദുവായ ഒരു താരാട്ടു പാട്ടുപോലെ കാറ്റു കൊണ്ട് ബാലനെ തഴുകാൻ തുടങ്ങി. ബാലൻ കൂർക്കം വലിച്ചുറങ്ങുവാൻ ആരംഭിച്ചു.

“പ്ലിംക്!” ഒരു ചെറു പഴം കുട്ടിയുടെ നെറുകയുടെ ഒത്ത നടുവിൽ വന്നു വീണു ഒരു നടുക്കത്തോടെ അവൻ ഉണർന്നു.

“ഹോ, ഞാനൊന്ന് ഉറങ്ങിവന്നതായിരുന്നു.” പഴം എടുത്ത് മാറ്റിക്കൊണ്ടവൻ മുറുമുറുത്തു. പെട്ടെന്നൊരു ചെറു ചിരി അവൻ കേട്ടു. “നിനക്ക് വേദനിച്ചുവോ?” മരം ചോദിച്ചു.

“ഇല്ല. പക്ഷേ, എന്നെയത് ഉണർത്തി.”

“തലക്കനമുള്ള പയ്യനേ, ഇതു നിനക്കൊരു പാഠമാകട്ടെ. ഞാൻ ചെറിയ പഴങ്ങളേ ഉണ്ടാക്കുന്നുള്ളുവെന്ന് പറഞ്ഞ് നീ ചിരിച്ചില്ലേ?”

“തീർച്ചയായും, ഞാനത് ചെയ്തു. മനുഷ്യർക്കെങ്ങനെ താങ്കളെ വിവേകശാലിയെന്നു വിളിക്കുവാൻ കഴിയും? ഉറങ്ങുന്നവരെ ഉറക്കത്തിൽ നിന്ന് വിളിച്ചുണർത്തുന്നതു വിവേകമാണോ?”

മരം വീണ്ടു ചിരിച്ചു “ഹാ, എന്റെ സുഹൃത്തേ!” മരം പറഞ്ഞു: “നിനക്കു വിശ്രമിക്കുവാനുള്ള തണൽ എന്റെ ഇലകൾ തരുന്നു. എന്റെ പഴങ്ങൾ ചെറുതായിരിക്കാം - പക്ഷേ, എത്ര ഉത്തമമായിട്ടാണ് പ്രകൃതിയുടെ പ്രക്രിയകളെന്നു നോക്കൂ? എന്റെ പഴം ഒരു തേങ്ങയോളം വലുതായിരുന്നെങ്കിൽ നിന്റെ തലയിലതു വീഴുമ്പോൾ സ്ഥിതിയൊന്ന് ആലോചിച്ചുനോക്കൂ.”

ആട്ടിടയബാലൻ നിശ്ശബ്ദനായി...

രണ്ടു കഥകളുടെയും ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ ഒരു താരതമ്യക്കുറിപ്പ് തയാറാക്കട്ടെ.

**താരതമ്യക്കുറിപ്പിൽ ഉണ്ടാകേണ്ടത്**

- രണ്ട് കഥകളിലെയും ആശയങ്ങൾ തമ്മിൽ ബന്ധിപ്പിച്ചിട്ടുണ്ട്.
- പ്രകൃതിയുടെ അത്ഭുതകരമായ സന്തുലിതനില മനസ്സിലാക്കിയിട്ടുണ്ട്.
- ആശയങ്ങൾ ക്രമമായി അവതരിപ്പിച്ചിട്ടുണ്ട്.
- പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം വിശകലനംചെയ്ത് സ്വന്തം കാഴ്ചപ്പാടുകൾ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്?

വൃക്ഷങ്ങളെ നമുക്ക് സുഹൃത്തുക്കളെന്നു വിളിച്ചുകൂടേ? ഇത്തരം ചോദ്യങ്ങളിലൂടെ ആകാശത്തിൽ ഒരു വിടവ് എന്ന കഥയിലേക്ക് കുട്ടികളെ നയിക്കണം.

‘ആകാശത്തിൽ ഒരു വിടവ്’ എന്ന കഥ കുട്ടികൾ വായിക്കട്ടെ

കഥയ്ക്കു മുമ്പ് ഉന്നയിച്ച ചോദ്യത്തിൽ നിന്ന് തന്നെ കഥ വിശകലനം ചെയ്യാമല്ലോ.

- ഭാരിച്ച ചുമടേറ്റി ജീവിതം കൂനിപ്പോയ ഒരാളെപ്പോലെ നിന്ന അയിനി-വിശദീകരിക്കാമോ?
- അയിനിമരം മുറിക്കുവാൻ കോപ്പനാശാരി തയാറാകാതിരുന്നത് എന്തുകൊണ്ടാവാം?
- കോപ്പൻ തൊഴിലുപേക്ഷിച്ചതിനു കാരണം എന്താകാം?

ചർച്ചയിലെ ചോദ്യങ്ങൾക്ക് കുട്ടികൾ നൽകുന്ന പ്രതികരണങ്ങൾ ബോർഡിൽ ലിസ്റ്റുചെയ്യാം.

### കുറിപ്പു തയാറാക്കാം

ഗ്രാമത്തിലെ കുട്ടികളും കോപ്പനും അയിനിമരത്തിന്റെ നാശം എങ്ങനെയാണ് സ്വീകരിച്ചത്?

കുട്ടികൾ മരംവെട്ടു സംഭവം ഉത്സവമാക്കി. ഇതു ശരിയായ നിലപാടാണോ? തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സ്വന്തം നിലപാടുകൾ വിശദീകരിക്കുന്ന കുറിപ്പുകൾ തയാറാക്കാൻ നിർദ്ദേശിക്കണം.

### തലക്കെട്ടിലേക്ക്

കഥയുടെ തലക്കെട്ട്, കഥയുടെ ആശയവുമായി എന്തുമാത്രം യോജിച്ചതാണ്?

“ഞങ്ങൾ കുട്ടികൾ തിരിഞ്ഞുനോക്കി; ആകാശത്തിൽ ഒരു ഒഴിവ്”

“ഇല്ലപ്പറമ്പിൽ ആ വന്മരം നിന്നേടത്ത് ഇപ്പോഴും ആകാശത്തിൽ ഒരു വിടവ് അവശേഷിക്കുന്നു.”

“മരങ്ങളേറെയുണ്ടായിട്ടും അത്രയും ഉയരമെത്താൻ മറ്റൊരു മരത്തിനും ഇന്നേവരെ കഴിഞ്ഞിട്ടുമില്ല-ഇവയൊക്കെ സൂചിപ്പിക്കുന്ന നഷ്ടത്തെ പ്രതിനിധീകരിക്കുന്നതല്ലെ ആകാശത്തിൽ ഒരു വിടവ് എന്ന തലക്കെട്ട്-കുട്ടികൾ അവരുടെ അഭിപ്രായം പറയട്ടെ-സ്വന്തം അഭിപ്രായം ന്യായീകരിക്കുകയും വേണം.

‘ആകാശത്തിൽ ഒരു ഒഴിവ്’ എന്ന തലക്കെട്ടിന്റെ സവിശേഷതയിലേക്ക് കുട്ടികളെ കൊണ്ടുപോകണം.

- അയിനി ആകാശത്തിൽ മാത്രമാണോ വിടവുണ്ടാക്കിയത്?
- വിലപ്പെട്ട പലതിന്റെയും നഷ്ടമുണ്ടാക്കുന്ന വിടവ്-ഈ ആശയം ക്ലാസിൽ ചർച്ചചെയ്യണം. ഉദാ: പുഴയുടെ നാശം, മഹാന്മാരുടെ മരണം

### തലക്കെട്ട് വിലയിരുത്തൽ

വിശാലമായ ഒരു ആശയമേഖലയെ എങ്ങനെ സമഗ്രത ചോർന്നുപോകാതെ കാച്ചിക്കുറുക്കി പറയാം എന്നതാണ് തലക്കെട്ട് നിർമിക്കുമ്പോഴുള്ള വെല്ലുവിളി. അതിനാൽ

- സംക്ഷിപ്തത-കുറഞ്ഞ വാക്കുകളിൽ ആശയം വ്യക്തമാക്കൽ
- ആശയസമഗ്രത-ബന്ധപ്പെട്ട എല്ലാ ആശയങ്ങളെയും സമർഥമായി ഒരുമിപ്പിക്കൽ
- ആകർഷകത്വം-ശ്രദ്ധ പിടിച്ചുപറ്റുന്ന പ്രയോഗം

എന്നിവയെല്ലാം തലക്കെട്ടുകളിൽ ഉണ്ടാവണം.

പ്രപഞ്ചത്തിലെ എല്ലാ ചരാചരങ്ങളും ഒന്നിനൊന്ന് ബന്ധപ്പെട്ടു നിൽക്കുന്നവയാണ്. മഹത്തായ പ്രപഞ്ചസത്തയുടെ ചങ്ങലക്കണ്ണികളാണ് ഓരോ ജീവജാലവും. അപ്പോൾ മരം കേവലം ഒരു മരം മാത്രമല്ല. അത് അനേകായിരം ജീവികൾ വസിക്കുന്ന ഒരു ആവാസവ്യവസ്ഥയാണ്. അപ്പോൾ ഒരു മരം നഷ്ടമാകുമ്പോൾ ഉണ്ടാകുന്ന വിടവ് പരിഹരിക്കാനാകാത്തതാണ്. ഇവിടെ ആകാശം എന്ന വാക്ക് പ്രപഞ്ചം തന്നെയായി മാറുന്നു. അതിനാൽ ആകാശത്തിന്റെ വിടവ് എന്നു പറയുമ്പോൾ ശക്തമായ ഒരു ആശയതലം സർഗാത്മകമായി സന്നിവേശിപ്പിക്കപ്പെടുന്നു.

ഇങ്ങനെ വിശകലനം ചെയ്തുപോകാനുള്ള സൂചകങ്ങളും വിശദീകരണങ്ങളുമാണ് അധ്യാപിക നല്കേണ്ടത്. പ്രകൃതിയിലെ പരസ്പരാശ്രിതത്വത്തിന്റെ മറ്റ് ഉദാഹരണങ്ങൾ കണ്ടെത്താൻ കുട്ടികളോട് പറയാം. തവളകൾ നശിക്കുമ്പോൾ കൊതുക് വർദ്ധിക്കുന്നു തുടങ്ങിയവ...

### താരതമ്യക്കുറിപ്പ്

കോപ്പനാശാരിയുടെ കാഴ്ചപ്പാട് ശ്രദ്ധിക്കൂ.

- അയിനിമരത്തെക്കുറിച്ച് നമ്പൂതിരിക്കു നൽകുന്ന ഉറപ്പ്
- മരത്തോടുള്ള അപേക്ഷ
- മരം വെട്ടുന്നതിനോടുള്ള വിയോജിപ്പ്
- മരംവെട്ടുകാരെക്കുറിച്ചുള്ള ആശങ്ക
- മരം വീണതിനുശേഷമുള്ള ആശാരിയുടെ ജീവിതം

ഇതാണോ മൂപ്പന്റെ നിലപാട്? താരതമ്യക്കുറിപ്പിലേക്ക് കുട്ടികളെ നയിക്കണം.

ടി.ബി യിൽ തന്നിരിക്കുന്ന ഗാനം അട്ടപ്പാടിയിലെ ഇരുളർ എന്ന ആദിവാസി വിഭാഗത്തിന്റെ സംഭാവനയാണ് (മണ്ണെഴുത്തുഡയറി, പേജ് 9). ഈണം നല്കി കുട്ടികൾ പാടട്ടെ.

ഗാനത്തിന്റെ ആശയം ക്ലാസ്സിൽ ചർച്ചചെയ്യണം. ചർച്ചയിൽ വരേണ്ടകാര്യങ്ങൾ

- മണ്ണിനെ ആശ്രയിച്ച് മരം നിൽക്കുന്നു.
- മരത്തെ ആശ്രയിച്ച് കൊമ്പ്
- കൊമ്പിനെ ആശ്രയിച്ച് ഇല
- 

ഗാനം പൂർണമായി ചർച്ചയിൽ ഉപയോഗപ്പെടുത്തണം

ഇവിടെ മഹത്തായ ഒരു പ്രകൃതിദർശനം തന്നെ രൂപമെടുക്കുന്നു. ഈ കാഴ്ച്ചപ്പാട് തന്നെ യാണ് കഥയിലെ കോപ്പനാശാരിക്കും ഉള്ളത്. അയിനിമരവുമായി അദ്ദേഹത്തിനുണ്ടാകുന്ന വൈകാരികബന്ധം പ്രപഞ്ചത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആഴത്തിലുള്ള കാഴ്ച്ചപ്പാടാണ്. ഇതോടൊപ്പം കാണേണ്ട മറ്റൊരു വസ്തുത, കോപ്പനാശാരി അനേക തരം മരങ്ങൾ മുറിച്ച് തടികൊണ്ട് വിവിധ ഉപകരണങ്ങൾ ഉണ്ടാക്കുന്ന ആൾ കൂടിയാണെന്നതാണ്. പ്രപഞ്ചത്തിന്റെ കണ്ണിയറ്റുപോകാതെ, മനുഷ്യന്റെ പ്രാഥമികമായ ആവശ്യങ്ങൾക്കുവേണ്ടി ചിലപ്പോൾ മരം മുറി ക്കേണ്ടിവരും എന്നറിയാവുന്ന ഒരാളാണ് കോപ്പനാശാരി.

- ഒരു മരവും മുറിക്കാതെ നമുക്കു കഴിയാനാകുമോ? കുട്ടികൾ ചർച്ചചെയ്യട്ടെ. പ്രകൃതി യിൽ നിന്ന് എടുക്കുന്നത് നാം തിരിച്ചു കൊടുക്കേണ്ടതുണ്ടെന്ന ആശയത്തിലേക്ക് ക്രോഡീ കരിക്കണം.

**കഥ എഴുതാം**

- മരം മുറിക്കുന്നത് പന്തിയല്ലെന്ന് കണ്ട കോപ്പനാശാരി പ്രതികരിച്ചത് എങ്ങനെയായിരുന്നു?

കുട്ടികൾ പാഠഭാഗത്തു നിന്ന് ആശയം കണ്ടെത്തണം.

- സൂക്ഷ്മനിരീക്ഷണത്തിൽ ഒരു ഘട്ടത്തിൽ കോപ്പനാശാരി ഉറക്കെ വിളിച്ചുപറഞ്ഞു. "മരത്ത്മ്പ്ല് ഇനി ഇരുന്നുകൂടാ! എറങ്ങണം!"
- കോപ്പനാശാരിയുടെ നിലവിളികേട്ട് മൂപ്പൻ നീരസത്തോടെ തലതിരിച്ചു. "ഇയ്യാളൊരു സൊന്തരവായല്ലോ!"
- 'സാരല്ല്യ', ആരോ മൂപ്പനെ സമാധാനിപ്പിച്ചു-"ഒരു പിരി ലൂസാണ്!"

പാഠഭാഗത്തു നിന്നുള്ള പ്രസ്തുത ആശയങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം.

- കോപ്പനാശാരിക്കു ഭ്രാന്തായിരുന്നോ?

കുട്ടികൾ അഭിപ്രായം അവതരിപ്പിക്കട്ടെ. അതിനുള്ള ന്യായങ്ങളും അവതരിപ്പിക്കുവാൻ നിർദ്ദേ ശിക്കണം.

വ്യത്യസ്ത വഴികളിൽ സഞ്ചരിച്ച വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തണം.

- ശ്രീബുദ്ധൻ
- നാറാണത്തു ഭ്രാന്തൻ
- 

ഇത്തരം ആളുകൾ ഇന്നും നമ്മുടെ സമൂഹത്തിൽ ഉണ്ടോ?

ഇങ്ങനെയുള്ള ഒരാളെക്കുറിച്ച് ഒരു കഥയെഴുതുവാൻ നിർദ്ദേശിക്കണം.

കഥയ്ക്കു വേണ്ട മുന്നൊരുക്കങ്ങൾ എന്തൊക്കെ?

- ആകർഷകമായ തുടക്കം
- ഭാവപരമായ ഏകാഗ്രത
- ഭാഷയുടെ സ്വാഭാവികമായ ഘടന
- സ്വാഭാവികമായ അന്ത്യം

വ്യക്തിഗതരചനകൾ സംഘത്തിൽ കൈമാറി വായിക്കണം. മികച്ച രചന ബുള്ളറ്റിൻ ബോർഡിൽ പ്രസിദ്ധീകരിക്കുകയും വേണം.

- പ്രകൃതിക്ക് നാശം വരുത്തുന്ന പുതുതലമുറയുടെ സമീപനത്തോട് തന്റെ പ്രതികരണം എങ്ങനെയാകണം എന്ന് ഓരോ കുട്ടിയും ചിന്തിക്കേണ്ടതില്ലേ? അവരുടെ ഇപ്പോഴത്തെ നിലപാടുകളും പ്രതികരണങ്ങളും പരിശോധിക്കാൻ ഈ കഥകളും ഉപയോഗപ്പെടുത്തണം.

കഥയിലെ കഥാപാത്രത്തെ ഓരോ കുട്ടിയും വികസിപ്പിച്ച രീതി, അവരുടെ നിലപാടുകൾ എന്നിവ ചർച്ചയ്ക്ക് വിധേയമാക്കണം. അതിന്റെ ഗുണദോഷങ്ങൾ ചർച്ചചെയ്യണം.

## പരുന്തിന്റെ ഓർമകൾ

- ഏറെനാൾ താമസിച്ച വീടും നാടും വിട്ടു പോകുമ്പോൾ നിങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങൾ എന്താവാം? (ലഘുചർച്ച)

ചർച്ചയിൽ ഉരുത്തിരിയേണ്ട ആശയങ്ങൾ

- നഷ്ടപ്പെടുന്ന സൗഹൃദങ്ങൾ
- ജീവിതത്തോട് ഇണങ്ങിച്ചേർന്ന സ്വന്തം ചുറ്റുപാട്
- വീടിനോട് നമുക്കുണ്ടായിരുന്ന ആത്മബന്ധം

കൂടു നഷ്ടപ്പെട്ട പരുന്തിന്റെ ചിന്തകളും ഇങ്ങനെയൊക്കെ ആവില്ലേ?

ഇത്തരം ചോദ്യങ്ങളിലൂടെ പരുന്തിന്റെ ചിന്തകൾ, കുട്ടികൾക്ക് ഇഷ്ടമുള്ള വ്യവഹാരരൂപത്തിൽ ആവിഷ്കരിക്കുവാൻ നിർദ്ദേശിക്കണം.

ഒരേ വ്യവഹാരരൂപം സ്വീകരിച്ചവർ സംഘമായി ചേർന്ന് രചനകൾ കൈമാറി വിലയിരുത്തി മെച്ചപ്പെടുത്തണം.

രചനകൾ പതിപ്പാക്കണം. അനുയോജ്യമായ പേരു നൽകാൻ നിർദ്ദേശിക്കണം. വായന ദിനത്തിൽ ഇതര ക്ലാസുകളിലെ കുട്ടികൾക്ക് പതിപ്പ് വായിക്കുവാൻ നൽകാം.

## ഡയറി

അയിനിമരം മുറിക്കാൻ തുടങ്ങിയപ്പോൾ ശ്രദ്ധയിൽപ്പെട്ട ജീവികളെ കഥാകാരൻ ആവിഷ്കരിക്കുന്നത് കുട്ടികൾ കണ്ടെത്തി എഴുതട്ടെ.

ഉദാഹരണം

- നിലത്തുമുഴുവൻ അയിനിച്ചക്കക്കുരുവും ചുളയളിഞ്ഞതും മടലും. മരത്തിൽ സമൃദ്ധമായി ചക്ക. നിലത്തു വീഴുമ്പോഴെ ചക്ക ചിതറുന്നു. ചെറിയ പക്ഷികളും പട്ടികളും ചക്കച്ചുള തിന്നുന്നു.
-

ഇവയിലെ സവിശേഷതകൾ ക്ലാസിൽ ചർച്ചചെയ്യണം.

- സൂക്ഷ്മനിരീക്ഷണം
- വാങ്മയചിത്രങ്ങൾ
-

കഥാകൃത്ത് ചില സന്ദർഭങ്ങളെ സൂക്ഷ്മമായി ആവിഷ്കരിച്ചത് കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തിയല്ലോ.

ഒരു കുട്ടി തന്റെ ചുറ്റുപാടിനെ ആവിഷ്കരിച്ചിരിക്കുന്ന ഈ ഭാഗം ചാർട്ടിലെഴുതി കുട്ടികൾക്ക് വായിക്കുവാൻ നൽകണം.

"അമ്മു വലിച്ചെറിഞ്ഞ വറ്റുകൾ മുറ്റത്തു വീണുചിതറി. എത്ര പെട്ടെന്നാണ് കോഴിപ്പിടയും കുഞ്ഞുങ്ങളും ഓടിയെത്തിയത്. കോലായിലിരുന്ന പൂച്ചക്കുറിഞ്ഞിയും ചാടിയിറങ്ങി. ദാ. എത്തിപ്പോയി മാവിൻകൊമ്പിൽ ഒളികണ്ണിട്ടു നോക്കിയിരുന്ന കള്ളിക്കാക്കയും. കാക്കച്ചി എത്തിയതോടെ വറ്റു ചിതറിയപോലെ കുഞ്ഞിക്കോഴികൾ ഓടിയകന്നു. പൂച്ചക്കുറിഞ്ഞി ചീറിയടുത്തു. കള്ളിക്കാക്ക പറന്നുപൊങ്ങി. കുറിഞ്ഞിയുടെ തലയിൽ ഒരു കൊത്ത്. മൈതാനത്ത് കളിക്കാനെത്തിയ കൂട്ടുകാരുടെ ബഹളംപോലെ തന്നെയായി മുറ്റത്തെ കോലാഹലവും. അമ്മു കൈകൊട്ടിച്ചിരിച്ചു."

രചനയുടെ സവിശേഷതകൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തണം. ഇതുപോലെ കുട്ടികൾ കണ്ട രസകരമായ ദൃശ്യങ്ങൾ ഡയറിക്കുറിപ്പായി എഴുതുവാൻ നിർദ്ദേശിക്കണം.

ഡയറിക്കുറിപ്പ് എഴുതുമ്പോൾ

- എഴുതുന്ന ആളിന്റെ ഹൃദയവികാരം പ്രകടമാകുന്ന രീതിയിൽ രചനനിർവഹിക്കണം.
- സ്വാനുഭവപ്രതീതിയുണ്ടാക്കും വിധം ആശയങ്ങൾ ക്രമീകരിക്കണം.
- ആശയസംക്ഷിപ്തത പാലിക്കണം

രചനകൾ കൈമാറി വിലയിരുത്താം. മികച്ചവ അവതരിപ്പിക്കുകയും ചെയ്യണം.

## ചുവർപത്രിക

ഇല്ലത്തിനു ഭീഷണിയാകുമെന്ന് ഭയന്നാണ് അയിനി മുറിച്ചുമാറ്റിയത്. എന്നിട്ടുപോലും ആകാശത്ത് അത് ഒരു വിടവ് തീർത്തു.

പുസ്തകങ്ങൾ നിർമിക്കുവാൻ ഒരുപാട് മരങ്ങൾ മുറിക്കുന്നില്ലേ?

നാം പുസ്തകങ്ങളിലെ കടലാസുകൾ പൂർണമായും ഉപയോഗിക്കുന്നുണ്ടോ?

തുളസിക്ക് ജോൺസി അങ്കിൾ അയച്ച കത്ത് കുട്ടികൾ വായിക്കട്ടെ (ടി.ബി)

മരങ്ങൾക്കു നിരവധി ഉപയോഗമില്ലേ?

ഇത്തരം സന്ദർഭങ്ങളിൽ മരം മുറിക്കേണ്ടിവരില്ലേ? ഇങ്ങനെയുള്ള അവസരങ്ങളിൽ നിങ്ങളുടെ നിലപാടെന്താവും?

കുട്ടികളുടെ അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ ലിസ്റ്റുചെയ്യണം.

മരംമുറിക്കാതെ നിവൃത്തിയില്ലാത്ത സന്ദർഭങ്ങളിൽ നമുക്ക് എങ്ങനെ ഉപയോഗം പരിമിതപ്പെടുത്താം.

- കടലാസ്
- പെൻസിൽ
- ബെഞ്ച് ഡെസ്ക് ബോർഡ്

ഇവയെ എങ്ങനെ പരമാവധി ഉപയോഗപ്പെടുത്താം. ക്ലാസിൽ ചർച്ച ചെയ്യണം.

വീടിനുവേണ്ട വാതിൽ, ജനൽ, ചട്ടങ്ങൾ, കഴുക്കോൽ ഇവയ്ക്ക് മരങ്ങൾക്കുപകരം മറ്റെന്തെല്ലാം സാധനങ്ങൾ ഉപയോഗിക്കുന്നുണ്ട്?

ഇവ പരിസ്ഥിതിസൗഹൃദപരമാണോ? ഇവയെ പ്രോത്സാഹിപ്പിക്കേണ്ടതാണോ?

കുട്ടികളുടെ ചർച്ചയിൽ ഉരുത്തിരിയുന്ന ആശയങ്ങൾ സർഗാത്മക രചനകളോ വ്യവഹാരരൂപങ്ങളോ ആയി അവതരിപ്പിക്കുവാൻ ആവശ്യപ്പെടണം.

കുട്ടികളുമായി ചർച്ചചെയ്ത് രചനകൾ ഏതെല്ലാം തരത്തിൽ വേണമെന്നു തീരുമാനിക്കാം,

ഓരോ സംഘവും ഓരോ തരം രചന നിർവഹിക്കണം.

ഓരോ രചനയും ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കണം.

സൂചകങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തലുകൾ നടത്തണം.

രചനകൾ ഉൾപ്പെടുത്തി ചുവർപത്രിക തയാറാക്കാം.

- രചനകൾ ഒരേ ആശയതലം ഉൾക്കൊള്ളുന്നവയാണ്. അതിനാൽ ചുവർപത്രികക്ക് തിരഞ്ഞെടുക്കുന്ന പേരു വിശകലനംചെയ്ത് വിഷയത്തിന് അനുയോജ്യമാക്കണം.

രചനകളിലെ ആശയങ്ങൾ

- അധികം വിശദീകരണങ്ങൾ ഒഴിവാക്കണം
- കാര്യമാത്രപ്രസക്തമാക്കുക (സംഗ്രഹിച്ചെഴുത്ത്)
- അനാവശ്യമായ അലങ്കാരങ്ങൾ ഒഴിവാക്കുക.

പ്രകൃതിയിൽ നിന്നുള്ള ചില വസ്തുക്കളാകട്ടെ ചുമർപത്രിക അലങ്കരിക്കുവാൻ.

ഉണങ്ങിയ ഇല, നാരുകൾ, പൂക്കൾ......

കത്തിൽ തുളസിയെ കടലാസ് ദുരുപയോഗം ചെയ്യുന്നതിന്റെ ഭവിഷ്യത്ത് ഓർമപ്പെടുത്തുന്നത് ജോൺസി അങ്കിളെന്ന ജോൺ.സി ജേക്കബാണ്.

മറ്റു പരിസ്ഥിതിപ്രവർത്തകരെക്കുറിച്ചുള്ള ലഘുകുറിപ്പുകളോ അവരുടെ പ്രവർത്തനറിപ്പോർട്ടിലെ പ്രസക്തമായ ഭാഗങ്ങളോ ചുമർപത്രികയിൽ ഉൾപ്പെടുത്താമല്ലോ.

**ജോൺസി അങ്കിൾ**

വികസനത്തിന്റെ മാർഗങ്ങൾ ജീവനീതിയെ ആസ്പദമാക്കിയാകണം എന്നു ശഠിച്ച പരിസ്ഥിതിപ്രവർത്തകനാണ് ജോൺസി അങ്കിളെന്ന ജോൺ. സി. ജേക്കബ്. “ഞാൻ വിത്തിട്ടു പോകുന്നു, വിതയ്ക്കേണ്ടത് നിങ്ങളുടെ ചുമതലയാണ്”. എന്നു പറഞ്ഞ് പ്രകൃതിയിൽ നിന്ന് എന്നന്നേക്കുമായി മടങ്ങിപ്പോയി അദ്ദേഹം. നമ്മുടെ നാട് പരിസ്ഥിതിയെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുന്നതിനുമുമ്പുതന്നെ പരിസ്ഥിതി പഠനവും പ്രതിരോധവും ഒരുമിച്ചാരംഭിച്ച വ്യക്തിയാണ് ശ്രീ. ജോൺ. സി. ജേക്കബ്. മണ്ണും കാടും ജലവും നശിപ്പിച്ചുകൊണ്ടുള്ള വിക

സനപദ്ധതികൾ നിലനിൽക്കില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. മുൾപ്പടർപ്പുകളിലൂടെ സഞ്ചരിച്ച അദ്ദേഹം പുല്ലിനും മരത്തിനും മൃഗത്തിനും മനുഷ്യനുമെല്ലാം ഭൂമിക്കുമേൽ തുല്യ അവകാശമേയുള്ളുവെന്ന് സമൂഹത്തെ പഠിപ്പിച്ചു. ആനയ്ക്കും ഉറുമ്പിനും ഒരേ അവകാശം. വിദ്യാലയങ്ങളിലെ പഠനയാത്രകൾ പ്രകൃതിയാത്രകളായിരിക്കണമെന്ന് ആദ്യം പറഞ്ഞതും പ്രയോഗത്തിൽ വരുത്തിയതും അദ്ദേഹമാണ്.

മദ്രാസ് ക്രിസ്ത്യൻ കോളേജിൽ പഠിക്കുന്ന കാലത്ത്, തന്റെ സസ്യശാസ്ത്ര പ്രൊഫസറിൽ നിന്നറിഞ്ഞ "ഒരു ജീവിയേയും ഉപദ്രവിക്കരുതെന്ന സന്ദേശം" ജീവിതത്തിലുടനീളം പ്രയോഗത്തിൽ വരുത്തിയ പ്രകൃതിസ്നേഹി കേരളത്തിൽ വേൾഡ് വൈൽഡ് ലൈഫ് ഫണ്ടിന്റെ ഭാഗമായി നേച്ചർ ക്യാമ്പ് നടത്തിയത് അദ്ദേഹമായിരുന്നു. സൈലന്റ് വാലി സംരക്ഷണത്തിന്റെ ഭാഗമായി സിംഹവാലൻ കുരങ്ങുകളെ സംരക്ഷിക്കുന്നതിന് സമരം നടത്തിയതും ഈ മഹാത്മാവാണ്. പ്രകൃതിയെ അറിയാൻ പുസ്തകങ്ങളെ ആശ്രയിക്കാതെ പ്രകൃതിയെത്തന്നെ ആശ്രയിക്കുക എന്നു പറഞ്ഞ അദ്ദേഹം, ആരും ആരുടെയും രക്ഷയ്ക്കെത്തില്ല എന്ന സത്യം തിരിച്ചറിഞ്ഞിരുന്നു. നാം തന്നെയാണ് നമ്മുടെ രക്ഷകർ എന്ന് അദ്ദേഹം ഓർമപ്പെടുത്തുന്നു.

"മരം വേറെ പൂമ്പാറ്റ വേറെ പൂഴകൾ വേറെ" പ്രകൃതിയെ കാണേണ്ടത് ഇങ്ങനെയാണോ?

ഒന്ന് ഒന്നിനോട് ബന്ധപ്പെട്ടതല്ലേ? ഒന്നുണർന്നാൽ ബാക്കിയെല്ലാം ഉണരില്ലേ?

ചോദ്യത്തിനുള്ള അന്വേഷണത്തിന്റെ ഭാഗമായി കുട്ടികൾ ഹരിതം എന്ന കവിത പരിചയപ്പെടട്ടെ.

# ഹരിതം

"ഏതു ദുർവിധിയുടെ മരുഭൂമിയിലും
പ്രത്യാശയുടെ ചില നീരുറവുകളുണ്ട്"

വാടിക്കൊഴിയാൻ നിൽക്കുന്ന ഒരു ഇല തന്റെ ഞരമ്പിലൊന്നിൽ പച്ചയുണ്ടെന്നു കണ്ടെത്തുന്നു. ജീവന്റെ തുടിപ്പുമായി തന്നിൽ പച്ച നിലനിൽക്കുന്നു എന്ന് ഇല ചില്ലയോടു പറഞ്ഞു. കൊഴിഞ്ഞുവീഴാതെ ഒരില ബാക്കി നിൽപ്പുണ്ടെന്ന് ചില്ല ആശ്വാസത്തോടെ കാറ്റിനോട് പറയുന്നു. കാറ്റിലും കുലുങ്ങിയൊടിഞ്ഞുവീഴാതെ ഒരു ചില്ലയുണ്ടെന്ന് പറഞ്ഞ് ഒരു മരം പക്ഷിയെ ആശ്വസിപ്പിക്കുന്നു. ഒരു മരം മാത്രം വെട്ടിക്കളയാതെ ഒരു കോണിൽ നിൽപ്പുണ്ടെന്ന് കാട് ഭൂമിയോടും. ഒരു കാട് ഭൂമിയിൽ അവശേഷിക്കുന്നുണ്ടെന്ന് മല സൂര്യനോട്, സൂര്യനൊരെണ്ണം അണയാതെ ബാക്കിയുണ്ടെന്ന് പടർന്നുകയറുന്ന രാത്രിയോട് ഞാനും പറഞ്ഞു.

ഭൂമിയിൽ, തകർച്ചയുടെ വഴിയിൽ അവശരായിക്കിടന്നവരൊക്കെ ഇതുകേട്ട് പുലരിയോടൊത്തുണരുന്നു. അവർക്കുവേണ്ടി പുഴകൾ പാടുന്നു, കരുണയും കാടും തളിരിടുന്നു. പ്രകാശത്തിന്റെ പൊൻകിരണവുമായെത്തിയ പുതുസൂര്യൻ മഞ്ഞിന്റെ തംബുരുമീട്ടുന്നു. വാക്കും മനസ്സും നവീകരിക്കപ്പെടുന്നു.

ഞരമ്പിലൊന്നിൽ പച്ചപ്പുണ്ടെന്ന ഇലയുടെ മൊഴി ഭൂമിക്കു വരുത്തുന്ന വിസ്മയകരമായ പുത്തനുണർവിന്റെ സംഗീതമാണ് ഈ കവിത. പച്ചപ്പിന്റെ ശക്തിയാണിവിടെ പ്രതിപാദിക്കുന്നത്. ഹരിതകണത്തിന്റെ അഭൗമമായ ചൈതന്യം ഭൂമിയെ ഉണർത്തുന്നു, സൂര്യ പ്രകാശം രാത്രിയെ മറയത്തേക്കു പായിക്കുന്നു.

സർവവും നശിക്കുമെന്നു കരുതിയ ഒരു വേളയിൽ അപ്രതീക്ഷതമായി കണ്ടെത്തുന്ന പച്ചപ്പ് ഭൂമിക്ക് മൃതസഞ്ജീവിനിയാകുന്നു, ഇവിടെ.

എല്ലാം നശിച്ചുപോയിട്ടില്ല; പോകില്ല
വല്ലതും ശേഷിക്കുമെന്നു വിചാരിക്കെ,
എന്തെന്നിതെൻ കരളിലാനന്ദവും
മിഴിയിൽ വിശ്വാസവും പുതിയ
ഭാവിയുടെ തെളിവാർന്ന ജൈവപ്രഭാവവും

എല്ലാം നശിക്കുമ്പോഴും എന്തെങ്കിലും ശേഷിക്കുമെന്ന പ്രത്യാശ കരളിലും മിഴിയിലും ആനന്ദവും വിശ്വാസവും കൊളുത്തിവയ്ക്കുന്നു. അവിടെ ഭാവിക്ക് ജൈവപ്രഭാവമാണ്. പ്രതീക്ഷയുടെ നിരന്തരവികാസവും വളർച്ചയും സൂചിപ്പിക്കുവാൻ ജൈവം എന്ന പ്രയോഗം കൊണ്ടു കഴിയുന്നില്ലേ?

പച്ചഞരമ്പ് - ഇല - ചില്ല - കാറ്റ് - മരം പക്ഷി, കാട്, ഭൂമി, മല സൂര്യൻ - ഞാൻ... കണ്ണിയുടെ ഒടുവിലത്തേതാണ് ഞാൻ. മുന്നിലുള്ള കണ്ണികളൊക്കെയുണ്ടെങ്കിലേ ഞാനുള്ളൂ. എന്നിലേക്കെത്തുന്ന ഈ ശൃംഖല തുടങ്ങുന്നത് പച്ചഞരമ്പിലാണ് ഈ കണ്ണിയിൽ ഒന്നടർത്തിയാൽ ഭൂമിയിൽ നാശത്തിന്റെ ഇരുട്ടു പരക്കില്ലേ?

കുട്ടികൾ സംഘമായിത്തിരിഞ്ഞ് കവിതയ്ക്ക് ഈണം കണ്ടെത്തി അവതരിപ്പിക്കട്ടെ.

കവിതയുടെ ഗസൽ രൂപത്തിലുള്ള സംഗീതാവിഷ്കാരം കേൾക്കുവാൻ അവസരം നൽകുകയുമാകാം (അകലെ മൗനം പോൽ - ഉമ്പായി)

## ആസ്വാദനം

- ഇലയും മരവും കാടും എന്തുകൊണ്ടാണിങ്ങനെ പറയുന്നത്?
- പ്രകൃതിയിൽ പച്ചപ്പുണ്ടെന്നു കണ്ട ഭൂമിക്കുണ്ടായ മാറ്റമെന്തൊക്കെയായിരുന്നു?
- കവിതയിൽ ജീവജാലങ്ങൾ തമ്മിലുള്ള ഇണക്കം എങ്ങനെയാണ് കവി വർണിക്കുന്നത്?

തുടങ്ങിയ ചോദ്യങ്ങളിലൂടെ കവിത വിശകലനംചെയ്യണം.

- കവിതയിലെ ആശയങ്ങൾ
- ആശയങ്ങളുടെ തുടക്കം മുതൽ ഒടുക്കംവരെയുള്ള ക്രമമായ വളർച്ച
- സാമൂഹ്യപ്രസക്തി
- മനോഹരങ്ങളായ കല്പനകൾ

തുങ്ങിയവ ചർച്ചയിൽ ഉൾപ്പെടുത്തണം.

ഈ കവിതയിൽ ചില പദങ്ങൾ ആവർത്തിച്ചുവരുന്നത് ശ്രദ്ധിച്ചില്ലേ. ഇത്തരം പദങ്ങൾ കവിതയുടെ ഭംഗിയ്ക്ക് എത്രമാത്രം സഹായിക്കുന്നുണ്ടെന്ന കാര്യം കൂടി ക്ലാസിൽ ചർച്ചചെയ്യണം.

ആശയങ്ങൾ ബോർഡിൽ ക്രോഡീകരിക്കണം. ഇനി കുട്ടികൾ ആസ്വാദനക്കുറിപ്പ് തയാറാക്കട്ടെ.

## താരതമ്യംചെയ്യുമ്പോൾ

താരതമ്യക്കുറിപ്പ് തയാറാക്കൽ വിശകലനശേഷി വളർത്തുന്ന ഒരു മാനസികപ്രവർത്തനമാണ് വ്യത്യസ്ത ആശയങ്ങളെ പൊതുവായ ചില സവിശേഷതകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ആശയരൂപീകരണം നടത്തുകയും സ്വന്തം നിലപാടുകൾ കൂട്ടിച്ചേർക്കുകയും ചെയ്യുമ്പോൾ താരതമ്യക്കുറിപ്പ് അർഥപൂർണമാകുന്നു.

## ഇരുട്ടിൽ പൊതിഞ്ഞ തിരിനാളം

ഉച്ചക്കൊടുംവെയിലിൽ നൽത്തണലു നല്കുന്ന
വൃക്ഷങ്ങൾ കടയറ്റുനൊന്തുവീഴുമ്പോഴും.

അച്ചില്ലയിൽചകിരി നാരുകൾപിണച്ചുള്ള
കൊച്ചുനീഡത്തിൽ പൊരുന്നിരിക്കും ചേക്കു-
പക്ഷികൾ ചിറകിട്ടടിച്ചുകേഴുമ്പൊഴും,
തളിരിലകളൂടേയൊളിഞ്ഞുനോക്കുന്ന പൂം-
ചെറുതുകളടർന്നുവീ'ണെല്ലാം നശി'ച്ചെന്നു
കരളുരുകി മണ്ണോടുമാറു ചേർക്കുമ്പൊഴും,
പിന്നെയും പൊട്ടിവിടരും മുളകളെക്കണ്ടു-
മങ്ങിങ്ങു ചെറുചകിരിനാരുകൾ കൊത്തുന്ന
മഞ്ഞക്കിളികളെക്കണ്ടു, മൊളികണ്ണിട്ടു
തന്നെയും വിണ്ണിനെയുമൊന്നിച്ചു നോക്കുന്ന
വർണവനപുഷ്പങ്ങളെക്കണ്ടുമെൻ മന-
സ്സിൻ മുറിപ്പാടുകൾ വേദന മറക്കുന്നു.

എല്ലാം നശിച്ചുപോയിട്ടില്ല; പോകില്ല
വല്ലതും ശേഷിക്കുമെന്നു വിചാരിക്കെ,
എന്തെന്തിതെൻ കരളിലാനന്ദവും
മിഴിയിൽ വിശ്വാസവും പുതിയ
ഭാവിയുടെ തെളിവാർന്ന സൂര്യപ്രകാശവും!

*പുനലൂർ ബാലൻ*

കവിതാഭാഗം ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുക.

കവിത കുട്ടികൾ ഈണം നൽകി അവതരിപ്പിക്കട്ടെ.

- കവിതയിൽ നാശത്തെ സൂചിപ്പിക്കുന്ന വരികൾ കണ്ടെത്തുക.
- മനസ്സിൽ സന്തോഷവും പ്രതീക്ഷയും നിറയ്ക്കുന്ന ചിത്രങ്ങളേതൊക്കെയാണ്?
- പ്രതീക്ഷ തരുന്ന കാഴ്ചകളിൽ പ്രകൃതിയിലെ ആരെല്ലാം എന്തെല്ലാം ഉൾപ്പെട്ടിരിക്കുന്നു?
- ആശയങ്ങളിൽ, പാഠഭാഗത്തെ കവിതയുമായി കണ്ടെത്തുന്ന സാമ്യങ്ങളെന്തൊക്കെയാണ്?

ആശയങ്ങൾ ക്രോഡീകരിച്ച് വ്യക്തിഗതമായി താരതമ്യക്കുറിപ്പു തയാറാക്കണം. (മുൻ പ്രവർത്തനത്തിലെ സൂചകങ്ങളും ഘട്ടങ്ങളും ഉപയോഗപ്പെടുത്താം)

- വേനലിൽ കരിഞ്ഞുണങ്ങിനിന്ന പ്രകൃതിയിൽ മഴത്തുള്ളി തൊടുമ്പോൾ ഉണ്ടാകുന്ന ഇന്ദ്രജാലം കുട്ടികൾ കണ്ടിട്ടുണ്ട്.

  പച്ചപ്പിന്റെ കുരുന്നുമുളകൾ പൊട്ടി
  പ്പൊടിക്കുന്ന പ്രകൃതി വളരെപ്പെട്ടെന്ന്
  അതിസുന്ദരിയായി മാറുന്ന വിസ്മയം

  "ഒരു ചില്ല കാറ്റിൽ കുലുങ്ങാതെ നില്പ്പുണ്ട്"
  "ഒരു കാടു ഭൂമിയിൽ ബാക്കിയുണ്ട്"
  "ഒരു സൂര്യനിനിയും കെടാതെയുണ്ട്"

ഇവയൊക്കെ കവിയുടെ പ്രതീക്ഷകളാണ്. നിങ്ങൾക്ക് പ്രതീക്ഷ തരുന്ന കാഴ്ചകൾ/അനുഭവങ്ങൾ എന്തൊക്കെയാണ്. എഴുതിനോക്കൂ.

കുട്ടികൾ ഏതെങ്കിലും വ്യവഹാരരൂപത്തിൽ അവരുടെ പ്രതികരണം എഴുതട്ടെ.

കാലങ്ങളിൽ ഓരോന്നിലും പ്രകൃതിയിൽ ഉണ്ടാകുന്ന മാറ്റങ്ങളെന്തൊക്കെയാണ്?

ഉപവസന്തം എന്ന ലേഖനം കുട്ടികൾ വായിക്കട്ടെ.

# ഉപവസന്തം

പ്രകൃതിയുടെ മുഖപടം മാറ്റിമാറ്റി അണിയിച്ചൊരുക്കുന്ന ഋതുക്കൾ. ഓരോ കാലവും മലനാടിന് ഓരോ ഉത്സവമാകുന്നു. ഓരോ ഋതുവിനും പുഷ്പിക്കുന്ന വൃക്ഷങ്ങളുണ്ട്. എന്നാൽ കേരളത്തിൽ ചെറുവസന്തമായെത്തുന്ന ഓണക്കാലത്ത്, എല്ലാകാലത്തും പൂക്കുന്ന ചില ചെടികൾ കൂടുതൽ സൗന്ദര്യം നൽകുവാനെത്തുന്നു. വേനലിന്റെ വറുതിയിൽ കരിഞ്ഞുപോകുന്ന തുമ്പയും മുക്കുറ്റിയും ഓണത്തെ വരവേൽക്കാൻ ചിങ്ങത്തിലെത്തുന്നുണ്ട്.

പ്രകൃതിക്ക് സ്വാഭാവികമായ സൗന്ദര്യമുണ്ട്. പാടവരമ്പത്ത് പൂത്തുനിൽക്കുന്ന മുക്കുറ്റിയും കാക്കപ്പൂവും അരിപ്പൂവുമൊക്കെ രൂപവൈവിധ്യം കൊണ്ടും വർണവൈവിധ്യം കൊണ്ടും പട്ടുകമ്പളമൊരുക്കാറുണ്ട്. വീട്ടുമുറ്റത്തും വിരുന്നിനെത്താറുണ്ട് ഇവയിൽ പലതും. സർവവും അണിഞ്ഞൊരുങ്ങിനിൽക്കുന്ന ഓണനാളുകളിൽ മാവേലിയെ വരവേൽക്കുവാൻ മുറ്റം ചെത്തിയൊരുക്കുമ്പോൾ ഇവയൊക്കെ വെട്ടിനശിപ്പിക്കപ്പെടുന്നു. സൗന്ദര്യം ഉണ്ടാക്കുവാൻ സൗന്ദര്യത്തെ ഇല്ലാതാക്കുന്നു. നമ്മുടെ സൗന്ദര്യസങ്കല്പങ്ങൾ പുനഃപരിശോധനയ്ക്കു വിധേയമാക്കേണ്ടതല്ലേ?

കുട്ടികളുടെ കുഞ്ഞുവിരലുകൾക്കു നുള്ളിയെടുക്കുവാൻ പോലും കഴിയാത്ത കുഞ്ഞുപൂക്കളെ ഒന്നു സൂക്ഷിച്ചുനോക്കിയാലോ, അവ വെള്ളിനക്ഷത്രങ്ങളോ തങ്കം കൊണ്ടുള്ള ലക്ഷദീപാലങ്കാരങ്ങളോ മണ്ണിൽ തീർക്കുന്നതു കാണാം. വലിപ്പത്തിലും വർണത്തിലും രൂപത്തിലും നമ്മുടെ മനം കവരുന്ന പൂക്കളുടെ ലോകത്തു ഇവയെ നിസ്സാരമായി കാണുന്നവർക്കു ഭംഗിയാക്കലിന്റെ ഭാഗമായി അവയെ നിഷ്കരുണം നശിപ്പിക്കാം. എന്നാൽ,

പാഷാണൗഷധി പക്ഷിമൃഗാദികൾ
പല പല വടിവുകളിൽ

പ്രകൃതി ലസിപ്പൂ നമുക്കു ചുറ്റും
പരമോത്സവദാത്രി

പേർത്തും നമ്മിലുമവയിലുമൊപ്പം
പ്രേക്ഷിപ്പോർക്കെല്ലാം

പ്രേമാത്മാവായ് വിലസും നമ്മുടെ
പിതാവിനെക്കാണാം

ചരാചരപ്രപഞ്ചം വൈവിധ്യപൂർണമായി നിലനിൽക്കുന്നതിൽ ഋതുക്കൾക്കു പങ്കില്ലേ?

"പൂവാകയായ് പൂത്തിലഞ്ഞിയായ് കൊന്നയായ്
പുത്തനാം വർണക്കുടകൾ മാറുന്നതും."

വസന്തം പ്രകൃതിയിൽ നടത്തുന്നത് പൂരമഹോത്സവമല്ലേ. അഞ്ചിതൾ പൂക്കളായി കൈയാട്ടി നിന്നും അമ്പലപ്രാവായി കുറുകിയും പുഴയിലെ ഓളങ്ങളായി കുളിർകാറ്റിൽ താളം പിടിച്ചും ഋതുക്കൾ വിരുന്നിനെത്തുന്നു.

കറുകയുടെ നിറുകയിലെ മഞ്ഞുനീർത്തുള്ളിയിൽ പോലും ഒരു കൊച്ചു സൂര്യൻ ഉദിച്ചു നിൽക്കുന്ന വിസ്മയം ഒരുക്കുവാൻ ഋതുക്കൾക്കു കഴിയുന്നില്ലേ?

പ്രകൃതിയുടെ ഇഴയിലൊന്ന് പൊട്ടിപ്പോയാൽ എന്താവും സംഭവിക്കുക.

ആടിമുകിൽമാല കൂടിനീരു തിരയുന്നു.

ആതിരകൾ കുളിരു തിരയുന്നു.
ആവണികളൊരു കുഞ്ഞുപൂവുതിരയുന്നു
ആറുകളൊഴുക്കു തിരയുന്നു.....

ഭൂമിയുടെ ലയതാളങ്ങൾ തെറ്റിപ്പോകുന്നു ജീവരഥചക്രങ്ങൾ ചാലിലുറയുന്നു. (കാലചക്രം എന്ന ആശയത്തിന്റെ ഔചിത്യം ചർച്ചചെയ്യണം) കാലചക്രം നിലച്ചുപോയാലോ?

ചോദ്യം ചർച്ചയ്ക്കായി ക്ലാസിൽ നൽകണം. പാഠഭാഗത്തെ ആശയങ്ങൾ ലഘുചോദ്യങ്ങളിലൂടെ വിശകലനംചെയ്യണം.

- ഓണപ്പൂക്കളെല്ലാം കുട്ടികൾക്കു പരിചയമുണ്ടോ?
- വീട്ടിലെ പൂന്തോട്ടത്തിൽ വളർത്തുന്ന ചെടികളിൽ എത്ര നാട്ടുചെടികൾ ഉണ്ട്?
- വിപണിയിലെ പൂക്കളെ ആശ്രയിച്ച് പൂക്കളം ഒരുക്കേണ്ടിവന്നതെന്തുകൊണ്ടാണ്?

ചർച്ചയിൽ അവതരിപ്പിക്കുന്ന ആശയങ്ങൾ ക്ലാസ്സിൽ ക്രോഡീകരിക്കണം. സ്കൂൾ മുറ്റത്ത് തുമ്പയ്ക്കും മുക്കുറ്റിക്കും കോളാമ്പിക്കും കൊങ്ങിണിക്കും എല്ലാം വളരാൻ ആകാശം നൽകിയാലോ?

സ്കൂൾമുറ്റത്ത് വളർന്നുവരുന്ന നാട്ടുചെടികളെ കണ്ടെത്താം. അവയിൽ മുകളിൽ പറഞ്ഞവ തിരിച്ചറിയാൻ അവസരമൊരുക്കണം.

## വർണന

വസന്തത്തെ ലേഖകൻ പരിചയപ്പെടുത്തിയതെങ്ങനെ?

പാഠവിശകലനത്തിൽ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

- ആശയങ്ങൾ
- പ്രയോഗങ്ങൾ
- വർണനകൾ
- ഭാഷ
- അനുഭവങ്ങളെ കൂട്ടിച്ചേർക്കൽ

മഴക്കാലമല്ലേ ഇത്. മഴ എങ്ങനെ അനുഭവപ്പെടുന്നു?

- മണ്ണിന്
- മരങ്ങൾക്ക്
- പൂക്കൾക്ക്
- പക്ഷികൾക്ക്
- പ്രാണികൾക്ക്
- മനുഷ്യന്

കുട്ടികൾ നിരീക്ഷിച്ചറിഞ്ഞ കാര്യങ്ങൾ അവതരിപ്പിക്കട്ടെ.

വർണനയിലേക്ക്

- വർണിക്കുന്നതിന്റെ നിറം, ഗുണം, ശബ്ദം മുതലായവ സൂക്ഷ്മമായി നിരീക്ഷിക്കുക.
- മനസ്സിൽ പതിഞ്ഞ കാഴ്ചകളും അനുഭവങ്ങളും വാക്യങ്ങളിലൂടെ അവതരിപ്പിക്കുക.
- അനുയോജ്യമായ ഭാഷ കണ്ടെത്തുക.

ലളിതമായ അലങ്കാരപ്രയോഗങ്ങളും ഭാവനാംശവും, വാങ്മയചിത്രങ്ങളും ഒക്കെ വർണനയിൽ ഉൾപ്പെടുത്താം. ഋതുവർണനകൾ കവിതകളിൽ ആവിഷ്കരിക്കുന്നുണ്ട്. കുട്ടികൾ അവ കണ്ടെത്തി ശേഖരിക്കട്ടെ.

റഫറൻസ് - കൃഷ്ണഗാഥ - ചെറുശ്ശേരി

ഋതുവർണ്ണന - പി. കുഞ്ഞിരാമൻ നായർ

ഇലകൾ - ജി. കുമാരപിള്ള

ഉജ്ജയിനി - ഒ.എൻ.വി.

കുടിയൊഴിക്കൽ - വൈലോപ്പിള്ളി

ഇവയിൽ ഋതുവർണ്ണനാപരമായ ഭാഗങ്ങൾ അധ്യാപിക കണ്ടെത്തിക്കൊടുക്കണം.

കുട്ടികളുടെ വർണ്ണനകൾ ക്ലാസ്സിൽ വിലയിരുത്താം. രചനയിലെ സവിശേഷപ്രയോഗങ്ങൾ പ്രത്യേകം പരാമർശിക്കണം.

- മേടമാസത്തിന്റെ സൗന്ദര്യം എഴുത്തുകാരൻ ആവിഷ്കരിക്കുന്നതെങ്ങനെ?

പാഠഭാഗത്തു നിന്ന് കണ്ടെത്തി അവതരിപ്പിക്കണം.

### പ്രയോഗഭംഗി കണ്ടെത്തുക

- നെൽച്ചെടി മരതകപ്രഭ പ്രസരിപ്പിച്ചുകൊണ്ട് പ്രഭാതങ്ങളെ സ്വാഗതം ചെയ്യുന്നു.
- തങ്കദീപങ്ങൾ കൊണ്ടുള്ള ലക്ഷദീപം മുക്കുറ്റി ആഘോഷിക്കുന്നു.

ഇത്തരത്തിലുള്ള പ്രയോഗങ്ങൾ പാഠഭാഗത്തു നിന്നും മറ്റു പാഠഭാഗങ്ങളിൽ നിന്നും കണ്ടെത്തട്ടെ.

കണിക്കൊന്ന തങ്കത്താലികൾ കൊണ്ട് മേനി മുഴുവൻ മൂടുന്ന മേടമാസം.

- കണിക്കൊന്നപ്പൂവിന്റെ നിറം, ആകൃതി, പൂക്കുലയ്ക്കു തങ്കത്താലിയോടുള്ള സാദൃശ്യം
- മേടമാസത്തിൽ ധാരാളമായി കാണുന്ന അവസ്ഥ.
- സ്വർണാഭരണങ്ങൾ ധാരാളമണിഞ്ഞ സുന്ദരിയായ സ്ത്രീയോട് ഇതിനുള്ള സാമ്യം.

തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്യണം. ഇതുപോലെ മറ്റു വരികളും ചർച്ചചെയ്യണം. കണ്ടെത്തിയ കാര്യങ്ങളും പാഠപുസ്തകത്തിൽ നിന്ന് അവർ കണ്ടെത്തുന്ന കൂടുതൽ ഉദാഹരണങ്ങളും കുറിപ്പിൽ ഉൾപ്പെടുത്തണം.

ഋതുവർണ്ണനകൾ ആവിഷ്കരിക്കുന്ന കവിതകളും പ്രവർത്തനത്തിന് ഉപയോഗപ്പെടുത്താം.

ആശയങ്ങൾക്ക് സൗന്ദര്യം കൂടുമ്പോഴുള്ള മാറ്റം ചർച്ചചെയ്യണം.

### ഭംഗിപിടിപ്പിക്കൽ

ഓണക്കാലത്ത് മുറ്റത്തിനു ഭംഗികൂട്ടാൻ വേണ്ടി മുറ്റത്തെ കാടുകൾ നാം ചെത്തിവാരിമോടി പിടിപ്പിക്കുന്നു. ഈ ആശയം ലേഖകൻ അവതരിപ്പിക്കുന്നതെങ്ങനെ?

പാഠഭാഗത്തുനിന്ന് കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കണം.

ഭംഗിപിടിപ്പിക്കലിൽ നാം എത്ര ഭംഗികൾ നശിപ്പിക്കുന്നു.

- വാക്യത്തിന്റെ പ്രത്യേകത എന്താണ്?

ഭംഗി എന്ന പദത്തിന്റെ ആവർത്തനത്തിലേക്ക് കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരണം.

- ഒരേ വാക്ക് വ്യത്യസ്ത അർഥങ്ങൾ സൃഷ്ടിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്താമോ?

ഉദാഹരണം

- “നൂറു വെറ്റില നൂറു തേച്ചോ വായാടീ തത്തമ്മേ”
- 

വ്യത്യസ്ത സന്ദർഭത്തിൽ ഒരു വാക്കിന് വ്യത്യസ്ത അർഥം കിട്ടുന്നുണ്ടോ? ഹരിതം എന്ന കവിതയിലെ 'ഒരു ഞരമ്പിപ്പോഴും പച്ചയായുണ്ട്' എന്ന വരി ബോർഡിൽ എഴുതണം.

ഇവിടെ പച്ച എന്ന പദം നൽകുന്ന ആശയം എന്താണ്?- കുട്ടികൾ അഭിപ്രായം പറയട്ടെ. തുടർന്ന് താഴെ നൽകുന്ന പദങ്ങൾ ബോർഡിൽ രേഖപ്പെടുത്തണം.

| | | | |
|---|---|---|---|
| പച്ചവെള്ളം | പച്ചമനുഷ്യൻ | പച്ചസാരി | പച്ചവിറക് |
| പച്ചപിടിപ്പിക്കുക | അക്കരപ്പച്ച | പച്ചപ്പാവം | പച്ചരി |
| പച്ചനോട്ട് | പച്ചപ്പരമാർഥം | പച്ചപ്പട്ടിണി | പച്ചമുളക് |
| പച്ചമണ്ണ് | | | |

ഇവിടെ പച്ച എന്ന പദം ഒരേ ആശയമാണോ നൽകുന്നത്?

ചർച്ചചെയ്യുക (പദങ്ങൾക്ക് അവ ഉപയോഗിക്കുന്ന സന്ദർഭങ്ങൾക്കനുസൃതമായി അർഥവ്യ ത്യാസം ഉണ്ടാകുന്നു എന്ന തിരിച്ചറിവിലേക്ക് ചർച്ച ക്രോഡീകരിക്കണം)

ഭംഗി ഉണ്ടാക്കുന്നതല്ല ഉണ്ടാവുന്നതാണ് - കുട്ടികളുടെ അഭിപ്രായം എന്തെന്നറിയാം. ക്ലാസിൽ ഒരു സംവാദം സംഘടിപ്പിക്കുക.

“എനിക്കതു തടുക്കാൻ കഴിയുമോ? ശുദ്ധഭ്രാന്തനെന്ന് എന്നെ വിധിക്കില്ലേ?”

- ലേഖകന്റെ ഈ നിലപാട് ശരിയാണോ?
- പ്രകൃതിയെ രക്ഷിക്കാൻ നമുക്കെന്തു ചെയ്യാൻ പറ്റും?

കുട്ടികളുടെ അഭിപ്രായങ്ങൾ പൊതുവായി അവതരിപ്പിക്കണം. ക്രോഡീകരിക്കപ്പെടണം.

കുട്ടികളുടെ നിലപാടുകൾ എന്തായാലും അവ പരിഗണിക്കപ്പെടണം. അതേ സമയം ശരി യായ നിലപാട് ബോധ്യപ്പെടും വിധം ചർച്ച പുരോഗമിക്കണം. അപ്പോഴാണ് ടീച്ചറുടെ കൈത്താങ്ങ് പ്രസക്തമാവുന്നത്.

## തുമ്പപ്പൂവിന്റെ ആത്മഗതം

മഴക്കാലത്തു സ്കൂൾമുറ്റം വൃത്തിയാക്കുന്നതിന്റെ ഭാഗമായി പുല്ലും ചെടികളും പറിച്ചുകളയാ റില്ലേ. പിഴുതെറിയുന്നവയിൽ തുമ്പയും മുക്കുറ്റിയും ഒക്കെയുണ്ടാവില്ല? ഇങ്ങനെ നശിപ്പിക്ക പ്പെട്ട ഒരു തുമ്പപ്പൂവിന്റെ ആത്മഗതം എന്താകും?

കുട്ടികൾ വ്യക്തിഗതമായി എഴുതണം. കൈമാറി വായിക്കാൻ അവസരം നൽകണം. രചന മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന സൂചകങ്ങൾ പരിഗണിക്കണം.

വായനക്കാരെ വൈകാരികമായി സ്പർശിക്കാൻ പര്യാപ്തമായ ആശയങ്ങൾ തിരഞ്ഞെടു ക്കണം. അതിവാചാലത ഒഴിവാക്കണം.

ശ്രദ്ധയാകർഷിക്കുംവിധമുള്ള അവതരണവും ശൈലിയും.

തുമ്പപ്പൂപോലെ മനോഹരങ്ങളായ എത്രയെത്ര കാഴ്ചകളുണ്ട് ചുറ്റുപാടും.

- മുറ്റത്തു പറന്നു വന്നിരിക്കുന്ന പക്ഷികൾ

അവയ്ക്കുള്ള വർണവൈവിധ്യവും രൂപസൗന്ദര്യവും നിങ്ങളെ ആകർഷിച്ചിട്ടുണ്ടോ? എന്തു കൊണ്ടാണ്?

കുട്ടികൾ ഒരരിപ്പിറാവ് എന്ന കവിത വായിക്കട്ടെ.

# ഒരരിപ്പിറാവ്

പ്രകൃതിയെ സുന്ദരമാക്കുന്നതിൽ പ്രപഞ്ചത്തിലെ ഓരോ ജീവിക്കും അതിന്റേതായ പങ്കുണ്ട്. പ്രകൃതി ചില ജീവികൾക്കു നൽകിയ മനോഹാരിതകൾ നാം കാണാൻ ശ്രമിച്ചാൽ അത്ഭുതപ്പെട്ടുപോകും. മയിൽ, മാനുകൾ, പുള്ളിപ്പുലി, വിവിധതരം പാമ്പുകൾ, പക്ഷികൾ എന്നിവയിൽ പ്രകൃതിയുടെ പെയിന്റിങ് എത്ര മനോഹരമാണ്. അതിലെ വരകളും വർണ്ണങ്ങളും ചിത്രകൗതുകത്തിന്റെ ഒരു മായിക ലോകത്തേക്ക് തന്നെ നമ്മെ നയിക്കും.

ഇവിടെ കവി ഒരരിപ്പിറാവിന്റെ സൗന്ദര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അല്ലയോ പ്രാവേ, ഈ പുലർകാലം ഇന്നെനിക്കു പുണ്യമാണ് കാരണം, ഉജ്ജ്വലതേജസുള്ള പ്രിയദർശനനായ ഭവാൻ എന്റെ അരികിലുണ്ട്. നിന്റെ ചിറകിൽ നിറഞ്ഞിരിക്കുന്ന നാനാനിറവും കൊക്കുകളുടെ തുടുപ്പും വർണനാതീതമാണ്. നിന്റെ ശരീരസൗഭാഗ്യം കിളികുലത്തിനു തന്നെ അഭിമാനമാണ്.

സുന്ദരിമാർ കുങ്കുമച്ചാറു കൊണ്ടു തൊട്ട പൊട്ടുപോലെയാണ് നിന്റെ ഇരുകണ്ണുകളും. അൽപം ചുരുൾ വിടർന്ന വാഴച്ചെറുകൂമ്പു പോലെ കോമളമാണ് നിന്റെ ശരീരം. അരിപ്പിറാവെ, നിനക്കു ഞാൻ അരിമണി വിതറിത്തരാം, എന്റെ അരികിലേക്കു വരൂ. എന്റെ വീട്ടിലെത്തിയ അരുമയായ വിരുന്നുകാരനാണു നീ.

മനുഷ്യർ ജന്തുഹിംസാകരമായ ജീവിതയുദ്ധം തുടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ ശാന്തരായി ആരെയും ദ്രോഹിക്കാതെ നാൾ കഴിക്കുകയാണ് എല്ലാക്കാലവും സാധുക്കളായ പക്ഷികൾ. അവർക്ക് ഭൂമിയുടെ ദയകൊണ്ട് വല്ലതും ആഹരിക്കാൻ കിട്ടിയാലായി-അത്രമാത്രം. എന്നാൽ സുഖാസക്തിയിൽ മനുഷ്യന് മരണം വരെ അത്യാഗ്രഹം മാറുന്നില്ല.

മഴവില്ലു പിഴിഞ്ഞെടുത്ത സത്തായ അഴകേ, നീ മന്ദമകന്നു പോവുകയാണ്. സൗന്ദര്യമാകുന്ന പുഴയുടെ ചെറുതരംഗമാണ് നീ. പ്രാവേ ഇവിടെ നിന്റെ മടക്കം ദു:ഖമുണ്ടാക്കും കൊക്കുകൾകൊണ്ട് കൊത്തിക്കൊറിച്ചു പവിഴനിറമുള്ള കാൽകൊണ്ട് മെല്ലെമെല്ലെ നടന്നു ഭംഗിയോടെ കുറച്ചു നേരം കൂടി നീ ഇവിടെ ഉലാത്തുമോ എന്നാണ് കവിയുടെ ചോദ്യം.

മനുഷ്യനും പക്ഷിമൃഗാദികളും തമ്മിലുള്ള ഒരു പ്രധാന വ്യത്യാസം കവി ഇവിടെ അവതരിപ്പിക്കുന്നുണ്ട്. മനുഷ്യർ ഹിംസയുടെ യുദ്ധമാണ് നടത്തുന്നത്. ആഹാരത്തിനല്ലാതെ സ്വന്തം വർഗമുൾപ്പെടെയുള്ള ജീവജാലങ്ങളെ കൊല്ലുന്നത് മനുഷ്യൻ മാത്രമാണ്. ഈ ജീവികൾക്കാകട്ടെ ഭൂമി കനിഞ്ഞാൽ എന്തെങ്കിലും ഇരകിട്ടും-അത്രമാത്രം.

മനോഹരമായ ഒട്ടേറെ കല്പനകൾകൊണ്ട് സമ്പന്നമാണ് ഈ കവിത. പ്രാവിന്റെ ഇരുകണ്ണുകളും കുങ്കുമച്ചാറിനാൽ സുന്ദരിമാർ തൊട്ട പൊട്ടു പൊലെയാണ്. വിടർന്ന വാഴച്ചെറുകുമ്പു പോലെയാണ് പ്രാവിന്റെ ശരീരം. മഴവില്ലു പിഴിഞ്ഞെടുത്ത സത്താണത്. സൗകുമാര്യപ്പുഴയുടെ കൊച്ചുതരംഗമാണ്. ഭാഷാപ്രയോഗത്തിന്റെ ഉയർന്ന നിലവാരത്തിലുള്ള ഇത്തരം ഭംഗി ആസ്വദിക്കുന്നതോടൊപ്പം സ്വന്തം രചനകൾ സുന്ദരമാക്കാൻ കുട്ടികളെ പ്രേരിപ്പിക്കേണ്ടതുണ്ട്.

അധ്യാപികയും കുട്ടികളും കവിതക്ക് ചേർന്ന ഈണം കണ്ടെത്തണം.

കവിത ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കാം.

- ആശയത്തിനു ചേർന്ന ഭാവം ഉണ്ടാക്കുവാൻ ഈണത്തിനു കഴിയുന്നുണ്ടോ?
- ആശയവ്യക്തതയോടെ അവതരിപ്പിച്ചുവോ?
- ഉച്ചാരണശുദ്ധി അവതരണത്തിൽ പാലിച്ചുവോ?

അവതരണത്തിന് ശേഷം സൂചകങ്ങൾ വെച്ചുകൊണ്ടുള്ള വിലയിരുത്തൽ നടത്തണം.

## ആസ്വാദനം

- കവിതയിലെ ഏറ്റവും നല്ല വരികളേതാണ്?

  വ്യക്തിഗതമായി അവതരിപ്പിക്കണം.

- പ്രസ്തുത വരികൾ ഇഷ്ടപ്പെടുവാനുള്ള കാരണമെന്ത്?

  ആശയം

  അവതരണരീതി

  വർണന

മുതലായ അംശങ്ങൾ ഉൾപ്പെടുത്തുന്ന തരത്തിൽ വിശകലനം ചെയ്യാൻ നിർദ്ദേശിക്കാം.

- പ്രാവിന്റെ സൗന്ദര്യം പക്ഷികുലത്തിന് മാനഹേതുവാണെന്ന് കവി പ്രസ്താവിക്കുന്നു. ഇതിന്റെ കാരണങ്ങൾ എന്താകാം?
- പക്ഷിമൃഗാദികളും മനുഷ്യരും തമ്മിലുള്ള വ്യത്യാസം കവി എങ്ങനെ അവതരിപ്പിക്കുന്നു?
- പ്രാവിനെ കവി എന്തെല്ലാമായി വർണിക്കുന്നുണ്ട്?
- പ്രാവിന്റെ കണ്ണുകൾ എങ്ങനെയാണെന്നാണ് കവി പറയുന്നത്?
- കണ്ണുകളുടെ പ്രത്യേകതയായി കവി സൂചിപ്പിച്ചിരിക്കുന്നതെന്ത്?

  വൃത്താകാരം

  ചുവപ്പുനിറം

  മിനുപ്പ്

  സുന്ദരിമാരുടെ പൊട്ടിനോടുള്ള സാദൃശ്യം

- പ്രാവിന്റെ ശരീരം എങ്ങനെയെന്നാണ് കവി പറയുന്നത്?

ചോദ്യങ്ങൾ വ്യത്യസ്ത ഗ്രൂപ്പുകൾക്ക് വീതിച്ചുകൊടുക്കണം. ആവശ്യമായ വിശദീകരണങ്ങളോടെ ഗ്രൂപ്പുകൾ കുറിപ്പുകൾ അവതരിപ്പിക്കട്ടെ.

കാവ്യഭാഗത്തുനിന്ന് ഉചിതമായ ഉത്തരങ്ങൾ കണ്ടെത്താൻ അധ്യാപിക സഹായിക്കണം. അവതരിപ്പിക്കപ്പെടുന്ന ആശയങ്ങൾ ഏറെക്കുറെ ക്രമീകരിച്ച് ബോർഡിൽ രേഖപ്പെടുത്തണം.

കവിക്ക് പ്രാവിനോട് ഇത്രമേൽ ഇഷ്ടം തോന്നിയതെന്തുകൊണ്ട്? ചർച്ചയിലെ ആശയങ്ങൾ ഉൾപ്പെടുത്തി ഒരാസ്വാദനക്കുറിപ്പ് കുട്ടികൾ എഴുതട്ടെ.

കുട്ടികളുടെ കണ്ടെത്തലുകൾക്കൊപ്പം അധ്യാപികയുടെ നിരീക്ഷണങ്ങൾ കൂടി ചേരുമ്പോൾ ആസ്വാദനം എളുപ്പത്തിൽ തയാറാക്കുവാൻ കഴിയും. (വിലയിരുത്തൽ മുൻപ്രവർത്തനത്തിൽ നടത്തിയ പോലെ ചെയ്യാം)

## പദങ്ങൾ കൂട്ടിച്ചേർത്തു പ്രയോഗിക്കുമ്പോൾ

പ്രാവിന്റെ സൗന്ദര്യം ആവിഷ്കരിക്കുവാൻ കവി ഉപയോഗിക്കുന്ന പദങ്ങൾ ലിസ്റ്റു ചെയ്യാൻ ആവശ്യപ്പെടാം.

- ഉജ്ജ്വലതേജസ്
- ഓമനപ്പിറാവ്
- പ്രിയദർശനൻ
- നിലയോപാന്തം
- പറവച്ചാർത്ത്

- ഗാത്രസൗഭഗം
- 

പദങ്ങൾ കൂട്ടിച്ചേർത്ത് ഒറ്റപ്പദമായി പ്രയോഗിക്കുന്നത്. കവിതകളിൽ ധാരാളം കാണാൻ കഴിയും. ചില പ്രത്യേക ആശയങ്ങളെയും ഭാവങ്ങളെയും ഒറ്റപ്പദ പ്രയോഗത്തിലൂടെ സംക്ഷിപ്തമായി ആവിഷ്കരിക്കുന്നത് കവിതയുടെ താളത്തിനും ഭാവത്തിനും പ്രത്യേക ചാരുത ഉണ്ടാക്കാറുണ്ട്.

കുട്ടികൾ കണ്ടെത്തിയ പദങ്ങളുടെ ആശയങ്ങൾ അവതരിപ്പിക്കാൻ നിർദ്ദേശിക്കാം.

ഉദാഹരണങ്ങൾ :

- ഉജ്ജ്വലമായ തേജസ്
- ദർശനത്തിൽ പ്രിയം ജനിപ്പിക്കുന്നവൻ
- 

ഇവ ഒറ്റപ്പദമാക്കാതെ കവിതയിൽ പ്രയോഗിച്ചിരുന്നെങ്കിലോ?

ഉജ്ജ്വലമായ തേജസ്സെഴുന്ന ഓമനയായപിറാവേ

ഇത്തരത്തിൽ പ്രയോഗിക്കുമ്പോഴുള്ള അഭംഗി ചർച്ചചെയ്യണം.

ചർച്ചയിൽ കുട്ടികളുടെ അഭിപ്രായം അവതരിപ്പിക്കാൻ അവസരം നൽകണം.

കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താനാവശ്യമായ കവിതാശകലങ്ങൾ കുട്ടികൾക്കു നല്കേണ്ടതുണ്ട്.

ഉദാഹരണമായി അടിവരയിട്ട പദങ്ങൾ ശ്രദ്ധിക്കുക.

- <u>അമ്പാടിച്ചുറ്റഴിക്കുള്ളിൽ</u> തടവിങ്കലാം
  <u>അമ്പാടിപ്പൈതലേ</u> വന്നുവോ നീ

*കടത്തനാട്ട് മാധവിയമ്മ*

- <u>കനകച്ചിലങ്ക</u> കിലുങ്ങിക്കിലുങ്ങി
  <u>കാഞ്ചനകാഞ്ചി</u> കുലുങ്ങിക്കുലുങ്ങി
  <u>കടമിഴിക്കോണുകളിൽ</u> സ്വപ്നം മയങ്ങി
  <u>കതിരുതിർപ്പൂപ്പുഞ്ചിരി</u> ചെഞ്ചുണ്ടിൽ തങ്ങി

*ചങ്ങമ്പുഴ*

- കൈയിലൊ<u>രിന്ദ്രധനുസ്സുമായ്</u> കാറ്റത്തു
  പെയ്യുവാൻ നിന്ന <u>തുലാവർഷമേഘമേ</u>
  <u>കമ്രനക്ഷ</u>ത്രരജനിയിലിന്നലെ
  കണ്ടുവോ നീയെന്റെ രാജഹംസത്തിനെ?

*വയലാർ*

ഗദ്യഭാഗങ്ങളിൽ നിന്നുള്ള ഉദാഹരണങ്ങളുമാകാം.

- ഇളകിമറിയുന്ന <u>ആലിലച്ചാർത്തിനിടയിലൂ</u>ടെ വാർന്നുവീഴുന്ന <u>അസ്തമനസൂര്യന്റെ</u> <u>കിരണകന്ദളങ്ങൾ</u> ആ കൊച്ചു ബാലികയുടെ ശൈശവത്തിന് ഒരു ദൈവീകപരിവേഷമുളവാക്കി.

*വി.ടി.ഭട്ടതിരിപ്പാട്*

- കുട്ടികൾ അവർക്കു പരിചയമുള്ള സമസ്തപദങ്ങൾ കണ്ടെത്തട്ടെ.

## പക്ഷികളും മനുഷ്യനും

സ്വന്തം ജീവിതം കൊണ്ട് പ്രകൃതിയിലെ വസ്തുക്കളുടെ ഇണക്കവും ഭംഗിയും നിലനിർത്തുന്നതിൽ പങ്കു വഹിക്കുന്നവരാണ് പക്ഷികൾ-ഒരരിപ്രാവ്, തേക്കുമരത്തിന്റെ കഥ, ആകാശത്തിൽ ഒരു വിടവ് എന്നീ പാഠഭാഗങ്ങളിൽ ഈ ആശയം എത്രത്തോളം കണ്ടെത്താനാകുമെന്ന് കുട്ടികൾ ചർച്ചചെയ്യട്ടെ.

തുടർന്ന് മനുഷ്യന്റെ ചെയ്തികൾ ഇതിനു നേർവിപരീതമാണെന്ന് പറയുന്ന വരികൾ കവിതയിൽ നിന്ന് കണ്ടെത്താൻ നിർദ്ദേശിക്കണം.

സമാനാശയം വരുന്ന വരികൾ എഴുതിയ ചാർട്ട് അധ്യാപിക ക്ലാസിൽ പ്രദർശിപ്പിക്കണം.

വെട്ടുന്നവന്നും തരു ചൂടകറ്റും
ഹനിപ്പവന്നും കിളി പാട്ടുപാടും
ഇറുപ്പവന്നും മലർ ഗന്ധമേകും
പരോപകാരപ്രവണം പ്രപഞ്ചം

വിശകലനത്തിലേക്ക് നയിക്കാവുന്ന ചില സൂചനകൾ നൽകണം. തുടർന്ന് വിശകലനക്കുറിപ്പ് തയാറാക്കാൻ നിർദേശിക്കണം.

## അക്ഷരങ്ങൾ ആവർത്തിക്കുമ്പോൾ

കാവ്യസന്ദർഭത്തിനു മിഴിവേകാൻ ശബ്ദസൗകുമാര്യത്തിലൂടെ കവിതകൾക്കു കഴിയാറുണ്ട്. കുഞ്ചൻ നമ്പ്യാരുടെയും മറ്റും കവിതകളിൽ അക്ഷരങ്ങളുടെ ആവർത്തനത്തിലൂടെ ചമൽക്കാരം സൃഷ്ടിക്കുന്ന സന്ദർഭങ്ങളുണ്ട്.

താഴെ കൊടുത്തിരിക്കുന്ന വരികൾ അധ്യാപിക ചാർട്ടിലെഴുതി പ്രദർശിപ്പിക്കണം. ഇവയുടെ പ്രത്യേകതകൾ ക്ലാസിൽ ചർച്ചചെയ്യണം.

കുലഗിരികളുമൊന്നു നടുങ്ങി
ജലനിധികളുമൊന്നു കലങ്ങി
പലപലവിധമങ്ങു തുടങ്ങി
ഖലമതിയുടെ ഗർവുമടങ്ങി

*ബാലിവിജയം*

ആനപ്പടയും കുതിരപ്പടയും
സേനാപതികളമാത്യന്മാരും
മാനത്തോളമുയർന്ന രഥങ്ങളു-
മാനകൾ ദുന്ദുഭിവാദ്യക്കാരും

*സീതാസ്വയംവരം*

പാണ്ടൻനായുടെ പല്ലിനു ശൗര്യം
പണ്ടേപ്പോലെ ഫലിക്കുന്നില്ല
പണ്ടിവനൊരു കടിയാലൊരുപുലിയെ
കണ്ടിച്ചതുഞാൻ കണ്ടറിയുന്നേൻ

*കിരാതം*

അക്ഷരങ്ങൾ ആവർത്തിക്കുന്നരീതിയും, അതുണ്ടാക്കുന്ന ശബ്ദഭംഗിയും കുട്ടികളുടെ ശ്രദ്ധയിൽ പ്പെടുത്തണം.

അക്ഷരങ്ങൾ ആവർത്തിക്കുന്ന വരികൾ കവിതയിൽ നിന്നു കണ്ടെത്താൻ നിർദ്ദേശിക്കണം. ഇവ കവിതയ്ക്കുനല്കുന്ന പ്രത്യേകത എന്താണ്?

- കവിതയുടെ അർഥത്തിന്
- ഭാവത്തിന്
- സൗന്ദര്യത്തിന്

കൂടുതൽ വരികൾ ശേഖരിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ നിർദ്ദേശിക്കാം.

## പ്രയോഗഭംഗി കണ്ടെത്താം

- മഴവില്ലിന്റെ പ്രത്യേകത? (പ്രകൃതിയിലെ ഏറ്റവും സുന്ദരവസ്തു)
- സത്ത്, അതിന്റെ മൂല്യം?

മഴവില്ല് പിഴിഞ്ഞെടുത്ത സത്ത് - ഇത്തരം പ്രയോഗങ്ങൾ നമ്മുടെ നിത്യജീവിതത്തിൽ ഉപയോഗിക്കുന്നില്ലേ? കുട്ടികൾ പരിചിതമായ ഉദാഹരണങ്ങൾ അവതരിപ്പിക്കട്ടെ.

- പനങ്കുലപോലെ മുടിയുള്ളവൾ
- മുല്ലമൊട്ടുപോലെയുള്ള പല്ല്
- കാരുണ്യത്തിന്റെ കടൽ

ഇത്തരം പ്രയോഗങ്ങളുടെ സവിശേഷതകൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തണം.

നമ്മുടെ സിനിമാഗാനങ്ങളിലുള്ള ഇത്തരം കല്പനകൾ കണ്ടെത്താൻ പ്രേരിപ്പിക്കണം.

കുന്നത്തു കൊന്നയും പൂത്തപോലെ
ഇളമാവിൻ തയ്യ് തളിർത്തപോലെ
കുന്നിക്കുരുവിന്റെ വർണം പോലെ
വയനാടൻ മഞ്ഞൾ മുറിച്ചപോലെ

റംസാനിലെ ചന്ദ്രികയോ
രജനീഗന്ധിയോ
അറബിപ്പെൺകൊടി
അഴകിൻ പൂമ്പൊടി ആരു നീ

സന്ധ്യക്കെന്തിനു സിന്ധൂരം
ചന്ദ്രികയ്ക്കെന്തിനു വൈഡൂര്യം
കാട്ടാറിനെന്തിനു പാദസരം
എൻ കൺമണിക്കെന്തിനാഭരണം

പാലാഴി കടഞ്ഞെടുത്തൊരഴകാണു ഞാൻ
കാലിൽ കാഞ്ചനച്ചിലമ്പണിയും കലയാണു ഞാൻ

ഇവ പാടി അവതരിപ്പിക്കട്ടെ

മനോഹരമായ ഇത്തരം കല്പനകളാണ് കവിതകളെ മധുരതരമാക്കുന്നത് എന്ന ധാരണ കുട്ടികൾക്ക് വിശകലനത്തിലൂടെ ലഭിക്കണം.

## പ്രഭാഷണം

പ്രകൃതിയിലെ നന്മകളും മനോഹാരിതകളും സംരക്ഷിക്കപ്പെടണമെന്ന സന്ദേശങ്ങൾ നല്ല സാഹിത്യകൃതികൾ നമുക്കു തരുന്നുണ്ട്. ഈ യൂണിറ്റിലെ പാഠഭാഗങ്ങളിൽ ഈ ആശയമല്ലേ നമുക്ക് കിട്ടിയത്?- ഓരോ പാഠഭാഗവും ചർച്ചചെയ്യണം.

ചർച്ചയ്ക്കു ശേഷം കുട്ടികൾ ഗ്രൂപ്പു തിരിഞ്ഞ് പ്രഭാഷണം തയാറാക്കണം. ഗ്രൂപ്പിന്റെ പ്രതിനിധികൾ പ്രഭാഷണം നടത്തട്ടെ.

പ്രകൃതിസൗന്ദര്യം, ജീവജാലങ്ങളുടെ പാരസ്പര്യം, പ്രകൃതിയുടെ നിലനില്പ് തുടങ്ങിയ ആശയങ്ങളിലൂന്നി വിഷയങ്ങൾ നിശ്ചയിക്കണം.

**പ്രഭാഷണത്തിലുണ്ടാവേണ്ടത്**

- പ്രഭാഷണവിഷയത്തിന്റെ ആഴം
- ശൈലികളും പദപ്രയോഗങ്ങളും കൊണ്ടുള്ള ആകർഷകത്വം
- ആശയങ്ങളുടെ തുടർച്ച
- ശബ്ദക്രമീകരണം

അധ്യാപിക യൂണിറ്റാരംഭത്തിൽ തയാറാക്കിയ പ്രഭാഷണം ക്ലാസ്സിൽ അവതരിപ്പിക്കണം.

കുട്ടികളുടെ രചനകൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ ഇത് ഉപയോഗപ്പെടുത്താം.

ചലച്ചിത്രോത്സവം

ഈ യൂണിറ്റിൽ നാം രൂപപ്പെടുത്തിയ മനോഭാവം സ്കൂളിലെ എല്ലാവരിലും ശക്തിപ്പെടുത്തേണ്ടതല്ലേ. കുറച്ചു നല്ല സിനിമകൾ കണ്ടാലോ.

- ദർസുഉസല (ജപ്പാൻ) അകിരാകുറോസോവ
- ഡ്രീംസ് (ജപ്പാൻ) അകിരാകുറോസോവ
- കുമരനെല്ലൂരിലെ കുളങ്ങൾ (ഡോക്യുമെന്ററി)

## എഴുത്തുകാരെ പരിചയപ്പെടാം

### സി. രാധാകൃഷ്ണൻ

1939-ൽ മലപ്പുറം ജില്ലയിലെ തിരൂരിനു സമീപം ചമ്രവട്ടം എന്ന സ്ഥലത്തു ജനിച്ചു.

സയൻസ് ടുഡേ, വീക്ഷണം, ഭാഷാപോഷിണി എന്നീ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായി പ്രവർത്തിച്ചു. സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ഡയറക്ടർ സ്ഥാനവും വഹിച്ചിട്ടുണ്ട്.

നിഴൽപ്പാടുകൾ, അമൃതം, സ്പന്ദമാപിനികളേ നന്ദി, മുമ്പേ പറക്കുന്ന പക്ഷികൾ, എല്ലാം മായ്ക്കുന്ന കടൽ എന്നിവയാണ് പ്രധാന നോവലുകൾ. ഒറ്റയാൻ അലറുന്നു (കവിതാസമാഹാരം), ദ്വീപ്, നായാട്ട്, ഇത്തിക്കണ്ണികൾ (നാടകം), ആലോചന, ഭദ്രതയുടെ സമതലങ്ങളിൽ (ലേഖനസമാഹാരം) എന്നിവയാണ് മറ്റു കൃതികൾ. ബഹിരാകാശത്തിലേക്ക് എന്ന ശാസ്ത്രഗ്രന്ഥത്തിന്റെ വിവർത്തനവും അദ്ദേഹം നടത്തിയിട്ടുണ്ട്.

കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

### കെ. സച്ചിദാനന്ദൻ

1946-ൽ തൃശ്ശൂരിൽ പുല്ലൂറ്റ് എന്ന സ്ഥലത്ത് ജനിച്ചു. പ്രധാന പ്രവർത്തനകേന്ദ്രം ന്യൂഡൽഹി. കേന്ദ്രസാഹിത്യഅക്കാദമിയിൽ ഇംഗ്ലീഷ് വിഭാഗം എഡിറ്റർ, കേന്ദ്രസാഹിത്യ അക്കാദമി സെക്രട്ടറി, നാഷണൽ ബുക്ക് ട്രസ്റ്റ് മലയാളം ഉപദേശക സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ആത്മഗീത, എഴുത്തച്ഛൻ എഴുതുമ്പോൾ, ഇവനെക്കൂടി, വീടുമാറ്റം, സച്ചിദാനന്ദന്റെ കവിതകൾ തുടങ്ങി 17 കവിതാസമാഹാരങ്ങൾ.

കുരുക്ഷേത്രം, ജനതയും കവിതയും, മാർക്സിയൻ സൗന്ദര്യശാസ്ത്രം, ബ്രഹ്മത്തിന്റെ കല തുടങ്ങിയ ഗദ്യഗ്രന്ഥങ്ങൾ. നെരൂദയുടെ കവിതകൾ, മാവോയുടെ കവിതകൾ, സമകാലീന ഹിന്ദി കവിത, നൂറു റഷ്യൻ കവിതകൾ എന്നീ വിവർത്തനങ്ങൾ ഇവയാണ് പ്രമുഖ കൃതികൾ.

കേരളസാഹിത്യ അക്കാദമിയുടെ സി.ബി.കുമാർ അവാർഡ് കേരള സാഹിത്യ അക്കാദമി യുടെ അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

കൂടാതെ തെലുങ്കു യൂണിവേഴ്സിറ്റിയുടെ ദേശീയകവി ബഹുമതി, കവിതാവിവർത്തന ത്തിനുള്ള ശ്രീകാന്ത് വർമ്മ ഫെലോഷിപ്പ് തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## എ. പി. ഉദയഭാനു

ഉപന്യാസരചനയിൽ നിപുണനായ എ.പി.ഉദയഭാനു 1915-ൽ കാർത്തികപ്പള്ളിയിൽ ജനിച്ചു. രചനകളിൽ കഥകളും ഉപകഥകളും ചരിത്രവും പുരാണവും സ്ഥലപുരാണ വുമൊക്കെ സ്വന്തം ജീവിതകഥയോട് ചേർന്നുനിൽക്കുന്നതുകാണാം. ആത്മനിഷ്ഠമാണ് അദ്ദേഹത്തിന്റെ രചനാരീതി, വ്യക്തിബന്ധങ്ങളുടെയും കുടുംബബന്ധങ്ങളുടെയും ഹൃദ യസ്പർശിയായ ചിത്രങ്ങൾ ഈ രചനകളിലുണ്ട്.

അർഥവും അനർഥവും, സംസാരിക്കുന്ന ദൈവം, കൊച്ചുചക്കരച്ചി, ആനയും അൽപ്പം തെലുങ്കും, ഒന്നാനാം കൊച്ചുതുമ്പി, അനാഥൻ, പ്രേമക്കിളി, കൊച്ചുകുറുമ്പന്മാർ, ഓരോ തളിരിലും, കളിയും കാര്യവും തുടങ്ങിയവയാണ് പ്രധാന കൃതികൾ.

സ്വാതന്ത്ര്യസമര സേനാനി, പത്രപ്രവർത്തകൻ, നിയമസഭാ സാമാജികൻ എന്നീ നിലക ളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന് കേരള സാഹിത്യ അക്കാദമിയുടെ സി.ബി.കുമാർ അവാർഡ് ലഭിച്ചിട്ടുണ്ട്. 1999-ൽ അന്തരിച്ചു.

## വള്ളത്തോൾ

മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ മംഗലം അംശത്തിൽ വള്ളത്തോൾ കുടുംബത്തിൽ (1878 ൽ) ജനിച്ചു.

കൈക്കുളങ്ങര രാമവാര്യർ, പാറക്കുളം സുബ്രഹ്മണ്യശാസ്ത്രി, മാതുലൻ രാമുണ്ണി മേനോൻ എന്നിവരിൽ നിന്നും ഗുരുകുല സമ്പ്രദായപ്രകാരം വിദ്യാഭ്യാസം നേടി.

'ആത്മപോഷിണി' പത്രാധിപരായി സാഹിത്യപ്രവർത്തനം തുടങ്ങി. 1927-ൽ കലാ മണ്ഡലം സ്ഥാപിച്ചു. കേരള സാഹിത്യ അക്കാദമിയുടെ ആദ്യകാല ഉപാധ്യക്ഷൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

സാഹിത്യമഞ്ജരി 11 ഭാഗങ്ങൾ, ബന്ധനസ്ഥനായ അനിരുദ്ധൻ, മഗ്ദലനമറിയം, കൊച്ചു സീത, ശിഷ്യനും മകനും, അച്ഛനും മകളും, ചിത്രയോഗം മഹാകാവ്യം, വാല്മീകി രാമായണപരിഭാഷ, ഋഗ്വേദ പരിഭാഷ, ശാകുന്തളം പരിഭാഷ എന്നിവയാണ് മുഖ്യ കൃതികൾ.

1955-ൽ പത്മഭൂഷൺ ബഹുമതി ലഭിച്ചു. 1958-ൽ അന്തരിച്ചു.

# 2 നന്മയുടെ പൂമരങ്ങൾ

## സിലബസ് ഗ്രിഡ്

**പ്രശ്നമേഖല** : വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ

**ഉപപ്രശ്നം** :
- സാമൂഹികജീവിതത്തിലെ പ്രശ്നങ്ങളെ വൈകാരികമായി ഉൾക്കൊള്ളാൻ കഴിയാത്ത അവസ്ഥ.

**പഠനലക്ഷ്യങ്ങൾ** :
- സമൂഹത്തിന്റെ അവിഭാജ്യഘടകമാണ് മനുഷ്യൻ എന്ന തിരിച്ചറിവോടെ സാമൂഹികജീവിതത്തിൽ തന്റെ നന്മ പ്രയോജനപ്പെടുത്തുകയും മറ്റുള്ളവരിൽ അത് പകരുകയും ചെയ്യാനുള്ള താൽപര്യം വളർത്തുക.
- സ്വന്തം കുടുംബജീവിതത്തിൽ നിന്നാണ് നന്മ എന്ന ആശയത്തിന്റെ ബാലപാഠങ്ങൾ സ്വാംശീകരിക്കേണ്ടത് എന്ന തിരിച്ചറിവുണ്ടാക്കുക.
- സാമൂഹികജീവിതത്തിലെ നന്മകൾ വികാരതീവ്രമായി ആവിഷ്ക്കരിക്കുന്ന കഥകൾ, കവിതകൾ, അനുഭവങ്ങൾ തുടങ്ങിയവ പരിചയപ്പെടുന്നതിലൂടെ സ്വന്തം ജീവിതത്തിലും അവയുടെ അംശങ്ങൾ സ്വീകരിക്കാൻ പ്രചോദനം നൽകുക.
- സർഗ്ഗധനരായ എഴുത്തുകാരുടെ രചനകളിലെ പ്രയോഗഭംഗി തിരിച്ചറിയുകയും സ്വന്തം രചനകളിലും ആവിഷ്കാരപ്രകടിത രൂപങ്ങളിലും പ്രയോഗിക്കുകയും ചെയ്യാനുള്ള കഴിവു വളർത്തുക.
- മലയാളത്തിലെ ക്ലാസിക്കൃതികളും ചെറുകഥാസാഹിത്യത്തിലെ ശ്രദ്ധേയമായ രചനകളും പരിചയപ്പെടുക.
- കവിതകൾക്ക് ഈണം കണ്ടെത്താൻ കഴിവു നേടുക.
- കവിതകൾ ഭാവമുൾക്കൊണ്ട് അവതരിപ്പിക്കാൻ കഴിവു നേടുക.
- പദങ്ങൾ, വാക്യങ്ങൾ ഇവയുടെ പ്രത്യേകതകൾ കണ്ടെത്താൻ കഴിവു നേടുക.

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| നന്മയുടെ ഉറവകൾ (കുടുംബബന്ധങ്ങളുടെ ആഴവും ഊഷ്മളതയും) | • ജീവിതകാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിൽ കുടുംബം വലിയ സ്വാധീനം ചെലുത്തുന്നുണ്ട്.<br>• സാമൂഹികജീവിതത്തിലെ സംഘർഷങ്ങളും പ്രശ്നങ്ങളും കുടുംബബന്ധങ്ങളിലും നിഴലിക്കുന്നു.<br>• മനുഷ്യന്റെ നന്മ മറ്റു മനുഷ്യരുടെ ജീവിതത്തെ പരിവർത്തിപ്പിക്കുന്നു.<br>• താനും പ്രപഞ്ചത്തിന്റെ ഭാഗമാണ്.<br>• ഭേദചിന്തകളില്ലാതെ മനുഷ്യരെ കാണുന്നിടത്താണ് യഥാർത്ഥ മാനവ സ്നേഹം കുടികൊള്ളുന്നത്.<br>• കുടുംബബന്ധങ്ങളുടെ ഊഷ്മളത പ്രമേയമായ ധാരാളം സാഹിത്യരചനകൾ മലയാളത്തിലുണ്ട്.<br>• വാക്യത്തിലെ പദങ്ങൾക്ക് നൽകുന്ന ഊന്നൽ മാറുന്നതിനനുസരിച്ച് ആശയത്തിലും മാറ്റം വരുന്നു. | **ആർജ്ജിതജ്ഞാനം**<br>• കുടുംബ ബന്ധങ്ങളിലെ സ്നേഹം അതിന്റെ മഹത്വം എന്നിവ വ്യക്തമാക്കുന്ന രചനകൾ.<br>**കൃതികളും രചനകളും**<br>• കുടുംബം സമൂഹം എന്നിവയിലെ സംഘർഷങ്ങളും നന്മകളും പ്രമേയമായ കഥകൾ, കവിതകൾ. | • കുടുംബം ,സമൂഹം എന്നിവയെപ്പറ്റി ഉയർന്ന ധാരണരൂപപ്പെടുന്നതിനുതകുന്ന കഥകൾ, കവിതകൾ, അനുഭവങ്ങൾ എന്നിവ വായിച്ച് കുടുംബത്തിന്റെയും സമൂഹത്തിന്റെയും പാരസ്പര്യം തിരിച്ചറിഞ്ഞ് സ്വന്തം നിലപാടുകൾ രൂപീകരിക്കുകയും അഭിപ്രായക്കുറിപ്പ് പത്രവാർത്ത, താരതമ്യക്കുറിപ്പ്, ചർച്ചാക്കുറിപ്പ്, കവിത, കഥാപാത്രനിരൂപണം, അനുഭവക്കുറിപ്പ്, വിശകലനക്കുറിപ്പ് എന്നീരൂപങ്ങളിൽ പ്രകടിപ്പിക്കുകയും ചെയ്യുന്നു.<br>• കുടുംബജീവിതത്തിലും സാമൂഹികജീവിതത്തിലും ഉണ്ടാകുന്ന നന്മകളും സംഘർഷങ്ങളും ആവിഷ്ക്കരിച്ച കഥ, കവിത, ജീവിതാനുഭവം എന്നിവ വായിക്കുന്നു. അവയിൽ ആകൃഷ്ടരായി സ്വാനുഭവത്തിൽ നിന്നോ ജീവിതപരിസരത്തിൽ നിന്നോ ലഭിച്ച അനുഭവങ്ങൾ കഥയായും കവിതയായും രചിക്കുന്നു.<br>• പദങ്ങളുടെ പ്രയോഗത്തിലൂടെ വരുന്ന ഊന്നലിന്റെ പ്രത്യേകതകൾ കണ്ടെത്തുന്നു. | • സാമൂഹികജീവിതത്തിൽ പ്രയാസമനുഭവിക്കുന്നവരെ സഹായിക്കാനുള്ള മനോഭാവം.<br>• പരസ്പരസഹായമാണ് കുടുംബജീവിതത്തിന്റെ കെട്ടുറപ്പ് എന്ന് തിരിച്ചറിഞ്ഞ് തന്റെ പങ്ക് നിർവഹിക്കാനുള്ള മനോ-ഭാവം. | കൃതികളും രചനകളും വിശകലനം ചെയ്തു കുടുംബബന്ധങ്ങളുടെ കെട്ടുറപ്പ് എന്തെന്ന് തിരിച്ചറിഞ്ഞ് വിവിധ വ്യവഹാര രൂപങ്ങളിലൂടെയും സ്വന്തം പ്രവർത്തനങ്ങളിലൂടെയും പ്രകടിപ്പിക്കുന്നതിനുള്ള കഴിവ്. പദങ്ങൾ വാക്യങ്ങൾ ഇവയുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കാനുള്ള ശേഷി. |

# 2 നന്മയുടെ പൂമരങ്ങൾ

**അ**ന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ, വിവേകികൾ

*കുമാരനാശാൻ*

സ്വന്തം ജീവിതം മറ്റുള്ളവരുടെ നന്മയ്ക്കും സുഖത്തിനും വേണ്ടി സമർപ്പിക്കുന്നവരാണ് മഹാന്മാർ. അവരെയാണ് ചരിത്രം ഓർമിക്കുന്നത്.

## പ്രൊമിത്യൂസിന്റെ കഥ വായിക്കാം

മനുഷ്യവംശത്തെ നന്മയിലേക്കും പുരോഗതിയിലേക്കും നയിക്കാൻ പ്രൊമിത്യൂസ് സ്വർഗത്തിൽ നിന്ന് അഗ്നി കവർന്ന് മനുഷ്യന് നല്കി. കലയും സംസ്കാരവും നല്കി. ദേവന്മാരും മനുഷ്യരും തമ്മിലുള്ള സംഘട്ടനങ്ങളിൽ ദേവനായിരുന്നിട്ടും പ്രൊമിത്യൂസ് മനുഷ്യർക്കായി നിലയുറപ്പിച്ചു.

അങ്ങനിരിക്കെയാണ് ബലിമൃഗത്തിന്റെ ഭാഗങ്ങൾ എങ്ങനെ പങ്കിടണം എന്നതിനെ സംബന്ധിച്ച് തർക്കം വന്നത്. മധ്യസ്ഥനായത് പ്രൊമിത്യൂസ്. അദ്ദേഹം ബലിമൃഗത്തിന്റെ രുചികരമായ ഭാഗങ്ങൾ ഒരു സഞ്ചിയിലും ബാക്കി ഭാഗങ്ങൾ മറ്റൊരു സഞ്ചിയിലും കെട്ടിവച്ചു. തിരഞ്ഞെടുപ്പിന് ദേവാധിപനായ സേയൂസിന് ആദ്യാവസരം നല്കി. സേയൂസ് രണ്ടാമത്തെ സഞ്ചി തിരഞ്ഞെടുത്തു. താൻ കബളിപ്പിക്കപ്പെട്ടതിൽ ക്രുദ്ധനായ സേയൂസ് ഭൂമിയിൽ നിന്ന് അഗ്നി പിൻവലിച്ച് മനുഷ്യനെ പച്ചമാംസം തിന്നാൻ വിധിച്ചു.

പ്രൊമിത്യൂസിന് സഹിക്കാൻ കഴിഞ്ഞില്ല. ഒളിമ്പസ് പർവതത്തിൽ നിന്ന് വീണ്ടും അഗ്നി അപഹരിച്ച് അദ്ദേഹം മനുഷ്യന് നല്കി. തന്നെ ധിക്കരിച്ച പ്രൊമിത്യൂസിനെ ഒരു പാഠം പഠിപ്പിക്കാൻ സേയൂസ് തീരുമാനിച്ചു. സിഥിയൻ കൊടുങ്കാടിനടുത്തെ കടലിടുക്കിലെ ചെങ്കുത്തായ പാറക്കെട്ടിൽ ഇരുമ്പുചങ്ങലയാൽ അദ്ദേഹത്തെ ബന്ധിച്ചു. നെഞ്ചിൽ വജ്രകീലം അടിച്ചുകയറ്റി ഒന്നനങ്ങാൻ പോലുമാകാതെ പൊരിവെയിലിൽ പൊള്ളുമ്പോൾ കൂർത്ത കൊക്കുള്ള കഴുകൻമാർ അദ്ദേഹത്തിന്റെ കരൾ കൊത്തിപ്പറിച്ചു. അസ്ഥികൾ തുളയ്ക്കുന്ന തണുപ്പിൽ ഭീകരന്മാരായ ഈച്ചകൾ അദ്ദേഹത്തെ കുത്തിനോവിച്ചു സേയൂസിന്റെ ദൂതന്മാർ അഭ്യർഥിച്ചിട്ടും ദാസനാവാൻ അദ്ദേഹം തയാറായില്ല. വേദനതിന്ന് മുപ്പതിനായിരം വർഷം പ്രൊമിത്യൂസ് അങ്ങനെ നിലകൊണ്ടു. ഹെർക്കൂലിസ് എത്തിച്ചേരുന്നതുവരെ, കൊടിയ യാതനകൾക്കുനടുവിൽ നന്മയ്ക്കുവേണ്ടി അചഞ്ചലനായി അദ്ദേഹം നിലകൊണ്ടു.

ഇത് ഇതിഹാസകഥാപാത്രമായ പ്രൊമിത്യൂസിന്റെ കഥ. ഇനി പട്ടിണിക്കാരെ ഊട്ടാൻ ഉണ്ണാവ്രതമിരിക്കുന്ന നാട്ടുമ്പുറക്കാരിയായ ഒരമ്മയെ പരിചയപ്പെടുത്തുന്ന കവിത വായിക്കുക.

# വേദം

ഉമ്മ വിളമ്പിയ ചോറിന്നു മുമ്പിൽ ഞാൻ
ചുമ്മാ മുഖം കറുപ്പിച്ചിരുന്നു
ഉപ്പേരിയില്ല, കറിയില്ല മീനില്ല
പപ്പടം 'വട്ട'ത്തിലാണു താനും.
ചോറ്റുപാത്രത്തിന്റെ പൊട്ടു പോലുണ്ടൊരു
ചോന്നുള്ളിച്ചമ്മന്തി - അത്രമാത്രം.
ദേഷ്യം കുറച്ചല്ല വന്നതെനിക്കപ്പോൾ,
ദേഹമൊട്ടാകെ വിറച്ചിരുന്നു.
വല്ലാതെയില്ല വിശപ്പെനിക്കെങ്കിലും
വല്ലായ്മയുണ്ടെന്നു ഞാൻ നടിച്ചു.

* * * *

അന്നൊക്കെയെൻ നാട്ടിൽ ഭൂരിജനങ്ങൾക്കും
അന്നമൊരു സ്വപ്നമായിരുന്നു.
ആംഗലവാഴ്ചയും യുദ്ധക്കെടുതിയും
ആകെയെൻ ഗ്രാമം തകർത്തിരുന്നു.
തന്തമാർ തള്ളമാർ കുട്ടികളന്യോന്യം
തള്ളിമാറ്റുന്നു, കലമ്പിടുന്നു.
ഒട്ടുചിലർ കഞ്ഞി മോന്തിപ്പിരിയുന്നു
മറ്റു പലർ വന്നു ചേർന്നിടുന്നു.

അമ്പാർന്നു കഞ്ഞി വിളമ്പുവാൻ മുറ്റത്തു
കുമ്പിട്ടുനിൽപ്പതിന്നുള്ളിൽ, ദൂരേ
എന്നെക്കണ്ടുമ്മയരികിലെത്തിച്ചൊല്ലി:
"നന്നേ തിരക്കായിരുന്നു മോനേ
പറ്റീല മീൻകറിയുണ്ടാക്കാൻ; ഇക്കണ്ട
പട്ടിണിക്കാർക്കൊക്കെ കഞ്ഞി വേണ്ടേ?
വിണ്ണുവാൻ നിൽക്കാതെ ചമ്മന്തിച്ചോറുണ്ടെ-
ന്നുണ്ണിപോ, നേരമായ് ബെല്ലടിക്കാൻ
നാലു മണി വിട്ടു നീ വരുമ്പോഴേക്കും
ഐലച്ചാറുണ്ടാക്കിവെച്ചിടാം ഞാൻ."

ഇത്രയും ചൊല്ലിപ്പിരിഞ്ഞു പോയുമ്മ, എ-
ന്നുൾത്തട്ടിൽ കാപട്യം വെന്തെരിഞ്ഞു.
ഉണ്ണാവ്രതവുമായന്യരെയൂട്ടുന്നൊ-
രെന്നുമ്മതൻ യജ്ഞം കണ്ടുനിൽക്കെ
നീറുമെന്നുള്ളം കുറുകീ: പഴയരി-
ച്ചോറെനിക്കുണ്ടല്ലോ വേണ്ടുവോളം,
പഞ്ഞക്കെടുതിയിൽ നീറുവോർ വറ്റില്ലാ-
ക്കഞ്ഞിക്കിരന്നു വലഞ്ഞിടുമ്പോൾ!

പിന്നെ ഞാൻ വൈകിയി,ല്ലെന്നുടെ ചോറുമാ-
യുമ്മതൻ പിന്നിൽ പതുങ്ങിയെത്തി
ഉള്ളലിഞ്ഞോതിനേൻ; എൻ ചോറുമാക്കഞ്ഞി
വെള്ളത്തിലിട്ടു വിളമ്പിക്കൊള്ളൂ.

*യൂസഫലി കേച്ചേരി*

ലോകത്തിലെ എല്ലാ പട്ടിണിക്കാരെയും ഊട്ടാൻ ഉമ്മയ്ക്ക് കഴിയുമോ? യൂണിറ്റിന്റെ ആമുഖ കഥയിലെ കുട്ടിക്കും കരയിലെ എല്ലാ മത്സ്യങ്ങളെയും രക്ഷിക്കാൻ കഴിയുന്നില്ല. എങ്കിലും അന്യജീവനു നേരെയുള്ള കലർപ്പില്ലാത്ത സ്നേഹം നാമിവിടെ കാണുന്നു. മനസ്സിലെ കാരുണ്യം ആവുന്നത്ര പ്രവൃത്തിയിൽ കൊണ്ടുവരേണ്ടതിന്റെ പ്രസക്തി ക്ലാസിൽ ചർച്ചചെയ്യണം. ഈ ചർച്ചയിൽ പ്രൊമിത്യൂസ്, ഉമ്മ - മകൻ, മുത്തച്ഛൻ - കുട്ടി എന്നിവരെ ഉദാഹരിക്കാം. പ്രൊമിത്യൂസ്, വേദം എന്നീ രചനകളിലെ ആശയങ്ങൾ ചർച്ചയിൽ പ്രയോജനപ്പെടുത്താം.

**യൂണിറ്റിലൂടെ നേടേണ്ടത്**

- സാമൂഹ്യജീവിതത്തിൽ വ്യക്തികളുടെ സംഭാവനകൾ വിലപ്പെട്ടതാണെന്ന തിരിച്ചറിവ് ഉണ്ടാവുക.
- വ്യക്തികളുടെ ക്രിയാത്മക പ്രവർത്തനങ്ങൾ സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ നിർണായക സ്ഥാനം വഹിച്ചിട്ടുണ്ട് എന്ന് തിരിച്ചറിയുക.
- ഓരോ വ്യക്തിയും സാമൂഹിക നന്മയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണെന്ന തിരിച്ചറിവുണ്ടാവുക.
- സാമൂഹ്യജീവിതത്തിലോ കുടുംബജീവിതത്തിലോ വ്യക്തികൾ തങ്ങളുടേതായ സംഭാവനകൾ നൽകി പരിവർത്തനം സൃഷ്ടിക്കുന്നത് പ്രമേയമാക്കിയ കഥകൾ, കവിതകൾ തുടങ്ങിയ സാഹിത്യരൂപങ്ങൾ പരിചയപ്പെടുക.
- പദച്ചേരുവകളുടെ പ്രത്യേകതകൾ കണ്ടെത്തുക

### യൂണിറ്റിനെക്കുറിച്ച്

തൊപ്പിതുന്നുന്നവർ, നന്മയുടെ കടലാസ് എന്നീ കഥകളും എം.പി. അപ്പന്റെ 'കുരിശിൽ' എന്ന ഭാവഗീതവുമാണ് ഈ യൂണിറ്റിലുള്ളത്. സൗഭാഗ്യങ്ങളുടെ ആകാശത്തിലേക്ക് പറക്കാനവസരമുണ്ടായിട്ടും അവ ത്യജിച്ച് അമ്മയുടെ സ്നേഹമെന്ന വാത്സല്യച്ചൂടിൽ വളരുന്ന മകനെ 'തൊപ്പിതുന്നുന്നവർ' എന്ന കഥയിൽ കാണാം. അധ്യാപകർക്കു മാത്രം സാധ്യമാകുന്ന വൈകാരികാനുഭവങ്ങളുടെയും സേവനത്തിന്റെയും നന്മനിറഞ്ഞ ലോകം പരന്നു കിടക്കുകയാണ്. 'നന്മയുടെ കടലാസ്' എന്ന കഥയിൽ. ത്യാഗത്തിന്റെ മഹത്വം മനസ്സിലാക്കാൻ 'കുരിശിൽ' എന്ന കവിത പ്രയോജനപ്പെടുത്താം.

വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥയാണ് ഈ യൂണിറ്റിന്റെ പ്രശ്നമേഖല. സമൂഹത്തിൽ ഓരോ വ്യക്തിക്കും തന്റേതായ ഇടവും ചുമതലയും ഉണ്ടെന്ന് തിരിച്ചറിയുന്നില്ല എന്നതാണ് യൂണിറ്റിലെ ഉപപ്രശ്നം.

### പഠനപ്രവർത്തനങ്ങളിലേക്ക്

# തൊപ്പിതുന്നുന്നവർ

ത്യാഗത്തിന്റെ മഹത്വവും കുടുംബബന്ധത്തിലെ സ്നേഹത്തിന്റെ ഊഷ്മളതയുമാണ് തൊപ്പി തുന്നുന്നവരിലെ പ്രമേയം. അമ്മ തുന്നി സമ്മാനിച്ച വർണത്തൊപ്പി ധീരന്മാരുടെ കത്തിയ്ക്കുവേണ്ടിയോ, രാജകുമാരിയുടെ കാഞ്ചനത്തൂവാലയ്ക്കുവേണ്ടിയോ, രത്നമോതിരത്തിനുവേണ്ടിയോ, രാജാവിന്റെ കനകകിരീടത്തിനു വേണ്ടിയോ നഷ്ടപ്പെടുത്താൻ എമിൽ തയാറാവുന്നില്ല. തൊപ്പി നല്കിയാൽ അമൂല്യ സമ്മാനങ്ങൾ നേടാമായിരുന്നിട്ടും അതെല്ലാം നഷ്ടപ്പെടുത്തിയ മടയനാണവനെന്ന് സഹോദരന്മാർ അവനെ കുറ്റപ്പെടുത്തുന്നു. എന്നാൽ അതിനൊക്കെ അപ്പുറത്താണ് എമിലിന് അമ്മ സമ്മാനിച്ച തൊപ്പിയുടെ മൂല്യം. കുടുംബബന്ധങ്ങളിലെ ഇഴപിരിയാത്ത ആർദ്രസ്നേഹം എക്കാലത്തുമുണ്ടായിരുന്നു.

### ചർച്ചാക്കുറിപ്പ്

മറ്റെല്ലാറ്റിനുമുപരി അമ്മയുടെ സ്നേഹമാണ് വലുത് എന്ന എമിലിന്റെ കാഴ്ചപ്പാടിനെക്കുറിച്ച് ചോദിക്കാം.

- എമിൽ മടയനാണെന്ന് അവന്റെ സഹോദരന്മാരെപ്പോലെ നിങ്ങൾക്കും അഭിപ്രായമുണ്ടോ?
- എമിലിന്റെ സ്ഥാനത്ത് നിങ്ങളായിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു?
- എമിലിന്റെ പ്രവൃത്തികളെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?
-

എന്നിങ്ങനെ സന്ദർഭോചിതമായ ചോദ്യങ്ങളിലൂടെ ഇടപെടാം. വ്യത്യസ്ത സന്ദർഭങ്ങളിൽ എമിലിന്റെ പെരുമാറ്റത്തോടുള്ള കുട്ടികളുടെ പ്രതികരണം ബോർഡിൽ സൂചനയായി രേഖപ്പെടുത്തണം. സൂചനകളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ വ്യക്തിപരമായ കുറിപ്പുകൾ തയാറാകട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തി പൊതുവായി അവതരിപ്പിക്കാം.

### കഥാപാത്രനിരൂപണം

- കഥാപാത്രത്തിന് കഥയിലുള്ള സ്ഥാനം
- കഥാഗതിയിൽ കഥാപാത്രം ചെലുത്തുന്ന സ്വാധീനം
- കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ, മനോവ്യാപാരങ്ങൾ

കഥാപാത്രനിരൂപണം തയാറാക്കുന്നതിനു മുമ്പ് മേൽപറഞ്ഞ സൂചനകളുടെ അടിസ്ഥാനത്തിൽ ചർച്ച നടത്തണം. ആശയങ്ങൾ ബോർഡിൽ രേഖപ്പെടുത്തണം.

ഇനി കഥാപാത്രനിരൂപണം തയാറാക്കാം.

- വ്യക്തിഗതരചന
- ഗ്രൂപ്പിലവതരണം
- മെച്ചപ്പെടുത്തൽ
- വിലയിരുത്തൽ

പരസ്പരം വിലയിരുത്തലിനും പൊതു വിലയിരുത്തലിനും അവസരം നൽകണം. മുമ്പ് നടത്തിയ വിശകലനത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തൽ സൂചകങ്ങൾ അധ്യാപികയും കുട്ടികളും ചേർന്ന് വികസിപ്പിക്കണം.

## പ്രയോഗസവിശേഷത കണ്ടെത്തൽ

- 'അടിവച്ചടിവച്ചു വന്നു' എന്ന പ്രയോഗത്തിലൂടെ എന്തെല്ലാം കണ്ടെത്താൻ കഴിയും?

  കുട്ടികൾ അഭിപ്രായം പറയട്ടെ. അഭിപ്രായങ്ങൾ ബോർഡിൽ രേഖപ്പെടുത്തി ക്രോഡീകരിക്കാം. രാജകുമാരിയുടെ നടപ്പിനെയാണ് ഇങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നത്. അവളുടെ നടപ്പിന്റെ ഗാംഭീര്യം ഇവിടെ തെളിയുന്നു. ഒപ്പം എമിലിന്റെ തൊപ്പി കണ്ടുള്ള കൗതുകവും, അതിൽ തൊടാൻ കഴിയുമോ എന്ന സംശവുമെല്ലാം ആ നടത്തത്തിൽ പ്രതിഫലിപ്പിക്കാൻ ഈ ശൈലിക്ക് കഴിഞ്ഞിട്ടുണ്ട്.

  മാരിവില്ല് പന്തലിട്ട ദൂരചക്രവാളം
  മാടിമാടി വിളിക്കുന്നതറിയില്ലേ

  മൂവന്തിതാഴ്‌വരയിൽ വെന്തുരുകും
  വിൺസൂര്യൻ

  വാതിൽപ്പഴുതിലൂടെൻമുന്നിൽ കുങ്കുമം
  വാരിവിതറും ത്രിസന്ധ്യപോകെ

എന്നീ വരികളിലെ മാടിമാടി വിളിക്കുക, വെന്തുരുകുക, കുങ്കുമം വാരി വിതറുക എന്നീ സവിശേഷ പ്രയോഗങ്ങളും കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താം.

ഇത്തരം പ്രയോഗങ്ങളിലൂടെ എന്തെല്ലാം സവിശേഷതകൾ കൈവരുന്നു?

- ആശയവ്യക്തത
- മികവ്
- വായനാസുഖം
- 

ഇത്തരത്തിലുള്ള കൂടുതൽ പ്രയോഗങ്ങൾ കുട്ടികൾ പാഠഭാഗത്തു നിന്ന് കണ്ടെത്തി വിശദീകരിക്കട്ടെ.

- സന്ധ്യാതാരകം പോലെ ആ അമ്മയുടെ കണ്ണുകൾ മങ്ങുകയും തെളിയുകയും ചെയ്തുകൊണ്ടിരുന്നു.
- അമ്പിളിയമ്മാവൻ വീണു തിളങ്ങുന്ന പുഴപോലെ അവന്റെ മുഖം തിളങ്ങി.

## വാക്യം വ്യാഖ്യാനിക്കുക

'പുഴയോരത്തുകൂടി നടക്കുമ്പോൾ ഉള്ളിൽ ആനന്ദം നിറയുന്നത് അവനറിഞ്ഞു ഈ വാക്യം ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കാം. ഈ വാക്യത്തിന്റെ ആശയം എന്താണ്?

കുട്ടികളോട് ചോദിക്കാം.

ഈ വാക്യത്തിൽ പുഴ, ഒഴുക്ക്, ആനന്ദം നിറയുക എന്നീ പ്രയോഗങ്ങൾക്ക് എന്തെല്ലാം പ്രതി ഫലിപ്പിക്കാൻ സാധിച്ചിട്ടുണ്ട്? സൂചനകൾ ബോർഡിൽ രേഖപ്പെടുത്തണം.

അമ്മയുടെ സ്നേഹം പുഴപോലെയാണ്. പുഴയോരത്തു നടക്കുമ്പോൾ പുഴയുടെ ഒഴുക്കും തണുപ്പും ഇളംകാറ്റും നമുക്ക് ആശ്വാസവും പ്രചോദനവും ഉണ്ടാകുന്നതുപോലെയാണ് അമ്മ യുടെ സാന്നിധ്യവും വാത്സല്യവും. ചർച്ച ക്രോഡീകരിക്കണം. കുട്ടികൾ വാക്യം വിശദീകരിച്ച് കുറിപ്പാക്കി ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ. മെച്ചപ്പെടുത്തിയത് പൊതു അവതരണ മാകാം.

ഭാഷാപ്രയോഗത്തിനുള്ള ശേഷി നേടുന്നതുപോലെ പ്രധാനമാണ് ആ പ്രയോഗത്തിലെ അർഥ സവിശേഷതകൾ വ്യാഖ്യാനിക്കാനുള്ള ശേഷി നേടുന്നതും. ഉയർന്ന ക്ലാസ്സുകളിൽ ചെയ്യേണ്ട വാക്യവ്യാഖ്യാനത്തിനുള്ള അടിസ്ഥാനശേഷികൾ നേടുകയാണ് ആറാം ക്ലാസ്സിൽ വേണ്ടത്.

- വാക്യത്തിന്റെ ആശയം വ്യക്തമാക്കുക.
- വാക്കുകളുടെ അർഥബോധം വിശാലാടിസ്ഥാനത്തിൽ മനസ്സിലാക്കുക.

എന്നിങ്ങനെയുള്ള ശേഷികൾ നേടുകയാണ് ഇവിടെ ലക്ഷ്യമിടുന്നത്. തുടർന്ന് സമാനമായ അവരുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് പുഴ ഒഴുകാൻ തുടങ്ങി, എന്ന വാക്യം വിശദീക രണക്കുറിപ്പ് തയാറാക്കാൻ നൽകാം. വ്യക്തിഗതരചന അധ്യാപകർ വിലയിരുത്തണം.

### ആസ്വാദനം

കഥാപാത്രനിരൂപണവും കഥയിലെ സവിശേഷ പ്രയോഗങ്ങളും മറ്റും പരിഗണിച്ച് കഥയ്ക്ക് ആസ്വാദനം തയാറാക്കണം.

### ഡയറിക്കുറിപ്പ്

താൻ തുന്നിക്കൊടുത്ത തൊപ്പി കൈവിട്ടുപോകാതിരിക്കാൻ മകൻ മറ്റു നേട്ടങ്ങൾ ഉപേക്ഷിച്ചു വന്ന ദിവസം അമ്മ എഴുതാൻ സാധ്യതയുള്ള ഡയറിക്കുറിപ്പ് കുട്ടികൾ തയാറാക്കട്ടെ. ഇത്തരം കുറിപ്പിനു വേണ്ട ഗുണങ്ങൾ

- വൈകാരിക സ്പർശമുള്ള ഭാഷ
- സംഭവങ്ങളുടെ കേവല വിവരണമാകാതിരിക്കൽ
- അതിവാചാലത ഇല്ലായ്മ
- പദപ്രയോഗങ്ങളുടെയും ശൈലികളുടെയും ഔചിത്യം

# കുരിശിൽ

ഭാവഗീതത്തിന് മികച്ച ഉദാഹരണമാണ് എം.പി. അപ്പന്റെ കുരിശ്ശിൽ എന്ന കവിത. യേശുക്രി സ്തുവിന്റെ ത്യാഗസുരഭിലമായ ജീവിതത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ത്യാഗം ജീവിത വ്രതമാക്കുന്ന വ്യക്തികളുണ്ടാകും എന്ന വിളംബരം ഈ കവിതയിലുണ്ട്.

അനീതികളുടെയും ദുഷ്ടതകളുടെയും അന്ധകാരത്തിൽപ്പെട്ട് നട്ടംതിരിഞ്ഞ ലോകത്തിന് സത്യ ത്തിന്റെ പ്രഭാപൂരം ചൊരിഞ്ഞതുകൊണ്ട് ക്രൂരനിയമത്തിന്റെ ആണി മുനകളിൽ മുൾക്കിരീടം ചാർത്തി യേശുദേവന് വിശ്രമിക്കേണ്ടിവന്നു. പൂമേനി കുരിശിൽ തറയ്ക്കപ്പെട്ട് കൊടിയ വേദന അനുഭവിക്കുന്ന നേരത്തും ആ സ്നേഹശീലൻ കർത്താവിനോട്, തന്നെ ക്രൂശിച്ചവരോട് പൊറു ക്കേണമേ എന്നാണ് പ്രാർഥിച്ചത്, അദ്ദേഹത്തിന്റെ മുറിവിൽ നിന്ന് ഇറ്റിറ്റുവീഴുന്ന കരുണ രസം നിറഞ്ഞ ഓരോ തുള്ളിച്ചോരയും ചെമ്പനീർപ്പൂവുകളായി വിടരുമെന്ന് കവി പ്രതീക്ഷിക്കുന്നു.

ത്യാഗത്തിന്റെ കാന്തി നിറഞ്ഞ ആ പുഷ്പങ്ങൾ നശിക്കാതെ എന്നും ഭൂമിയിലും സ്വർഗത്തിലും സുഗന്ധം പരത്തുമെന്നു തന്നെയാണ് കവിയുടെ വിശ്വാസം.

കുട്ടികൾ കവിത വായിച്ച് ആശയം കണ്ടെത്തട്ടെ. ഒന്നോ രണ്ടോ കുട്ടികളെക്കൊണ്ട് ആശയം അവതരിപ്പിക്കാം. അധ്യാപിക ആശയം മെച്ചപ്പെടുത്തി വിശദീകരിക്കണം. യേശുക്രിസ്തുവിന്റെ ജീവിതകഥയുടെ സംക്ഷിപ്തം അവതരിപ്പിക്കണം. കെ.പി. കേശവമേനോന്റെ, യേശുദേവൻ എന്ന ജീവചരിത്രഭാഗം അധ്യാപികയ്ക്ക് റഫറൻസിനായി ഉപയോഗിക്കാം.

മറ്റൊരു മഹതിയെ പരിചയപ്പെടാം.

## വിളക്കേന്തിയ മാലാഖ

ആതുരസേവനം ദൈവപൂജയാണെന്ന സന്ദേശം ലോകത്തിന് നൽകിയ മാലാഖയായിരുന്നു ഫ്ളോറൻസ് നൈറ്റിംഗേൽ. ആതുര ശുശ്രൂഷാരംഗത്ത് തൊഴിൽപരമായ അന്തസ്സും ചിട്ടയും നല്കി നഴ്സിങ്ങിനെ കുലീനമാക്കിയത് ഈ വിളക്കേന്തിയ വനിതയായിരുന്നു.

1820 മെയ് 12 ന് ഇറ്റലിയിലെ ഫ്ളോറൻസിൽ ധനി ഉടമയായ വില്യത്തിന്റെയും ഫ്രാൻസെയുടെയും രണ്ടാമത്തെ മകളായി അവൾ പിറന്നു. സുഖലോലുപതയുടെ ബംഗ്ലാവുകളിൽ അവൾ വളർന്നു. ചെറുപ്പത്തിൽത്തന്നെ ഈശ്വരസേവചെയ്യാനായിരുന്നു അവളുടെ മോഹം. എന്നാൽ കന്യാസ്ത്രീയാകാൻ അവൾ ഒരുക്കമായിരുന്നില്ല. 1842- ൽ ഇംഗ്ലണ്ടിലുണ്ടായ കൊടിയ വറുതിയിൽ ജീവകാരുണ്യ പ്രവർത്തനത്തിനായി അവളിറങ്ങി. തീരെ വിലയില്ലാതിരുന്ന നഴ്സ് ജോലിക്ക് മകൾ ഇറങ്ങിത്തിരിച്ചത് ആ മാതാപിതാക്കൾക്ക് പിടിച്ചില്ല. വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ജർമനിയിലെത്തിയ ഫ്ളോറൻസ്, കയ്സേഴ്സ് ബർത്തിലെ തിയഡോർ ഫ്ളിഡ്നറുടെ ആശുപത്രി സന്ദർശിച്ചു. അടുത്ത വർഷം അവിടെ നിന്ന് മൂന്നുമാസത്തെ നഴ്സിംങ് പരിശീലനം പൂർത്തിയാക്കി ലണ്ടനിലെ ഒരാശുപത്രിയിൽ സൂപ്രണ്ടായി ജോലിയിൽ പ്രവേശിച്ചു.

1854-ൽ ആണ് ഫ്ളോറൻസിന്റെ സേവനകാരുണ്യം ലോകം തിരിച്ചറിഞ്ഞത്, ക്രിമിയൻ യുദ്ധത്തിൽ മാരകമായി പരിക്കേറ്റ് മരണത്തെ മുഖാമുഖം കണ്ട സൈനികർക്ക് ആശ്വാസമേകാൻ അവളെത്തി. അവളുടെ മികവുകൾ തിരിച്ചറിഞ്ഞ പ്രതിരോധമന്ത്രി സിഡ്നി ഹെർബർട്ട് ഫ്ളോറൻസിനെ പട്ടാള ആശുപത്രികളിലേക്ക് നിയോഗിച്ചു. 1854-ൽ ഫ്ളോറൻസ് പട്ടാള ആശുപത്രിയിൽ 38 നഴ്സുമാരുമായി എത്തി. ഫ്ളോറൻസിനെ എതിരേറ്റത് കടുത്ത എതിർപ്പുകളായിരുന്നു. എന്നാൽ അക്ഷീണ പ്രവർത്തനങ്ങളിലൂടെ തങ്ങളുടെ അനിവാര്യത അവർ ബോധ്യപ്പെടുത്തി. ഫ്ളോറൻസിന്റെ ശ്രമഫലമായി പട്ടാള ആശുപത്രികളിൽ വനിതാ നഴ്സുമാർ നിയമിക്കപ്പെട്ടു.

അവരുടെ നിസ്വാർഥത ഉയർച്ചയിലേക്കുള്ള പടവുകളായി. 1856-ൽ അവർ റോയൽ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ സജീവമായി. 1860-ൽ സ്റ്റാറ്റിക്കൽ സൊസൈറ്റി ഫെല്ലോ സ്ഥാനം നല്കി. 1860-ൽ പൊതുജനങ്ങളുമായി ചേർന്ന് അവർ സെന്റ് തോമസ് ആശുപത്രിയിൽ നഴ്സുമാർക്കായി ട്രെയിനിങ് സ്കൂൾ ആരംഭിച്ചു. 1883-ൽ റോയൽ റെഡ്ക്രോസ് ബഹുമതി നേടി. 1907-ൽ ഓഡർ ഓഫ് മെറിറ്റ് നേടിയ ആദ്യ വനിതയായി. ആതുര സേവനരംഗത്ത് പുതിയൊരു ലോകം സൃഷ്ടിക്കാൻ ആ മാലാഖയ്ക്ക് കഴിഞ്ഞു.

ഫ്ളോറൻസിന്റെ അപദാനങ്ങൾ ലോകമെങ്ങും നിറഞ്ഞു. സാഹിത്യസൃഷ്ടികളും മാധ്യമങ്ങളും അവരെ വാനോളം പുകഴ്ത്തി. അവിശ്രമജീവിതം നൈറ്റിംഗേലിനെ രോഗിണിയാക്കി. കണ്ണുകളെ വേദന കാർന്നു തിന്നിട്ടും അവർ തന്റെ സ്ഥാപനത്തിലെ പരിശീലകർക്കായി

പ്രത്യേക ക്ലാസ്സുകൾ നടത്തി. തളരാതെ പോരാടി 200 ലേറെ പുസ്തകങ്ങളും ലഘുലേഖ കളും തയാറാക്കി. 1889-ൽ കാഴ്ചശക്തി നഷ്ടപ്പെട്ട് ആ മാലാഖ ശയ്യാവലംബിയായി.

ഉറക്കത്തെ പടിവാതിലിൽ നിറുത്തി കൂരിരുട്ടിലും ചെറുമെഴുതിരി വെളിച്ചവുമായി രോഗാ തുരരുടെ ശാന്തിയ്ക്കായി ഓടിയെത്തിയ ഫ്ളോറൻസ്, ദൈവത്തെ നിസ്വാർഥ സേവനമാ യിക്കണ്ട ഫ്ളോറൻസ്, 1910 ആഗസ്റ്റ് 13 ന് ലോകത്തോട് യാത്ര പറഞ്ഞു. അവരുടെ അന്ത്യാ ഭിലാഷം പോലെ ഹാംഷയറിൽ മാതാപിതാക്കളുടെ സമീപം അവർ അന്ത്യനിദ്രകൊള്ളുന്നു.

അന്യർക്കു വേണ്ടി കഠിനമായ കഷ്ടപ്പാടുകൾ അനുഭവിച്ച രണ്ടു മഹാന്മാരെയും കുട്ടികൾക്കു പരിചയപ്പെടുത്തണം. ഇങ്ങനെയുള്ള മറ്റു മഹാന്മാരെക്കുറിച്ചും കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ടാ കും (ഗാന്ധിജി, ശ്രീനാരായണഗുരു...). അവരിൽ ഒരാളുടെ മഹത്തായ ത്യാഗം വെളിപ്പെടു ത്തുന്ന ഒരു കഥ തയാറാക്കണം. ഇങ്ങനെ ഒരാളെക്കുറിച്ചുള്ള പ്രസിദ്ധമായ ഏതെങ്കിലും സംഭവം സ്വന്തം ശൈലിയിൽ കഥാരൂപത്തിൽ മാറ്റി എഴുതുകയുമാവാം.

## കവിതയരങ്ങ്

ഈ കവിതയുടെ താളത്തിൽ ചൊല്ലാൻ കഴിയുന്ന ഏതാനും കാവ്യഭാഗങ്ങൾ കുട്ടികൾ ശേഖരിക്കട്ടെ.

സമാനതാളമുള്ള ചില കവിതകൾ.

- സീതാസ്വയംവരം - അധ്യാത്മരാമായണം
- ഇന്നു ഞാൻ നാളെ നീ - ജി.ശങ്കരക്കുറുപ്പ്
- മാമ്പഴം - വൈലോപ്പിള്ളി ശ്രീധരമേനോൻ
- കാളകൾ - പി.ഭാസ്കരൻ
- മമ്മി - ചെമ്മനം ചാക്കോ

ഒരു കവിതയരങ്ങ് സംഘടിപ്പിക്കാം. ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ കുട്ടികൾ തന്നെ നട ത്തട്ടെ. അധ്യാപിക വേണ്ട നിർദ്ദേശങ്ങൾ നല്കണം. മുന്നൊരുക്കങ്ങൾ എന്തൊക്കെയാകണം.

- കവിതകളുടെ വൈവിധ്യമാർന്ന അവതരണം ഉറപ്പുവരുത്തണം.
- വ്യത്യസ്തങ്ങളായ കവിതകൾ
- വൈവിധ്യമാർന്ന അവതരണം
- 

കവിതയരങ്ങ് കഴിഞ്ഞാൽ വ്യക്തമായ വിലയിരുത്തലും മെച്ചപ്പെടുത്തലും ആവശ്യമാണ്. ഉച്ചാരണസ്ഫുടത, ഭാവാവിഷ്കാരം, ആശയവ്യക്തത എന്നിവ വിലയിരുത്തി വിശദീകരിക്കാം. ഈ അവസരത്തിൽ അധ്യാപികയ്ക്ക് കവിത അവതരിപ്പിക്കുകയോ ഓഡിയോ കാസറ്റ് അവ തരിപ്പിക്കുകയോ ചെയ്യാം.

## അഭിപ്രായക്കുറിപ്പ്

ഇരുട്ടിൽപ്പെട്ടുഴലുന്ന ലോകത്തിന് യേശുദേവൻ സത്യത്തിന്റെ വെളിച്ചം കാട്ടി എന്നതു കൊണ്ട് കവി ഉദ്ദേശിക്കുന്നതെന്താവാം? കുട്ടികൾ വ്യക്തിഗതമായി കുറിക്കട്ടെ.

അഭിപ്രായങ്ങൾ അവതരിപ്പിച്ച് ക്രോഡീകരിക്കട്ടെ.

തന്നെ കുരിശിൽ തറച്ചവർക്ക് യേശുദേവൻ മാപ്പു നൽകി.

ആർക്കാണ് മാപ്പു നല്കേണ്ടത്.

ജീവിതം കൊണ്ട് ക്രിസ്തുവിന്റെ മാർഗം പിന്തുടർന്നവരാണ് ഗാന്ധിജിയും മദർതെരേസയും - ശരിയോ?

ഇത്തരം ചോദ്യങ്ങൾ കുട്ടികളുടെ ചിന്തയുണർത്തുന്നതിനായി ഉന്നയിക്കണം. മഹത്വത്തിന്റെ വ്യത്യസ്ത വഴികൾ അവർക്ക് ബോധ്യപ്പെടും വിധം ചർച്ച പുരോഗമിക്കണം. കുട്ടികൾ സ്വന്തം അഭിപ്രായങ്ങൾ രൂപീകരിക്കട്ടെ. അവർ വ്യക്തിഗതമായി കുറിപ്പ് തയാറാക്കണം. മികച്ചവ ക്ലാസിൽ അവതരിപ്പിക്കാം. എന്തുകൊണ്ടാണ് മികവെന്ന ചർച്ചയും നടക്കണം.

### കാവ്യഭംഗി

ദേവ നിൻ മുറിവിൽ നിന്നിറ്റുവീഴുന്നൊരീ
ജീവരക്തത്തിൽ തപ്തമാമോരോ കണികയും
കാരുണീരസം നിറഞ്ഞീ സർവംസഹയിങ്കൽ
ചാരുചെമ്പനീർപ്പൂവായുൽഫുല്ലമാകും നാളെ.

ഈ വരികൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കാം.

- വരികൾ ഇഷ്ടമായോ? എന്തുകൊണ്ട്?

അവതരിപ്പിക്കുന്ന ആശയങ്ങൾ ബോർഡിൽ രേഖപ്പെടുത്തണം.

### പ്രഭാഷണം

കുട്ടികൾ തയാറാക്കിയ കുറിപ്പിനെ ആസ്പദമാക്കി ലഘു ചർച്ച സംഘടിപ്പിക്കണം.

- മഹാന്മാരുടെ ത്യാഗത്തിന്റെ ഫലം ഇന്നത്തെ സമൂഹത്തിൽ കാണുന്നില്ല. ശരിയോ?
- സമൂഹത്തിൽ നന്മ ഊട്ടി വളർത്തുന്നതിന് മഹാന്മാരുടെ വചനങ്ങളും പ്രവർത്തനങ്ങളും നമുക്കെങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം?
- ജാതിമതവിവേചനമില്ലാതാക്കൽ
- ജീവിതമൂല്യങ്ങൾ (സത്യം, സ്നേഹം, ദയ, അഹിംസ...)

ഇതിന് സഹായിക്കുന്ന വരികളോ മഹദ്വചനങ്ങളോ നിങ്ങൾക്ക് അറിയാമോ?

- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
- എന്റെ ജീവിതമാണ് എന്റെ സന്ദേശം
- 

ചർച്ചയിൽ രൂപപ്പെട്ടുവരുന്ന ആശയങ്ങൾ ക്ലാസിൽ ക്രോഡീകരിക്കണം.

സമൂഹത്തെ നന്മയിലേക്ക് നയിക്കുവാൻ സഹായകമായ പ്രഭാഷണം തയാറാക്കാം.

ഉള്ളൂരിന്റെ പ്രേമസംഗീതം, സുഖം സുഖം പോലുള്ള കവിതകളും ത്യാഗത്തിന്റെ മഹത്വം സൂചിപ്പിക്കുന്ന ഉദ്ധരണികളും, കഥകളും, കവിതകളും കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തണം. കൂടുതൽ വിവരങ്ങൾ ആനുകാലികങ്ങളിൽ നിന്നും മറ്റും ശേഖരിക്കാം.

### ചില കവിതാഭാഗങ്ങളും ഉദ്ധരണികളും

- "ത്യാഗമെന്നതേ നേട്ടം താഴ്മതാനഭ്യുന്നതി"- വള്ളത്തോൾ
- "പരോപകാരപ്രവണം പ്രപഞ്ചം"- ഉള്ളൂർ
- "മഹത്തായ ത്യാഗങ്ങളിലൂടെ മാത്രമേ, മഹത്തായ കാര്യങ്ങൾ സാധിക്കൂ"- വിവേകാനന്ദ സ്വാമികൾ
- 

പ്രഭാഷണത്തിന് എന്തെല്ലാം ശ്രദ്ധിക്കണം.

- ഭാഷയിൽ വൈകാരികത നിറഞ്ഞുനിൽക്കണം.
- കേൾവിക്കാരോട് സംവദിക്കുന്ന ഭാഷ സ്വീകരിക്കണം.
- സ്വാഭാവികമായ ഒഴുക്കുണ്ടാകണം

ആശയതലത്തിൽ എന്തെല്ലാം വേണം?

- ആശയങ്ങൾക്ക് പൂർവാപരബന്ധമുണ്ടാകണം.
- മറ്റുള്ളവർക്കായി സ്വയം സമർപ്പിക്കാനുള്ള മാനസികാവസ്ഥ.
- ത്യാഗം ജീവിത വ്രതമായി മാറ്റിയവരെക്കുറിച്ചുള്ള വിവരങ്ങൾ
- സ്വാർഥതയുടെ ദോഷങ്ങൾ
- പരോപകാരത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഈരടികൾ/ഉദ്ധരണികൾ
- ത്യാഗത്തിന്റെ മഹത്വം സൂചിപ്പിക്കുന്ന ഉദ്ധരണികൾ/ഈരടികൾ

കുട്ടികൾ തയാറാക്കിയത് ഗ്രൂപ്പിൽ അവതരിപ്പിക്കട്ടെ. ചർച്ചചെയ്ത് മെച്ചപ്പെടുത്തി പൊതു അവതരണമാകാം. പ്രഭാഷണം മൂല്യനിർണയത്തിന് വിധേയമാക്കേണ്ടതുണ്ട്.

# നന്മയുടെ കടലാസ്

## അധ്യാപകരുടെ അധ്യാപകൻ



1888 സപ്തംബർ 5ന് തമിഴ്നാട്ടിൽ തിരുത്താണി ഗ്രാമത്തിലെ ഇടത്തരം കുടുംബത്തിൽ സർവേപ്പള്ളി രാധാകൃഷ്ണൻ ജനിച്ചു. വെല്ലൂരിലും മദിരാശിയിലുമായി വിദ്യാഭ്യാസം നേടിയശേഷം തത്വശാസ്ത്രത്തിൽ എം.എ. ബിരുദം നേടി. വിദ്യാർത്ഥിയായിരിക്കുമ്പോഴും തന്നെ ശിവാകമമ്മയെ വിവാഹം ചെയ്തിരുന്നു. സ്വയംസന്നദ്ധതയും ദൃഢനിശ്ചയവും മികച്ച വിജയത്തിലേക്ക് അദ്ദേഹത്തെ നയിച്ചു. ട്യൂഷൻ നൽകുന്നതിൽനിന്നുള്ള വരുമാനമായിരുന്നു കുടുംബ ചെലവിനുള്ള വകയ്ക്ക് അന്നദ്ദേഹം കണ്ടെത്തിയത്. 1909 ൽ ഇരുപത് വയസ്സ് മാത്രം പ്രായമുള്ളപ്പോഴും മദിരാശി പ്രസിഡൻസി കോളേജിൽ തത്വശാസ്ത്ര അധ്യാപകനായി ജോലിയിൽ പ്രവേശിച്ചതിനെതുടർന്ന് ഉയരങ്ങളിലേക്ക് മാത്രമായിരുന്നു പ്രയാണം. രണ്ടുപ്രാവശ്യം ഇന്ത്യയുടെ ഉപരാഷ്ട്രപതിയായ അദ്ദേഹം പിന്നീട് രാഷ്ട്രപതിയായി . 1952 മുതൽ പത്ത്വർഷം ഉപരാഷ്ട്രപതിയായും 1962 മുതൽ 67 വരെ രാഷ്ട്രപതിയായും സേവനമനുഷ്ഠിച്ചു. നൂറിൽപ്പരം സർവകലാശാലകളും ഡോക്ടർ ബിരുദം നൽകി ആദരിച്ചിട്ടുള്ള ആ മഹാപ്രതിഭാശാലിക്ക് ഭാരതരാജ്യം 1954ൽ 'ഭാരതരത്നം' നൽകി ആദരിച്ചു. ശക്തനായ വിദ്യാഭ്യാസ ആരാധാകനായിരുന്ന അദ്ദേഹം എക്കാലത്തെയും പണ്ഡിതനും അധ്യാപകനുമാണെന്ന് പറയാം. രാഷ്ട്രപതിയായ ശേഷം ശിഷ്യരും സുഹൃത്തുക്കളും ജന്മദിനം ആഘോഷിക്കാൻ അനുവാദം ചോദിച്ചപ്പോഴും ഈ ദിനം 'അധ്യാപകദിന'മായി ആചരിച്ചു കാണുന്നതിൽ അഭിമാനം കൊള്ളുന്നു എന്ന നിർദേശം ഈ മേഖലയോടുള്ള അദ്ദേഹത്തിന്റെ കൂറ് വ്യക്തമാക്കുന്നു.

-പി.ടി. സിറാജുദ്ദീൻ

അറിവും അനുഭവവും പങ്കുവയ്ക്കുന്ന ശ്രേഷ്ഠമായ കലയാണ് അധ്യാപനം. മുമ്പിലിരിക്കുന്ന ഓരോ കുട്ടിയും ഓരോ ജീവിതമാണെന്ന തിരിച്ചറിവോടെ സേവനത്തിൽ മുഴുകേണ്ട തൊഴിൽ മേഖലകൂടിയാണിത്. സർഗശേഷിയുള്ള അധ്യാപകരുടെ തൊഴിലനുഭവങ്ങളിൽ അലിവിന്റെയും നിരാശയുടെയും നിറവിന്റെയും കോപതാപങ്ങളുടെയും മുദ്രകളുണ്ടാകും. കുട്ടിയുടെ സ്വഭാവ രൂപീകരണത്തിൽ വിദ്യാലയങ്ങൾക്ക് മുഖ്യസ്ഥാനമുണ്ട്.

# സുജിത്ത് മാഷ് പറഞ്ഞത്...

2005 ആഗസ്റ്റ് 3 നാണ് ഞാൻ പട്ടുവം ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിലെത്തിയത്. ബസ്സിലിരിക്കുമ്പോൾ മനസ്സു നിറയെ ആശങ്കയായിരുന്നു. സ്കൂൾ എങ്ങനെയായിരിക്കും? കുട്ടികൾ പഠിക്കുന്നവരായിരിക്കുമോ? എവിടെ താമസിക്കും?... കട്ടി കണ്ണടയും തുണിസഞ്ചിയും കാലൻ കുടയുമായെത്തിയ എന്നെ കുട്ടികൾ കൗതുകത്തോടെ നോക്കി.

ആകെ ഇരുനൂറു കുട്ടികൾ. കോഴിക്കോട്, കണ്ണൂർ, പാലക്കാട്, വയനാട്, കാസർകോഡ് ജില്ലകളിലെ ആദിവാസിക്കുട്ടികളാണ് ഭൂരിഭാഗവും. അഞ്ചാംക്ലാസ്സിൽ പ്രവേശന പരീക്ഷയിലൂടെ ഇവിടെ എത്തുന്ന കുട്ടികൾ പത്താംക്ലാസ്സ് വരെ ഇവിടെ താമസിച്ച് പഠിക്കും. കുട്ടികളുടെ എല്ലാ ചെലവും ഗവൺമെന്റാണ് നടത്തുന്നത്.

ഏതോ അത്ഭുതലോകത്തിലെത്തിയതുപോലെയാണ് എനിക്ക് തോന്നിയത്. വിശാലമായ സ്കൂൾ പറമ്പ്, ചുറ്റുമുള്ള സ്ഥലത്തെ അപേക്ഷിച്ച് നല്ല ഉയരത്തിലാണ്. എപ്പോഴും കുഞ്ഞു കാറ്റ്. സ്കൂളിന്റെ മുകളിൽ നിന്നു നോക്കിയാൽ ഒരു ഭാഗത്ത് അകലെ കടലും ഏഴിമലയും. മറുഭാഗത്ത് കണ്ടൽക്കാടുകൾക്കിടയിലൂടെ വളഞ്ഞുപുളഞ്ഞ് മെല്ലെ ഒഴുകുന്ന പട്ടുവം പുഴ. അതിനുമകലെ ചെറുകുന്ന് തറ. ഒരു ഭാഗത്ത് ഇടതൂർന്ന പട്ടുവം കാവ്. കുറുക്കനും, കീരിയും, മുയലും പാമ്പും, കാട്ടുകോഴികളും നിത്യസന്ദർശകർ. ചിലപ്പോൾ മയിലുകളും. രാവിലെ 6.30 ന് സ്കൂളിലെത്തുന്ന കുട്ടികൾ രാത്രി 10.30 വരെ സ്കൂളിലുണ്ടാകും.

ഞാൻ സതീഷ് മാഷോടൊപ്പം ക്വാർട്ടേഴ്സിൽ താമസമാക്കി. മാഷ് പറഞ്ഞപ്പോഴാണ് കുട്ടികളുടെ സ്ഥിതി മനസ്സിലായത്. പ്രവേശനപരീക്ഷയിലൂടെ കടന്നുവരുന്ന കുട്ടികളാണെങ്കിലും പലർക്കും ഒരക്ഷരവുമറിഞ്ഞുകൂടാ. എല്ലാ സൗകര്യങ്ങളുമുണ്ടെങ്കിലും പഠിക്കാൻ താല്പര്യമില്ല. വൈകുന്നേരം പഠിയ്ക്കാനിരിക്കുന്നവർ മിക്കവരും അപ്പോഴേ ഉറങ്ങും. ബാക്കിയുള്ളവർ ബാലമാസികകൾ വായിക്കും തല്ലുകൂടും, ചന്തകൂടിയ ബഹളമാണ്. ഈ അവസ്ഥയിൽ മാഷിനും വിഷമമുണ്ടായിരുന്നു. എനിക്കും ബോധ്യമായി. ഞങ്ങൾ ഇടപെടാൻ തീരുമാനിച്ചു. പഠിക്കുന്ന സമയത്ത് വായിച്ചിരുന്ന ബാലമാസികകൾ പിടിച്ചെടുത്തു. ഉറങ്ങിയവരെ താക്കീതുചെയ്തു. തല്ലുകൂടിയവരെ വിരട്ടി ഉപദേശിച്ചു. ചിലപ്പോൾ ചെറിയ തല്ലും.

പലരുടെയും കുടുംബപശ്ചാത്തലം വളരെ മോശമായിരുന്നു. ഞങ്ങൾ എഴുതി വാങ്ങി പതിപ്പാക്കിയ ആത്മകഥക്കുറിപ്പുകളിലൂടെ ഞങ്ങളതറിഞ്ഞു. ആറിലെ അനിയുടെ ആത്മകഥ വായിച്ച് കരഞ്ഞുപോയി. കഥയും കവിതയും നോവലും എഴുതുന്ന അനി. തിരുവോണദിവസവും അച്ഛൻ കുടിച്ചു വന്ന്, അമ്മ കൂലിവേല ചെയ്തുണ്ടാക്കിയ ഭക്ഷണം കിണറ്റിലെറിഞ്ഞ് അവരെ തല്ലി ബോധംകെടുത്തിയത് കണ്ട് അലറിവിളിച്ച അനി. അമ്മയെയും അനുജത്തിയെയും കുറിച്ചുള്ള ഓർമകളെപ്പോഴും വേട്ടയാടുന്ന അനി. ഇരുട്ടിന്റെ നേരിയമറവിൽ അച്ഛൻ തൂങ്ങിമരിക്കുന്നതു കണ്ട് മനസ്സ് മരവിച്ച രജിത്ത്. ക്ലാസിന്റെ ഒരുകോണിൽ എപ്പോഴും വിഷാദവാനായിരിക്കുന്ന രജിത്ത്. അച്ഛനുമമ്മയുമുണ്ടെങ്കിലും അനാഥനായ അഭിലാഷ്. ഓരോ കുട്ടിയും ഓരോ അനിയും, രജിത്തും, അഭിലാഷുമാണെന്ന് ഞങ്ങളറിഞ്ഞു.

അവർക്ക് വലിയ പ്രതീക്ഷകളുണ്ടെന്ന് ആത്മകഥക്കുറിപ്പുകളിലൂടെ ഞങ്ങളറിഞ്ഞു. രാവിലെ 5 മണിയ്ക്ക് കളിസ്ഥലത്ത് പരിശീലനത്തിന് എത്തുന്ന, പാറക്കൂട്ടത്തിനിടയിലെ കിളിക്കുഞ്ഞുങ്ങളെ കാക്കുന്ന, ഒരുപാട് കാട്ടുചെടികളും കിഴങ്ങുകളും പൂക്കളും മരങ്ങളും മരുന്നുചെടികളും ഞങ്ങൾക്കു പറഞ്ഞുതരുന്ന ഇവർ മണ്ടരല്ല. കൃത്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ഉണ്ടെങ്കിൽ ഇവർ മിടുക്കരാകും തീർച്ച. ഞങ്ങൾക്കുറപ്പായിരുന്നു. ഞങ്ങളവർക്ക് അച്ഛനും അമ്മയും സഹോദരനുമായി. സായാഹ്നസവാരികൾക്ക് കൂട്ടായി ഞങ്ങളവരേയും ഒപ്പം കൂട്ടി. അവരോടൊപ്പം ഞങ്ങളും ക്രിക്കറ്റ് കളിച്ചു, ഫുട്ബാൾ കളിച്ചു, ചെസ്സും ക്യാരംസും കളിച്ചു,

മരങ്ങൾ നട്ടു, പൂന്തോട്ടമുണ്ടാക്കി, ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ പ്രേരിപ്പിച്ചു. എല്ലാ വെള്ളിയാഴ്ചകളിലും സാഹിത്യസമാജങ്ങൾ ചേർന്നു. 'കുന്താപ്പിഗുലുഗുലുവും' 'നിഴലുകളും', 'കടൽത്തീരത്തും' നാടകങ്ങളായി അരങ്ങേറി. അവർ പാട്ടുപാടി, കവിത ചൊല്ലി. 'ചിൽഡ്രൻ ഓഫ് ഹെവനും' 'കളർ ഓഫ് പാരഡൈസും' കണ്ടു. ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും പഠിച്ചു, കളിച്ചു. നാടൻപാട്ടിന്റെ തനതുതാളം അവരിലൂടെയാണ് ഞാനറിഞ്ഞത്. ഞങ്ങളുടെ കൂട്ടായ്മ എസ്.എസ്.എൽ.സി. യ്ക്ക് നൂറ് ശതമാനം കൊയ്തു.

രണ്ട് വർഷം കഴിഞ്ഞ് ഞാൻ ഹയർസെക്കൻഡറി അധ്യാപകനായി മണലൂരിലേക്ക് പടിയിറങ്ങുമ്പോൾ നിറകണ്ണുകളോടെ അവർ എന്റെ പിന്നിലുണ്ടായിരുന്നു. എന്നെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞ വയനാട്ടുകാരൻ കുഞ്ഞുമഹേഷിനെയും കവി അജിത്തിനെയും നോവലിസ്റ്റ് അനിയെയും ഫോർവേഡ് വിമലിനെയും ചാട്ടുളിപോലെ സംശയങ്ങളുന്നയിക്കുന്ന മഹേഷിനെയും ചെസ്സ് മാസ്റ്റർ ശ്യാമിനെയും തലപൊട്ടി ചോരയൊലിച്ച് ആശുപത്രിയിലേക്ക് പോകുമ്പോഴും, പിറ്റേന്ന് യുവജനോത്സവത്തിൽ പാടാൻ മോഹിച്ച ജിഷ്ണുവിനെയും ഞാനെങ്ങനെ മറക്കും. യാത്ര പോകുമ്പോൾ സ്കൂൾമുറ്റം തൊട്ട് നെറുകയിൽ വയ്ക്കുന്ന അവരെപ്പോഴും എന്റെ മുന്നിലുണ്ട്. പുഴയോരത്തെ കൂട്ടായ്മകളുടെ സന്ധ്യകൾ എന്റെ മുന്നിലുണ്ട്. നെഞ്ചുകീറുന്ന ആ നാടൻപാട്ടിപ്പോഴും എന്നോടൊപ്പമുണ്ട്.

"കാലേപെലകാലേ, ഏൻ കനവൊന്നു കണ്ടേ,
കനവില്, പൊന്നും മലമേലൊരു ചൂര്യേനുദിച്ചുകണ്ടേ
തെയ്യോം തക താരോം തക തിത്തോം തക താരോം.
തെയ്യോം തക താരോം തക തിത്തോം തക താരോം ..."

ഇത്തരം അനുഭവങ്ങൾ അധ്യാപകജീവിതത്തിൽ സാധാരണമാണ്. "നന്മയുടെ കടലാസ്" അവതരിപ്പിക്കുന്നതിന് മുന്നൊരുക്കമായി അധ്യാപിക സ്വന്തം വിദ്യാലയാനുഭവങ്ങളിലൊന്ന് തയാറാക്കുന്നത് നന്നായിരിക്കും. സബ്ജകട് കൗൺസിലിലോ ക്ലസ്റ്റർ മീറ്റിങ്ങുകളിലോ ഈ അനുഭവം പങ്കുവയ്ക്കാം. പ്രസിദ്ധീകരണങ്ങളിലെ അധ്യാപക അനുഭവങ്ങൾ തിരഞ്ഞെടുത്ത് ക്ലാസ്സിൽ അവതരിപ്പിക്കാം.

## കഥയിലേക്ക്

ക്ലാസ്മുറികളിലെ ചെറിയ പ്രവർത്തനങ്ങൾക്കുപോലും കുട്ടികളുടെ ഭാവി കെട്ടിപ്പടുക്കുന്നതിൽ നിർണായക സ്ഥാനമുണ്ട് എന്ന സന്ദേശമാണ് നന്മയുടെ കടലാസ് നല്കുന്നത്. തന്റെ മുന്നിലുള്ള ഓരോ കുട്ടിയെയും അധ്യാപകൻ തിരിച്ചിരിയേണ്ടുന്നതിന്റെ ആവശ്യകത ഈ കഥ മുന്നോട്ടുവയ്ക്കുന്നു. അധ്യാപകരുടെ സഹിഷ്ണുതയും ക്ഷമയും സ്നേഹവും കാഴ്ചപ്പാടുകളും കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ എത്രത്തോളം സ്വാധീനം ചെലുത്തുന്നുവെന്ന പാഠമാണ് നന്മയുടെ കടലാസ് പറഞ്ഞുതരുന്നത്.

വ്യക്തിഗതമായി കുട്ടികൾ കഥ വായിക്കട്ടെ. ആവശ്യമെങ്കിൽ ഭാവാത്മകമായി അധ്യാപികയ്ക്ക് കഥ അവതരിപ്പിക്കാം.

## കത്തെഴുതാം

കത്ത് തയാറാക്കാനുള്ള പ്രവർത്തനം അഞ്ചാംതരത്തിൽ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്. കത്തെഴുത്തിന്റെ ചട്ടക്കൂട് ഒന്നുകൂടി കുട്ടികളെ ഓർമിപ്പിക്കണം. നന്മയുടെ കടലാസ്സുകൾ സൃഷ്ടിച്ച നന്ദിനി ടീച്ചറെ അഭിനന്ദിച്ചു കൊണ്ട് കത്ത് തയാറാക്കാൻ കുട്ടികളോട് ആവശ്യപ്പെടാം. തയാറാക്കിയവ ഗ്രൂപ്പിൽ കൈമാറ്റം ചെയ്ത് വായിക്കട്ടെ. മെച്ചപ്പെട്ടത് പൊതുവായി അവതരിപ്പിക്കാം.

**അനുഭവക്കുറിപ്പ്**

അഞ്ചാംക്ലാസ്സിൽ ഞാൻ മങ്ങാട് സ്കൂളിലാണ് പഠിച്ചത്. സതീരത്നം ടീച്ചറുടെ മകൻ അനുവും ആ ക്ലാസിലാണ്. ടീച്ചർ ഹൈസ്കൂളിൽ ഇംഗ്ലീഷും കണക്കും പഠിപ്പിക്കുന്നു. അനുവിന്റെ അടുത്ത കൂട്ടുകാരൻ ബിജുവാണ്. ഒരുമിച്ചാണ് ഇരിപ്പും നടപ്പും. ഒരു ദിവസം അവർ തമ്മിൽ പിണങ്ങി. രാവിലെ ഇന്റർവെൽ സമയം. ഞാൻ വാതിലിൻ നിൽക്കുകയാണ്. അനു വരാന്തയിൽ. ബിജു വാതിലിനു പിന്നിൽ നിന്ന് അനുവിനെ ഇരട്ടപ്പേര് വിളിച്ചു. അനു അതു കേട്ടു. വരാന്തയിൽ നിന്നവർ പൊട്ടിച്ചിരിച്ചു. അവൻ തിരിഞ്ഞു നോക്കിയപ്പോൾ കണ്ടത് എന്നെ. അവൻ ഓടി വന്ന് നരന്തുപോലത്തെ എന്നെ ഇടിച്ചു താഴെയിട്ടു. നെഞ്ചിൽ കയറിയിരുന്ന് മുഖത്തടിച്ചു. എനിക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല. ചുണ്ടുപൊട്ടി ചോരയൊഴുകി. അടുത്ത പിര്യേഡ് മലയാളമായിരുന്നു. ചോരയൊലിപ്പിച്ച് കരഞ്ഞിരിക്കുന്ന എന്നോട് ഹക്കിംസാർ കാര്യം ചോദിച്ചു. പൊട്ടിക്കരഞ്ഞുകൊണ്ട് കാര്യം പറഞ്ഞു. അനുവിന് ബോധ്യമായി ഞാൻ നിരപരാധിയാണ് അവൻ ഏങ്ങലടിച്ചു കരഞ്ഞു. കിട്ടിയ അടിയുടെ വേദനകൊണ്ടായിരുന്നില്ല തെറ്റ്ചെയ്യാത്ത എന്നെ ഇടിച്ചതിലെ വിഷമമായിരുന്നു ആ കണ്ണുനീരിൽ. ഒരാഴ്ച അവൻ പനിച്ചുകിടന്നു. അനുവിന്റെ അമ്മ അവനുവേണ്ടി ക്ഷമ ചോദിച്ചു. അവനോട് ദേഷ്യം മനസ്സിൽ വയ്ക്കരുതെന്ന് പറഞ്ഞു. ഞാൻ വീട്ടിലെത്തി അവനെ കണ്ടു അവൻ കരഞ്ഞു. ഞാൻ കണ്ണീർ തുടച്ചു. ഞങ്ങൾ കൂട്ടുകാരായി.

വിദ്യാലയജീവിതത്തിൽ ഇത്തരം അനുഭവങ്ങൾ കുട്ടികൾക്കുമുണ്ടാകാം. അവരെ സ്വാധീനിച്ച അധ്യാപകരുണ്ടാകാം, കൂട്ടുകാരുണ്ടാകാം, രക്ഷിതാക്കളുണ്ടാകാം, സംഭവങ്ങളുണ്ടാകാം. അവരെ മാറ്റിമറിച്ച ഒരനുഭവമെഴുതാൻ കുട്ടികളോട് നിർദ്ദേശിക്കാം. അവ അവതരിപ്പിക്കാനുള്ള അവസരം നല്കണം. അവ വിലയിരുത്തി വായനയിലും എഴുത്തിലുമുള്ള തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തണം. ഇത് പതിപ്പാക്കാം.

## സവിശേഷപ്രയോഗങ്ങൾ കണ്ടെത്തൽ

പദ്യത്തിൽ മാത്രമല്ല ഗദ്യത്തിലും കാവ്യഭംഗിയും ഭാവാത്മകതയും ഒത്തിണങ്ങിയ വാക്യങ്ങൾ കാണാം. അവ കണ്ടെത്തി വ്യാഖ്യാനിക്കാനുള്ള പ്രവർത്തനങ്ങൾ ഉയർന്നക്ലാസ്സുകളിൽ കുട്ടി സ്വയം ചെയ്യേണ്ടതുണ്ട്. അതിനുള്ള അടിത്തറ പാകുകയാണ് ഇവിടെ ചെയ്യേണ്ടത്.

- കുഞ്ഞുകാലത്തിന്റെ മഞ്ഞുപുതപ്പിനുള്ളിൽ ആർദ്രമായ ഒരു താരാട്ടിന്റെ സുഖം അവൾക്കനുഭവപ്പെട്ടു.

ഈ വാക്യം കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. ഏതു സന്ദർഭത്തിലാണ് ഈ വാക്യമെന്നും ഇതിന്റെ ആശയമെന്തെന്നും ചർച്ചചെയ്യാം. സ്നേഹവും സുരക്ഷിതത്വവും നല്കുന്ന രക്ഷിതാക്കളെക്കുറിച്ചും, അവരുടെ സാമീപ്യത്തിൽ മുതിർന്നവരും ബാല്യകാലാനുഭവങ്ങളിലേക്ക് പോകുന്നതിനെക്കുറിച്ചും, താരാട്ടുപാട്ടിന്റെ ഹൃദ്യതയിൽ മയങ്ങിയ ശൈശവത്തെക്കുറിച്ചുമെല്ലാം കുട്ടികളെ ഓർമിപ്പിക്കണം. അത്തരം അനുഭവങ്ങളിലൂടെ മുതിർന്നവരിലും ഒരു കുട്ടിയുണ്ടെന്ന് ധാരണ ജനിപ്പിക്കണം. മഞ്ഞുകാലവും കുഞ്ഞുപുതപ്പും എന്നതിലെ അക്ഷരപ്പൊരുത്തവും അതെങ്ങനെ ഋതുഭേദത്തിലേക്കും ശൈശവത്തിൽ ലഭിച്ച വാത്സല്യത്തിലേക്കും നയിക്കുന്നു എന്നതും വിശദമാക്കണം.

ഏറെക്കാലം രക്ഷിതാക്കളിൽ നിന്ന് വിട്ടുനിൽക്കേണ്ടിവന്ന ഉദ്യോഗസ്ഥയായ മകൾ രക്ഷിതാക്കളുടെ സ്നേഹസാമീപ്യമറിഞ്ഞ് അവരോടൊത്ത് വീട്ടിലേക്ക് മടങ്ങുന്ന അവസരത്തിലാണ് കഥയിലെ പ്രയോഗം എന്നത് ശ്രദ്ധയിൽപ്പെടുത്തണം. ഇത്തരം കൂടുതൽ പ്രയോഗങ്ങൾ കഥയിൽ നിന്ന് കണ്ടെത്തി വിശദീകരിക്കട്ടെ.

നന്മയുടെ പുസ്തകം

അധ്യാപിക കുട്ടികളോട് ക്ലാസിലെ ഓരോരുത്തരുടെയും നന്മകൾ കണ്ടെത്തി എഴുതാൻ ആവശ്യപ്പെടുന്നു. എഴുതാൻ കടലാസ് നൽകുന്നു.

- നന്മയുടെ കടലാസിൽ എന്തെല്ലാം വേണം?

- എഴുതുന്ന ആളുടെ പേര്
- ആരെക്കുറിച്ചാണ് എഴുതുന്നത്
- താൻ അയാളിൽ കണ്ട നന്മകൾ
- ആ കുട്ടിയിൽ നിന്നുള്ള അനുഭവങ്ങൾ
- ക്ലാസിലെ എല്ലാ കുട്ടികളെ കുറിച്ചും കുറിപ്പ് തയാറാക്കണം

ഇവ കുറിപ്പിൽ ഉണ്ടായിരിക്കണം. ഇതിനാവശ്യമായ നിർദ്ദേശങ്ങളും അധ്യാപിക നൽകണം. എഴുതി തയാറാക്കിയ കുറിപ്പുകൾ അധ്യാപിക പരിശോധിച്ച് എല്ലാ കുട്ടികളെക്കുറിച്ചും എഴുതിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തണം. തയാറാക്കിയ കുറിപ്പുകൾ കൈമാറി ക്ലാസ്സിൽ പൊതുവായി വായിക്കട്ടെ. ഏത് കുട്ടിയെക്കുറിച്ചാണോ എഴുതിയത്, ആ കുട്ടിയെക്കുറിച്ചുള്ള കാര്യങ്ങൾ ഓരോ കുട്ടിയോടും ക്രോഡീകരിക്കാൻ ആവശ്യപ്പെടാം.

- ക്രോഡീകരിച്ച് മിനുക്കിയ കടലാസുകൾ ചേർത്ത് നന്മയുടെ പുസ്തകം നിർമിക്കാം

## സാഹിത്യകാരനെ പരിചയപ്പെടാം

**എം.പി. അപ്പൻ**

കുട്ടിമാതുവിന്റെയും കാളിക്കൊച്ചത്തിയുടെയും മകനായി 1913 മാർച്ച് 30 ന് തിരുവനന്തപുരം ജില്ലയിലെ ജഗതിയിൽ ജനിച്ചു. എം.എ.എൽ.ടി.ബിരുദം നേടി. അധ്യാപകനായിരുന്നു. റിട്ടയർ ചെയ്തശേഷം സർവവിജ്ഞാനകോശനിർമാണത്തിൽ സഹകരിച്ചിട്ടുണ്ട്. സാഹിത്യ അക്കാദമി അംഗം, ആശാൻ സ്മാരക പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

പ്രസാദം, ഉദ്യാനസൂനം, സത്യദർശനം, തിരുമധുരം തുടങ്ങി ഇരുപതിൽപരം കവിതാസമാഹാരങ്ങളും, കായുംകനിയും, ഏ.ആർ. മുതൽ മാരാർ വരെ തുടങ്ങിയ നിരൂപണങ്ങളും നിരവധി വിവർത്തനങ്ങളും ഉൾപ്പെടെ നാല്പതിലധികം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഉദ്യാനസൂനം 1973 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടി. 1989 – ൽ സാഹിത്യ അക്കാദമി ഫെല്ലോഷിപ്പും 1998-ൽ എഴുത്തച്ഛൻ പുരസ്കാരവും ലഭിച്ചു. 2003 ഡിസംബർ 10 ന് അന്തരിച്ചു.

# 3 അതിരുകൾക്കപ്പുറം

## *സിലബസ് ഗ്രിഡ്*

**പ്രശ്നമേഖല** : <u>പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള പരിഗണനയില്ലായ്മ</u>

**ഉപപ്രശ്നം** :
- കുറേ കുട്ടികൾ ജീവിതപരിസരങ്ങളിൽനിന്നും അവകാശങ്ങളിൽനിന്നും മാറ്റിനിർത്തപ്പെടുകയും ദുരിതങ്ങൾക്ക് ഇരയായി ത്തീരുകയും ചെയ്യുന്നു.

**പഠനലക്ഷ്യങ്ങൾ** :
- ജാതിമതവിവേചനങ്ങൾകൊണ്ട് കുട്ടികൾ പ്രയാസം അനുഭവിക്കുന്നുണ്ടെന്ന് തിരിച്ചറിയുക.
- സമൂഹത്തിൽ ഒറ്റപ്പെടുന്നവരുടെ പ്രയാസങ്ങൾ തിരിച്ചറിയുക
- സമൂഹത്തിൽ ഒറ്റപ്പെടുന്നവർക്ക് പ്രത്യേക പരിഗണന നല്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുക.
- കൂട്ടായ്മ വളർത്തി ഇത്തരം വിവേചനങ്ങളെ പ്രതിരോധിക്കാനാവും എന്ന ധാരണ വളർത്തുക.
- ശൈലികൾ, പ്രയോഗങ്ങൾ ഇവയുടെ പ്രത്യേകതകൾ തിരിച്ചറിയുക.

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| ജാതിമത വിവേചനങ്ങൾകൊണ്ടുള്ള ഒറ്റപ്പെടൽ. | • ജാതിമതവിവേചനം എല്ലാകാലത്തും എല്ലായിടത്തും സാഹിത്യത്തിന് പ്രമേയമായിട്ടുണ്ട്.<br>• ഇത്തരം വിവേചനങ്ങൾക്കെതിരെ എല്ലാകാലത്തും സാമൂഹ്യപരിഷ്കർത്താക്കൾ പ്രതിഷേധിക്കുകയും കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്.<br>• ഒറ്റപ്പെടുന്നവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്.<br>• ഒറ്റപ്പെടുന്നവരുടെ പരിരക്ഷ സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്.<br>• ശൈലികൾ, പ്രയോഗങ്ങൾ ഇവ രചനകൾക്ക് ആസ്വാദ്യത വർദ്ധിപ്പിക്കുന്നു. | **ആർജ്ജിത ജ്ഞാനം**<br>• ബാലവേല ചെയ്യേണ്ടിവരുന്നവരുടെ ദുരവസ്ഥയെക്കുറിച്ചുള്ള സാമൂഹ്യധാരണ.<br>• ജാതിമതവിവേചനങ്ങളെ കുറിച്ചുള്ള കഥകൾ.<br>**കൃതികളും രചനകളും**<br>• ജാതിമത വിവേചനം പ്രമേയമായി വരുന്ന ആത്മകഥാഭാഗങ്ങൾ, നോവൽഭാഗങ്ങൾ | • ജാതിമത വിവേചനവും അതില്ലാതാക്കുന്നതുമായ സംഭവങ്ങളിൽ ഊന്നി നിന്നുള്ള ചർച്ച.<br>• വിവേചനത്തിന് വിധേയരായ കഥാപാത്രങ്ങൾ അവരുടെ മാനസിക സംഘർഷങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള കഥാപാത്രനിരൂപണം കുറിപ്പുകൾ, മുദ്രാഗീതം, പോസ്റ്റർ, ഉപന്യാസം തുടങ്ങിയവ രചിക്കുന്നു.<br>• ആത്മകഥയിലെയും നോവൽ ഭാഗങ്ങളിലേയും അനുഭവകുറിപ്പിലെയും സവിശേഷപ്രയോഗങ്ങൾ കണ്ടെത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. പ്രയോഗങ്ങളുടെ ഔചിത്യം കണ്ടെത്തുന്നു.<br>• ശൈലികൾ, പ്രയോഗങ്ങൾ ഇവ നൽകുന്ന ആസ്വാദ്യത കണ്ടെത്തി ആവിഷ്ക്കരിക്കുന്നു. | • ജാതിമത വിവേചനത്തിനെതിരായ മനോഭാവം<br>• ഒറ്റപ്പെട്ടവരുടെ പരിരക്ഷ സാമൂഹ്യ ഉത്തരവാദിത്വമാണെന്ന മനോഭാവം. | ജാതിമത വിഭാഗീയതകൾ ആവിഷ്ക്കരിക്കുന്ന ആത്മകഥകൾ, അനുഭവക്കുറിപ്പുകൾ, നോവലുകൾ, മുതലായവയുടെ ആശയപരം, ഭാഷാപരം, സാഹിത്യപരം എന്നീ സവിശേഷതകൾ കണ്ടെത്തി സ്വന്തം രചനയിൽ ആവിഷ്ക്കരിക്കാനുള്ള കഴിവ്.<br>ജാതിമത വിവേചനത്തിന് എതിരെ പ്രവർത്തിച്ച മഹാന്മാരുടെ പരിശ്രമങ്ങൾ യുക്തിപൂർവ്വം വിലയിരുത്തി സ്വന്തം നിലപാടുകൾ യുക്തിസഹമായി ആവിഷ്ക്കരിക്കാനുള്ള കഴിവ്. |

# 3 അതിരുകൾക്കപ്പുറം

**മാറുന്ന കേരളം, മാറാത്ത ശീലങ്ങൾ**

കേരളത്തിൽ കണ്ടതുപോലുള്ള അതിദയനീയമായ സാമൂഹ്യാവസ്ഥ മറ്റൊരിടത്തും കാണാൻ സംഗതിയായില്ല. എന്നുമാത്രവുമല്ല, മതപരമായ അന്ധവിശ്വാസങ്ങളും ജാതിവ്യവസ്ഥകളും കേരളത്തെ ഒരു ഭ്രാന്താലയമാക്കി മാറ്റിയിരിക്കുകയാണ്.

*വിവേകാനന്ദസ്വാമികൾ*

ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

*ശ്രീനാരായണ ഗുരു*

ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ
ചോദിക്കുന്നു നീർ നാവുവരണ്ടഹോ
ഭീതി വേണ്ടാ, തരികതെനിക്കു നീ

*കുമാരനാശാൻ*

ജാതിയുടെ അടിത്തറയ്ക്കുമേൽ ഒന്നും പടുത്തുയർത്താൻ നിങ്ങൾക്ക് കഴിയില്ല. ഒരു രാഷ്ട്രം പണിയാൻ നിങ്ങൾക്ക് കഴിയില്ല. ഒരു സൈന്യത്തെ സംഘടിപ്പിക്കാൻ നിങ്ങളെ ക്കൊണ്ടാവില്ല. ജാതിയുടെ അടിത്തറയ്ക്ക് മേൽ പണിയുന്നതെന്തായാലും അതിൽ വിള്ളലുണ്ടാവും. അതൊരിക്കലും സമഗ്രമാവുകയില്ലതാനും.

*ഡോ. അംബേദ്കർ*

നിങ്ങളുടെ സ്കൂളിൽ ഞങ്ങളുടെ കുട്ടികളെ പഠിപ്പിച്ചില്ലെങ്കിൽ നിങ്ങളുടെ പാടത്ത് ഞങ്ങളും പണിയെടുക്കില്ല

*അയ്യങ്കാളി*

ചിതറിക്കിടക്കുന്ന ഈ ആശയങ്ങൾ കൂട്ടിച്ചേർത്തു നോക്കൂ. കേരളത്തിൽ നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥയും അത് മാറ്റിമറിക്കാൻ സാമൂഹ്യ പരിഷ്കർത്താക്കൾ വഹിച്ച പങ്കും ബോധ്യപ്പെടുന്നുണ്ടോ?

- സാംസ്കാരിക നായകന്മാരും, സാഹിത്യകൃതികളും അതിലെന്തു പങ്കാണ് വഹിച്ചത്?

ഇത്തരത്തിൽ കേരളത്തിലെ അവർണ ജനവിഭാഗം തലമുറ തലമുറയായി ദുസ്സഹദുഃഖവും അപമാനവും സഹിച്ചും അനുഭവിച്ചും കഴിഞ്ഞിരുന്ന ഒരു കാലഘട്ടത്തിലാണ് പ്രസ്തുത സമുദായങ്ങളിലെ പ്രതിഭാശാലികളായ ചില മഹാപുരുഷന്മാർ ഇവിടെ ജനിച്ചത്. ഇതിനു മുമ്പും അത്തരത്തിലുള്ള അനേകം പേർ ജനിച്ചിരിക്കും പക്ഷേ, നിർദ്ദയമായ ജാതിനിബന്ധനയുടെ ലാവാഗ്നിയിൽ പെട്ട് അവരെല്ലാം ദഹിച്ചുപോവുകയാണുണ്ടായത്. അവരെ പറ്റിയാണ്

എത്ര പെരുമാക്കൾ ശങ്കരാചാര്യന്മാ-
രെത്രയോ തുഞ്ചൻമാർ കുഞ്ചന്മാരും
ക്രൂരയാം ജാതിയാൽ നൂനമലസിപ്പോയ്
കേരള മാതാവേ. നിൻ വയറ്റിൽ,
തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചിടും കല്ലുകൾ ഭാരതാംബേ,
താഴെകിടക്കുന്നു നിൻ കുക്ഷിയിൽ ചാണ
കാണാതെയാറേഴുകോടിയിന്നും
എന്തിന്നു കേഴുന്നു ദീനയോ ഹീ ദേവി,
എന്തു ഖേദിപ്പാൻ ദരിദ്രയോ നീ.
ഹന്തയിജ്ജാതിയെ ഹോമിച്ചൊഴിച്ചാൽ നിൻ
ചിന്തിതം സാധിച്ചു രത്നഗർഭേ!

എന്നിങ്ങനെ ദുരവസ്ഥയുടെ കർത്താവ് വിലപിച്ചിട്ടുള്ളത്.

ചിരകാലമായി സ്വസമുദായാംഗങ്ങളെ അലട്ടിക്കൊണ്ടിരുന്ന ക്ലേശങ്ങളുടെ തിക്തഫലങ്ങളിൽ ചിലത് മേൽപ്പറഞ്ഞവരും സ്വജീവിതത്തിൽ കുറെയൊക്കെ അനുഭവിച്ചറിയാതെയുമിരുന്നില്ല താദൃശമായ ഒരു പരിസ്ഥിതിയിലാണ് ശ്രീനാരായണഗുരുവിന്റെ മഹാസന്ദേശം, കെ.പി. കറുപ്പന്റെ ജാതിക്കുമ്മി, പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതീവിജയം കുമാരനാശാന്റെ ദുരവസ്ഥ തുടങ്ങിയ ചില കൃതിതല്ലജങ്ങൾ അന്നത്തെ അധഃസ്ഥിതലോകത്തിനു പ്രത്യേകം ആശ്വാസവും ആലംബവുമരുളാൻ പ്രകാശിതങ്ങളായിത്തീർന്നത്.

*കവിതിലകൻ കെ.പി.കറുപ്പൻ (ജീവചരിത്രം)* — *ടി.എം. ചുമ്മാർ*

ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, ശുദ്ധരിൽ ശുദ്ധൻ, രണ്ടിടങ്ങഴി, തോട്ടിയുടെ മകൻ, കൂട്ടുകൃഷി തുടങ്ങിയ കൃതികളിളെല്ലാം തന്നെ ജാതിവിവേചനത്തിന്റെ അർഥശൂന്യതക്കെതിരെ ചിന്തിക്കാനും അതിന്റെ നിരർഥകത ബോധ്യപ്പെടുത്താനും സഹായിച്ചു.

സാഹിത്യകൃതികൾ, സിനിമകൾ, നാരായണഗുരു, വാഗ്ഭടാനന്ദൻ തുടങ്ങിയവരുടെ ഉദ്ബോധനങ്ങൾ, നിരവധി സാമൂഹ്യപരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ.

ഇങ്ങനെ സംസ്കരിച്ചെടുത്ത ഒരു ജനതയാണ് കേരളത്തിലുള്ളത്. ജാതിമതഉച്ചനീചത്വങ്ങൾക്കെതിരെ സന്ധിയില്ലാസമരം നടത്തി നേടിയതാണ് നാം ഇന്നു കാണുന്ന സാമൂഹ്യപുരോഗതി.

ഈ നേട്ടങ്ങൾ തകർക്കുംവിധം ചില പ്രവർത്തനങ്ങൾ ഇന്നും നടക്കുന്നുണ്ടോ?.....

മുകളിൽ പറഞ്ഞ ആശയങ്ങളെല്ലാം ഉൾക്കൊള്ളിച്ച്

“ജാതീയമായ അസമത്വങ്ങളും വിവേചനങ്ങളും” എന്ന വിഷയത്തിൽ ഒരു ലേഖനം തയാറാക്കൂ.

## ലേഖനം തയാറാക്കുമ്പോൾ

ആശയങ്ങളുടെ സമഗ്രത,

വിഷയത്തെക്കുറിച്ചു സ്വന്തം അഭിപ്രായം ഇവയും പരിഗണിക്കേണ്ടേ?

- ക്ലസ്റ്റർ യോഗത്തിൽ ലേഖനങ്ങൾ വായിച്ചവതരിപ്പിച്ച് മെച്ചപ്പെടുത്തണം.
- കുട്ടികൾക്ക് നൽകാവുന്ന ഒരു ചെറുലേഖനം തയാറാക്കണം.

## യൂണിറ്റിനെക്കുറിച്ച്

അവശതയനുഭവിക്കുന്ന വൃദ്ധജനങ്ങൾ, ശാരീരികമാനസിക ന്യൂനതകളാൽ പ്രത്യേക പരിഗണന അർഹിക്കുന്നവർ, സ്ത്രീകൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ... ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെട്ടവർ ഏറെയുണ്ട് സമൂഹത്തിൽ. പാർശ്വവത്കരിക്കപ്പെടുന്ന ഇത്തരം വിഭാഗങ്ങളോടുള്ള നമ്മുടെ മനോഭാവം മാറേണ്ടിയിരിക്കുന്നു. ജാതിമത വിവേചനങ്ങളാൽ പാർശ്വവത്കരിക്കപ്പെടുന്നവരുടെ അനുഭവങ്ങളാണ് ഈ യൂണിറ്റ് പരിഗണിക്കുന്നത്. ഇത്തരം വിവേചനങ്ങൾക്കെതിരെ സാഹിത്യകൃതികൾ എങ്ങനെ പ്രതികരിക്കുന്നു എന്ന് തിരിച്ചറിയാനും യൂണിറ്റ് പ്രയോജനപ്പെടുത്താം.

പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള പരിഗണനയില്ലായ്മ എന്ന പ്രശ്നമേഖലയിൽ കുറെ കുട്ടികൾ ജീവിതപരിസരങ്ങളിൽ നിന്നും അവകാശങ്ങളിൽ നിന്നും മാറ്റി നിർത്തപ്പെടുകയും ദുരിതങ്ങൾക്ക് ഇരയായിത്തീരുകയും ചെയ്യുന്നു എന്ന ഉപപ്രശ്നമാണ് ഇവിടെ പരിഗണിച്ചിരിക്കുന്നത്.

### അരങ്ങേറ്റം

കഥകളിസംഗീതം പഠിക്കാൻ ആഗ്രഹിച്ച ഒരു മുസ്ലീംബാലന് ലഭിച്ച പ്രോത്സാഹനങ്ങളുടെയും ദുരനുഭവങ്ങളുടെയും തീവ്ര ആവിഷ്കാരമാണ് അരങ്ങേറ്റം. കലാമണ്ഡലം ഹൈദരാലിയുടെ "മഞ്ജുതരം' എന്ന ആത്മകഥയിൽ നിന്ന് എടുത്തതാണ് പാഠഭാഗം. സംഗീതത്തിൽ താല്പര്യമുണ്ടായിരുന്ന ഹൈദരാലിയെ കലാമണ്ഡലത്തിൽ ചേർക്കുന്നതും അവിടത്തെ അദ്ദേഹത്തിന്റെ അനുഭവങ്ങളുമാണ് പാഠത്തിലെ പ്രതിപാദ്യം. കലയ്ക്ക് കാലദേശജാതിമത അതിർവരമ്പുകളില്ല. കലയെ സമൂഹം അംഗീകരിക്കുന്നു. നിശ്ചയദാർഢ്യം ഉണ്ടെങ്കിൽ ഏതു പ്രതിബന്ധങ്ങളെയും മറികടക്കാം. ആത്മകഥയെന്ന വ്യവഹാരരൂപത്തിന്റെ ശക്തിയും സൗന്ദര്യവും ബോധ്യപ്പെടുത്തുന്നതോടൊപ്പം കേരളത്തിൽ ഇക്കാലത്തും ചില മേഖലകളിലെങ്കിലും നിലനിൽക്കുന്ന അനീതികൾക്കെതിരെ സമൂഹമനസ്സാക്ഷിയെ ഉണർത്തുക എന്നതും പഠനലക്ഷ്യമാണ് ജാതിയുടേയും മതത്തിന്റേയും പേരിൽ നടക്കുന്ന പല ദുഷ്പ്രവണതകൾക്കും ബദലായി കലാരൂപങ്ങൾ നിലകൊള്ളുന്നു. ഹൈദരാലിയുടെ ലേഖനസമാഹാരമായ 'ഓർത്താൽ വിസ്മയം' എന്ന പുസ്തകത്തിന് എം.ടി. വാസുദേവൻ നായർ എഴുതിയ അവതാരികയിൽ പറയുംപോലെ, ഓർത്താൽ വിസ്മയം തന്നെയാണ് ഹൈദരാലിയുടെ ഈ ആത്മകഥയും.

### ചോമന്റെ ദുഃഖം

നീറുന്ന അനുഭവങ്ങൾക്ക് കാലദേശഭാഷാഭേദങ്ങളില്ല സവർണജാതിചിന്തയുടെ ക്രൂരത തടസ്സപ്പെടുത്തിയ ഒരു രക്ഷാശ്രമത്തിനൊടുവിൽ ഒരു പിഞ്ചുബാലന്റെ ജീവൻ ഓളങ്ങളിൽ തകരുന്ന ചിത്രമാണ് നോവൽഭാഗം വരച്ചു കാട്ടുന്നത്. ശിവരാമ കാരന്തിന്റെ ചോമനദുഡിയെന്ന കന്നട നോവലിന് കെ.വി കുമാരൻ നല്കിയ പരിഭാഷയിൽ നിന്നെടുത്തതാണ് പാഠഭാഗം. ജാതിചിന്തയുടെ രൂക്ഷത, ഒരു ജീവൻ രക്ഷിക്കാൻ വ്യവസ്ഥകളെ മറികടക്കാൻ സന്നദ്ധനാവുന്ന ബ്രാഹ്മണയുവാവിന്റെ മനോഭാവം, നിസ്സഹായനായ ചോമന്റെ ചിന്തകൾ എന്നിവ നാടകീയമായി ചിത്രീകരിക്കാൻ നോവലിനു കഴിയുന്നു. നോവൽ എന്ന സാഹിത്യരൂപത്തിന്റെ

സവിശേഷതകൾ തിരിച്ചറിയാനും ജാതിചിന്തയുടെ ദൂഷ്യവശങ്ങൾ വൈകാരികമായി ഉൾക്കൊള്ളാനും അവയോട് വിമർശനാത്മകമായി പ്രതികരിക്കാനും പാഠഭാഗം പ്രയോജനപ്പെടുത്തണം. സവർണമതിലും, സവർണകിണറും ഇന്നും പല സംസ്ഥാനങ്ങളിലും നിലനില്ക്കുന്നുവെന്ന തിരിച്ചറിവ് ഇത്തരം അസമത്വങ്ങൾ ചർച്ചചെയ്യേണ്ടതിന്റെ ആവശ്യകത നമ്മെ വീണ്ടും വീണ്ടും ഓർമിപ്പിക്കുന്നു.

## മരിക്കാത്ത ഓർമകൾ

1960 കളിലെ കേരളീയ സാമൂഹ്യവ്യവസ്ഥയിലേക്ക് എത്തിനോക്കാൻ അവസരം നൽകുന്ന പാഠഭാഗം. തീണ്ടലും തൊടീലും കൊടികുത്തിവാണിരുന്ന അക്കാലത്ത് അത്തരം വിവേചനങ്ങൾക്കെതിരെ പോരാടിയ ഒരു സാമൂഹ്യപരിഷ്കർത്താവിന്റെ അനുഭവങ്ങൾ ഈ പാഠഭാഗം അനാവരണം ചെയ്യുന്നു. ശ്രീ. മന്നത്തു പത്മനാഭന്റെ എന്റെ ജീവിതസ്മരണകൾ എന്ന ആത്മകഥയിൽ നിന്നും എടുത്തതാണ് ഈ പാഠഭാഗം. അക്കാലത്തെ ഭാഷാപ്രയോഗങ്ങളും ശൈലികളും പരിചയപ്പെടാനും സാമൂഹികാവസ്ഥ മനസ്സിലാക്കാനും പാഠഭാഗം പ്രയോജനപ്പെടുത്തണം. കേരള ചരിത്രത്തിലേക്കുള്ള എത്തിനോട്ടം കൂടിയാണ് പാഠഭാഗം. പൊതുപ്രവർത്തകരോടുള്ള ബഹുമാനം വളർത്തൽ, ഭാഷയുടെ വളർച്ച ബോധ്യപ്പെടൽ എന്നിവയും അധ്യാപിക ലക്ഷ്യം വെക്കണം.

## യൂണിറ്റിൽ നിന്ന് നേടേണ്ട ആശയങ്ങൾ

- ജാതിമതവിവേചനം എല്ലാക്കാലത്തും എല്ലായിടത്തും സാഹിത്യത്തിന് പ്രമേയമായിട്ടുണ്ട്.
- ഇത്തരം വിവേചനങ്ങൾക്കെതിരെ എല്ലാക്കാലത്തും സാമൂഹ്യ പരിഷ്കർത്താക്കൾ പ്രതിഷേധിക്കുകയും കർമ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.
- ഒറ്റപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്.
- ഒറ്റപ്പെടുന്നവരുടെ പരിരക്ഷ സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്.
- ശൈലികൾ, പ്രയോഗങ്ങൾ എന്നിവ രചനകൾക്ക് ആസ്വാദ്യത വർദ്ധിപ്പിക്കുന്നു.

## പഠനപ്രവർത്തനങ്ങളിലേക്ക്

യൂണിറ്റിൽ 18 പ്രവർത്തനങ്ങളാണുള്ളത്. ഓരോ പ്രവർത്തനത്തിനും ലക്ഷ്യങ്ങളുണ്ടാവുകയും വെല്ലുവിളിയുയർത്തും വിധം കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കുകയും വേണം. പഠനപ്രശ്നങ്ങൾ വിശകലനംചെയ്യാനും പരിഹരിക്കാനുള്ള മാർഗങ്ങളാരായാനും, അവ പങ്കുവയ്ക്കാനും കഴിയണം. ഓരോ പ്രവർത്തനവും പുതിയ അറിവിലേക്കും തുടർപ്രവർത്തനങ്ങളിലേക്കും നയിക്കുന്നതുമാകണം.

### കഥ പറയാം

ജീവിതത്തിന്റെ അർഥമന്വേഷിക്കുന്ന നിരവധി കഥകളുടെ ഖനിയാണ് മഹാഭാരതം. മാലി മാധവൻ നായർ കുട്ടികൾക്കായി അത് പകർന്നുനൽകുന്നുണ്ട്. മാലിഭാരതത്തിലെ ഈ കഥ പറഞ്ഞുകൊടുക്കാം...

ആയുധാഭ്യാസം പൂർത്തിയായി. ഇനി വേണം അരങ്ങേറ്റം.

നിശ്ചയിച്ച ദിവസമായി. കാണികൾ വന്നുനിറഞ്ഞു. രാജകുമാരന്മാർ ഒന്നൊന്നായി അരങ്ങുകയറി. അറിയാവുന്ന അടവുകളെല്ലാം പ്രയോഗിച്ചു. എന്തെല്ലാം അഭ്യാസമുറകൾ! എന്തെല്ലാം യുദ്ധരീതികൾ! എല്ലാവരും സാമർഥ്യം വെളിപ്പെടുത്തി. എങ്കിലും ഏറ്റവും സമർഥൻ അർജുനൻ തന്നെ. ആ അഭിപ്രായമാണു കണ്ടവർക്കെല്ലാം.

തേജസ്സും ഓജസ്സുമുള്ള ഒരു കുമാരൻ കയറിച്ചെന്നു –മറ്റാരുമല്ല കർണൻ

കർണന്റെ വരവിന് ഒരു ഉദ്ദേശ്യമുണ്ട്. അർജുനനെക്കാൾ കേമത്തമുണ്ട് തനിക്ക് - അതാണ് കർണന്റെ വിശ്വാസം. അർജുനനെ തോൽപിച്ചു വേണം അതു ലോകത്തെ അറിയിക്കുവാൻ.

ആരാണിവൻ? എവിടുത്തുകാരൻ? ആരുടെ മകൻ? അറിഞ്ഞുകൂടാ. അർജുനനോടു മത്സരിക്കണം പോലും! കൃപർ ഭർത്സിച്ചു: 'ഇതു രാജകുമാരന്മാരുടെ കളരിയാണ്. നിനക്കിവിടെ സ്ഥാനമില്ല. മഹിമയുള്ള രാജവംശത്തിൽ ജനിച്ചവനാണ് അർജുനൻ, നീയോ, വീടും കുടിയുമില്ലാത്ത ആഭാസൻ!'

മറിച്ചാണു വാസ്തവം. അർജുനന്റെ വംശം തന്നെയാണ് കർണന്റെയും വംശം. അർജുനന്റെ അമ്മ തന്നെയാണ് കർണന്റെയും അമ്മ. ഒന്നു നോക്കിയാൽ അർജുനന്റെ മേലെയാണ് കർണൻ. കുന്തിയുടെ മക്കളിൽ മൂത്തവനല്ലേ? പക്ഷേ, അക്കാര്യം ആർക്കും അറിഞ്ഞുകൂടാ. കർണനുപോലും അറിഞ്ഞുകൂടാ. അറിയാവുന്ന ഒരാളേയുള്ളു-കുന്തി. അവർ ആരോടും പറഞ്ഞിട്ടുമില്ല!

കൃപരുടെ ഭർത്സനം കേട്ട് കർണൻ. കുണ്ഠിതപ്പെട്ടു നിന്നു. ആരു തന്നെ കുണ്ഠിതപ്പെടുകയില്ല. അതും കണ്ട് അടങ്ങിനിന്നില്ല ദുര്യോധനൻ. പ്രത്യേകിച്ച് ഒരു കാരണവുമുണ്ട്-അർജുനന്റെ വിരോധിയാണ് കർണൻ. ആ നിലയ്ക്ക് കർണനെ സഹായിക്കണം.

'കർണൻ ആഭാസനാണത്രേ! അവനു മഹിമയില്ലത്രേ! ശരി, ഞാനിതാ അവനു രാജത്വം നൽകുന്നു. ഇന്നുമുതൽ അംഗരാജ്യത്തിലെ രാജാവാണ് കർണൻ.' ദുര്യോധനൻ വിളിച്ചുപറഞ്ഞു.

മഹിമയില്ലാത്ത കർണന് മഹിമയുണ്ടായി. അതോടുകൂടി അഹങ്കാരം ഇരട്ടിച്ചു. അർജുനനെ കൊല്ലണമെന്നു ശപഥവും ചെയ്തു.

കാണികൾ പിരിഞ്ഞുപോയി. രാജകുമാരന്മാരുടെ അഭ്യാസം അവർക്കു നന്നേ ബോധിച്ചു. എങ്കിലും പാണ്ഡവന്മാരോടു കൂടുതൽ സ്നേഹം തോന്നി. അവർക്കു ധർമമുണ്ട്. സത്യമുണ്ട് മറിച്ചാണു കൗരവന്മാർ, അവർക്കു ധർമമില്ല, സത്യമില്ല, നന്മയുള്ളവർ നന്നാവും. തിന്മയുള്ളവർ നശിക്കും.

*മാലിഭാരതം* — *മാലി*

കഥ കേട്ടില്ലേ? കഥാസന്ദർഭം ഒരു ലഘുചർച്ചക്ക് വിധേയമാക്കണം.

## സൂചനകൾ

- ആയുധമത്സരത്തിൽ പങ്കെടുക്കാൻ ചെന്ന കർണനുണ്ടായ അനുഭവമെന്തായിരുന്നു?
- കർണൻ അപമാനിതനാവാനുണ്ടായ കാരണം?
- കർണന്റെ അപ്പോഴത്തെ മാനസികാവസ്ഥ എന്തായിരിക്കാം?
- കർണൻ അപമാനിക്കപ്പെട്ട മറ്റു സന്ദർഭങ്ങൾ

ചർച്ച എങ്ങനെ ക്രോഡീകരിക്കാം.

സൂതകുലത്തിൽ പിറന്നുവെന്ന കാരണത്താൽ പലവട്ടം അപമാനിക്കപ്പെട്ട കഥാപാത്രമാണ് കർണൻ. ആയുധമത്സരത്തിൽ പങ്കെടുക്കാൻ ചെന്നപ്പോഴുണ്ടായ അനുഭവമാണ് കഥയിലുള്ളത്. ഭാസനാടകമായ കർണഭാരം, കർണശപഥം കഥകളി, ഇനി ഞാനുറങ്ങട്ടെ എന്ന നോവൽ എന്നിവ കർണ്ണന്റെ വ്യഥകൾ പങ്കുവെക്കുന്നവയാണ് ജാതിയുടെ പേരിൽ ഒറ്റപ്പെടുത്തുന്നത് മാനസികപ്രയാസങ്ങൾ ഉണ്ടാക്കും.

പുരാണങ്ങളിൽ മാത്രമല്ല, ഒരു കാലത്ത് കേരളവും ശക്തമായ ജാതിവ്യവസ്ഥയുടെ പിടിയിലായിരുന്നു. അയിത്തവും തീണ്ടലും തൊട്ടുകൂടായ്മയും ഇവിടെ നിലനിന്നിരുന്നു.

## സംഗീതശില്പം

ഒരാശയത്തെ മറ്റുള്ളവർക്ക് മനസ്സിലാക്കാൻ പാകത്തിൽ എങ്ങനെയാണ് അഭിനയിച്ചു കാണിക്കുക. ഒന്നും പറയാതെ തന്നെ എല്ലാം മനസ്സിലാകുംവിധം താഴെപ്പറയുന്ന സംഭവങ്ങൾ അഭിനയിച്ചു കാണിക്കാമോ?

- ഒരു കിണറ്റിൻകര
- ആഴത്തിലുള്ള കിണറിൽ നിന്നും വെള്ളം കോരുന്നു.
- പൊരിവെയിലത്ത് ദാഹിച്ചു വലഞ്ഞ് നടന്നുവരുന്ന ഒരാൾ.
- കിണറ്റിൻകരയിൽ വെള്ളം കോരിനിൽക്കുന്ന സ്ത്രീയോട് വെള്ളം ആവശ്യപ്പെടുന്നു.
- അമ്പരപ്പോടെ പിറകോട്ടു മാറുന്ന പെൺകുട്ടി
- ദാഹിച്ചുവലഞ്ഞയാൾക്ക് വെള്ളം ഒഴിച്ചുകൊടുക്കുന്നു.

ഈ സന്ദർഭങ്ങൾ നറുക്കിലെഴുതി ഗ്രൂപ്പുകൾക്ക് നൽകുന്നു. തുടർന്ന് ഓരോ ഗ്രൂപ്പും ആ രംഗം അഭിനയിച്ചുകാണിക്കുന്നു.

മറ്റുള്ളവർ അഭിനയിച്ചതിന്റെ ആശയം കണ്ടെത്തിപ്പറയുന്നു.

ഗ്രൂപ്പുകളിൽ ചുവടെ ചേർത്ത ചണ്ഡാലഭിക്ഷുകിയിലെ ഭാഗം ഫോട്ടോ കോപ്പിയെടുത്ത് നൽകണം.

തൂമതേടും തൻ പാളകിണറ്റിലി-
ട്ടോമൽക്കൈയാൽ കയറു വലിച്ചുടൻ
കോമളാംഗി നീർ കോരിനിന്നീടിനാൾ
ശ്രീമാനബ്ഭിക്ഷുവങ്ങു ചെന്നർഥിച്ചാൻ:
"ദാഹിക്കുന്നു ഭഗിനീ, കൃപാരസ-
മോഹനം കുളിർതണ്ണീരിതാശു നീ
ഓമലേ, തരു തെല്ലെ" ന്നതു കേട്ടൊ-
രാ മനോഹരിയമ്പരന്നോതിനാൾ:
"അല്ലല്ലെന്തു കഥയിതു കഷ്ടമേ!
അല്ലലാലങ്ങു ജാതി മറന്നിതോ?"
നീചനാരിതൻ കയ്യാൽ ജലം വാങ്ങി-
യാചമിക്കുമോ ചൊല്ലെഴുമാര്യന്മാർ?
കോപമേലരുതേ! ജലം തന്നാലും
പാപമുണ്ടാ, മിവളൊരു ചണ്ഡാലി:
ഗ്രാമത്തിൻ പുറത്തിങ്ങുവസിക്കുന്ന
'ചാമർ' നായകൻ തന്റെ കിടാത്തി ഞാൻ."
ഓതിനാൻ ഭിക്ഷുവേറ്റം വിലക്ഷനായ്:
"ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ,
ചോദിക്കുന്നു നീർ നാവു വരണ്ടഹോ!
ഭീതിവേണ്ടാ, തരികതെനിക്കു നീ."

*കുമാരനാശാൻ*

- അഭിനയിച്ചുകാണിച്ച ആശയം വരുന്ന വരികൾ കവിതയിൽ നിന്ന് കണ്ടെത്തട്ടെ

- തുടർന്ന് നേരത്തെ അഭിനയിച്ച ദൃശ്യങ്ങൾ കവിതയുടെ സഹായത്തോടെ തുടർച്ചയായി അവതരിപ്പിക്കണം.
- വിവിധ ഗ്രൂപ്പുകളിൽ നിന്നും തിരഞ്ഞെടുത്ത അഭിനേതാക്കളുടെയും പാട്ടുകാരുടെയും നേതൃത്വത്തിൽ സംഗീതശില്പം മുഴുവനായും ക്ലാസിൽ അവതരിപ്പിക്കണം.

(കഴിഞ്ഞവർഷം പൊന്നോമനയ്ക്കായ് എന്ന കവിത ചൊൽക്കാഴ്ചയായി അതരിപ്പിച്ചതോർക്കുന്നില്ലേ)

സാഹിത്യവേദിയിലും അവതരിപ്പിക്കുമല്ലോ.

താൻ ജാതി ചോദിക്കുന്നില്ലെന്നും ദാഹജലമാണ് ചോദിക്കുന്നതെന്നും ഭയം കൂടാതെ അതു നൽകണമെന്നും പറയുന്ന ആനന്ദഭിക്ഷു ജാതിയുടെ നിരർഥതയിലേക്കാണ് നമ്മെ കൊണ്ടെത്തിക്കുന്നത്. എന്നാൽ രാമേശ്വരത്തെ ഒരു പ്രൈമറി സ്കൂളിൽ ഒരു മുസ്ലീം ബാലനു നേരിട്ട അനുഭവം നിങ്ങൾക്കറിയേണ്ടേ?

രാഷ്ട്രപതിയായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ അഗ്നിച്ചിറകുകൾ എന്ന ആത്മകഥയിൽ നിന്നെടുത്ത ഭാഗം കുട്ടികൾ വായിക്കട്ടെ.

## അനുഭവങ്ങൾ പങ്കിടാം

കുട്ടിക്കാലത്ത് രണ്ട് അധ്യാപകരിൽ നിന്ന് മുൻരാഷ്ട്രപതി ഡോ.എ.പി.ജെ. അബ്ദുൾ കലാമിനുണ്ടായ വ്യത്യസ്ത അനുഭവങ്ങൾ വായിച്ചില്ലേ? ജീവിതത്തിൽ നമുക്ക് ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ ചിലർ നമ്മെ ഏറെ സഹായിക്കുന്നു. ഇങ്ങനെയുള്ള എന്തെങ്കിലും അനുഭവം നിങ്ങളുടെ ഓർമയിൽ ഉണ്ടോ?

- അധ്യാപികയുടെ അനുഭവങ്ങൾ പങ്കുവെക്കുന്നു.
- കുട്ടികൾ അവരുടെ അനുഭവങ്ങൾ പറയുന്നു.

ഇത്തരം അനുഭവങ്ങൾ നീറുന്ന ഓർമകളായി ജീവിതകാലം മുഴുവൻ നമ്മെ വേട്ടയാടും. ഒരനുഭവം വായിക്കാം. കലാമണ്ഡലം ഹൈദരാലിക്ക് കഥകളിസംഗീതം അഭ്യസിക്കാൻ പോയപ്പോൾ ഉണ്ടായ അനുഭവം എന്തായിരുന്നു. അരങ്ങേറ്റം എന്ന പാഠഭാഗം വായിച്ച് കുട്ടികൾ കണ്ടെത്തട്ടെ.

## കുറിപ്പെഴുതാം

കലാമണ്ഡലത്തിൽ വച്ച് ഹൈദരാലിയെ വേദനിപ്പിച്ച ചില സന്ദർഭങ്ങൾ അദ്ദേഹം ആത്മകഥയിൽ സൂചിപ്പിക്കുന്നുണ്ടല്ലോ. ഇത്തരം വിവേചനങ്ങൾ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ മറികടക്കാം?

- പ്രശ്നം കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കുന്നു.
- സവർണമതിൽ, സവർണകിണർ തുടങ്ങിയ വാർത്തകളോ സമാനമായ ആനുകാലിക വാർത്തകളോ ക്ലാസ്സിൽ വായിച്ച് ചർച്ചചെയ്യാവുന്നതാണ്.
- ചില കലാരൂപങ്ങൾ അഭ്യസിക്കുന്നതിൽ ആരെങ്കിലും വിലക്കു കല്പിക്കാറുണ്ടോ?
- ഏതു മതസ്ഥർക്കും പ്രവേശിക്കാവുന്ന ആരാധനാലയങ്ങൾ കേരളത്തിലുണ്ടോ?
- വിവാഹസൽക്കാരങ്ങൾ, ഉത്സവങ്ങൾ ഇവയുടെ പ്രത്യേകതയെന്താണ്?
- സഹവാസക്യാമ്പുകൾ, കലാമേളകൾ ഇവ നൽകുന്ന സന്ദേശമെന്താണ്?

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പൊതുചർച്ച നടത്തുന്നു.

- പൊതുചർച്ചയ്ക്കു ശേഷം വ്യക്തിഗതമായി കുറിപ്പു തയാറാക്കുന്നു.

- ഗ്രൂപ്പിൽ വായന - മെച്ചപ്പെടുത്തൽ
- പൊതു അവതരണം

### എഡിറ്റിങ്

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് അവരുടെ വ്യക്തിഗതകുറിപ്പുകൾ സംഘത്തിന്റെ പൊതുകുറിപ്പാക്കാൻ ആവശ്യപ്പെടുക. ആശയങ്ങളെ പ്രാധാന്യക്രമത്തിൽ അടുക്കാൻ അധ്യാപികക്ക് കുട്ടികളെ സഹായിക്കാം. ഇതിലൂടെ കുറിപ്പിലെ ആശയവികാസക്രമം കുട്ടികൾക്ക് ബോധ്യപ്പെടണം. ഏതെങ്കിലും ഒന്നോ രണ്ടോ കുറിപ്പിന്റെ ഭാഗങ്ങൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കാൻ പറയണം. ഇവയിലെ അക്ഷരപ്പിശകുകൾ, ചിഹ്നം ചേർക്കൽ, ഖണ്ഡികാകരണം തുടങ്ങിയവ കുട്ടികളുമായി ചർച്ചചെയ്ത് മെച്ചപ്പെടുത്തണം. സമാനമായ തിരുത്തലുകൾ വ്യക്തിഗതകുറിപ്പുകളിൽ വരുത്താൻ ആവശ്യപ്പെടണം.

കുറിപ്പിന്റെ സവിശേഷതകൾ

- വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ സമഗ്രത
- ആശയങ്ങൾ പൂർവാപരബന്ധത്തോടെ അവതരിപ്പിച്ചിട്ടുണ്ട്.
- വസ്തുനിഷ്ഠമായും വളച്ചുകെട്ടില്ലാതെയും അവതരിപ്പിച്ചിട്ടുണ്ട്.

### ലേഖനം തയാറാക്കാം

കുട്ടിയെ ഇവിടെ എടുത്താൽ സമുദായത്തിൽ പ്രശ്നങ്ങളൊന്നും ണ്ടാവ്ല്യാലോ? വള്ളത്തോൾ ഇങ്ങനെ ചോദിക്കാനുണ്ടായ സാഹചര്യം എന്തായിരിക്കാം. കേരളത്തിന്റെ പഴയകാല സാമൂഹ്യവ്യവസ്ഥ എന്തായിരുന്നു.? അധ്യാപിക ഈ ചോദ്യം ഉന്നയിക്കുകയും യൂണിറ്റിന്റെ തുടക്കത്തിൽ നൽകിയ സൂചനകൾ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യണം.

- അയ്യങ്കാളിക്ക് ഇങ്ങനെ പറയേണ്ടിവന്നത് എന്തുകൊണ്ടാവാം?
- ചാണ്ഡാളയുവതി ഭിക്ഷുവിന് വെള്ളം നൽകാൻ പേടിച്ചതെന്തിന്?

ഈ സൂചനകളിൽ നിന്ന് പഴയ കാലത്തെ കേരളത്തിലെ സാമൂഹ്യാവസ്ഥയുടെ സൂചനകൾ ലഭ്യമാവുന്നുണ്ടോ? കൂടുതൽ വിവരങ്ങൾ ശേഖരിക്കാൻ എന്തു ചെയ്യണം?

- മുത്തച്ഛനോടോ/മുത്തശ്ശിയോടോ നേരിട്ടു ചോദിച്ചാലോ?
- ടീച്ചർ തയാറാക്കിയ ലേഖനം വായിക്കാൻ നല്കാം
- പഴയകാല കഥകളും കവിതകളും വായിക്കാം. (ലൈബ്രറി)
- പഴയ സിനിമകളിലെ രംഗങ്ങൾ കാണാം (ഐ.ടി സാധ്യത)

ഇപ്രകാരം ശേഖരിച്ച വിവരങ്ങളെല്ലാം കൂട്ടിച്ചേർത്ത് കുട്ടികൾ ഒരു ലഘു ലേഖനം തയാറാക്കട്ടെ. പഴയകാല കേരളം, മാറിയ കേരളം എന്ന വിഷയം നൽകിയാലോ?

## എന്തിഹ മന്മാനസേ...

നളചരിതം മൂന്നാം ദിവസത്തിലെ കല്യാണിരാഗത്തിലുള്ള 'ഘോരവിപിനം എന്നാൽ' ഒരിക്കൽക്കൂടി കേൾക്കുകയായിരുന്നു. കലാമണ്ഡലം ഹൈദരാലി വിഷാദാർദ്രമായി പാടുകയാണ്.

'അവടങ്ങൾ, സങ്കടങ്ങൾ

അകമേ ദുഷ്ടമൃഗങ്ങൾ

അധികം ഭീതികരങ്ങൾ...'

ഹൈദരാലി സങ്കടങ്ങൾ എന്നുരുവിടുമ്പോൾ ആ വാക്ക് ആത്മാവിൽ വന്ന് തട്ടുന്നതുപോലെ തോന്നാറുണ്ട്, എപ്പോൾ കേൾക്കുമ്പോഴും. കണ്ണുകൾ താനെ അടഞ്ഞുപോകും. അന്യചിന്ത കൾ ഇല്ലാതാകും. ഹൈദരാലിയും പത്തിയൂർ ശങ്കരൻ കുട്ടിയും ആലാപനം നിർവഹിച്ച ഈ ഒരു ഓഡിയോ കാസറ്റ് മാത്രമേ കഥകളി പദങ്ങളുടേതായി എന്റെ ശേഖരത്തിലുള്ളൂ. അതുണ്ടാക്കുന്ന മൂഡ് എന്നെ സംബന്ധിച്ച് സവിശേഷമാണ്.

പൊടുന്നനെ ഫോൺ ശബ്ദിച്ചുതുടങ്ങി. ടേപ്പ്റിക്കോർഡ്ഡുകൾ ഓഫ് ചെയ്ത് റിസീവർ കൈയി ലെടുത്തപ്പോൾ എന്റെ വിസ്മയത്തിന് അതിരുണ്ടായിരുന്നില്ല. ഫോണിന്റെ മറുതലയ്ക്കൽ കലാമണ്ഡലം ഹൈദരാലി. വടക്കാഞ്ചേരിയിലെ ഓട്ടുപാറയിൽ നിന്നും തന്നെ.

'ഘോരവിപിനം' കേട്ടുകൊണ്ടിരിക്കുകയായിരുന്നുവെന്നു പറഞ്ഞപ്പോൾ ഹൈദരാലി ആഹ്ലാദം മറച്ചുവെച്ചില്ല. ഇത്രയേ പറഞ്ഞുള്ളു: "എന്റെ സുകൃതം".

ഒരു സ്വകാര്യ ടെലിവിഷൻ ചാനലിനുവേണ്ടി ഹൈദരാലിയെക്കുറിച്ച് ഒരു പ്രോഗ്രാം തയാ റാക്കുന്നതിന് ഛായാഗ്രാഹകനായ മണിലാൽ പടവൂർ അവിടെ എത്തിയിരുന്നു. ഞാനും ഒപ്പം ചെല്ലേണ്ടതായിരുന്നു. മുമ്പേ പറഞ്ഞിരുന്നതാണ്. പക്ഷേ, യാത്ര പല കാരണ ങ്ങൾകൊണ്ട് വൈകിയപ്പോൾ എന്റെ ഷെഡ്യൂളിന് മാറ്റം വന്നു.

ഹൈദരാലി പറഞ്ഞു: "ഇവിടെ ഉണ്ടാകണമായിരുന്നു."

എന്റെ നഷ്ടത്തിന്റെ അളവ് തിരിച്ചറിഞ്ഞത് പിന്നീട് പ്രോഗ്രാം കണ്ടപ്പോഴായിരുന്നു. കലാ മണ്ഡലത്തിലെ ആദ്യകാലാനുഭവം, ദുഃഖങ്ങൾ, പ്രാരാബ്ധങ്ങൾ, കൃഷ്ണനെയും പരമശി വനെയും ശ്രീരാമനെയുമൊക്കെ സ്തുതിച്ചുപാടുന്ന ഗായകന് അമ്പലങ്ങളിൽ പ്രവേശനം ലഭിക്കാത്തതിന്റെ ഖേദം എന്നിങ്ങനെ ഹൈദരാലി പറഞ്ഞുകൊണ്ടിരുന്നത് മുമ്പെ പറഞ്ഞു വന്ന കാര്യങ്ങൾ തന്നെ എന്നാൽ മങ്ങിയ ഇരുട്ടിൽ ഒരു ചവിട്ടുകല്ലിലിരുന്ന് സർവവും മറന്ന് കർണശപഥത്തിലെ 'എന്തിഹ മന്മാനസേ' പാടാനാരംഭിച്ചപ്പോൾ എല്ലാം വ്യത്യസ്തമായി.

കർണന്റെ ജീവിതത്തിലെ ഏറ്റവും തീക്ഷ്ണമായ ഒരു മുഹൂർത്തം വിളിച്ചറിയിക്കുന്ന ഹൃദ യഭേദകമെന്നു തന്നെ വിശേഷിപ്പിക്കാവുന്ന 'എന്തിഹ മന്മാനസേ' മുമ്പ് കേട്ടിട്ടുണ്ട്. അതില ടങ്ങിയ വികാരവായ്പിനെക്കുറിച്ച് ഹൈദരാലിയോട് പറഞ്ഞിട്ടുമുണ്ട് ഒരിക്കൽ.

ചവിട്ടുകല്ലിലിരുന്ന് ചെണ്ടയുടെയോ മദ്ദളത്തിന്റെയോ അകമ്പടിയില്ലാതെ സഹഗായകനി ല്ലാതെ,ഹൈദരാലി 'എന്തിഹ മന്മാനസേ' പാടുന്നത് കേട്ടിരിക്കേ കണ്ണുകൾ അറിയാതെ നിറഞ്ഞു പോയി. മഹാഗായകനായ ബിസ്മില്ലാഖാന്റെ ഷെഹനായിയിൽ നിന്നെന്നെപോലെ കടുംശോകം ഉള്ളിലേക്ക് പെയ്തിറങ്ങുന്ന അനുഭവം. നെഞ്ച് വിങ്ങിക്കൊണ്ടിരിക്കുന്നു. ഞാനാര്? എന്റെ വംശമേത്? കർണന്റെ മഹാസങ്കടം നെഞ്ചിലാകെ മുഴുങ്ങുകയായിരുന്നു. മനുഷ്യജീവിതം എത്ര സങ്കീർണം. എന്തെന്ത് പ്രതിസന്ധികൾ.

വ്യക്തിപരമായി പറയുകയാണെങ്കിൽ, ഹൈദരാലി അല്ലാതെ പാട്ടുകൊണ്ട് മറ്റാരും എന്നെ കരയിച്ചിട്ടില്ല.

*സി.വി.ബാലകൃഷ്ണൻ*

# എന്തിഹ മന്മാനസേ

കലാമണ്ഡലം ഹൈദരാലിക്ക് ഏറെ ഇഷ്ടപ്പെട്ട കഥകളിയിലെ വരികൾ കർണശപഥത്തിലെ കർണന്റെ ആത്മ വിലാപമായ ആ പദമാണ്. 'എന്തിഹ മന്മാനസേ സന്ദേഹം വളരുന്നു.' മാഷ് അത് പാടുന്നതു കേൾക്കുമ്പോൾ ആ മനസ്സിന്റെ ഉള്ളിലെവിടെയോ ഒരു തേങ്ങൽ മുള പൊട്ടുന്നത് ഞാൻ അറിഞ്ഞിരുന്നു.

എന്താണ് മാഷിന് ഈ പദത്തിനോട് ഇത്ര താൽപര്യം? ഞാൻ ചോദിക്കുമ്പോഴെല്ലാം ആ കണ്ണുകൾ ഈറനണിഞ്ഞിരുന്നുവോ? കർണന്റെ ആത്മകഥാംശം സ്വജീവിതകഥയിലേക്ക് അദ്ദേഹം ആവാഹിച്ചിരുന്നതായി ഞാൻ മനസ്സിലാക്കിയിരുന്നു. കലാമണ്ഡലത്തിൽ സംഗീതം പഠിക്കാൻ പതിമ്മൂന്നാം വയസ്സിൽ ചേരുമ്പോൾ അവഗണനയായിരുന്നു. ഉറങ്ങാത്ത രാത്രികളിൽ ഭാരതപ്പുഴയിൽ ചാടി ആത്മഹത്യചെയ്യാൻ പോലും പല തവണ ആലോചിച്ചി രുന്നുവത്രേ. കലാമണ്ഡലത്തിൽ ചേരാൻ ഹൈദരാലിക്ക് 2000 രൂപ ജാമ്യം നിന്ന വ്യക്തിയെ ഓർത്ത് ആത്മഹത്യ മാറ്റിവെക്കുകയായിരുന്നു. കഥകളിസംഗീതം പഠിച്ചിട്ടും അരങ്ങിൽ നിന്നെല്ലാം മാറ്റിനിർത്തി. ഒരിക്കൽ ഹരിപ്പാട് ക്ഷേത്രമതിൽ പൊളിച്ച് ഹൈദരാലിയെ പുറത്തു നിർത്തി കളി നടത്തി. ചില അമ്പലങ്ങളിൽ ഇന്നും പാടാൻ ക്ഷണിക്കാറില്ല പ്രത്യേകിച്ച് ഗുരുവായൂരിൽ, ഒഴുക്കിനെതിരെ നീന്തുമെന്ന പ്രതിജ്ഞയായിരിക്കാം മാഷെ ഇന്ന് ലോകം അംഗീകരിക്കുന്ന നിലയിലെത്തിച്ചത്. ഒരർഥത്തിൽ കർണന്റെ ജീവിതകഥയ്ക്കും ഇങ്ങനെ യൊരു അവഗണനയുടെ സ്പർശമില്ലേ. അതായിരിക്കാം കർണന്റെ വിലാപത്തോട് മാഷിന് ഇത്ര പ്രതിപത്തിയെന്ന് എനിക്കു തോന്നുന്നു.

കളിയുള്ള ദിവസങ്ങൾ മാഷിന് പ്രത്യേക ചിട്ടവട്ടങ്ങളുണ്ട്. ഉച്ചയ്ക്ക് ഉറങ്ങണം. നിർബന്ധ മാണ്. ശബ്ദം നന്നാവാൻ അത് ആവശ്യമാണത്രേ. യാത്ര ചെയ്യുമ്പോൾ തലയിൽ തൊപ്പിയും ചെവിയിൽ പഞ്ഞിയും തിരുകും. തണുപ്പു തട്ടി ശബ്ദം മോശമാകാതിരിക്കാനുള്ള മുൻകരു തൽ. വേഷം മാറി അരങ്ങിലെത്തിയാൽ മനസ്സ് മുഴുവനും വേദിയിലാണ്. മനസ്സിൽ തട്ടി പാടും. പാടിപ്പാടി ശബ്ദം മനോഹരമായി മാറുകയും ചെയ്യും. കളി കഴിഞ്ഞാൽ പാട്ടിനെ ക്കുറിച്ച് പരിചയക്കാരുടെ അഭിപ്രായം അറിഞ്ഞാലേ സമാധാനമാവൂ.

പുറംലോകം അധികമറിയാത്ത ചില സിദ്ധികൾ മാഷിനുണ്ട്. കർട്ടൂൺ വരയ്ക്കും; ഗാനമെ ഴുതും. ദക്ഷിണമൂകാംബികയെക്കുറിച്ച് ഒന്നുരണ്ട് കീർത്തനങ്ങൾ എഴുതിയിട്ടുണ്ട്. ഒരു രാഗ മുണ്ടാക്കി ചിട്ടപ്പെടുത്തി ബാലമുരളി കൃഷ്ണയ്ക്ക് അയച്ചുകൊടുത്ത് അഭിപ്രായം വാങ്ങി വെച്ചിരുന്നു. അടുത്തകാലത്ത് പർദയിട്ട ഒരു മുസ്ലീം സ്ത്രീയെക്കുറിച്ച് മതസൗഹാർദമായി ബന്ധപ്പെട്ട് ഒരു നീണ്ട കഥയെഴുതിയിരുന്നു. പക്ഷേ, ഇതെല്ലാം പ്രസിദ്ധീകരിക്കാൻ മാഷിന് ഭയമായിരുന്നു. ഞങ്ങളുടെ നിർബന്ധത്തിനു വഴങ്ങിയാണ് അദ്ദേഹത്തിന്റെ ചില ലേഖന ങ്ങൾ സമാഹരിച്ച് 'ഓർത്താൽ വിസ്മയം'എന്ന പുസ്തകം പുറത്തിറക്കിയത്.

*രവി കുറ്റിക്കാട്*

കലാമണ്ഡലം ഹൈദരാലിയെക്കുറിച്ച് രവികുറ്റിക്കാട്, സി.വി. ബാലകൃഷ്ണൻ എന്നിവർ എഴു തിയ ലേഖനങ്ങളാണ് നിങ്ങൾ വായിച്ചത്. (ലേഖനം ഫോട്ടോകോപ്പി എടുത്ത് കുട്ടികൾക്ക് വായിക്കാൻ നൽകണം.)

- പാഠഭാഗത്ത് സൂചിപ്പിച്ച ചില കാര്യങ്ങൾ ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ടേല്ലോ ഏതൊ ക്കെയാണവ?
- പാഠഭാഗത്തിൽ ഞാൻ, എനിക്ക്, എന്നെ തുടങ്ങിയ പ്രയോഗങ്ങൾ ലേഖനങ്ങളിൽ മാഷിന്, ഹൈദരാലിക്ക്, അദ്ദേഹത്തിന് എന്നെല്ലാമായതിന്റെ കാരണമെന്താവാം?
- ഒരാൾ സ്വന്തം അനുഭവങ്ങൾ സ്വയം പറയുമ്പോഴും മറ്റൊരാൾ ആ അനുഭവങ്ങൾ വിവ രിക്കുമ്പോഴും പ്രയോഗങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണം?

ഇത്തരം സൂചനകളിലൂടെ ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെ ത്താൻ കുട്ടിയെ സഹായിക്കണം

## ജീവചരിത്രമെഴുതാം

ഇനി പാഠഭാഗത്തിലെ ഒരു സംഭവം ജീവചരിത്രരൂപത്തിലേക്കു മാറ്റി വ്യക്തിപരമായി എഴുതാൻ നിർദേശം നൽകണം.

ലളിതഗാനമത്സരത്തിൽ പങ്കെടുത്തത്,

കലാമണ്ഡലത്തിലെ ഇന്റർവ്യൂ,

കലാമണ്ഡലത്തിലെ അനുഭവങ്ങൾ

ഇതിലേതെങ്കിലും ഒരു സംഭവം ഓരോ ഗ്രൂപ്പിനും നൽകുക. ഗ്രൂപ്പിൽ ചർച്ചചെയ്ത് അത് ജീവചരിത്രരൂപത്തിലാക്കട്ടെ. ജീവചരിത്രം എങ്ങനെ വിലയിരുത്താം. സൂചകങ്ങൾ ഉപയോഗിച്ച് കുട്ടികൾ തന്നെ വിലയിരുത്തട്ടെ

- പ്രസക്തമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്
- വസ്തുനിഷ്ഠമായ രചനാരീതി
- ആശയക്രമീകരണം

**ജീവചരിത്രം**

ഒരു വ്യക്തിയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും മുഹൂർത്തങ്ങളും ഉൾക്കൊള്ളിച്ച് മറ്റൊരാൾ എഴുതുന്ന ജീവിതകഥയാണ് ജീവചരിത്രം. വിവിധ പ്രശ്നങ്ങളോട് ആ വ്യക്തി സ്വീകരിച്ച നിലപാടുകൾ ജീവചരിത്രത്തിൽ ഉൾക്കൊള്ളിച്ചിരിക്കും.

**ആത്മകഥ**

സ്വന്തം ജീവിതത്തിലെ സംഭവങ്ങളുടെ അനുക്രമവും ആകർഷകവുമായ അവതരണമാണ് ആത്മകഥ. ആത്മനിഷ്ഠമായ ഭാഷയിൽ വൈകാരികതയോടെ സ്വന്തം ജീവിതാനുഭവങ്ങൾ അവതരിപ്പിക്കണം.

ഹൈദരാലി ഉള്ളിൽത്തട്ടി പാടിയിരുന്നത് കർണശപഥത്തിലെ പദങ്ങളായിരുന്നു. എന്തുകൊണ്ടാവാം ആ കഥകളിപദങ്ങളോട് അദ്ദേഹത്തിന് അത്രമേൽ ഇഷ്ടം തോന്നിയത്?

- കർണന്റെ കഥ ഓർമയില്ലേ? 'എന്തിഹ മന്മാനസേ്സ' എന്ന പേരിൽ രണ്ടുപേർ എഴുതിയ ലേഖനങ്ങൾ വായിച്ചോ? കർണന്റെ അനുഭവങ്ങൾക്കും ഹൈദരാലിയുടെ അനുഭവങ്ങൾക്കും സമാനതകളുണ്ടോ?

താരതമ്യത്തിനായി ഒരു ആശയഭൂപടം നിർമിച്ചാലോ. (ആശയഭൂപടം നിർമിക്കാനുള്ള അവസരം കുട്ടികൾക്ക് നല്കണം).

**കർണൻ**

- ആയുധാഭ്യാസത്തിന്റെ അരങ്ങേറ്റ സമയത്ത് സൂതനായതിന്റെ പേരിൽ അപമാനിക്കപ്പെട്ടു.
- പരിഹാസത്തോടുകൂടി മാത്രമേ കർണനെ മറ്റുള്ളവർ കണ്ടിരുന്നുള്ളു.
- സ്വയംവരപ്പന്തലിൽ വെച്ച് പാഞ്ചാലി സൂതനെ വരിക്കില്ല എന്നു പറഞ്ഞാണ് അപമാനിച്ചത്.

**ഹൈദരാലി**

- കലാമണ്ഡലത്തിൽ ചേർന്നസമയത്ത് മുസ്ലീമാണെന്ന കാരണത്താൽ കുട്ടികൾ ഒഴിച്ചുനിർത്തി.
- പല ക്ഷേത്രങ്ങളിലും കയറ്റാത്തതിനാൽ പലപ്പോഴും കഥകളിടീമിൽ നിന്ന് ഒഴിച്ചു നിർത്തി.
- കലാമണ്ഡലത്തിൽ ചേർന്ന സമയത്ത് പരിഹാസത്തോടെയാണ് ഹൈദരാലിയെ മറ്റുകുട്ടികൾ നോക്കിക്കണ്ടത്.

## താരതമ്യക്കുറിപ്പ് തയാറാക്കാം

ജാതിയുടെ പേരിൽ കർണനും മതത്തിന്റെ പേരിൽ ഹൈദരാലിക്കും നേരിട്ട അനുഭവങ്ങൾക്ക് ചില സമാനതകളുണ്ടല്ലോ. കർണന്റെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ചർച്ചചെയ്ത് ഒരു താരതമ്യക്കുറിപ്പ് തയാറാക്കാൻ ആവശ്യപ്പെടുന്നു.

വിഷയങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങളുടെ സമഗ്രത

താരതമ്യം ചെയ്ത് സ്വന്തം കാഴ്ചപ്പാട് അവതരിപ്പിക്കൽ, ആശയങ്ങൾ പൂർവാപര ബന്ധത്തോടെ അവതരിപ്പിക്കൽ

എന്നീ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ അത് വിലയിരുത്തണം.

- വ്യക്തിഗതമായി തയാറാക്കൽ
- ഗ്രൂപ്പിൽ വായന മെച്ചപ്പെട്ടതു കണ്ടെത്തൽ
- ഗ്രൂപ്പിലെ മികച്ചത് അതരിപ്പിക്കൽ

  ഓരോ ഗ്രൂപ്പിന്റെയും അവതരണത്തിനുശേഷം അതിന്റെ മികവുകളും പോരായ്മകളും പൊതു ചർച്ചയ്ക്ക് വിധേയമാക്കണം. ഇപ്രകാരം എഡിറ്റ് ചെയ്ത് മെച്ചപ്പെടുത്തിയ താരതമ്യക്കുറിപ്പ് പോർട്ട് ഫോളിയോവിലേക്ക്.

## പോർട്ട് ഫോളിയോ

- ഒരു നിശ്ചിത കാലയളവിൽ കുട്ടി നടത്തിയ വിവിധ പ്രവർത്തനങ്ങളുടെ ശേഖരമാണ് പോർട്ട്ഫോളിയോ
- പ്രധാന വ്യവഹാരരൂപങ്ങളുടെ മെച്ചപ്പെട്ട സൃഷ്ടിയാണ് ഇതിൽ ഉൾക്കൊള്ളിക്കേണ്ടത്.
- ഓരോ യൂണിറ്റിനെയും ശക്തമായി പ്രതിനിധീകരിക്കുന്ന വ്യവഹാരരൂപമാണ് ഉൾപ്പെടുത്തേണ്ടത്.

അനുബന്ധവായനയ്ക്ക് ഉള്ളൂരിന്റെ കർണഭൂഷണം അധ്യാപികയ്ക്ക് ഉപയോഗിക്കാം

# ഡോ. അംബേദ്കറുടെ ജീവിതകഥയിൽ നിന്ന്

## ബാല്യവും വിദ്യാഭ്യാസവും

ഒരു ഗ്രീഷ്മകാലപ്രഭാതം, രണ്ടു വിദ്യാർഥികൾ ഒരു യാത്രയ്ക്ക് ഇറങ്ങിത്തിരിച്ചു. ഹൈസ്കൂളിൽ പഠിക്കുന്ന ജ്യേഷ്ഠനും പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയ അനുജനും. രണ്ടുപേരും മോടിയായി വസ്ത്രധാരണം ചെയ്തിരുന്നു. ബോംബെയുടെ ഒരു പ്രാന്തപ്രദേശമായ ഗോറഗണിലാണ് അവരുടെ പിതാവിന്റെ ജോലിസ്ഥലം. സത്താറയിൽ നിന്ന് ഗോറഗണിയിലെത്തുവാൻ ബഹുദൂരം സഞ്ചരിക്കേണ്ടിയിരുന്നു. അവർ പാടലി റെയിൽവേസ്റ്റേഷനിൽ വണ്ടിയിറങ്ങി. അവിടെ പിതാവ് കാത്തുനിൽക്കാമെന്നാണ് പറഞ്ഞിരുന്നത്.

പക്ഷേ, തീവണ്ടിയാഫീസിലെങ്ങും പിതാവിനെ കണ്ടില്ല. കുട്ടികൾ ഉത്കണ്ഠാകുലരായി. തങ്ങൾ അയച്ച കത്ത് അച്ഛനു കിട്ടിയില്ലെന്നുണ്ടോ? അവർ പരസ്പരം നോക്കി. ഒടുവിൽ സ്റ്റേഷൻമാസ്റ്ററെ അഭയംപ്രാപിച്ചു. ദയാലുവായ സ്റ്റേഷൻമാസ്റ്റർ ഗോറഗണിലേക്കു പോകുവാൻ അവർക്കൊരു കാളവണ്ടി ഏർപ്പെടുത്തിക്കൊടുത്തു.

അങ്ങനെ ആ സഹോദരന്മാർ ഗോറഗണിലേക്കു യാത്രതിരിച്ചു. കാളവണ്ടിക്കാരൻ അവരോടു പലതും ചോദിച്ചു. മറുപടിയിൽ നിന്ന് അവർ രണ്ടുപേരും അധഃകൃതസമുദായത്തിൽപ്പെട്ടവരാണെന്നറിഞ്ഞതോടെ തീയിൽ ചവിട്ടിയപോലെയായി കാളവണ്ടിക്കാരൻ. അയാൾ കോപ

ത്തോടെ കാളകളെ അഴിച്ചുമാറ്റി. എന്തോ നികൃഷ്ടവസ്തുക്കളെപ്പോലെ കുട്ടികളെ രണ്ടു പേരെയും വണ്ടിയിൽ നിന്ന് പുറത്തിട്ടു. താഴ്ന്ന സമുദായത്തിൽപ്പെട്ട ആ കുട്ടികളെ വണ്ടിയിൽ കയറ്റിയതുമൂലം തന്റെ വണ്ടിയും കാളയും അശുദ്ധമായതിൽ അയാൾ അവരോടു കയർത്തു.

കുട്ടികൾ സമർഥരായിരുന്നു. അവർ വണ്ടിക്കാരന് ഇരട്ടിപ്പണം വാഗ്ദാനം ചെയ്തു. ഉയർന്ന ജാതിക്കാരനായ ആ വണ്ടിക്കാരൻ എന്നിട്ടും കുട്ടികളെ വണ്ടിയിൽ കയറ്റാൻ കൂട്ടാക്കിയില്ല. പക്ഷേ, അവർ വാഗ്ദാനം ചെയ്ത പണം കൈവിടാൻ അയാൾക്കു മനസ്സുവന്നില്ല. ഒടുവിൽ ജ്യേഷ്ഠനോടു വണ്ടിയോടിക്കാനും അനുജനോട് അതിൽ യാത്രചെയ്തുകൊള്ളുവാനും, നിർദ്ദേശിച്ചുകൊണ്ടു കാളവണ്ടിക്കാരൻ അവരെ പിന്തുടർന്നു. അന്ന് അർദ്ധരാത്രിവരെ, പച്ച വെള്ളംപോലും കുടിക്കാൻ കഴിയാതെ, ആ കുട്ടികൾ യാത്രചെയ്തു. ദാഹിക്കുന്നു എന്നു പറയുമ്പോഴെല്ലാം കാനയിലെ വെള്ളം കുടിക്കാനാണ് വണ്ടിക്കാരൻ നിർദ്ദേശിച്ചത്. ആ അധഃകൃതബാലന്മാരെ കിണറുകൾക്കടുത്തു പോകുവാൻ പോലും ഗ്രാമവാസികൾ സമ്മതിച്ചില്ല. ദാഹത്താലും ക്ഷീണത്താലും വലഞ്ഞ് ഒരു കണക്കിൽ അവർ പിതൃസവിധത്തിൽ എത്തിച്ചേർന്നു. ആ വിദ്യാർഥികളിൽ ഇളയ കുട്ടി ഭീംറാവു അംബേദ്കറായിരുന്നു.

*താറ്റാപുരം സുകുമാരൻ*

അംബേദ്കറുടെ കുട്ടിക്കാലത്തെ അനുഭവകഥ ടീച്ചർ ക്ലാസ്സിൽ പറയുന്നു. തുടർന്ന് താഴെ പറയുന്ന ചോദ്യം ചോദിക്കുന്നു.

ദാഹിച്ചുവലഞ്ഞുവരുന്ന കുട്ടികളെ കിണറുകൾക്കടുത്തുപോകാൻ പോലും അനുവദിക്കാത്ത ഗ്രാമീണരുടെ പ്രവൃത്തി ശരിയായിരുന്നോ? കുട്ടികൾ അഭിപ്രായങ്ങൾ പറയട്ടെ.

താഴ്ന്ന സമുദായത്തിൽപ്പെട്ട രണ്ടു കുട്ടികളെ വണ്ടിയിൽ കയറ്റിയതുമൂലം തന്റെ വണ്ടിയും കാളയും അശുദ്ധമായതിന് കാളവണ്ടിക്കാരനായ സവർണ്ണൻ കുട്ടികളോടു കയർത്തു. ഗ്രാമീണരാകട്ടെ കുടിവെള്ളം നല്കിയില്ലെന്നു മാത്രമല്ല, കിണറിനടുത്ത് പോകാൻ പോലും അനുവദിച്ചുമില്ല. ഭരണഘടനാ ശില്പിയായ അംബേദ്കർക്ക് താഴ്ന്ന ജാതിയായതിന്റെ പേരിൽ കുട്ടിക്കാലത്തു നേരിട്ട അനുഭവകഥ കേട്ടില്ലേ? എന്നാൽ ഇതിലും കനത്ത അനുഭവമുണ്ടായ ചോമന്റെ കഥ വായിക്കാം...

ചോമന്റെ ദുഃഖം എന്ന പാഠഭാഗം വായിക്കാൻ അവസരം നൽകാം.

ഹൃദയത്തിൽ തട്ടുന്ന ദുരനുഭവത്തിന്റെ ചിത്രീകരണമാണ് ശിവരാമ കാരന്തിന്റെ ചോമനദുഡി എന്ന നോവലിലെ ഈ ഭാഗം

- നീലനു പറ്റിയ അപകടം
- നീലനെ രക്ഷിക്കാൻ തയാറാവുന്ന ബ്രാഹ്മണയുവാവിന്റെ മനോഭാവം.
- രക്ഷിക്കാൻ തുനിയുന്ന ബ്രാഹ്മണകുമാരനെ മറ്റുള്ളവർ തടയുന്നതിന്റെ കാരണം.
- കുഞ്ഞിനെ രക്ഷിക്കാൻ കഴിയാതെവന്ന ബ്രാഹ്മണകുമാരന്റെ നിരാശ.

ഇത്തരം സൂചകങ്ങൾ നൽകി ചർച്ചനടത്തണം

## കഥയെഴുതാം

വിലക്കുകൾ ലംഘിച്ച് താൻ കുട്ടിയെ രക്ഷിച്ചിരുന്നെങ്കിൽ ചോമന് മകൻ നഷ്ടപ്പെടില്ലായിരുന്നു. രക്ഷിക്കാൻ കഴിയാത്തതിലുള്ള കുറ്റബോധം അയാളുടെ മുഖത്ത് നിഴലിച്ചിരുന്നു.

- ബ്രാഹ്മണയുവാവിന്റെ വിചാരവികാരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു കഥ രചിക്കാൻ നിർദ്ദേശിക്കുന്നു.

- തന്റെ മകനെ രക്ഷിച്ച ബ്രാഹ്മണകുമാരനെ ചോമൻ തന്റെ വീട്ടിലേക്ക് ക്ഷണിക്കുന്നത്.
- വിലക്കു ലംഘിച്ച് കുട്ടിയെ രക്ഷിച്ച ബ്രാഹ്മണകുമാരനോട് മറ്റുള്ളവരുടെ പെരുമാറ്റം

എത്രയെത്ര സാധ്യതകൾ

കഥാപതിപ്പ് പ്രകാശനത്തിന് പ്രധാനാധ്യാപകനെ ക്ലാസ്സിലേക്കു ക്ഷണിക്കാം.

## കുറിപ്പെഴുതാം

"പെലയച്ചെക്കനെ പിടിക്കാൻ പോന്നോ" എന്നു ചോദിച്ചപ്പോൾ പേടിച്ച യുവാവ് കുട്ടിയെ രക്ഷിക്കാത്തത് ശരിയായോ?

നിങ്ങളുടെ അഭിപ്രായമെന്താണ്? എന്താണ് അതിന്റെ ന്യായീകരണം?

ഇത് കുറിപ്പു രൂപത്തിൽ എഴുതാൻ നിർദ്ദേശിക്കുന്നു.

- വ്യക്തിഗതമായി എഴുതൽ
- പരസ്പരം കൈമാറി വായന
- മെച്ചപ്പെട്ടവ ക്ലാസ്സിൽ വായന
- ടീച്ചറുടെ കുറിപ്പ് ചാർട്ടിൽ പ്രദർശിപ്പിക്കൽ വായന
- ചർച്ചകളുടെ അടിസ്ഥാനത്തിൽ കുറിപ്പ് മെച്ചപ്പെടുത്തിയെഴുതൽ.

## വാർത്തയാക്കാം

പാഠഭാഗത്തെ സംഭവം വാർത്തയുടെ രൂപത്തിൽ മാറ്റിയെഴുതിയാൽ എങ്ങനെയിരിക്കും.

നല്ലൊരു തലക്കെട്ട് നിർദ്ദേശിക്കാമോ?

- ആളുകൾ നോക്കിനിൽക്കേ മുങ്ങിമരിച്ചു.
- ജാതിക്കോമരങ്ങൾ കുഞ്ഞിനെ കൊന്നു.
- ജാതിയില്ലാത്ത ലോകത്തേയ്ക്ക് യാത്രയായി...

ഉചിതമായ തലക്കെട്ടുകൾ നിർമിക്കാൻ നിർദ്ദേശം നൽകണം.

വാർത്തയുടെ തലക്കെട്ടുണ്ടാവുന്നത് എങ്ങനെയാണ്?

തലക്കെട്ടിന്റെ സവിശേഷതകളെന്തെല്ലാം?

കഥയിലെ സംഭവം വാർത്തയായിമാറുമ്പോൾ ഭാഷയിൽ എന്തൊക്കെ മാറ്റങ്ങൾ?

ഇത്തരം സൂചനകൾ നൽകി ചർച്ച നയിക്കണം

തുടർന്ന് വാർത്തയെഴുതൽ

## ലഘു ഉപന്യാസം

ചോമന്റെ ദുഃഖം, അരങ്ങേറ്റം എന്നീ പാഠഭാഗങ്ങൾ സമൂഹത്തിൽ നിലനിന്നിരുന്ന ചില ദുഷ്പ്രവണതകളാണ് എടുത്തുകാണിക്കുന്നത്.

എന്നാൽ മനുഷ്യനന്മയുടെ തെളിവുകളായി അവതരിപ്പിക്കാൻ കഴിയുന്ന സംഭവങ്ങളും കുറവല്ല. നന്മയുടെയും ത്യാഗത്തിന്റെയും ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്ന സംഭവങ്ങൾ പത്രവാർത്തകളിൽ നിന്ന് ശേഖരിക്കാം...

ഈ കഥ വായിക്കാൻ നൽകുമല്ലോ?

## സ്നേഹത്തിന്റെ നിറം

"എല്ലാവരും വരിവരിയായ് നില്ക്കൂ, അല്ലെങ്കി ഈ തോക്കിൻ പാത്തികൊണ്ട് തല്ലുകിട്ടും."

പട്ടാളക്കാരന്റെ ആക്രോശം അവരെ നടുക്കി. ലഹളയിൽ സകലതും നഷ്ടപ്പെട്ട അവർ ഒരു നേരത്തെ ആഹാരത്തിനും വസ്ത്രത്തിനുമായി ക്യൂ നിൽക്കാൻ തുടങ്ങിയിട്ട് നേരമെത്രയായി?...

പൊതിച്ചോറും വസ്ത്രവും വിതരണം ചെയ്യാനെത്തിയ ട്രക്കിലെ പട്ടാളക്കാരനുണ്ടോ അവരുടെ വേദനയറിയുന്നു...

മുന്നിലുള്ളവർ പൊതി വാങ്ങിപ്പോയതും, അവളുടെ ഊഴം വന്നതും അവൾ ശ്രദ്ധിച്ചില്ല. പട്ടാളവണ്ടിയിൽ തൂക്കിയിട്ട വസ്ത്രങ്ങളിൽ ഒരു ചുവന്ന ഉടുപ്പുണ്ടായിരുന്നു. ആ കണ്ണുകൾ അതിലുടക്കി നിന്നു.

ലഹള തുടങ്ങും മുമ്പ് തനിക്കും ഒരു വീടുണ്ടായിരുന്നു. സന്തോഷത്തിന്റെ പൂത്തിരി കത്തിച്ച് ഒരു നാൾ പിറന്നാൾസമ്മാനമായി അച്ഛൻ കൊണ്ടുവന്നുതന്നതാണ് ആ ചുവന്ന ഉടുപ്പ്... കത്തുന്ന തീനാളങ്ങൾ വീടിനൊപ്പം തങ്ങളുടെ സർവവും വിഴുങ്ങി. കളിപ്പാട്ടങ്ങൾ, വസ്ത്രങ്ങൾ, പുസ്തകങ്ങൾ.... കൂട്ടത്തിൽ ആ ചുവന്ന ഉടുപ്പും. ഇനിയൊരു പിറന്നാൾസമ്മാനം നൽകാൻ അച്ഛൻ എന്നു തിരിച്ചുവരുമോ? എന്തോ.....

"സ്വപ്നം കണ്ടു നില്ക്കാതെ കിട്ടിയതു വാങ്ങി പോപെണ്ണേ!"

'ഈ പട്ടാളക്കാരന് ചീത്ത വിളിക്കാൻ മാത്രമേ അറിയൂ.' അവൾ കൈ നീട്ടി.

ചോറുപൊതിക്കൊപ്പം ആ ചുവന്ന ഉടുപ്പും കൊടുത്തിട്ട് അയാൾ പറഞ്ഞു:

കുറെ നേരമായല്ലോ ഇതും നോക്കി വെള്ളമിറക്കാൻ തുടങ്ങിയിട്ട്.... കൊണ്ടുപൊയ്ക്കോ...

നഷ്ടപ്പെട്ടതെല്ലാം തിരിച്ചുകിട്ടിയ പ്രതീതിയായിരുന്നു ആ ഉടുപ്പ് കിട്ടിയപ്പോൾ..... ഉടുപ്പിന്റെ ചന്തം നോക്കിനിന്ന് നേരം പോയതറിഞ്ഞില്ല. അകലേക്കു മറയുന്ന പട്ടാളട്രക്കിന്റെ ഇരമ്പം നേർത്തുവന്നു....

എനിക്ക് ചോർപൊതി കിട്ടീല്യ. എനിക്ക് ചോറ് പൊതി.... മുളന്തണ്ട് ചീന്തും പോലെ ഒരു കാറൽ അവളെ ഞെട്ടിയുണർത്തി. മഞ്ഞുവീഴാൻ തുടങ്ങിയ താഴ്‌വരയിൽ ശരീരത്തിൽ വസ്ത്രം പോലും ധരിക്കാതെ ഒരു നാലു വയസ്സുകാരി വണ്ടിപോയ വഴിയെ ഓടുകയാണ്....

"വണ്ടി പോയി... ഇനി നാളയെ വരൂ കരഞ്ഞിട്ട് കാര്യമില്ല" കുഞ്ഞിനെ സമാധാനിപ്പിക്കാൻ അവൾ പറഞ്ഞുനോക്കി.

ഒട്ടിയവയറും നഗ്നമേനിയും അവളുടെ ദൈന്യം എടുത്തുകാട്ടി. തന്നെ ഒരുക്കിവിട്ടത് അമ്മയാണ്. ഇവൾക്കാരുമില്ലേ-അവൾ സ്വയം ചോദിച്ചുപോയി.

ഉമ്മാ ചോറ് കിട്ടീല്യാ... എന്ന ആവലാതിയോടെ അവൾ തിരിച്ചുനടക്കാൻ തുടങ്ങി... സൈനബാ... ഇങ്ങട്ട് പോര് വണ്ടി നാളെ വരുമ്പോ വാങ്ങാമെന്ന സാന്ത്വനവുമായി അവളുടെ ഉമ്മ അങ്ങോട്ടു കടന്നുവന്നു.

കയ്യിലെ ചോറുപൊതിയും ഉടുപ്പും അവൾക്കായി സമ്മാനിക്കുമ്പോൾ ഭക്ഷണപ്പൊതി കിട്ടാത്തതിന് അമ്മയോട് എന്തു ന്യായം പറയും എന്ന ചിന്തയിലായിരുന്നു അവൾ.

*യുറീക്ക*

പത്രവാർത്തകളിലെ അനുഭവങ്ങൾ ചർച്ചക്കു വിധേയമാക്കുക. കഥയിലെ കുട്ടിയുടെ പ്രവൃത്തി നിങ്ങൾക്കിഷ്ടമായോ?

ഈ ആശയങ്ങളെല്ലാം ഉൾക്കൊള്ളിച്ച് ഒരു ലഘുഉപന്യാസം തയാറാക്കണം.

- നന്മയുടെ ഉറവുകൾ വറ്റിയിട്ടില്ല.
- സങ്കുചിതചിന്തകൾക്കപ്പുറം മാനവികതയുടെ പ്രകാശമാനമായ ലോകമുണ്ട്.
- നന്മയുടെ പ്രകാശം പരത്തുന്ന ഇത്തരം പ്രവർത്തനങ്ങളിൽ നമുക്ക് എങ്ങനെ പങ്കുവഹിക്കാം.

ഇത്തരം ചർച്ചകളിലൂടെ ഉപന്യാസരചനയിലേക്ക് നീങ്ങാം.

നന്മയും ത്യാഗവും നിറഞ്ഞ പ്രവർത്തനങ്ങളും അവ ചെയ്ത നന്മയുള്ള മനുഷ്യരെയും പരിചയപ്പെട്ടുവല്ലോ ഇത്തരം നന്മകളും ത്യാഗങ്ങളും ചെയ്ത നിരവധി സാമൂഹ്യപരിഷ്കർത്താക്കൾ കേരളത്തിലുണ്ടായിരുന്നു

അത്തരത്തിലൊരു സാമൂഹ്യപരിഷ്കർത്താവിനെ പരിചയപ്പെടാം

മരിക്കാത്തഓർമകൾ എന്ന പാഠഭാഗത്തേക്കു ശ്രദ്ധ തിരിക്കാം

വാക്കും പ്രവൃത്തിയും ഒന്നാകാൻ മന്നത്തുപത്മനാഭൻ ശ്രദ്ധിച്ചിരുന്നു. ഈ പ്രസ്താവന പാഠഭാഗത്തെ ആസ്പദമാക്കി പരിശോധിക്കൂ.

## കുറിപ്പെഴുതാം

മന്നത്തു പത്മനാഭന്റെ ഏതൊക്കെ സവിശേഷതകളാണ് നിങ്ങളെ ആകർഷിച്ചത്?

- വാക്കുകൾ
- പ്രവൃത്തികൾ
- തീരുമാനങ്ങൾ

ക്ലാസിൽ പൊതുചർച്ച നടത്തണം.

വാക്കും പ്രവൃത്തിയും ഒന്നാക്കി സമൂഹത്തിന് മാതൃകയായവർ ഇനിയുമില്ലേ? മറ്റാരെക്കുറിച്ചെങ്കിലും നിങ്ങൾക്ക് അറിയാമോ?

ചർച്ച നടത്തണം.

- ഗാന്ധിജി
- വി.ടി. ഭട്ടതിരിപ്പാട്
- ... ...

ഇവരുടെയൊക്കെ ജീവിതത്തിലെ ഏതെങ്കിലും സംഭവങ്ങൾ ഉദാഹരിച്ച് ഒരു കുറിപ്പ് തയാറാക്കാമോ?

മനസ്സിൽ പതിയുന്ന കഥാപാത്രങ്ങൾ

- അപമാനിതനായ കർണൻ
- കുട്ടിയെ രക്ഷിക്കാൻ കഴിയാതെ നിരാശനായി മടങ്ങുന്ന ബ്രാഹ്മണകുമാരൻ
- കുട്ടിയെ നഷ്ടപ്പെട്ട് നിസ്സഹായനായിരിക്കുന്ന ചോമൻ

എത്രയെത്ര കഥാപാത്രങ്ങളെ നാം പരിചയപ്പെട്ടു. ഈ കഥാപാത്രങ്ങൾ മനസ്സിൽ തങ്ങിനിൽക്കുന്നത് എന്തുകൊണ്ടാണ്. അവരുടെ വാക്കുകൾ, പ്രവൃത്തികൾ, തീരുമാനങ്ങൾ ഇവയെല്ലാം നമ്മെ സ്വാധീനിച്ചതുകൊണ്ടല്ലേ. അതുതന്നെയാണ് ആ കഥാപാത്രത്തിന്റെ പ്രത്യേകതയും. വായിച്ച ആത്മകഥകളിലെ വ്യക്തികളും ഇങ്ങനെതന്നെയാണോ? ഹൈദരാലി, മന്നത്തു പത്മനാഭന്റെ അമ്മ ഇവരൊക്കെ നമ്മുടെ മനസ്സിൽ ഇടം കണ്ടെത്തുന്നില്ലേ.

മന്നത്തുപത്മനാഭന്റെ അമ്മയുടെ പ്രത്യേകതകളെന്തെല്ലാമാണ്?




അമ്മയുടെ വാക്കുകൾ, പ്രവൃത്തി, തീരുമാനങ്ങൾ ഇവയെല്ലാം ചേർന്നതാണ് അമ്മയെന്ന വ്യക്തി. ഈ സ്വഭാവസവിശേഷതകൾ എല്ലാം ഉൾക്കൊള്ളിച്ച് മന്നത്തു പത്മനാഭന്റെ അമ്മയെക്കുറിച്ച് ഒരു ലഘു വിവരണം തയാറാക്കൂ.

## മുദ്രാഗീതം

"കാലത്ത് എട്ടൊമ്പതു മണി കഴിഞ്ഞപ്പോൾ വൈക്കത്തു നിന്ന് പത്തനംതിട്ടക്കാരൻ ഭട്ടതിരിയും ആറന്മുളക്കാരൻ അഴകനും വേറെ ഒരാളും കൂടി എന്റെ വീട്ടിൽ വന്നു. തലേ ദിവസത്തെ വൈക്കംസംഭവഗതികൾ എന്നെ പറഞ്ഞുകേൾപ്പിച്ചു."

എന്തായിരുന്നു വൈക്കംസംഭവഗതികൾ. താഴ്ന്ന ജാതിക്കാരന് ക്ഷേത്രത്തിൽ പ്രവേശിക്കാൻ അനുമതിക്കായി നടന്ന പ്രക്ഷോഭം ആണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇത് ക്ലാസിൽ ചർച്ചചെയ്യണം. ഇത്തരം വിവേചനങ്ങൾക്കെതിരെ പോരാടാൻ സംഘം ചേർന്ന് പോകുമ്പോൾ പാടുന്ന മുദ്രാഗീതങ്ങൾ അക്കാലത്ത് ജനങ്ങളെ ആവേശംകൊള്ളിച്ചിരുന്നു. ജാതി ചിന്തയ്ക്ക് എതിരെ ജനങ്ങളെ ബോധവൽക്കരിക്കാൻ ഏതാനും മുദ്രാഗീതങ്ങൾ രചിക്കാമോ?

മുദ്രാഗീതത്തിന്റെ സവിശേഷതകൾ

- പ്രശ്നം/ഉദ്ദേശ്യം മനസ്സിൽത്തട്ടാൻ പര്യാപ്തമായിരിക്കണം.
- സന്ദേശവിനിമയക്ഷമത വേണം.
- വാക്യങ്ങൾ താളാത്മകമായി വിന്യസിക്കണം

ഇവിടെ ജാതി ചിന്തയാൽ
പോരടിച്ചിടേണ്ട നാം
മനുഷ്യനന്മ ലക്ഷ്യമാക്കി
കുതികുതിച്ചു പോകണം

## പോസ്റ്റർ

ജാതിവിവേചനങ്ങൾക്കെതിരെ ബോധവൽക്കരിക്കാൻ സഹായകമായ പോസ്റ്റർനിർമിക്കാൻ ആവശ്യപ്പെടാം.

- ആകർഷകമായ അഹ്വാനവാക്യങ്ങൾ
- ലേഔട്ട്
- സംക്ഷിപ്തതയോടെ ആശയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ്

എന്നിവ പരിഗണിച്ച് പോസ്റ്റർ വിലയിരുത്താം. (മുദ്രാഗീതം, പോസ്റ്റർ ഇവയുടെ രചനയിലേക്ക് ഉചിതമായ വൈകാരിക സന്ദർഭങ്ങളുള്ള സംഭവങ്ങൾ/അനുഭവങ്ങൾ ഇവ കുട്ടികൾക്ക് നല്കണം).

### മാറ്റിപ്പറയാം

"അനവധി നൂറ്റാണ്ടുകാലമായി പുലയരോടും മറ്റും എന്റെ പൂർവികർ അറിയാതെ ചെയ്ത പാപകർമങ്ങൾക്ക് പരിഹാരമായി എന്റെ വീട്ടിൽ വെച്ചുതന്നെ ഈ പ്രായശ്ചിത്തം നടത്തണമെന്നായിരിക്കും ദൈവനിശ്ചയം".

മകൻ ചെയ്യുന്നതെല്ലാം ശരിയെന്നു വിചാരിക്കുന്ന അതിരുകവിഞ്ഞതും വാത്സല്യമുള്ള എന്റെ അമ്മ, "നിന്റെ ഹിതമതാണെങ്കിൽ അങ്ങനെ ആകട്ടെ' എന്നു പറഞ്ഞതേയുള്ളു.

ഈ വാക്യങ്ങൾ മറ്റൊരാൾ എഴുതുകയാണെങ്കിൽ എങ്ങനെയായിരിക്കും? എഴുതിനോക്കൂ.

### പകരം വെക്കാം

പാർക്കുക, മിഴക്കുക, മുറയ്ക്കു നടക്കട്ടെ തുടങ്ങിയ പദപ്രയോഗങ്ങൾ അക്കാലത്തെ ഭാഷയുടെ സവിശേഷതകളിലേക്കു വിരൽ ചൂണ്ടുന്നു. സമാനമായി ഉപയോഗിക്കാവുന്ന നമ്മുടെ പരിചിതങ്ങളായ പദങ്ങൾ കണ്ടെത്തുമല്ലോ?

ശൈലികളും പ്രയോഗങ്ങളും രചനകൾക്ക് ആസ്വാദ്യത വർധിപ്പിക്കുന്നതെങ്ങനെയെന്ന് ഉദാഹരണങ്ങൾ നൽകി ചർച്ചചെയ്യണം.

### പൊതുസംവാദം

പഠിച്ച പാഠഭാഗങ്ങളുടെയും, കഥകളുടെയും സ്വന്തം അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ക്ലാസ്സിൽ ഒരു പൊതുസംവാദം സംഘടിപ്പിച്ചാലോ?...

ജാതീയത ഇന്നു നിലനിൽക്കുന്നുണ്ടോ? മോഡറേറ്റർ ചർച്ച നിയന്ത്രിക്കണം.

- സംവാദത്തിൽ സ്വന്തം അഭിപ്രായങ്ങൾ യുക്തിസഹിതം അവതരിപ്പിക്കാൻ അവസരം നൽകണം.
- യൂണിറ്റിലെ പാഠഭാഗങ്ങളിലെ ആശയങ്ങൾ പ്രയോഗിക്കാൻ അവസരം ലഭിക്കുന്നതിനാണ് സംവാദം സംഘടിപ്പിക്കുന്നത്.
- സംവാദത്തിൽ പുറമെ നിന്ന് ഒരു മോഡറേറ്ററെ പങ്കെടുപ്പിക്കുന്നത് നല്ലതാണ്.

## സാഹിത്യകാരന്മാരെക്കുറിച്ച്

### മന്നത്തു പത്മനാഭൻ

ആധുനികകേരളത്തിന്റെ സാമൂഹികനവോഥാനത്തിൽ സുപ്രധാന പങ്കുവഹിച്ച മന്നത്തു പത്മനാഭൻ 1878-ൽ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിലുള്ള പെരുന്നയിലാണ് ജനിച്ചത്. അധ്യാപകൻ, വക്കീൽ എന്നീ നിലകളിൽ തുടങ്ങിയ സാമൂഹ്യസേവനം പ്രായേണ നായർ സമുദായത്തിന്റെ സമുദ്ധാരകൻ എന്ന നിലയിലേക്ക് അദ്ദേഹത്തെ ഉയർത്തുകയായിരുന്നു. അക്കാലത്ത് നായർ സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരേ അദ്ദേഹം പ്രവർത്തിച്ചു.

1914-ൽ നായർ സമുദായ ഭൃത്യജനസംഘത്തിനു രൂപംനൽകി. പിറ്റേ വർഷം തന്നെ അത് നായർ സർവീസ് സൊസൈറ്റി (എൻ.എസ്.എസ്.) ആയി രജിസ്റ്റർ ചെയ്യപ്പെട്ടു. സംഘടനയുടെ പ്രഥമ സെക്രട്ടറിയായി. 1948-ൽ പത്തനംതിട്ട മണ്ഡലത്തിൽ നിന്ന് അദ്ദേഹം നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1966-ൽ പത്മഭൂഷൺ ലഭിച്ചു. 'എന്റെ ജീവിതസ്മരണകൾ' അദ്ദേഹത്തിന്റെ ആത്മകഥയാണ്. 1970-ൽ അന്തരിച്ചു.

**ശിവരാമ കാരന്ത്**

പ്രശസ്ത കന്നഡ സാഹിത്യകാരനായ ശിവരാമ കാരന്ത് 1902 ഒക്ടോബർ 10 ന് ഉത്തര കർണാടകത്തിലെ കോട്ട എന്ന സ്ഥലത്തു ജനിച്ചു. ചെറുതും വലുതുമായി 20 ലേറെ നോവലുകൾ അദ്ദേഹം രചിച്ചു. തനിക്കു ചുറ്റുമുള്ള മനുഷ്യർക്കിടയിലെ അസമത്വവും ജാതിവിവേചനവും കാരന്തിനെ ലക്ഷ്യബോധമുള്ള ഒരെഴുത്തുകാരനാക്കിമാറ്റുന്നതിൽ നിർണായക സ്വാധീനം ചെലുത്തി. പ്രകൃതിയെ സ്നേഹിച്ച അദ്ദേഹം സാമൂഹികപ്രശ്നങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ട ജനസാമാന്യത്തിന്റെ ഭാഷയിൽ തനിമ നഷ്ടപ്പെടാതെ പുനരാവിഷ്കരിക്കുകയാണ് തന്റെ കൃതികളിലൂടെ ചെയ്തത്.

തലമുറകളുടെ ജഡതുല്യമായജീവിതം ചിത്രീകരിക്കുന്ന മരളിമണ്ണിഗെ (മണ്ണിലേക്കു മടങ്ങി), മൂകജ്ജിയ കനസുഗലു (മൂകമുത്തശ്ശിയുടെ കിനാവുകൾ), ചോമന ദുഡി (ചോമന്റെ തുടി) എന്നിവയാണ് മുഖ്യ കൃതികൾ.

1978-ൽ ജ്ഞാനപീഠപുരസ്കാരം നേടിയ കാരന്ത് 1998 ഡിസംബർ 9 ന് അന്തരിച്ചു.

# 4 പ്രകാശഗോപുരങ്ങൾ

## *സിലബസ് ഗ്രിഡ്*

**പ്രശ്നമേഖല** : **ശാസ്ത്രീയമായ ആരോഗ്യ - പൊതുജനാരോഗ്യ കാഴ്ചപ്പാടിന്റെ അഭാവം**

**ഉപപ്രശ്നം** :
- ആരോഗ്യത്തെ സംബന്ധിച്ച സാമൂഹ്യകാഴ്ചപ്പാടുകൾ രൂപപ്പെടാത്ത അവസ്ഥ.

**പഠനലക്ഷ്യങ്ങൾ** :
- ആരോഗ്യപ്രവർത്തനം ഒരു സാമൂഹ്യപ്രവർത്തനമാണെന്ന തിരിച്ചറിവുണ്ടാകുക.
- സാമൂഹ്യആരോഗ്യത്തിൽ നിന്ന് വേറിട്ട് വ്യക്തിയുടെ ആരോഗ്യത്തിന് നിലനിൽപ്പില്ലെന്ന തിരിച്ചറിവുണ്ടാകുക.
- സാമൂഹ്യആരോഗ്യത്തിനായി പ്രയത്നിക്കുന്നവരെ ആദരിക്കേണ്ടതുണ്ടെന്ന തിരിച്ചറിവുണ്ടാകുക.
- വാക്യങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുകയും സ്വന്തം രചനകളിൽ ആവിഷ്ക്കരിക്കുകയും ചെയ്യാനുള്ള കഴിവുണ്ടാകുക.

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| ആരോഗ്യം കൂട്ടുത്തരവാദിത്തം. | • ആരോഗ്യപ്രവർത്തനം ഒരു സാമൂഹ്യ പ്രവർത്തനമാണ്.<br>• നിസ്വാർത്ഥരായി ആരോഗ്യസേവനം നടത്തുന്ന വ്യക്തികളെ ആദരിക്കേണ്ടതുണ്ട്.<br>• വർണ്ണനാപരമായ ഭാഗങ്ങൾ കവിതകൾക്ക് കൂടുതൽ ഭംഗി നൽകുന്നുണ്ട്.<br>• ആരോഗ്യരംഗത്തെ ചൂഷണങ്ങളെ വിമർശനാത്മകമായി കാണേണ്ടതുണ്ട്.<br>• വാക്യങ്ങളുടെ രൂപപരവും ഘടനാപരവുമായ വൈവിധ്യം രചനകൾക്ക് ഭംഗി നൽകുന്നു. | **ആർജിതജ്ഞാനം**<br>• ആതുരാലയങ്ങൾ, ചികിത്സാസംവിധാനങ്ങൾ എന്നിവയെക്കുറിച്ച് സാമാന്യധാരണ.<br>• ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന വ്യകതികളെക്കുറിച്ചുള്ള കഥകൾ, വിവരങ്ങൾ.<br>**കൃതികളും രചനകളും**<br>• ആരോഗ്യരംഗത്ത് വർദ്ധിക്കുന്ന വ്യക്തികളുടെ ജീവിതം ആവിഷ്ക്കരിക്കുന്ന അനുഭവവിവരണങ്ങൾ, കവിതകൾ.<br>• രോഗാവസ്ഥ സംഭവിക്കുമ്പോഴുണ്ടാകുന്ന മാനസികാവസ്ഥ ചിത്രീകരിക്കുന്ന കവിത. | • കൂട്ടായ്മയിലൂടെ രൂപപ്പെടുന്ന ആരോഗ്യാവസ്ഥ അതിനുവേണ്ടി പ്രവർത്തിക്കുന്ന വ്യക്തികളുടെ ജീവിതം എന്നിവ ആവിഷ്ക്കരിക്കുന്ന രചനകൾ വിശകലനം ചെയ്ത് ചർച്ച, പ്രഭാഷണം, കത്ത്, വാർത്ത, നോട്ടീസ്, സ്കിറ്റ് തുടങ്ങിയ പ്രകടിത രൂപങ്ങളിൽ ആവിഷ്ക്കരിക്കുന്നു.<br>• ആശയത്തെ വൈകാരികാനുഭവ മാക്കുന്നതിൽ കാവ്യഭാഷ സ്വീകരിക്കുന്ന രീതികൾ വിശകലനം ചെയ്ത് നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു.<br>• സമൂഹത്തിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിനായി നിസ്വാർത്ഥസേവനം ചെയ്ത വ്യക്തികളെ കണ്ടെത്തി അവരുടെ അനുഭവങ്ങൾ മുൻനിർത്തി കുറിപ്പുകൾ, പത്രവാർത്തകൾ, അഭിമുഖം എന്നിവ തയ്യാറാക്കുന്നു.<br>• രചനകളിലെ വിവിധ വാക്യമാതൃകകൾ വിശകലനം ചെയ്ത് സ്വന്തം രചനകളിൽ ഉപയോഗപ്പെടുത്തുന്നു. | സമൂഹത്തിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സന്നദ്ധത. | രചനകൾ വിശകലനം ചെയ്ത് അവയിൽ ആവിഷ്ക്കരിച്ചിട്ടുള്ള ആരോഗ്യരംഗത്തെ പ്രവണതകൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്ക്കരിക്കാനുള്ള കഴിവ്. കാവ്യഭാഷയുടെ സവിശേഷതകൾ വിശകലനം ചെയ്ത് ആസ്വാദനത്തെ അതെങ്ങനെ സഹായിക്കുന്നുവെന്ന് വ്യക്തമാക്കുന്ന കുറിപ്പുകൾ തയ്യാറാക്കാനുള്ള കഴിവ്. |

# 4 പ്രകാശഗോപുരങ്ങൾ

ജീവിതം അങ്ങനെയാണ്; ചിലപ്പോൾ ഒഴുകിപ്പരക്കും. മറ്റു ചിലപ്പോൾ പാതിവഴിയിൽ ഒഴുകി ഒടുങ്ങും. എല്ലാ മുൻവിധികളെയും അതു തകിടംമറിക്കും.

**ഒരു ഡയറിക്കുറിപ്പ് വായിക്കാം**

വീട്ടിലേക്കുള്ള യാത്രയ്ക്കിടയിൽ മനക്കരുത്ത് വീണ്ടെടുക്കാൻ എനിക്ക് സാധിച്ചു. ഇത് രക്താർബുദമാണ്. ആർക്കും ഒന്നും പ്രവചിക്കാനാവില്ല. ഏതു നിമിഷവും വീണു മരിക്കാം. വെറുതെ ബേജാറായിരുന്നതു കൊണ്ട് കാര്യമില്ല. അവസാന നിമിഷംവരെ ചെറുത്തുനിൽക്കുക. കഴിയുന്നത്ര സന്തോഷിക്കുക.

കുട്ടികൾ രണ്ടുപേരുടെയും വിദ്യാഭ്യാസം പൂർത്തിയാക്കാൻ വേണ്ടതു ചെയ്യണം. വേറെ ആഗ്രഹങ്ങളൊന്നും ബാക്കിയില്ല. എപ്പോൾ വേണമെങ്കിലും എനിക്ക് സുഖമായി യാത്ര പറയാം. വീട്ടിലെത്തിയപ്പോൾ ഭാര്യ ചോദിച്ചു:

"എന്താ വൈകിയത്?"

"പണിയുണ്ടായിരുന്നു."

"ഡോക്ടറെ കണ്ടില്ലേ?"

"നാളെ കാലത്ത് ചില ടെസ്റ്റിന് പോകണം."

"ഏത് ആശുപത്രിയിൽ?"

ദേവകിയിൽ എന്നു നുണ പറഞ്ഞു.

രാത്രി കുറച്ചു നേരം ഉറക്കം വന്നില്ല. പിന്നെ സുഖമായി ഉറങ്ങി.

**28 സെപ്തംബർ, 1996**

ഓർക്കുമ്പോൾ കൗതുകം തോന്നുന്നു. അടുത്ത നിമിഷം വീണുമരിക്കാവുന്ന ഒരു ബ്ലഡ് കാൻസർ രോഗിയായിട്ടും എനിക്ക് എന്തോ ഒരു പതർച്ചയും തോന്നുന്നില്ല.

രാവിലെ എട്ടുമണിക്ക് മുൻപേ സ്വയം ഡ്രൈവ് ചെയ്ത് ഇൻസ്റ്റിറ്റ്യൂട്ടിലെത്തി. ഒ.പി യിൽ നൂറുകണക്കിനാളുകൾ. ഞാനും ഇവരിലൊരാൾ ആയിരിക്കുന്നു. - ഒരു ദിവസം കൊണ്ട്.

ആദ്യം പി.ആർ.ഒ രമണിയെ കാണാം. എട്ടുണിക്കുതന്നെ അദ്ദേഹം എത്തി. ഞാൻ ഡോ.ചെറിയാന്റെ കത്തു കാണിച്ചു.

"വേർ ഈസ് ദി പേഷ്യന്റ്"? കത്ത് വായിച്ച് അദ്ദേഹം ചോദിച്ചു.

"മൈസെൽഫ്..."

"ഓ" - അയാൾ സഹതാപത്തോടെ എന്നെ നോക്കി എന്റെ ചുമലിൽ മൃദുവായി തട്ടി. "ഡയറക്ടർ തിങ്കൾ, ബുധൻ ദിവസങ്ങളിലേ ഉണ്ടാവൂ.

തിങ്കളാഴ്ചത്തേക്ക് ഞാൻ ഒരു അപ്പോയിന്റ്മെന്റ് തരാം."

"ഇന്നേക്ക് ഞാൻ മറ്റൊരു ഡോക്ടറെ അറേഞ്ചുചെയ്യാം."

എട്ടാം നമ്പർ മുറിയിൽ ചെന്ന് രജിസ്റ്റർ ചെയ്തശേഷം ഡോ.ശ്രീനിവാസൻ എന്നെ പരിശോധിച്ചു. അദ്ദേഹം പറഞ്ഞു. "ടെസ്റ്റ് റിപ്പോർട്ട് കിട്ടിക്കഴിഞ്ഞേ രോഗവിവരം പറയാനാവൂ."

അദ്ദേഹം ടെസ്റ്റുകൾക്ക് എഴുതിത്തന്നു. കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ കോമ്പൗണ്ടിൽ സൗന്ദര്യം തൂകിനിന്ന മരങ്ങൾ ഇലകൾ പൊഴിച്ചുകൊണ്ടിരുന്നു. ചെറുതായൊരു കാറ്റും മഴയും മരങ്ങളെ താലോലിച്ച് ഇപ്പോഴാണ് ഇടവഴി കടന്നുപോയത്. അന്തരീക്ഷത്തിൽ അതിന്റെ ഈർപ്പം തങ്ങിനിന്നിരുന്നു.

*ബാലകൃഷ്ണൻ മാങ്ങാടിന്റെ ഡയറിക്കുറിപ്പുകൾ*

രോഗം കൊണ്ടു വേദനിക്കുന്നവർ ഏറെയാണ് നമ്മുടെ സമൂഹത്തിൽ. അന്യന്റെ വേദന അറിയുമ്പോഴാണ് നാം മനുഷ്യരാകുന്നത്. ആൽബർട്ട് ഷെറ്റ്സറിന്റെ വാക്കുകൾ നോക്കൂ:

> *"നമ്മുടെ സഹജീവികൾക്കായി കുറച്ചു സമയം നാം നീക്കിവെക്കണം. അതെത്ര ചെറുതായാലും മറ്റുള്ളവർക്കുവേണ്ടി ചെയ്യുക തന്നെ വേണം. ചെയ്യുന്നത് നിങ്ങൾക്കു പ്രതിഫലം തരാത്തതും ചെയ്യാനുള്ള അവസരം മാത്രം തരുന്നതുമായിരിക്കണം."*

വേദനിക്കുന്നവർക്ക് ആശ്വാസത്തിന്റെ തണലേകുന്ന ഒരു കഥ വായിക്കാം.

# നഴ്സ്

"ഈശ്വരാ, എന്തൊരു വേദന; അയ്യോ! ഇവിടെ ആരുമില്ലേ? എനിക്കു ദാഹിക്കുന്നു". വിശാലമായ ആശുപത്രിയിൽ ഒരിടത്തു പരവശനായിക്കിടന്ന ഒരു രോഗിയിൽ നിന്നു ദീനരോദനങ്ങൾ തുടർച്ചയായി ഉയർന്നുകൊണ്ടിരുന്നു. അയാളെ വഹിക്കുന്ന ഭൂമിയും ആകാശമേലാപ്പിനു കീഴിൽ ഞരങ്ങി മൂളലോടുകൂടി തളർന്നുകിടക്കുകയാണ്.

"ഹാ! എന്തൊരു വേദന! ഇവിടെ ആരുമില്ലേ?" ആ ദീനൻ വീണ്ടും അന്വേഷിച്ചു.

"എന്ത്? നിങ്ങൾക്കെന്തു വേണം?" ഒരു നഴ്സ് അയാളുടെ അടുക്കൽ ചെന്നു ചോദിച്ചു.

"സിസ്റ്റർ" ആ രോഗി പറഞ്ഞു. " എനിക്കു ആരുമില്ല. എന്റെ കാലു വിങ്ങുന്നു. വേദന മുകളിലേക്കു കയറിവന്ന് എന്റെ ചങ്കു കത്തിപ്പിളരുന്നു. ഞാൻ മിക്കവാറും ഇപ്പോൾ മരിക്കും." കൈകളും പല്ലും ഞെരിച്ച് അസഹ്യമായ വേദന അയാൾ വ്യക്തമാക്കി. ഗുരുതരമായ ഒരു ശസ്ത്രക്രീയയ്ക്കുശേഷം ഇളകരുതാത്തവിധം അയാളുടെ കാൽ കിടക്കയിൽ ബന്ധിച്ചിരുന്നു.

ആർദ്രമായ നഴ്സ്, വേദനയാൽ ചൂടുപിടിച്ചിരുന്ന അയാളുടെ കാൽ മന്ദമായി തലോടി. മൃദുലപേലവങ്ങളായ ആ അംഗുലികുളുടെ സ്പർശത്താൽ പരവശനായ രോഗിയുടെ ശരീരം കുളിർത്തു; അതു പുളകമണിഞ്ഞു.

ധമനിയിൽ ശുദ്ധരക്തമെന്നപോലെ അവർ ആശുപത്രിയിൽ ചരിച്ചുകൊണ്ടിരുന്നു. വേലക്കാരിയെന്ന പോലെ വിശ്രമമില്ലാതെ അവർ പറന്നുകൊണ്ടിരുന്നു; ഒരു സ്ത്രീയുടെ ഹൃദയത്തിന്റെ കാരുണ്യവായ്പോടുകൂടി ഉരുകിക്കൊണ്ടിരുന്നു.

രോഗികളായ സഹോദങ്ങളുടെ ജീവകാരുണ്യപരങ്ങളായ അർഥനകളുടെ മുമ്പിൽ സ്വന്തം പേഴ്സ് അവർ പലപ്പോഴും അഴിച്ചുകൊണ്ടിരുന്നു. പുത്രിയുടെ ഈ സ്വഭാവം ശരിക്കു മനസ്സിലാക്കിയിരുന്ന അവരുടെ പിതാവ് മാസന്തോറും ഓരോ തുക ഇവർക്ക് അയച്ചുകൊടുത്തുവന്നു. യുദ്ധകാല പരിത:സ്ഥിതികളാൽ ഇപ്പോൾ അതു കിട്ടാതെയായി. അതുകൊണ്ടു വിലപ്പിടിപ്പുള്ള ചില സാമഗ്രികൾ അവർ വിറ്റുതുടങ്ങി. ഇതൊക്കെ എന്തിന് എന്ന് ആരെങ്കിലും

ചോദിച്ചാൽ അവർക്കു മറുപടി ഉണ്ടായിരുന്നില്ല. മനുഷ്യത്വത്തെ അതിന്റെ കൊടുമുടിവരെ ഉയർത്താനും ദിവസങ്ങളെ അതിന്റെ വിനാഴികവരെ ഉപയോഗിക്കാനും അവർക്ക് അത് ആവശ്യമായിരുന്നു.

ശക്തിയേറിയ ഒരു പനിയുടെ ഉപദ്രവത്താൽ അന്ന് അവർ ഇത്തിരി കൂടുതൽ ഉറങ്ങിപ്പോയി. ഉണർന്ന ഉടനെ അവർ ഒരു രോഗിയുടെ അടുക്കലേക്ക് ഓടുകയുണ്ടായി. പക്ഷേ, അയാൾ അപ്പോഴേക്കും മൃതിയടയുകയാണുചെയ്തത്. ശക്തിയേറിയ ഒരു ആഘാതത്തിലെന്നപോലെ അവർ ഞെട്ടി. തനിക്ക് ഉത്തരവാദിത്വമുണ്ടായിരുന്ന സമയത്ത് അത്തരം ഒരു അനിഷ്ടസംഭവം അവർ പ്രതീക്ഷിച്ചിരുന്നില്ല. ആ മനുഷ്യനു മരണസമയത്ത് എന്തെങ്കിലും പറയുവാൻ ഉണ്ടായിരുന്നില്ലേ. എന്തെങ്കിലും ഒരു ജീവിതാഭിലാഷം ലോകത്തെ ഭാരമേൽപ്പിക്കാൻ ഉണ്ടായിരുന്നില്ലേ. ഏതെങ്കിലും ഒരു ശുശ്രൂഷണത്തിന്റെ കുറവുകൊണ്ടാകാമായിരുന്നില്ലേ അയാളുടെ മരണം? അവർ ഉരുകി. ഒരു മല്ലിക അതിന്റെ ഏറ്റവും നല്ല പൂക്കൾപേലെ ആ ശവശരീരത്തിൽ അവർ കണ്ണീർ തൂകി.

അന്നു രാത്രിയിലും ആ കാലിൽവേദനക്കാരൻ ഉറക്കെ കരഞ്ഞു. "സിസ്റ്റർ, സിസ്റ്റർ" അയാൾ വീണ്ടുംവീണ്ടും വിളിച്ചു. ആ സ്വരങ്ങളുടെ മുമ്പിൽ ഒരു പാറപോലെ കിടന്നുറങ്ങുവാൻ അവർക്കു പാടവമുണ്ടായിരുന്നില്ല. അവർ ആ രോഗിയുടെ അടുക്കലേക്കു ചെന്നു.

"നിങ്ങൾക്കെന്താണ്? സമാധാനമായി കിടന്ന് ഉറങ്ങരുതോ?" - അവർ ചോദിച്ചു.

"സിസ്റ്റർ," അയാൾ പറഞ്ഞുതുടങ്ങി: "നിങ്ങൾ അടുത്തിരിക്കുമ്പോൾ എനിക്കു വേദനയില്ല. ലോകത്തിൽ മറ്റാരെയും ഞാൻ നിങ്ങളെക്കാൾ സ്നേഹിക്കുന്നില്ല. സിസ്റ്റർ, എന്റെ കാലൊന്നു തടവൂ. ഈ ഉടുപ്പ് ഒന്ന് ഊരുമോ? ഇതിന്റെ നൂല് സൂചിപോലെ കൊണ്ടുകയറുന്നു. ഹാ! നിങ്ങളുടെ കൈത്തലം സ്പർശിക്കുമ്പോൾ എനിക്കുണ്ടാകുന്ന സുഖം!"

അവർ ആ കാൽ തടവിക്കൊണ്ടിരിക്കുന്നു.

ഒരു സായാഹ്നത്തിൽ അവർ ആ രോഗിയുടെ കാലിലെ വ്രണം കഴുകിക്കൊണ്ടിരുന്നപ്പോൾ ആ സ്നേഹാർദ്രൻ ചോദിക്കുകയുണ്ടായി: "സിസ്റ്റർ ഇത്തരം സേവനങ്ങൾക്ക് ഞാൻ എന്തു പ്രത്യുപകാരമാണു ചെയ്യേണ്ടത്?"

"ഒന്നുംചെയ്യേണ്ടാ, എനിക്കായി ഒരു തുള്ളിക്കണ്ണുനീർ നിങ്ങൾക്കു സൂക്ഷിക്കാൻ സാധിക്കുമെങ്കിൽ ഞാൻ അതുകൊണ്ടു തൃപ്തയാണ്. ഒരു സഹോദരിക്കായി നിങ്ങൾക്കു സൂക്ഷിക്കാൻ കഴിയുന്ന ഏറ്റവും വലിയ ഒരു കരുതൽധനം അതാണ്." അയാൾ അവരുടെ തോളിൽ തല കുനിച്ചു. അയാൾ ഉതിർത്ത കണ്ണുനീർത്തുള്ളി അവരുടെ മാറിൽ വീണ് ആവിയായി അന്തരീക്ഷത്തിൽ ലയിച്ചു.

അന്ന് അയാളുടെ കാൽ തടവിക്കൊണ്ടിരുന്ന നേഴ്സിനോട് അയാൾ ചോദിച്ചു: "സിസ്റ്റർ, ഇന്ന് ഈ കൈക്കെന്താണ് ഇത്രയധികം ചൂട്! നിങ്ങളുടെ കണ്ണു കലങ്ങിയിരിക്കുന്നു. നിങ്ങൾക്കു പനിയുണ്ടോ? ഭഗവാനേ, നിങ്ങൾക്കു നല്ല പനിയുണ്ടല്ലോ. കുറെമരുന്നു വല്ലതും കുടിക്കൂ."

"സാരമില്ല, നിങ്ങൾ വേണമെങ്കിൽ ഒന്നു മയങ്ങാൻ നോക്കൂ." നഴ്സ് പറഞ്ഞു.

രോഗശുശ്രൂഷണത്തിൽ ഒരു നഴ്സിനു സന്തോഷമേ ഉണ്ടാകാറുള്ളൂ. പരമാർഥം പറഞ്ഞാൽ ഒരു രോഗിക്കുകിട്ടുന്ന മാനസിക ചികിത്സയാണു നഴ്സ്.

*തെരഞ്ഞെടുത്ത കഥകൾ* — *പൊൻകുന്നം വർക്കി*

ഡയറിക്കുറിപ്പും കഥയും വായിച്ചല്ലോ. ശുശ്രൂഷയും പരിചരണവും മഹത്തായ ലോകസേവന ങ്ങളാണ്. ഇന്നും അതങ്ങനെതന്നെയാണോ? കാർട്ടൂണിലേക്ക് പോവുക. കാർട്ടൂണിലെ ആശ യങ്ങൾകൂടി പരിഗണിച്ച് 'കച്ചവടമാകുന്ന ചികിത്സാരംഗം' എന്ന വിഷയത്തിൽ ഒരു കുറിപ്പ് തയാറാക്കുക.

## യൂണിറ്റിനെക്കുറിച്ച്

ആതുരസേവനം കച്ചവടമായി മാറുന്ന ഈ സാഹചര്യത്തിൽ സ്നേഹത്തിന്റെയും കാരുണ്യ ത്തിന്റെയും ഇത്തിരി പച്ചപ്പ് സമൂഹത്തിൽ ഇനിയും അവശേഷിക്കുന്നുണ്ട് എന്ന് നമ്മോട് പറ യുന്ന ചില അനുഭവങ്ങൾ ആണ് ഈ യൂണിറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'കത്തിയും മുരളിയും' എന്ന കവിത ഡോ.വി.പി.ഗംഗാധരന്റെ ചികിത്സാനു ഭവങ്ങളിൽ നിന്നും എടുത്ത 'സാന്ത്വനസ്പർശം.' വൈദ്യരത്നം പി.എസ്.വാര്യരുടെ ജീവചരി ത്രത്തിൽ നിന്ന് തിരഞ്ഞെടുത്ത 'ആതുരസേവനത്തിന്റെ സന്നദ്ധഭടൻ' എന്നീ പാഠഭാഗങ്ങ ളാണ് ഈ യൂണിറ്റിലുള്ളത്.

ശാസ്ത്രീയമായ ആരോഗ്യപൊതുജനാരോഗ്യ കാഴ്ചപ്പാടിന്റെ അഭാവം, എന്ന പ്രശ്ന മേഖല യിലെ ആരോഗ്യത്തെ സംബന്ധിച്ച സാമൂഹ്യ കാഴ്ചപ്പാടുകൾ രൂപപ്പെടാത്ത അവസ്ഥ എന്ന ഉപപ്രശ്ന മേഖലയ്ക്കാണ് ഈ യൂണിറ്റിൽ ഊന്നൽ നൽകിയിട്ടുള്ളത്.

## യൂണിറ്റിലൂടെ നേടേണ്ടത്

- ആരോഗ്യപ്രവർത്തനം ഒരു സാമൂഹ്യപ്രവർത്തനമാണ്.
- നിസ്വാർഥമായി ആരോഗ്യസേവനം നടത്തുന്ന വ്യക്തികളെ ആദരിക്കേണ്ടതുണ്ട്.
- വർണനാപരമായ ഭാഗങ്ങൾ കവിതകൾക്ക് കൂടുതൽ ഭംഗി നൽകുന്നുണ്ട്.
- ആരോഗ്യരംഗത്തെ ചൂഷണങ്ങളെ വിമർശനാത്മകമായി കാണേണ്ടതുണ്ട്.
- വാക്യങ്ങളുടെ രൂപപരവും ഘടനാപരവുമായ വൈവിധ്യം രചനകൾക്ക് ഭംഗി നൽകു ന്നുണ്ട്.

## യൂണിറ്റിലേക്ക്

### കുറിപ്പു തയാറാക്കാം

കുട്ടികൾ 'മരുന്ന്' കാർട്ടൂൺ വായിക്കട്ടെ. തുടർന്ന് ചില ചോദ്യങ്ങളിലൂടെ കാർട്ടൂൺ വിശക ലനം ചെയ്യണം.

- ഈ കാർട്ടൂണിൽ എന്തെല്ലാം കാര്യങ്ങളാണ് പറയുന്നത്?
- ആരോഗ്യരംഗത്തെ എന്തെല്ലാം പ്രശ്നങ്ങളാണ് കാർട്ടൂണിസ്റ്റ് അവതരിപ്പിക്കുന്നത്?
- ചികിത്സയും മരുന്നും കച്ചവടമാകുന്നതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്?
- മറ്റു രചനകളിൽ നിന്ന് വ്യത്യസ്തമായി കാർട്ടൂൺ എങ്ങനെയാണ് പ്രശ്നങ്ങൾ അവത രിപ്പിക്കുന്നത്.
  - വരയുടെ സവിശേഷത
  - ഭാഷയുടെ സംക്ഷിപ്തത
  - ധ്വന്യാത്മകത, താളം
  - അവതരണരീതി

ഇവ കുട്ടികളുമായുള്ള ചർച്ചയിൽ വിഷയമാകണം. ഗ്രൂപ്പു തിരിഞ്ഞ് അവർക്കിഷ്ടപ്പെട്ട വിഷ യത്തെക്കുറിച്ച് ഓരോ കാർട്ടൂൺ തയാറാക്കട്ടെ. കാർട്ടൂൺരചനയിൽ ഗ്രൂപ്പിലെ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് (വര, ആശയരൂപീകരണം, ലേഔട്ട്...) ചുമതലയേൽപ്പിക്കണം.

ചർച്ച ചെയ്ത ആശയങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയാറാക്കാൻ നിർദ്ദേശിക്കാം.

- ചർച്ചയിലെ പങ്കാളിത്തം കുറിപ്പ് ഇവ വിലയിരുത്തലിന് വിധേയമാക്കണം.

## കത്തിയും മുരളിയും

മലയാളത്തിലെ പ്രശസ്ത കവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ കത്തിയും മുരളിയും എന്ന കവിതയിൽ വ്യത്യസ്തമായൊരു ചികിത്സാനുഭവമാണ് പരാമർശിക്കുന്നത്.

ആശുപത്രി. രാത്രിസമയം. നഴ്സുമാരുടെ കാൽപ്പെരുമാറ്റം മാത്രമേ കേൾക്കാനുള്ളൂ. പകൽ നേരത്ത് ശസ്ത്രക്രിയക്ക് വിധേയനായ കവിയുടെ സഹോദരൻ വേദനകൊണ്ട് വിലപിക്കുന്നു. കട്ടിലിനരികെ സാന്ത്വനവാക്കുകളുമായി കവിയും. കവിയുടെ സ്നേഹാദ്രമായ വാക്കുകൾക്കൊന്നും സഹോദരന്റെ വേദനകളെ ശമിപ്പിക്കുവാൻ സാധിച്ചില്ല. ഒടുവിൽ ഡോക്ടറെത്തി. ഡോക്ടറുടെ ആശ്വാസവാക്കുകൾക്ക് വേദനയുടെ 'തീക്കനമാണെന്നുള്ളിൽ' എന്നായിരുന്നു കവിയുടെ സഹോദരന്റെ മറുപടി. വേദനകൊണ്ട് പൊറുതിമുട്ടിയ രോഗിയുടെ നെറ്റിമേൽ കൈവച്ച് ഡോക്ടർ പ്രാർഥനയിൽ മുഴുകി. അതൊന്നും പ്രാണവേദനയ്ക്ക് പരിഹാരമായില്ല. ഒടുവിൽ എന്തോ ആലോചിച്ചുറച്ചപോലെ ഡോക്ടർ തന്റെ കിടപ്പറയിലേക്കു പോയി ഒരു കൊച്ചോടക്കുഴലുമായി തിരിച്ചെത്തി. രോഗിയുടെ സമീപത്തിരുന്ന് ഓടക്കുഴൽ വായിക്കാൻ ആരംഭിച്ചു. നിശ്ശബ്ദമായ ആ നിശീഥിനിയിൽ പ്രകൃതിയിലെ സർവചരാചരങ്ങളും ആ നാദധാരയിൽ ലയിച്ചു. മന്ദ്രസാന്ദ്രമായ പ്രാർഥനയിലെന്നപോലെ ഡോക്ടർ ഓടക്കുഴലൂതിക്കൊണ്ടേയിരുന്നു. ആ കളനാദം ജഗദീശ്വരന്റെ പാദത്തിൽ ചെന്ന് ഭഗവാൻ എങ്ങളുടെ പുണ്ണിൽ ദയ ചൊരിയേണമേ എന്ന് പ്രാർഥിക്കുന്നതായി കവിക്ക് അനുഭവപ്പെട്ടു.

ഭൂമിയും ആകാശവും കാറ്റും എന്തിന് കാലം പോലും ഈ സ്വരരാഗം കേട്ട് നിശ്ചലമായി എന്ന് തോന്നി. ക്ഷീണിച്ച കണ്ണുകൾ താനെ അടഞ്ഞു, കവിയുടെ സഹോദരൻ സുഖനിദ്രയിലാണ്ടു. മനസ്സിന്റെ എല്ലാ ദുഃഖവും മാറി സ്വസ്ഥചിത്തരാകാൻ ആ മുരളീഗാനം നമ്മിലേക്ക് പകരാൻ വേണ്ടി കവി പ്രാർഥിക്കുന്നു. കത്തിയാലോ മരുന്നിനാലോ മാറാത്ത ഏതു മഹാരോഗവും ഉൽകൃഷ്ടമായ ഭാവഹർഷം കൊണ്ട് മാറ്റാൻ സാധിക്കും എന്ന് ഈ കവിത നമ്മോട് പറയുന്നു.

- ചെറുസംഘങ്ങളായി കുട്ടികൾ ഈണം നൽകി ക്ലാസിൽ ഈ കവിത അവതരിപ്പിക്കണം.
- കവിതയിൽ ആവിഷ്കരിക്കുന്ന ആശയങ്ങൾ എന്തെല്ലാം? (ഒരാൾ ഒരാശയം എന്ന രീതിയിൽ അവതരിപ്പിക്കട്ടെ).
- ശീർഷകത്തിലെ കത്തിയും മുരളിയും എന്നിവ സൂചിപ്പിക്കുന്നത് എന്തിനെയാണ്?

  കുട്ടികൾ പറയുന്ന ആശയങ്ങൾ അധ്യാപിക ബ്ലാക്ക് ബോർഡിലോ ചാർട്ടിലോ ക്രോഡീകരിക്കണം. തുടർന്ന് ശീർഷകത്തിന്റെ അർഥതലങ്ങളുടെ പ്രാധാന്യം ചർച്ചചെയ്യുകയും ഔചിത്യം കണ്ടെത്തുകയും ചെയ്യണം. ഇനി ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുന്ന ലഘുകുറിപ്പ് തയാറാക്കാൻ നിർദ്ദേശിക്കാം.
- ചർച്ചയിലെ പങ്കാളിത്തവും കുറിപ്പും മൂല്യ നിർണയത്തിന് വിധേയമാക്കണം.

കോകിലജാലങ്ങൾ കോലക്കുഴൽ കേട്ടു
മൂകങ്ങളായങ്ങു നിന്നുപോയി
ചേണുറ്റ വേണു തൻ തേനുറ്റ നാദത്തെ
താനുറ്റ നാദത്തിൽ മീതെക്കേട്ട്
വേലപ്പെടാതെ താൻ മാനിച്ചു നിന്നിട്ടു
ചാലെപ്പഠിപ്പാനായ് എന്ന പോലെ

കേകീനിരകളും വേഗത്തിൽ ചെന്നിട്ടു
കൂകികുഴഞ്ഞൊരു കണ്ഠവുമായ്
നീലത്തഴയായ പീലിപ്പുറം തന്നെ
ചാലെപ്പരത്തി വിരിച്ചുചെമ്മേ
പാടിത്തുടങ്ങുമ്പോൾ നീടുറ്റ താളത്തിൽ
ആടിത്തുടങ്ങിതു മെല്ലെ മെല്ലെ
..................................................................................
മാൺപെഴുന്ന ചില മാൻപേടകളെല്ലാം
ചാമ്പിമയങ്ങിയ കൺമിഴിയും
ഒട്ടൊടു ചിമ്മികൊണ്ടിഷ്ടത്തിലമ്പോടു
വട്ടത്തിൽമേവീതേ പെട്ടെന്നപ്പോൾ

*കൃഷ്ണഗാഥ* *ചെറുശ്ശേരി*

കൃഷ്ണഗാഥയിലെ വരികൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കണം. വായിക്കാനായി ആവശ്യപ്പെടണം.

## ചർച്ച

- കൃഷ്ണന്റെ ഓടക്കുഴൽ നാദം കേട്ടപ്പോൾ ഭൂമിയിലെ ചരാചരങ്ങൾക്കുണ്ടായ മാറ്റം - എന്തൊക്കെയാണ്?
- സമാനമായ ഭാഗം കത്തിയും മുരളിയും എന്ന കവിതയിൽ നിന്നു കണ്ടെത്താൻ ആവശ്യപ്പെടുന്നു.
- ഏതൊക്കെ ഭാഗങ്ങൾ? എന്തൊക്കെ മാറ്റങ്ങൾ? ചർച്ചചെയ്യുന്നു.
- ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കാൻ അവശ്യപ്പെടണം.
- താരതമ്യക്കുറിപ്പ് വിലയിരുത്തലിന് വിധേയമാക്കണം.

## വിലയിരുത്തൽസൂചകങ്ങൾ

- വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ സമഗ്രത
- താരതമ്യംചെയ്ത് സ്വന്തം കാഴ്ചപ്പാടുകൾ അവതരിപ്പിക്കുക.
- ആശയങ്ങൾ പൂർവാപരബന്ധത്തോടെ അവതരിപ്പിക്കൽ
- കവിതയിൽ പ്രകൃതിയിലെ ചരാചരങ്ങൾക്കുണ്ടാകുന്ന മാറ്റം പരാമർശിക്കുന്ന കൂടുതൽ വരികൾ കണ്ടെത്താൻ ആവശ്യപ്പെടാം.

## ശബ്ദഭംഗി തിരിച്ചറിയാം

“ഇരവായ്, പ്രശാന്തമാ-
യാസ്പത്രി, വരാന്തയിൽ
പരിചാരികമാർ തൻ
കാൽപ്പെരുമാറ്റം മാത്രം”

- വരികൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കണം.
- പ്രശാന്തമായ ആശുപത്രിവരാന്ത എന്ന പ്രയോഗവും ചർച്ചചെയ്യണം. ചർച്ചയിൽ
- ‘ന്ത’ എന്ന അക്ഷരത്തിന്റെ ആവർത്തനം വരികൾക്ക് നൽകുന്ന ശബ്ദഭംഗി

- ആശുപത്രി വരാന്തയിൽ വല്ലാത്ത നിശ്ശബ്ദത, ഏകാന്തത എന്ന ആശയത്തിലേക്ക് നയിക്കുന്ന അർഥഭംഗി
- 
- ഇതുപോലുള്ള മറ്റു പ്രയോഗങ്ങൾ 'കത്തിയും മുരളിയും' എന്ന കവിതയിൽ നിന്ന് കണ്ടെത്താൻ ആവശ്യപ്പെടാം.

ഉദാഹരണം

"ആ മുരളിയിലൂടെ പകരൂ, മനസ്സിന്റെ
യാമയം നീങ്ങി സ്വസ്ഥരാകട്ടെ ശരീരികൾ
കത്തിയാൽ മരുന്നിനാൽ മാറാത്ത നോവും മാറ്റാ-
നൊത്തിടാമൊരുൾകൃഷ്ടഭാവഹർഷത്താൽ മാത്രം"

- അടുത്തടുത്ത വരികളിൽ ഒരേ അക്ഷരം ആവർത്തിച്ചുവരുന്നില്ലേ-ഇത്തരം പ്രത്യേകത മറ്റു കവിതകളിൽ നിന്ന് കണ്ടെത്തി അവതരിപ്പിക്കാൻ കുട്ടികളോട് പറയണം. അവ കവിതയ്ക്കു നല്കുന്ന മനോഹാരിതയാണ് കുട്ടികൾക്ക് ബോധ്യപ്പെടേണ്ടത്.
- ചില കവിതകൾ

ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വച്ചുമല്ലികയറുത്തിരുന്നതും
മെച്ചമാർന്ന ചെറുമാല കെട്ടിയെൻ
കൊച്ചുവാർമുടിയിലങ്ങണിഞ്ഞതും

*ആശാൻ*

നമിക്കിലുയരാം നടുകിൽ തിന്നാം
നൽകുകിൽ നേടീടാം
നമുക്കു നാമേ പണിവതു നാകം
നരകവുമതുപോലെ

*ഉള്ളൂർ*

കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി
കാഞ്ചനകാഞ്ചി കുലുങ്ങി ക്കുലുങ്ങി
കടമിഴിക്കോണുകളിൽ സ്വപ്നം മയങ്ങി
കതിരുതിർപ്പൂപ്പുഞ്ചിരി ചെഞ്ചുണ്ടിൽ ത്തങ്ങി

*ചങ്ങമ്പുഴ*

കൂടുതൽ കവിതകൾ കണ്ടെത്താൻ ആവശ്യപ്പെടാം.

## കുറിപ്പ്

- രോഗിയെ ചികിത്സിക്കാൻ ഓടക്കുഴൽ മതിയാവുമോ? കുട്ടികൾ അഭിപ്രായം പറയട്ടെ. ഈ കവിതയിൽ ഡോക്ടർ രോഗിയെ ഓടക്കുഴൽകൊണ്ടു ചികിത്സിക്കുന്നുവെന്നു പറയുന്നുണ്ട്. കവി ഉദ്ദേശിക്കുന്നതെന്താവും?

  കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയാറാക്കട്ടെ.

**കഥാപ്രസംഗം**

- ക്ലാസിനെ ചെറുസംഘങ്ങളാക്കി തിരിച്ച് അധ്യാപിക മുൻകൂട്ടി തയാറാക്കിയ ഒരു കഥാപ്രസംഗ മാതൃക നൽകുന്നു. (കഥാപ്രസംഗത്തിന്റെ മാതൃക അധ്യാപിക ഫോട്ടോകോപ്പി എടുത്ത് നൽകേണ്ടതാണ്. കഥാപ്രസംഗം ഏഴാം ക്ലാസ്സിലെ കേരളപാഠാവലി (മലയാളം) യിലെ മുണ്ടൂർ സേതുമാധവന്റെ അമ്മ കൊയ്യുന്നു എന്ന കഥയെ ആസ്പദമാക്കി ആയതിനാൽ മൂന്നോ നാലോ പാഠപുസ്തകങ്ങളും ക്ലാസിൽ ഉപയോഗപ്പെടുത്തണം).

മുണ്ടൂർ സേതുമാധവൻ എഴുതിയ ഒരു കഥയുടെ കഥാപ്രസംഗ ആവിഷ്കാരം; കഥ - **അമ്മ കൊയ്യുന്നു**.

ജനുവരിയിലെ ഒരു മധ്യാഹ്നം. കണ്ണൂർനഗരം ചുട്ടു പഴുത്തുകൊണ്ടിരിക്കുന്നു. സംസ്ഥാന യുവജനോത്സവത്തിന്റെ മത്സരങ്ങൾ വാശിയോടെ ആരംഭിച്ചിരിക്കുന്നു.

വർണങ്ങളെത്രയോ തൂവിത്തെളിയുവാൻ
വന്നിരിക്കുന്നവരാണിവിടെ
ചിത്രകലയിലെ കൊച്ചു പ്രതിഭകൾ
മാറ്റുരയ്ക്കുന്നതാം വേദിയത്രേ

അങ്ങുദൂരെ, പാലക്കാട് ജില്ലയിലെ ഒരു ഗ്രാമീണ വിദ്യാലയത്തിലെ വിദ്യാർഥിനി ചിത്രകലാമത്സരം നടക്കുന്ന ഹാളിൽ നിന്ന് പുറത്തിറങ്ങി. അവളാണ് ഈ കഥയിലെ നായിക 'ഭുവന'.

കൈകളിൽ പൊട്ടിപ്പൊട്ടി ചിരിക്കും വളയില്ല
പുള്ളികൾ ചിതറിയ പട്ടുപാവാടയില്ല
ജീവിതം വഴിമുട്ടി കൂലിവേലകൾ ചെയ്യും
ഭുവന വെറുമൊരു ഗ്രാമീണകന്യ മാത്രം

ഭുവനയുടെ ചെറുപ്രായത്തിലേ അച്ഛൻ മരിച്ചു. പാലക്കാടൻ പാടങ്ങളിൽ കൂലിവേല ചെയ്താണ് അവളുടെ അമ്മ അവളെ വളർത്തിയത്. ഇടയ്ക്ക് അവളും അമ്മയെ സഹായിക്കാൻ പോകും. ചിത്രരചനയിൽ അവളുടെ കഴിവുകൾ അറിഞ്ഞിരുന്ന കസ്തൂരി ടീച്ചർ എപ്പോഴും അവളെ പ്രോത്സാഹിപ്പിച്ചു. അങ്ങനെയാണ് അവർ കണ്ണൂരിലെത്തിയത്. മത്സരം നടക്കുന്ന ഹാളിനുപുറത്ത് ടീച്ചർ അക്ഷമയോടെ കാത്തുനിന്നു.

ദാ... ഭുവന വരുന്നു. "എന്താ ഭുവനേ നന്നായി വരച്ചില്ലേ?" ഹാളിൽ നിന്നും പുറത്തിറങ്ങിയ ഭുവന പക്ഷേ, കരയുകയായിരുന്നു.

"എന്തു പറ്റി, എന്തിനാ കരേന്നേ?"

ഉള്ളിൽ നിറഞ്ഞുപൊങ്ങുന്ന ദുഃഖത്തോടെ അവൾ പറഞ്ഞു: "ഒന്നും നന്നായില്ല ടീച്ചർ... എനിക്കു വരയ്ക്കാൻ നല്ലൊരു വിഷയം കൂടി കിട്ടിയില്ല.

ആകാംക്ഷയോടെ ടീച്ചർ ചോദിച്ചു: "എന്താണ് നീ വരച്ചത്?"

അതു കേട്ടപ്പോൾ ഭുവനയ്ക്ക് കരച്ചിൽ വന്നു. "സാരല്ല്യ കുട്ടി അറ്യേണ പോലെ ചെയ്തില്ലേ. അതുമതി. കണ്ണു തുടയ്ക്കൂ.

മത്സരത്തിലെ മോശമായ പ്രകടനം മാത്രമല്ല മറ്റെന്തെല്ലാമോ അവളെ അലട്ടുന്നുണ്ടെന്ന് ടീച്ചർക്ക് തോന്നി. മത്സരഹാളിൽ നിന്നും മറ്റു കുട്ടികൾ പുറത്തേക്കു വന്നുകൊണ്ടിരുന്നു.

...............

ഇതിന്റെ പാഠഭാഗവും കഥാപ്രസംഗവും കുട്ടികൾ ക്ലാസിൽ വിശകലനം ചെയ്യട്ടെ. ഇതിനായി കഥാഭാഗവും കഥാപ്രസംഗത്തിൽ ഉപയോഗിച്ചിരിക്കുന്ന ഗാനങ്ങളും അവർ ചർച്ചചെയ്യണം.

കുട്ടികളുടെ അഭിപ്രായങ്ങൾ ക്ലാസിൽ ക്രോഡീകരിക്കണം.

- കഥാപ്രസംഗം തയാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കുട്ടികളിലെത്തണം.
  - സംഭാഷണത്തിലെ നാടകീയത
  - കഥയുടെ ഒഴുക്ക്
  - വരികളിലെ ആകർഷണീയത
- ചർച്ചയുടെ അടിസ്ഥാനത്തിൽ കത്തിയും മുരളിയും എന്ന കവിതയെ ആസ്പദമാക്കി. ഗ്രൂപ്പിൽ കഥാപ്രസംഗം തയാറാക്കാൻ ആവശ്യപ്പെടുന്നു.
- ബാലസഭയിൽ അവതരിപ്പിക്കട്ടെ.
- കഥാപ്രസംഗത്തിന്റെ പ്രകടനം, രചന ഇവ വിലയിരുത്തണം. (എല്ലാ കുട്ടികളെയും കഥാപ്രസംഗരചനയ്ക്ക് നിർബന്ധിക്കേണ്ടതില്ല).

## പ്രയോഗഭംഗി കണ്ടെത്താം

ഉള്ളിൽ തീക്കനലോ? ഇത്തരത്തിലുള്ള പ്രയോഗങ്ങളുടെ വ്യംഗ്യാർഥഭംഗിയിലേക്ക് കുട്ടികളെ നയിക്കണം. പ്രയോഗങ്ങൾ കുട്ടികൾ തന്നെ കണ്ടെത്താൻ ശ്രമിക്കട്ടെ. അധ്യാപികയ്ക്ക് കൂടുതൽ ഉദാഹരണങ്ങൾ കൂട്ടിച്ചേർക്കാം.

- മഴു തിന്ന മാമരക്കൊമ്പ്
- പുള്ളിക്കുപ്പായമിട്ട ആകാശം
-

പ്രയോഗങ്ങളുടെ വ്യംഗ്യഭംഗി കുട്ടികൾക്ക് ബോധ്യപ്പെടും. ചർച്ച പുരോഗമിക്കണം.

അതിനുശേഷം താഴെ ക്കൊടുത്ത വരികൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കണം.

ഉദാ : ആനകേറാമലയിൽ ആളുകേറാമലയിൽ
ആയിരം കാന്താരി പൂത്തിറങ്ങുന്നതും
മാനത്തു മാൻ ചാടി കളിക്കുന്നതും
കണ്ടുകണ്ടിന്നു ഞാൻ പാടാം

*കടമ്മനിട്ട*

ഈ വരികളിലെ പ്രയോഗഭംഗി കണ്ടെത്താൻ നിർദ്ദേശിക്കണം.

കുട്ടികൾ ആസ്വാദനക്കുറിപ്പ് തയാറാക്കട്ടെ.

## താരതമ്യക്കുറിപ്പ് തയാറാക്കാം

കവിതയിലെ ഡോക്ടറുടെ വ്യക്തിത്വസവിശേഷതകൾ ചർച്ചചെയ്യുക.

- രോഗിയോടുള്ള അനുകമ്പ
- സ്നേഹത്തോടെയുള്ള പെരുമാറ്റം
- സഹൃദയത്വം
- സേവനസന്നദ്ധത
- സംഗീതത്തോടുമുള്ള ആഭിമുഖ്യം

തുടർന്ന്,

അവർക്ക് പരിചയമുള്ള ഡോക്ടറുടെ പ്രത്യേകതകൾ ലിസ്റ്റ്ചെയ്യാൻ ആവശ്യപ്പെടാം.

രണ്ട് ഡോക്ടർമാരുടെയും സ്വഭാവസവിശേഷതകൾ താരതമ്യംചെയ്ത് കുറിപ്പ് തയാറാക്കാൻ നിർദ്ദേശിക്കുകയും ആവാം.

കുറിപ്പ് സൂചകങ്ങൾ വച്ച് വിലയിരുത്താം.

**ആസ്വാദനക്കുറിപ്പ് തയാറാക്കാം**

കത്തിയും മുരളിയും എന്ന കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പ് തയാറാക്കണം. (പേജ് 54 - 55 ലെ വിശദീകരണം ശ്രദ്ധിക്കുക).

**വേറിട്ട ഒരു ചികിത്സാനുഭവം വായിക്കാം**

# സാന്ത്വനസ്പർശം

ഒട്ടേറെ ചികിത്സാനുഭവങ്ങളുള്ള ഡോ.വി.പി.ഗംഗാധരന്റെ 'ജീവിതമെന്ന മഹാത്ഭുതം' എന്ന പുസ്തകത്തിലെ അനുഭവക്കുറിപ്പാണ് 'ഒരു സാന്ത്വനസ്പർശം'. കാൻസർ ബാധിച്ച കുട്ടികളുടെ വാർഡ്, കുട്ടികളോടുള്ള സ്നേഹവാത്സല്യങ്ങൾ, രോഗികൾക്കിടയിൽ സാന്ത്വനസ്പർശമായി എത്തുന്ന ഐഡ എന്ന നഴ്സ്, ചികിത്സാനുഭവങ്ങൾ എന്നിവ വികാരതീവ്രതയോടെ ഈ പാഠഭാഗത്ത് അവതരിപ്പിക്കുന്നു.

**ഇനി പാഠഭാഗത്തേക്ക്**

അധ്യാപിക ഭാവതീവ്രതയോടെ പാഠഭാഗം വായിച്ചവതരിപ്പിക്കുന്നു.

തുടർന്ന് ഡോക്ടറുടെ കൈപ്പുണ്യം എന്ന താഴെ കൊടുത്ത ഭാഗം ഫോട്ടോ കോപ്പി എടുത്ത് ഗ്രൂപ്പിൽ വിതരണംചെയ്യണം.

## ഡോക്ടറുടെ കൈപ്പുണ്യം

കൗജുമ്മ മുറ്റത്ത് നിവർത്തിയിട്ട പനമ്പിൽ നെല്ല് ചിക്കുകയായിരുന്നു. ഇത് ഉണക്കിക്കൊണ്ടുപോയി കുത്തിച്ചിട്ടുവേണം ഇന്നു കഞ്ഞിവെക്കാൻ. കഴിഞ്ഞമാസം വീരാവുണ്ണിഹാജിയുടെ വീട്ടിൽ നിന്ന് ഇരുപത്തേഴാം രാവിന് സക്കാത്ത് കൊടുത്തയച്ച നെല്ലാണ്. ഇന്നുരാവിലെ കുട്ടികൾ ഒന്നും കഴിക്കാതെയാണ് സ്കൂളിൽ പോയിട്ടുള്ളത്. കഴിഞ്ഞ മാസം ഹൈദരാലി കോയമ്പത്തൂരിൽനിന്നയച്ച മുന്നൂറ് ഉറുപ്പിക കൊണ്ടാണ് ഇത്രയും ദിവസം കഴിച്ചുകൂട്ടിയത്. പലചരക്കുപീടികയിൽ ഇപ്പോൾത്തന്നെ നൂറ്റിച്ചില്വാനം ഉറുപ്പിക കടമായിട്ടുണ്ട്.

നാലുമക്കളും താനും എങ്ങനെയാണ് ഈ പെരയ്ക്കകത്ത് കഴിഞ്ഞുകൂടുന്നതെന്ന് പടച്ചവനു മാത്രമേ അറിയൂ. ചുമയും ശ്വാസംമുട്ടലുമായി മൂപ്പര് പുറത്തൊന്നും പോകാതെ ഇരിപ്പു തുടങ്ങിയിട്ട് മാസം മൂന്നുകഴിഞ്ഞു. രണ്ടുപ്രാവശ്യം ഡോക്ടറെ പോയി കണ്ടതാണ്. മരുന്നു കഴിച്ചിട്ട് ചെറിയ ദേദമുണ്ടെന്നു മാത്രം. ശ്വാസംമുട്ടലും ചുമയും വിട്ടുപോവുന്നില്ല. പാലും മുട്ടയുമെല്ലാം കൊടുക്കണമെന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ട്. എവിടെനിന്നാണ് പാലും മുട്ടയുമൊക്കെ ഞാനുണ്ടാക്കുന്നത്? രണ്ടുപ്രാവശ്യം ഡോക്ടർ മരുന്നുകളൊക്കെ തന്നയച്ചു. മൂപ്പരുടെ കൈയിൽ എന്തോ കൊടുക്കുന്നതും കണ്ടതാണ്. എന്താന്ന് ചോദിക്കാൻ പോയില്ല. 'അതൊന്നും ഇയ്യറിയേണ്ടാന്ന്' പറയും. എന്നാലും ഇനി ഡോക്ടറെ പോയി കാണാൻ ഞാനില്ല. എല്ലാത്തിനും ഒരു അതിരില്ലേ? വെറുതെ തരുന്നൂന്ന്വെച്ച് എപ്പോഴും ഇങ്ങനെ ചെന്ന് ശല്യം ചെയ്താലോ? ഡോക്ടറുടെ മുറ്റത്താണെങ്കിൽ ഒരു നേർച്ചയ്ക്കുള്ള ആളുണ്ടാവും. എങ്കിലും ഇങ്ങനെ കിടക്കുന്നതു കാണുമ്പോൾ ചിലപ്പോൾ ഡോക്ടറെ പോയി കണ്ടാലോന്ന് തോന്നും. കെട്ടുണ്ടാക്കാനും കല്യാണപ്പണിക്കും ഒക്കെ പോയിരുന്ന ആളാണ്. പെരുമ്പിലായി ചന്തയിൽ പൊരുത്തുപറയാനും പോകും. കാളപൂട്ടുമത്സരം ഉള്ള ദിവസം തെളിക്കണ്ടത്തിന്റെ വരമ്പത്തുനിന്ന് കേറില്ല. ഇതൊക്കെ ചെയ്യുമ്പളാത്രെ ബീഡി കൂടുതൽ

വലിക്കുന്നത്. 'തലച്ചോറുകൊണ്ടുള്ള പണ്യാ കെട്ടുണ്ടാക്കലും കന്നാലിപ്പൊരുത്തും ഒക്കെ. അനക്കത് മനസ്സിലാവുല' എന്നാണ് പറയുക. അങ്ങനെ ഓരോന്നു ചിന്തിച്ച് നെല്ല് ഇട ത്തോട്ടും വലത്തോട്ടും ചിക്കുന്നതിന്നിടയിൽ പിന്നിൽനിന്ന് ആരോ വിളിച്ചുചോദിക്കുന്നു.

"കൗജുമ്മാ എന്താ നെല്ലൊക്കെ ഉണക്കുന്നുണ്ടല്ലോ. പലഹാരപ്പണിക്കുള്ള പുറപ്പാടാണോ?"

ചോദ്യം കേട്ട് അവർ തിരിഞ്ഞുനോക്കി.

പടച്ചോനേ, ആരാ ഈ വന്നടക്കണത്? ലോക്കട്ടരല്ലേ? അവർ തട്ടം വലിച്ച് തലയിലേക്കിട്ട് അകത്തേക്കോടി. സൈതാലിയെ താങ്ങിപ്പിടിച്ച് ഉമ്മറത്തേക്കു കൊണ്ടുവന്നു.

അപ്പോഴേക്കും പനയോലകൊണ്ടുള്ള തടുക്കു വലിച്ചിട്ട് ഡോക്ടർ ഉമ്മറത്ത് ഇരുന്നുകഴി ഞ്ഞിരുന്നു.

സൈതാലിയെ ഡോക്ടറുടെ മുന്നിൽ താങ്ങിയിരുത്തി കൗജുമ്മ അകത്തു കയറി വാതിൽ മറഞ്ഞുനിന്നു. ഡോക്ടർ സൈതാലിയുടെ കൈപ്പടം പിടിച്ച് നാഡിമിടിപ്പ് പരിശോധിച്ചു കൊണ്ട് ചോദിച്ചു:

"എങ്ങനെയുണ്ട് ചുമയും ശ്വാസംമുട്ടലുമൊക്കെ?"

"ലേസം കൊറവുണ്ട്."

സൈതാലി പറഞ്ഞു.

"ബീഡിവലിയോ?"

"ഇപ്പോ പണ്ടത്തെപ്പോലെയല്ല. കാലത്ത് ഒന്ന് വലിക്കും. പിന്നെ മൊന്ത്യവുമ്പോ." കൗജുമ്മ അകത്തുനിന്നുകൊണ്ട് പറഞ്ഞു.

ഡോക്ടർ സൈതാലിയുടെ കൺപോളകൾ വിടർത്തിനോക്കി.

"മരുന്നു ഞാൻ കൊടുത്തയ്ക്കാം. കുട്ടികളെ ആരെയെങ്കിലും വീട്ടിലേക്കു പറഞ്ഞയയ്ക്കൂ."

"ലോക്കട്ടർ ഈ വയിക്ക് എവിടെ വന്നതാ?"

"ഞാൻ കുട്ടൻനായരുടെ അമ്മയ്ക്ക് സുഖല്ലാന്ന് പറഞ്ഞിട്ട് നോക്കാൻ വന്നതാ. പത്തെൺപത് വയസ്സായില്ലേ. ഓർമക്കുറവുണ്ട്. ചോദിച്ചാലൊന്നും കേൾക്കുകയുമില്ല. മരുന്നുകഴിക്കാനൊക്കെ വല്യെ മടിയാ. കുട്ടന്നായരുടെ ഭാര്യ ഒരുവിധം മരുന്നൊക്കെ കൊടുക്കും. അപ്പോ ഞാൻ ഇറ ങ്ങട്ടെ" പോകാനായി എഴുന്നേറ്റ ഡോക്ടർ പോക്കറ്റിൽനിന്ന് എന്തോ എടുത്ത് സൈതാലി യുടെ കൈയിൽ വച്ചുകൊടുത്തു. അയാളത് വാങ്ങാൻ കൂട്ടാക്കിയില്ല.

"ഞാനല്ലേ തരുന്നത്. വാങ്ങിക്കോള്ളൂ. പൊറത്തൊരാളല്ലല്ലോ?"

ഡോക്ടർ പടിയിറങ്ങുന്നതും നോക്കി സൈതാലി ഇരുന്നു. നോട്ടുകൾ ചുരുട്ടിപ്പിടിച്ച കൈപ്പ ടത്തിന് മേലെ കണ്ണുനീരു വീണു.

- ഗ്രൂപ്പിൽ വായനസാമഗ്രിയും പാഠഭാഗവും തമ്മിലുള്ള പൊതുസ്വഭാവം കണ്ടെത്താൻ ആവശ്യപ്പെടാം.
- ഓരോ ഗ്രൂപ്പിലും ഒന്നോ രണ്ടോ പേർ അവതരിപ്പിക്കട്ടെ.
- അധ്യാപിക ചാർട്ടിൽ രേഖപ്പെടുത്തണം.
- ആവശ്യമായ കൂട്ടിച്ചേർക്കലുകളുമാവാം.

### ഡോക്ടറുടെ പെരുമാറ്റം

- കുട്ടികൾ പാഠഭാഗം വായിച്ച് ഡോക്ടറുടെ സമീപനരീതിയുടെ സവിശേഷതകൾ വ്യക്തി ഗതമായി കുറിക്കട്ടെ. നേരത്തെ തയാറാക്കിയ ചാർട്ട് കൂടി പ്രയോജനപ്പെടുത്തണം.
- ഡോക്ടറുടെ പെരുമാറ്റത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്?

വ്യക്തിഗതമായി കുറിപ്പ് തയാറാക്കണം.

### പ്രസംഗം

- നിങ്ങൾ ഡോക്ടറിൽ കണ്ടെത്തിയ സവിശേഷതകൾ എന്തൊക്കെ?
- അദ്ദേഹത്തിന്റെ മഹത്തായ പ്രവർത്തനങ്ങളെ അനുമോദിക്കേണ്ടതല്ലേ?

ആതുരസേവനം ജീവിതവ്രതമാക്കിയ ഡോക്ടറെ ആദരിക്കാൻ ഗ്രാമവാസികളൊരുക്കിയ ചടങ്ങിൽ നടത്താനുള്ള ഒരു അനുമോദനപ്രസംഗം കുട്ടികൾ തയാറാക്കട്ടെ.

അനുമോദനപ്രസംഗം തയാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടതെന്തെല്ലാം?

- സംബോധന
- വിഷയത്തിലൂന്നിനിന്നുകൊണ്ടുള്ള അവതരണം
- തന്റെ ആശയങ്ങൾക്ക് ബലം നൽകുന്ന ഉദ്ധരണികൾ, ലഘുകഥകൾ എന്നിവ രേഖപ്പെടുത്താം.
- കേൾവിക്കാരോട് സംവദിക്കുന്ന ഭാഷ
- ഉപസംഹാരം
- വായിച്ചവതരണം - മെച്ചപ്പെടുത്തൽ (സൂചകങ്ങളുടെ സഹായത്തോടെ)

### സൂചകങ്ങൾ

ആശയസമഗ്രത

അനുയോജ്യമായ ഭാഷ

ആകർഷകമായ അവതരണം

ആശയാവതരണത്തിന്റെ പൂർവാപരബന്ധം

- സ്കൂളിൽ നടക്കുന്ന ഏതെങ്കിലും അനുമോദന പരിപാടികളിൽ പ്രസംഗം തയാറാക്കി അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരമൊരുക്കണം.

### കത്ത് തയാറാക്കാം

- കുട്ടികൾ തങ്ങൾക്കുണ്ടായ ഒരാശുപത്രിയനുഭവം പറയട്ടെ.
- തന്റെ ഒരനുഭവം അധ്യാപകയും കുട്ടികളുമായി പങ്കുവയ്ക്കണം
- അനുഭവം കുറിപ്പായി എഴുതാൻ ആവശ്യപ്പെടാം.
- ആശുപത്രിയിൽ നിന്ന ചികിത്സിച്ച് ഭേദമായ കുട്ടിയുടെ അനുഭവം നിങ്ങൾക്കുണ്ടായ ഒരാശുപത്രിയനുഭവത്തോട് താരതമ്യം ചെയ്യുക.
- കുട്ടികൾ കണ്ടെത്തി പറയട്ടെ.
- അധ്യാപക ക്രോഡീകരിക്കണം.
- ആശുപത്രിയിലെ കുട്ടിയുടെ അനുഭവങ്ങൾ ഒരു കത്തായി എഴുതാൻ നിർദ്ദേശിക്കുക.
- കത്തിന്റെ ഘടന, ഉള്ളടക്കം, ഭാഷ ഇവയെക്കുറിച്ച് സൂചനകൾ നൽകുമല്ലോ.

- അവതരണം മെച്ചപ്പെടുത്തൽ
- കത്ത് മൂല്യനിർണയത്തിന് വിധേയമാക്കണം.

### കുറിപ്പ് തയാറാക്കാം

- സിസ്റ്റർ ഐഡയുടെ പെരുമാറ്റരീതി നിങ്ങൾക്കിഷ്ടപ്പെട്ടുവോ?
- ഇത്തരം പെരുമാറ്റം നിങ്ങൾ ഇടപെടുന്നവരിൽ നിന്ന് ആഗ്രഹിക്കുന്നില്ലേ?
- ഏതെങ്കിലും ഒരു സേവനമേഖലയിൽ നിന്ന് (പോലീസ്/ അധ്യാപകൻ/ ഗതാഗതം) നിങ്ങൾ പ്രതീക്ഷിക്കുന്ന പെരുമാറ്റരീതിയെക്കുറിച്ച് കുറിപ്പു തയാറാക്കുക.
    - അവതരണം
    - മെച്ചപ്പെടുത്തൽ

### പദപ്രയോഗം കണ്ടെത്താം

- അധ്യാപിക ഏതാനും വാക്യങ്ങൾ ബോർഡിൽ എഴുതി പ്രദർശിപ്പിക്കണം.

  ഉദാ : കളി കാണുകയായിരുന്നു, കൂടെയുണ്ടായിരുന്ന ബിമലിനെ നിന്നനിൽപ്പിൽ കാണാതായി.

  അച്ഛനമ്മമാരെ വരച്ചവരയിൽ നിർത്തി കാര്യം സാധിച്ചെടുക്കുന്ന കുട്ടികളുണ്ട്.
- ബിമലിനെ പെട്ടെന്ന് കാണാതായി. അച്ഛനമ്മമാരോട് നിർബന്ധം ചെലുത്തി കാര്യം സാധിച്ചെടുക്കുക എന്നീ അർഥങ്ങളാണല്ലോ മേൽക്കാണിച്ച വാക്യങ്ങൾക്കുള്ളത്. അപ്പോൾ നിന്നനില്പിൽ, വരച്ചവരയിൽ എന്നീ പ്രയോഗവിശേഷങ്ങളുടെ പ്രസക്തി എന്താണ്?

കുട്ടികൾ അഭിപ്രായം പറയട്ടെ. ഇത്തരം മറ്റു പ്രയോഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കാൻ കുട്ടികളോട് നിർദ്ദേശിക്കാം.

സേവനസന്നദ്ധതയിലൂടെ ഒരു പ്രദേശത്തെ ജനങ്ങളുടെ മാറാവ്യാധിക്കെതിരെ പ്രവർത്തിച്ച ഒരു യുവഡോക്ടറുടെ ജീവിതകഥ വായിക്കാം.

പി.എസ്. വാരിയരുടെ ആതുരസേവന പ്രവർത്തനങ്ങളുടെ പ്രാധാന്യം കുട്ടികൾ മനസ്സിലാക്കട്ടെ. മനസ്സിലാക്കിയ കാര്യങ്ങൾ ക്ലാസിൽ പൊതുവായി പങ്കുവയ്ക്കാം.

മറ്റൊരു വ്യക്തിയെ പരിചയപ്പെടാം

## ഫാദർ ഡാമിയൻ

രോഗികളെ പരിചരിക്കാനും അവർക്കായി പ്രവർത്തിക്കാനും ഫാദർ ഡാമിയൻ തയാറായി. രോഗികളെ അദ്ദേഹം കഴുകി വൃത്തിയാക്കി. അവരുടെ മുറിവുകൾ വച്ചുകെട്ടി. മുറികൾ വൃത്തിയാക്കി. അവർക്ക് സുരക്ഷിതത്വം ഉറപ്പുവരുത്താൻ ആവുന്നതൊക്കെ ഡാമിയൻ ചെയ്തു. ജോലികളിൽ തന്നെ സഹായിക്കാൻ രോഗികളെ അദ്ദേഹം പ്രാപ്തരാക്കി.

കൃഷിചെയ്യാനും കന്നുകാലികളെ വളർത്താനും അവരെ അദ്ദേഹം പഠിപ്പിച്ചു. സംഗീതോപകരണങ്ങൾ ഉപയോഗിക്കാനും പാടാനും രോഗികൾ പ്രാപ്തരായി. നിയമരാഹിത്യവും അരാജകത്വവും നടമായിരുന്ന മൊളോക്കായ്‌യിൽ വൃത്തിയുള്ള ചായംപൂശിയ വീടുകൾ വന്നു. അലസന്മാരും ജീവിതത്തിൽ നിന്ന് തഴയപ്പെട്ടിരുന്നവരുമായിരുന്ന മൊളോക്കായിലെ അന്തേവാസികളുടെ ജീവിതത്തിൽ ഡാമിയൻ വരുത്തിയ മാറ്റം ചെറുതല്ല.

‘ജീവിക്കുന്ന ശവപ്പറമ്പ്’ എന്ന വിശേഷണത്തിൽ നിന്ന് ‘ജീവൻ തുടിക്കുന്ന ലോക’മായി മാറിയതിനോടൊപ്പം അതിന് വഴികാട്ടിയായി നിന്ന ഫാദർ ഡാമിയന്റെ പ്രശസ്തി യൂറോപ്പിലേക്കും അമേരിക്കയിലേക്കും വ്യാപിച്ചു.

- രോഗികളോട് സ്നേഹവും കാരുണ്യവും കാണിച്ച ഫാദർ ഡാമിയന്റെ അനുഭവം അധ്യാപിക ക്ലാസിൽ വായിച്ച് അവതരിപ്പിക്കട്ടെ.

കുട്ടികളെ ഗ്രൂപ്പായി തിരിക്കണം. ഫാദർ ഡാമിയന്റെ ജീവചരിത്രഭാഗം ഫോട്ടോകോപ്പി എടുത്ത് ഗ്രൂപ്പുകൾക്ക് വിതരണംചെയ്യണം. പാഠഭാഗത്തിലെയും ജീവചരിത്രത്തിലെയും സമാന സാഹചര്യങ്ങൾ കണ്ടെത്തി അവതരിപ്പിക്കാൻ ഗ്രൂപ്പുകളോട് ആവശ്യപ്പെടുന്നു. ഗ്രൂപ്പുകളുടെ അവതരണങ്ങൾ ചർച്ചചെയ്യണം. ടീച്ചർ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി ക്രോഡീകരിക്കട്ടെ.

### ക്രോഡീകരണത്തിൽ വരേണ്ടവ

- രണ്ടിലും മാരകമായ പകർച്ചവ്യാധി.
- ദുരിതപൂർണമായ ജീവിതാവസ്ഥ
- ശുശ്രൂഷയ്ക്കായോ ചികിത്സയ്ക്കായോ ആരും കടന്നുചെല്ലാൻ മടിക്കുന്ന സാഹചര്യം.
- അറിവുപകർന്നുകൊണ്ട് രോഗചികിത്സയും ശുശ്രൂഷയും
- രണ്ട് മഹദ്വ്യക്തികളുടെ സേവനസന്നദ്ധത.

തുടർന്ന് ആതുരസേവനത്തിന്റെ സന്നദ്ധഭടൻ എന്ന് പി.എസ്.വാര്യരെ വിശേഷിപ്പിച്ചതിന്റെ ഔചിത്യം കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടാം. മുമ്പ് നടന്ന പ്രവർത്തനത്തിന്റെ തുടർച്ചയായി ഈ പ്രവർത്തനം മാറണം. ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന പി.എസ്.വാര്യരുടെ സവിശേഷതകൾ കുട്ടികൾ കുറിപ്പാക്കി എഴുതണം. ഇങ്ങനെ സേവനസന്നദ്ധരായ ഡോക്ടർമാരെ ഇന്ന് സമൂഹത്തിൽ കണ്ടെത്താൻ സാധിക്കുമോ?

- കുട്ടികൾ അവരുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കട്ടെ.
- നേരത്തെ തയാറാക്കിയ കുറിപ്പിന്റെ സഹായത്തോടെ കുട്ടികളുടെ കാഴ്ചപ്പാടുകൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ആതുരസേവനത്തിന്റെ സന്നദ്ധഭടൻ എന്ന വിശേഷണത്തിന്റെ ഔചിത്യം ക്ലാസിൽ പങ്കുവയ്ക്കട്ടെ.

ആതുരസേവനത്തിന്റെ സന്നദ്ധഭടൻ എന്ന് പി.എസ്.വാര്യരെ വിശേഷിപ്പിച്ചതിന്റെ ഔചിത്യം കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടാം. മുമ്പ് നടന്ന പ്രവർത്തനത്തിന്റെ തുടർച്ചയായി ഈ പ്രവർത്തനം മാറണം. ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന പി.എസ്.വാര്യരുടെ സവിശേഷതകൾ കുട്ടികൾ കുറിപ്പാക്കി എഴുതട്ടെ. ഇങ്ങനെ സേവനസന്നദ്ധരായ ഡോക്ടർമാരെ ഇന്ന് സമൂഹത്തിൽ കണ്ടെത്താൻ സാധിക്കുമോ?

- കുട്ടികൾ അവരുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കട്ടെ.
- നേരത്തെ തയാറാക്കിയ കുറിപ്പിന്റെ സഹായത്തോടെ കുട്ടികളുടെ കാഴ്ചപ്പാടുകൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ആതുരസേവനത്തിന്റെ സന്നദ്ധഭടൻ എന്ന വിശേഷണത്തിന്റെ ഔചിത്യം ക്ലാസിൽ പങ്കുവയ്ക്കട്ടെ.

### നോട്ടീസ് തയാറാക്കാം

പി.എസ്.വാര്യരെപ്പോലെ സേവനസന്നദ്ധനായ ഏതെങ്കിലും ഡോക്ടറോ നാട്ടുവൈദ്യനോ ആരോഗ്യപ്രവർത്തകനോ നിങ്ങളുടെ പ്രദേശത്തുണ്ടെന്ന് കരുതുക. അദ്ദേഹം സ്കൂളിലെ ആരോഗ്യക്ലബ്ബ് ഉദ്ഘാടനത്തിനെത്തുകയാണ്. പരിപാടിയുടെ നോട്ടീസ് തയാറാക്കാൻ കുട്ടികളോട് ആവശ്യപ്പെടാം.

- നോട്ടീസ് തയാറാക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം?
- ഉള്ളടക്കം - സ്ഥലം, തിയതി, സമയം
- ക്ഷണിക്കേണ്ടവർ ആരൊക്കെ
- ഭാഷ
- ആകർഷകത്വം, ലേഔട്ട്
- 

നോട്ടീസ് വിലയിരുത്തലിന് വിധേയമാക്കണം.

## വിലയിരുത്തൽസൂചകങ്ങൾ

- ഘടന
- ഉള്ളടക്കത്തിന്റെ പൂർണത
- ആകർഷകമായ വിന്യാസം

## കഥ രചിക്കാം

ഉണങ്ങാനൊരുങ്ങിയപൊന്നശോകചില്ലു
കിളിവന്നിരുന്നപ്പോൾ തളിർത്തു!

എന്ന വരികളിലെ ആശയം പാഠഭാഗവുമായി എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു? എന്ന കാര്യം കുട്ടികൾ ഗ്രൂപ്പിൽ ചർച്ചചെയ്ത് കുറിക്കട്ടെ.

- പരസഹായത്താൽ ജീവിതം തിരിച്ചുകിട്ടിയ ഒരാളുടെ ചിന്തകൾ എന്തായിരിക്കും?
- തനിക്ക് ജീവിതം തിരിച്ചുനൽകിയ ആളോടുള്ള സ്നേഹവും കടപ്പാടും
- രോഗാവസ്ഥയിൽ തന്നെ ശുശ്രൂഷിച്ചവരെപ്പറ്റിയുള്ള ചിന്തകൾ
- ജീവിതത്തിൽ താൻ ചെയ്തുതീർക്കേണ്ട ഒരുപാട് കാര്യങ്ങൾ
- ഇത്തരം സൂചനകളിൽ നിന്ന് കഥയെഴുതാൻ കുട്ടികളോട് ആവശ്യപ്പെടാവുന്നതാണ്.

കഥയെഴുതുമ്പോൾ ശ്രദ്ധിക്കേണ്ടത്

- തുടക്കം
- വളർച്ച
- ഭാഷ
- ഭാവനാംശം
- ഒടുക്കം

## കഥാവതരണം

കഥ - വിലയിരുത്തൽ സൂചകങ്ങൾ

- ആശയങ്ങൾ ഉൾക്കൊണ്ട് ഭാവനാപൂർണമായ രചന
- ആകർഷകമായ തുടക്കം
- സ്വാഭാവികമായ വളർച്ച - ഒടുക്കം
- ജിജ്ഞാസ ജനിപ്പിക്കാൻ കഴിയുന്ന ആഖ്യാനശൈലി
- ഉചിതമായ ശീർഷകം

## ചൊല്ലുകൾ ശേഖരിക്കാം

രോഗി ഇച്ഛിച്ചതും പാല്
വൈദ്യൻ കൽപ്പിച്ചതും പാല്

എന്ന പഴഞ്ചൊല്ല് ടീച്ചർ ക്ലാസിൽ അവതരിപ്പിക്കുന്നു.

- കേൾക്കുമ്പോൾ തോന്നുന്ന അർഥമാണോ ഈ ചൊല്ലിനുള്ളത്?
- കുട്ടികൾ അവരുടെ അഭിപ്രായം പറയട്ടെ.

വ്യത്യസ്തരായ രണ്ടുപേരും ആഗ്രഹിച്ചുതന്നെ യാദൃശ്ചികമായി സംഭവിച്ചു എന്ന അർഥസൂചനയിലേക്ക് കുട്ടികളുടെ അഭിപ്രായങ്ങളെ നയിക്കണം.

- ആരോഗ്യരംഗവുമായുള്ള കൂടുതൽ പഴഞ്ചൊല്ലുകൾ കണ്ടെത്താനും വ്യാഖ്യാനിക്കാനും ആവശ്യപ്പെടാം.

## ചില ചൊല്ലുകൾ

1. എളിയവന്റെ ദീനത്തിൽ അവൻ തന്നെ വൈദ്യൻ
2. മുറിവൈദ്യൻ ആളെക്കൊല്ലും.

## നാടകം/സ്ക്രിപ്റ്റ് തയാറാക്കാം

- കുട്ടികളെ നാല് ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും ശുശ്രൂഷ, മരുന്ന്, ആശുപത്രി, ഡോക്ടർ എന്നീ വിഷയങ്ങൾ നൽകണം.
- ഓരോ ഗ്രൂപ്പിനോടും കിട്ടിയ വിഷയവുമായി ബന്ധപ്പെട്ടു എന്തെങ്കിലും ഒരനുഭവം കണ്ടെത്താനാവശ്യപ്പെടാം. ഈയനുഭവത്തെ നാടകമോ, സ്ക്രിപ്റ്റോ ആയി വിപുലപ്പെടുത്താൻ കുട്ടികളെ സഹായിക്കണം.

## ഒരു നാടകത്തിലെന്തെല്ലാം

1. വൈവിധ്യമുള്ള കഥാപാത്രങ്ങൾ
2. നാടകീയമായസംഭാഷണം
3. ജിജ്ഞാസയുണർത്തുന്ന രീതിയിലുള്ള അവതരണം
4. സ്വന്തം നിരീക്ഷണം/ കാഴ്ചപ്പാട്
5. ആശയങ്ങളുടെ പൂർവാപര ബന്ധം

ഈ സൂചകങ്ങളുടെ ചർച്ചയ്ക്കു ശേഷം സ്ക്രിപ്റ്റ് രചനയിലേക്കു കടക്കാം.

സ്ക്രിപ്റ്റ് അവതരണവും വിലയിരുത്തലും

സാധ്യമായ രീതിയിലുള്ള രംഗാവതരണം

## അധിക വായനയ്ക്ക്

1. സിസ്റ്റർ - കവിത - കടത്തനാട്ട് മാധവിയമ്മ
2. ഇതരവാഴ്വുകൾ (ലേഖന സമാഹാരം) - വി.കെ.ശ്രീരാമൻ
3. ജീവിതമെന്ന മഹാത്ഭുതം
   (ഡോ.വി.പി.ഗംഗാധരന്റെ അനുഭവക്കുറിപ്പുകൾ)
   (തയാറാക്കിയത്) - കെ.എസ്.അനിയൻ

## എഴുത്തുകാരെ പരിചയപ്പെടാം

**വൈലോപ്പിള്ളി ശ്രീധരമേനോൻ**

1911-ൽ എറണാകുളം ജില്ലയിലെ കലൂരിൽ ജനനം. മുഖ്യതൊഴിൽ അധ്യാപനമായിരുന്നെങ്കിലും മലയാളകവിതാരംഗത്ത് സജീവസാന്നിധ്യമായി.

കുടിയൊഴിക്കൽ, കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത്, ശ്രീരേഖ, കയ്പവല്ലരി, വിത്തും കൈക്കോട്ടും, കടൽക്കാക്കകൾ, ഓണപ്പാട്ടുകൾ തുടങ്ങിയ കവിതാഗ്രന്ഥങ്ങളും കാവ്യലോകസ്മരണകൾ (ആത്മകഥ), ഋശ്യശൃംഗനും അലക്സാണ്ടറും (നാടകം) എന്നീ കൃതികളും വൈലോപ്പിള്ളിയുടെ സർഗസൃഷ്ടികളാണ്.

കേരള സാഹിത്യ അക്കാദമി അവാർഡ് (1964), സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ് (1969), കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് (1971), വയലാർ അവാർഡ് (1981), സാഹിത്യ നിപുണൻ ബഹുമതി തുടങ്ങിയവ ലഭിച്ചിട്ടുണ്ട്. 1985-ൽ അന്തരിച്ചു.

# 5 ചിറകുള്ള കല്പനകൾ

## *സിലബസ് ഗ്രിഡ്*

**പ്രശ്നമേഖല** : **സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രവികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ.**

**ഉപപ്രശ്നം** :
- സാസ്കാരികമായ ഏകത്വത്തിനിടയിലും സാസ്കാരിക വൈവിധ്യമുണ്ട്.

**പഠനലക്ഷ്യങ്ങൾ** :
- ഒരേ പ്രദേശത്ത് തന്നെ ജീവിക്കുന്നവർക്കിടയിലും സാംസ്കാരിക വൈവിധ്യം ഉണ്ടെന്ന് തിരിച്ചറിയുക.
- ഓരോ സംസ്കാരികാവസ്ഥയും അവയുടെ തനിമ നിലനിർത്തുമ്പോൾ തന്നെ പൊതുസംസ്കാരത്തിന്റെ ഭാഗവുമാണെന്ന തിരിച്ചറിവ് നേടുക.
- സ്ഥലനാമകഥകൾ, ഐതിഹ്യങ്ങൾ, പുരാവൃത്തങ്ങൾ തുടങ്ങിയ വാമൊഴിസാഹിത്യം പരിചയപ്പെടുക.
- സ്വന്തം പ്രദേശത്തുള്ള ഇത്തരം പുരാവൃത്തങ്ങളെക്കുറിച്ചുള്ള ധാരണ നേടുക.
- മിത്തുകളുടെയും പുരാവൃത്തങ്ങളുടെയും പ്രചോദനത്താൽ രചിക്കപ്പെട്ട സാഹിത്യകൃതികൾ വായിച്ചാസ്വാദിക്കുക.

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| സംസ്കാരത്തിന്റെ ഇടുവെയ്പുകൾ (പുരാവൃത്തങ്ങളും മിത്തുകളും ഭാഷയിൽ ചെലുത്തുന്ന സ്വാധീനം) | • ഒരേ പ്രദേശത്തുതന്നെ താമസിക്കുന്ന വർക്കിടയിൽ സാംസ്കാരികമായ ഏകതക്കൊപ്പംസാസ്കാരിക വൈവിധ്യവും നിലനിൽക്കുന്നുണ്ട്.<br>• വിവിധ പ്രാദേശികസംസ്കാരങ്ങൾ ചേർന്നതാണ് പൊതുസംസ്കാരം.<br>• ഓരോ പ്രദേശത്തിനും അതിന്റേതായ ഐതിഹ്യകഥകളും മിത്തുകളുമുണ്ട്.<br>• നമ്മുടെ മിത്തുകളും പുരാവൃത്തങ്ങളും പോലെ ലോകത്തെല്ലായിടത്തും സങ്കൽപ്പകഥകളുണ്ട്.<br>• ഇത്തരം സാസ്കാരിക വൈവിധ്യങ്ങളുടെ സമാഹാരമാണ് മാനവ സംസ്കാരം.<br>• മിത്തുകളാലും പുരാവൃത്തങ്ങളാലും പ്രചോദിതമായ സാഹിത്യകൃതികൾ ഉണ്ടാകുന്നുണ്ട്. | **ആർജ്ജിതാനുഭവങ്ങൾ**<br>• സ്വന്തം പ്രദേശത്തെ പുരാവൃത്തങ്ങളും മുത്തശ്ശിക്കഥകളും.<br>• സംസാര ഭാഷയിൽ നിലനിൽക്കുന്ന പ്രാദേശിക ഭേദം.<br>**രചനകൾ**<br>• സ്ഥലനാമകഥകൾ, പുരാവൃത്തങ്ങൾ, ഐതിഹ്യകഥകൾ, തുടങ്ങിയ മിത്തുകൾ വരുന്ന കഥകൾ, നോവൽഭാഗങ്ങൾ, കവിതകൾ, ഗ്രീക്കുകഥകൾ. | • മിത്തുകൾ വരുന്ന സാഹിത്യകൃതികൾ വായിച്ച് ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നു.<br>• മിത്തുകളാവിഷ്ക്കരിച്ച കവിതകൾ വിശകലനം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കുന്നു.<br>• മിത്തുകൾ ശേഖരിച്ച് പതിപ്പുകൾ നിർമ്മിക്കുന്നു.<br>• രചനകളിലെ കഥാപാത്രങ്ങളെ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയ്യാറാക്കുന്നു.<br>• കഥകൾ, കവിതകൾ, വായിച്ചാസ്വാദിക്കുകയും നാടകം, വിവരണം, അനുഭവക്കുറിപ്പ് എന്നീ രൂപങ്ങളിൽ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. | • സാസ്കാരിക വൈവിധ്യങ്ങൾ അംഗീകരിക്കുവാനുള്ള മനോഭാവം.<br>• ചെറുതും വലുതുമായ സംസ്കാരങ്ങൾ പൊതുസംസ്കാരത്തിന്റെ ഭാഗമാണെന്നുള്ള മനോഭാവം<br>• പുരാവൃത്ത ങ്ങളും മിത്തുകളും പ്രമേയമായ സാഹിത്യകൃതികൾ വായിക്കാനുള്ള മനോഭാവം.<br>• മറ്റു പ്രദേശങ്ങളിലുള്ള ഇത്തരം പുരാവൃത്തങ്ങൾ കണ്ടെത്തി വായിക്കാനുള്ള മനോഭാവം. | മിത്തുകൾ ഐതിഹ്യങ്ങൾ മുതലായവ അടങ്ങിയ സാഹിത്യകൃതികൾ വിശകലനം ചെയ്ത് ഇവയ്ക്ക് ഭാഷയിലുള്ള സ്വാധീനം, ഇവയിൽ ആവിഷ്കൃതമായ സംസ്കാരത്തിന്റെ സവിശേഷതകൾ, സംസ്കാരത്തിന്റെ സവിശേഷതകൾ എന്നിവ തിരിച്ചറിയുകയും വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്ക്കരിക്കുകയും ചെയ്യാനുള്ള കഴിവ്. |

# 5 ചിറകുള്ള കല്പനകൾ

പുരാതന മനുഷ്യനെ അത്ഭുതപരതന്ത്രനാക്കിയ പ്രകൃതിപ്രതിഭാസങ്ങൾക്കും നിരവധി അനുഭവങ്ങൾക്കും അവൻ നൽകിയ കാല്പനിക വിശദീകരണങ്ങളാണ് പുരാവൃത്തങ്ങൾ. ശാസ്ത്രം പലതിനും യുക്തിസഹമായ മറുപടി നൽകിയെങ്കിലും ആധുനിക മനുഷ്യന്റെ ഭാവനയിലും വിശ്വാസങ്ങളിലും പുരാവൃത്തങ്ങൾ ഇന്നും നിലനിൽക്കുന്നു. നമ്മുടെ ഭാഷയെയും സാഹിത്യത്തെയും അവ സമ്പന്നമാക്കുന്നു.

ഒരു പുരാവൃത്തം പരിചയപ്പെടാം.

## വെള്ളിയാംകുന്ന്

അല്പനേരം ചൂടും ചൂരുമുള്ള കുറുമ്പിയമ്മയുടെ മാറിൽ തല തായ്ച്ച് ദാസൻ വെറുതെ ഇരുന്നു. അമ്മ അവനെ പ്രസവിക്കുന്നതിനു മുമ്പ് അവൻ എവിടെയായിരുന്നു? ദാസൻ ആലോചിച്ചു നോക്കി. അവനു പിടികിട്ടിയില്ല.

'അച്ഛമ്മേ, ഞാനെവിടെയായിരുന്നു – അമ്മ എന്നെ പെറുന്നതിനുമുമ്പ്?'

മയ്യഴിയിലെ എല്ലാ മുത്തശ്ശിമാർക്കും ആ ചോദ്യത്തിന് ഒരുത്തരമുണ്ട്:

"വെള്ളിയാങ്കല്ലിന്മേൽ."

അകലെ സമുദ്രത്തിൽ ഒരു വലിയ കണ്ണുനീർതുള്ളിപോലെ കാണാവുന്ന വെള്ളിയാങ്കല്ല്. അവിടെ നിന്നാണ് എല്ലാ മയ്യഴിയുടെ മക്കളും വരുന്നത്. സൂര്യനെപ്പോലെ പ്രകാശിക്കുന്ന വെള്ളിയാങ്കല്ല്. ജന്മം കാത്തിരിക്കുന്ന ആത്മാവുകൾ തുമ്പികളെപ്പോലെ പറന്നുകളിക്കുന്നു.

"അച്ഛമ്മേ എവിട്യ വെള്ളിയാങ്കല്ല്?"

സൃഷ്ടിയുടെ അണിയറയായ വെള്ളിയാങ്കല്ലിനെക്കുറിച്ച് ദാസൻ ആദ്യമായി കേൾക്കുകയായിരുന്നു.

"അങ്ങ് പൊറങ്കടലില്."

"നോക്ക്യാല് കാണ്വോ?"

"കാറ്റും കോളും ഇല്ലെങ്കില് കാണും."

"അച്ഛമ്മ കണ്ടിട്ടുണ്ടോ?"

"ഉം."

ആനക്കൊമ്പിൽ തീർത്ത ഡപ്പിയിൽ നിന്ന് ഒരു നുള്ള് പൊടിയെടുത്ത് വലിച്ച്, ഉത്തേജിപ്പിക്കപ്പെട്ട പൂർവജന്മസ്മൃതികളിൽ നിന്നെന്നവണ്ണം അവർ തലകുലുക്കി.

പിറ്റേദിവസം സ്കൂളിലേക്കു പോകുന്ന വഴി ദാസൻ കടപ്പുറത്ത് ചെന്നു. തിരകളില്ലാത്തതും മൗനത്തിന്റെ ഗാംഭീര്യമാർന്നതുമായ സമുദ്രം. അങ്ങ് അകലെ ഒരു സ്വപ്നത്തിലെന്നപോലെ കാണാവുന്ന വെള്ളിയാങ്കല്ല്. അതിനു മുകളിൽ തുമ്പികളെപ്പോലെ പറന്നുകളിക്കുന്ന ആത്മാ

വുകൾ. ജന്മവും പുനർജന്മവും കാത്തിരിക്കുന്ന ആത്മാവുകൾ. ജന്മങ്ങൾക്കിടയിൽ അല്പ നേരം വിശ്രമം തേടിവന്ന ആത്മാവുകൾ...

ആളൊഴിഞ്ഞ് കടൽത്തീരത്ത് സമുദ്രത്തിൽ നോക്കിക്കൊണ്ട്, ദാസൻ വളരെ നേരം നിന്നു.

*മയ്യഴിപ്പുഴയുടെ തീരങ്ങളിൽ* *എം.മുകുന്ദൻ*

മലയാളസാഹിത്യത്തിൽ പുരാവൃത്തങ്ങൾ പ്രമേയമായി സ്വീകരിച്ച രചനകൾ അനവധി ഉണ്ട്.

- പൂതപ്പാട്ട് - ഇടശ്ശേരി
- ചന്ദനക്കട്ടിൽ - ജി.ശങ്കരക്കുറുപ്പ്
- പെരുന്തച്ചൻ - ജി.ശങ്കരക്കുറുപ്പ്
- പാണ്ടൻ കുതിര (ഖസാക്കിന്റെ ഇതിഹാസം) - ഒ.വി.വിജയൻ
-

രചനകളിലെ സൂചിതകഥകൾ കണ്ടെത്തണം. പുരാവൃത്തങ്ങൾ മലയാളസാഹിത്യത്തിൽ എന്ന വിഷയത്തിൽ ഒരു ലേഖനം അധ്യാപിക തയാറാക്കണം.

പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ ഇവയ്ക്ക് ജനതയുടെ സംസ്കാരത്തിലുള്ള സ്വാധീനം തുടങ്ങിയ കാര്യങ്ങളും ലേഖനത്തിൽ ഉൾപ്പെടുത്തണം. അതിനായി താഴെക്കൊടുത്തിട്ടുള്ള ലേഖനങ്ങൾ പ്രയോജനപ്പെടുത്താം.

## എന്താണ് പുരാവൃത്തം? (മിത്ത്)

ഒരർഥത്തിൽ പുരാവൃത്തം നാടോടിക്കഥയാണ്. ഒരു വർഗത്തിന്റെയോ വിഭാഗത്തിന്റേയോ പ്രകൃതിപ്രതിഭാസങ്ങളെ വിവരിക്കുന്നതും ലൗകികഘടകങ്ങൾ അടങ്ങുന്നതുമായ പാരമ്പര്യ കഥ എന്ന് അതിനെ വിശേഷിപ്പിക്കാം. യുക്തിചിന്തയാണ് മനുഷ്യനെ മറ്റു ജീവിവർഗങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്ന ഒരു ഘടകം. പുരാതന മുഷ്യന് ഉത്തരം കിട്ടാത്ത അവരെ അത്ഭുത പരതന്ത്രരാക്കിയ നിരവധി പ്രകൃതിപ്രതിഭാസങ്ങൾ ഉണ്ടായിരുന്നു. ചുവന്നുതുടുത്ത് ഉദിക്കുകയും അതുപോലെ അസ്തമിക്കുകയും ചെയ്യുന്ന സൂര്യൻ. ഉച്ചയ്ക്ക് കത്തിജ്വലിക്കുന്നു. രാത്രിയിൽ കുളിർമയുള്ള വെളിച്ചവുമായി ചന്ദ്രൻ വരുന്നു. അമ്പിളിമാമന്റെ ആകൃതിമാറ്റങ്ങൾ, കൊടുങ്കാറ്റ്, പേമാരി, ഭൂമികുലുക്കം, ഇടിമിന്നൽ, തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങൾക്കു മുമ്പിൽ നമ്മുടെ പൂർവികൻ കൗതുകത്തോടെയും അമ്പരപ്പോടെയും നിന്നു. രോഗങ്ങളും അപകടങ്ങളും വന്നു മരിച്ചുപോകുന്ന പ്രിയപ്പെട്ടവർ. ഇത്തരം നിരവധി അനുഭവങ്ങളുടെ കാല്പനികത കലർന്ന വിശദീകരണങ്ങളാണ് പുരാവൃത്തങ്ങൾ എന്ന് നരവംശ ശാസ്ത്രജ്ഞൻമാർ വിശ്വസിക്കുന്നു.

ഓരോ ജനസമൂഹത്തിനും അവരുടേതായ പുരാവൃത്ത ശേഖരമുണ്ടാകും. പുരാവൃത്തങ്ങളില്ലാതെ സമൂഹമില്ല, സ്വപ്നങ്ങളില്ലാത്ത മനുഷ്യനില്ല എന്നതുപോലെ ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ഗോത്രവർഗക്കാരിലും അമേരിക്കൻ നഗരവാസികളിലും പുരാവൃത്തങ്ങളുണ്ട്. പരസ്പര ബന്ധങ്ങളും അന്യോന്യ പൂരകങ്ങളുമായ പുരാവൃത്തങ്ങളെ ഒന്നിച്ചു സൂചിപ്പിക്കുന്ന പദമാണ് 'മിത്തോളജി'. പുരാവൃത്തം സാർവലൗകികമാണ്.വിശകലനത്തിന്റെ വിവിധ ദേശങ്ങളിലെ പുരാവൃത്തങ്ങളെല്ലാം ആന്തരികഘടനയിൽ സാദൃശ്യപ്പെട്ടിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. "മെസോപൊട്ടോമിയൻ സിന്ധി സംസ്കാരങ്ങൾ തമ്മിൽ ആദികാലം മുതൽക്കേ അടുത്ത ബന്ധമുള്ളതായി തെളിവുകൾ ലഭിച്ചിട്ടുണ്ട്. ഒരേ സാമൂഹ്യാവസ്ഥയിലുണ്ടായിരുന്ന ജനതയായിരിക്കാം അവൻ. അർദ്ധനാരീശ്വര സങ്കൽപ്പത്തിൽ ഈ സങ്കരവൽക്കരണം ഉപയോഗിച്ചിട്ടുണ്ട്. ഇതുവഴി ഈ രണ്ടു ദേവതകൾക്കും ഒന്നിച്ചു തർപ്പണം ചെയ്യാൻ കഴിഞ്ഞിരുന്നുവെന്ന് മാത്രമല്ല അങ്ങനെ ചെയ്യേണ്ടിയുമിരുന്നു"- എന്ന് ഡി.ഡി. കൊസാംബി മിത്തും യാഥാർഥ്യവും എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നുണ്ട് (ആമുഖം)

## പുരാവൃത്തങ്ങളുടെ ധർമം എന്ത്?

സദാചാരങ്ങളുടെയും മതത്തിന്റെയും പൊതുവായ ഉറവിടങ്ങൾ പുരാവൃത്തങ്ങളിൽ കാണാമെന്ന് ചിലർ കരുതുന്നു. നാടോടിക്കഥകൾ, യക്ഷിക്കഥകൾപോലെ മനുഷ്യരെ രസിപ്പിക്കുക മാത്രമല്ല, സമൂഹത്തിനുള്ള സന്ദേശങ്ങൾ വിനിമയം ചെയ്യുന്നതിനും മിത്തുകൾക്ക് സാധിക്കുന്നു. ജീവിതത്തിലെ മാനസിക സംഘർഷങ്ങൾക്ക്, പ്രതിബന്ധങ്ങൾക്ക്, ആശാഭംഗങ്ങൾക്ക് പരിഹാരം കാണാനും പുരാവൃത്തങ്ങൾ സഹായകമാണ്. പുരാവൃത്തം ചരിത്രമല്ലെങ്കിലും ചരിത്രത്തിന്റേതായ അംശങ്ങൾ അതിൽ കാണാം. സാംസ്കാരികപൈതൃകം തലമുറകളിലൂടെ പ്രസരണം ചെയ്യുക എന്നത് മിത്തുകളുടെ ഒരു പ്രധാന ധർമമാണ്.

## എന്താണ് ഐതിഹ്യം?

ചരിത്രവും ഭാവനയും ചേർത്ത് നെയ്തെടുത്ത സന്ദേശമാണ് ഐതിഹ്യം എന്ന് പറയാം. പരമ്പരാഗതമായി ജനങ്ങൾക്ക് വാമൊഴിയിൽ കൂടി പകർന്നുകിട്ടിയ കഥകളാണ് ഐതിഹ്യങ്ങൾ. പഴഞ്ചൊല്ലുകളിലും നാടോടിപ്പാട്ടുകളിലും പഴങ്കഥകളിലും കെട്ടുകഥകളിലും കാണുന്നത് മനുഷ്യന്റെ കഥ പറയുന്നതിനുള്ള താൽപര്യമാണ്. ഇവയിൽ നൂറ്റാണ്ടുകളായി ജനങ്ങൾക്കിടയിൽ പ്രസിദ്ധിയാർജിച്ചിട്ടുള്ള കഥകൾ ഐതിഹ്യപദവിയെ അലങ്കരിക്കുന്നു. ഐതിഹ്യങ്ങൾ യഥാർഥ ചരിത്രങ്ങളല്ലെങ്കിലും സ്വല്പം ചരിത്രാംശങ്ങൾ അതിൽ ഇഴ ചേർന്നതായി കാണാം. പ്രാക്തനസമൂഹത്തിന്റെ ചില ചരിത്രവസ്തുതകൾ, സാമൂഹ്യഘടന, ആചാരം, സമുദായമര്യാദ, കുലധർമങ്ങൾ തൊട്ടുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ ഐതിഹ്യങ്ങൾ സഹായകങ്ങളാണ്.

" ഈശ്വരവിശ്വാസം, ഗുരുഭക്തി, മാതാപിതാക്കന്മാരോടുള്ള ആദരവ്, ശിശുക്കളോടുള്ള വാത്സല്യം, സഹോദരസ്നേഹം, ദീനാനുകമ്പ, ആശ്രിതവാത്സല്യം, സഹജീവിസ്നേഹം, സ്വദേശാഭിമാനം തുടങ്ങിയ ഉത്കൃഷ്ട ഗുണങ്ങൾ ജീവിതത്തെ പ്രകാശമാനമാക്കുകയും പ്രത്യുത മനസ്സിലെ നീചവികാരങ്ങൾ ജീവിതത്തെ തമോമയമാക്കുകയും ചെയ്യുമെന്നുള്ള മഹത്തായ ഉദ്ബോധനം ഐതിഹ്യമാലയിലെ കഥകളിൽ ഉടനീളം മുഴങ്ങികേൾക്കാം". എന്ന് അതിന്റെ അവതാരികയിൽ പ്രൊഫ.അമ്പലപ്പുഴ രാമവർമ നിരീക്ഷിക്കുന്നുണ്ട്.

പുരാവൃത്തങ്ങൾ വിദൂരകാലത്തിന്റെ സംഭാവനയാണെങ്കിൽ ഐതിഹ്യം ആസന്നഭൂതകാലത്തിന്റെ സംഭാവനയാണ്.അതുകൊണ്ടാണ് ഐതിഹ്യം ചരിത്രത്തോട് അടുത്തു നിൽക്കുന്നത്. കാലദേശബന്ധിതമാണ് ഐതിഹ്യം. ഒരിക്കൽ ഒരു സമൂഹത്തിൽ നടന്നു എന്ന് ജനത കരുതുന്ന കഥയാണ് ഐതിഹ്യം. പുരാവൃത്തങ്ങൾ പ്രകൃതിയുടെയും ദൈവങ്ങളുടെയും ഉദ്ഭവത്തെ വിവരിക്കുമ്പോൾ ഐതിഹ്യങ്ങൾ മനുഷ്യസൃഷ്ടികളായ ഏതെങ്കിലും വസ്തുതകളെ വിശദീകരിക്കുന്നു.

വയനാട്ട് കുലവൻ, കലിയൻ, ബൈബിളിൽ കാണുന്ന പാപോല്പത്തിയെക്കുറിച്ചുള്ള വിവരണം, ഗ്രീക്കുകാരുടെ അപ്പോളോ, രാഹു, കേതു, പുലിമറഞ്ഞ തൊണ്ടച്ചൻ എന്നിവ വിവിധ വിഭാഗങ്ങളിൽപ്പെട്ട മിത്തുകൾക്ക് ഉദാഹരിക്കാം.

ഐതിഹ്യങ്ങൾ പലതരത്തിൽ വർഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും വസ്തുവിന്റെയോ, വസ്തുതയുടേയോ (ഉത്സവം ആരാധന മുതലായവയുടെ) ഉത്ഭവത്തെക്കുറിക്കുന്ന ഉല്പത്തി ഐതിഹ്യങ്ങൾ. ഉദാ: ഓണം, കേരളോല്പത്തി.

ക്ഷേത്രങ്ങൾ, കാവുകൾ, നദികൾ, മലകൾ, പുണ്യസ്ഥലങ്ങൾ എന്നിവയുടെ മാഹാത്മ്യം വിളിച്ചറിയിക്കുന്ന ഐതിഹ്യങ്ങൾ, മൃഗങ്ങളെ സംബന്ധിച്ച ഐതിഹ്യങ്ങൾ, ഏതെങ്കിലും തരത്തിൽ ആദരണീയരോ സ്മരണീയരോ ആയ വ്യക്തികളെ ചുറ്റിപ്പറ്റിയുള്ള ഐതിഹ്യങ്ങൾ എന്നിങ്ങനെയാണവ.

വായില്ലാക്കുന്നിലപ്പൻ എന്ന കവിത കുട്ടികൾ പരിചയപ്പെട്ടതിനു ശേഷം പുരാവൃത്തങ്ങൾ പ്രമേയമാക്കിയ മറ്റു രചനകൾ വിശകലനംചെയ്യുന്ന അവസരത്തിൽ ഈ ലേഖനം ഉപയോഗപ്പെടുത്താം.

## ഗ്രീക്ക് മിത്തോളജി

യൂറോപ്പിന്റെ ജീവിതഘടനയിൽ നിർണായക സ്വാധീനം ചെലുത്തിയത് ഗ്രീക്ക് മിത്തോളജിയാണ്. ദൈവങ്ങളും മനുഷ്യരും വിചിത്രജീവികളും വിഹരിക്കുന്ന ഗ്രീക്ക് മിത്തോളജി അതിസമ്പന്നമാണ്. മനുഷ്യഭാവങ്ങളുടെ പ്രതിബിംബങ്ങളാണ് ഗ്രീക്ക് പുരാവൃത്തങ്ങളിലെ അതികായന്മാർ (ഹെർക്കുലിസ്, പ്രൊമിത്യൂസ്, സിയോസ്, അപ്പോളോ, വീനസ്, അഥീനി തുടങ്ങിയ ദേവീദേവന്മാരും ഈഡിപ്പസ്സ്, ഹെലൻ തുടങ്ങിയ മനുഷ്യരും). ഓരോ കഥാപാത്രങ്ങളെയും ചുറ്റിപ്പറ്റി നിരവധി പുരാവൃത്തങ്ങളുണ്ട്. ഇവ പരസ്പരം ഇഴചേർന്ന് ഒരു മഹാപുരാവൃത്തഘടനയാണ് ഗ്രീക്ക് മിത്തോളജിയ്ക്കുള്ളത്. ഗ്രീക്ക് ഇതിഹാസങ്ങൾക്കു (ഇലിയഡ്, ഒഡീസി) മാത്രമല്ല, ആധുനിക യൂറോപ്യൻ സാഹിത്യത്തിനുപോലും അന്തർധാരയായി വർത്തിക്കുന്നത് ഗ്രീക്ക് മിത്തോളജിയാണ്.

## യൂണിറ്റിലൂടെ നേടേണ്ടത്

നമ്മുടെ സമൂഹത്തിന്റെ സംസ്കാരത്തെ ഊട്ടിയുറപ്പിക്കുന്ന നിരവധി പുരാവൃത്തങ്ങളും ഐതിഹ്യങ്ങളുമുണ്ട്. പ്രമേയത്തിലും ആവിഷ്ക്കരണത്തിലും വൈവിധ്യങ്ങൾ പുലർത്തുന്നുണ്ടെങ്കിലും ഇവയ്ക്കു ചില പൊതു സാമ്യങ്ങളും കാണാവുന്നതാണ്. ഇത്തരം കഥകളും വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളുമെല്ലാം ചേർന്നതാണ് ആ പ്രദേശത്തിന്റെ സംസ്കാരം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഓരോ പ്രദേശത്തിനും ആ പ്രദേശത്തിന്റേതായ സംസ്കാരമുണ്ടായിരിക്കുമെന്ന് നമുക്ക് കാണാം. ഇങ്ങനെ ശരിയായ രീതിയിലുള്ള തിരിച്ചറിവു കിട്ടുമ്പോൾ മാത്രമേ ഒരാൾക്ക് അയാളുടെ സാംസ്കാരിക പാരമ്പര്യത്തെ മനസ്സിലാക്കാനും അതിനെ വിമർശനപരമായി വിലയിരുത്തുവാനും സാധിക്കുകയുള്ളു. സ്വന്തം പ്രദേശത്തിന്റെ തനിമ തിരിച്ചറിയുന്നതിനും ലോകത്തിന്റെ വിവിധസംസ്കാരങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നുമുള്ള ആശയങ്ങൾ ഈ യൂണിറ്റിലൂടെ കടന്നുപോകുന്ന കുട്ടിയ്ക്ക് ലഭിക്കേണ്ടതുണ്ട്.

ഇതിനുവേണ്ടിയുള്ള ഏതാനും പഠനപ്രവർത്തനങ്ങളാണ് ഇനി സൂചിപ്പിക്കുന്നത്. മേൽ സൂചിപ്പിച്ച ആശയങ്ങൾ പൂർണമായും സ്വാംശീകരിച്ചുകൊണ്ടും നിങ്ങളുടെ ഭാവന കൂടി പ്രയോജനപ്പെടുത്തിക്കൊണ്ടും വേണം ഇതിലെ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കേണ്ടത്.

## യൂണിറ്റിനെക്കുറിച്ച്

കേരളത്തിലെ ഏറ്റവും പ്രശസ്തമായ ഐതിഹ്യങ്ങളിൽ ഒന്നാണ് പറയിപെറ്റ പന്തിരുകുലം. വരരുചി എന്ന ബ്രാഹ്മണപണ്ഡിതന് പറയിയിലുണ്ടായ പന്ത്രണ്ടു മക്കളുടെ കഥ സുപരിചിതമാണല്ലോ. ഇതിലെ കഥാപാത്രങ്ങളെക്കുറിച്ച് വ്യത്യസ്ത വീക്ഷണകോണുകളിൽ നിന്ന് നോക്കിക്കാണുന്ന നിരവധി സാഹിത്യകൃതികൾ രചിക്കപ്പെട്ടിട്ടുണ്ട്. വായില്ലാക്കുന്നിലപ്പൻ എന്ന കവിതയിലും ഇങ്ങനെയൊരു ശ്രമം നടത്തിയതായി നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടല്ലോ. സ്വന്തം ഭാഷ ഉണ്ടായിട്ടുപോലും തന്റെ അന്തർഗതങ്ങൾ പൂർണമായും പ്രകടിപ്പിക്കാനാവാതെ ഉഴലുന്ന നളിനിയെക്കുറിച്ച് കുമാരനാശാൻ പറഞ്ഞിട്ടുണ്ട് (ഇന്നു ഭാഷയിതപൂർണമിങ്ങഹോ, വന്നുപോം പിഴയുമർഥശങ്കയാൽ) ഇതിലെ വായില്ലാക്കുന്നിലപ്പൻ ചെറുനാക്കില്ലാത്തവനാണ്. ചിരിക്കാനും കരയാനും പോലുമാവാത്ത, ഒന്നിനോടും പ്രതികരിക്കാനാവാത്ത ജന്മം. ദൈന്യതമുറ്റിയ നിസ്വവർഗത്തിന്റെ പ്രതീകമാണ്. ഇതിലെ വായില്ലാക്കുന്നിലപ്പൻ എന്നു കരുതിക്കൂടേ?

ഒരു ഗ്രീക്ക് പുരാണകഥയാണ് പ്രതീക്ഷയുടെ ചിറകുകൾ. മനുഷ്യമനസ്സിലെ തിന്മയുടെയും നന്മയുടെയും അംശങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്നതാണീ കഥ.

പാഠപുസ്കത്തിലെ യൂണിറ്റ് ആമുഖമായി കൊടുത്തിരിക്കുന്ന കുറവൻ കുറത്തി മലകളെ സംബന്ധിച്ച സാങ്കൽപ്പികകഥ കുട്ടികൾ വായിക്കട്ടെ.

### സ്ഥലനാമങ്ങൾ ശേഖരിക്കാം

ഇതുപോലെ നിങ്ങളുടെ പ്രദേശത്ത് ഇത്തരത്തിലുള്ള ഏതെങ്കിലും കഥകളുണ്ടോ?

നിങ്ങൾ താമസിക്കുന്ന പറമ്പിനെക്കുറിച്ച്/വീട്ടുപേരിനെക്കുറിച്ച്/നിങ്ങളുടെ പ്രദേശത്തെക്കുറിച്ച് അന്വേഷിച്ച് വരാനാവശ്യപ്പെടുക. എല്ലാ കുട്ടികളും അവതരിപ്പിക്കട്ടെ.

അധ്യാപിക മുമ്പ് തയാറാക്കിയ കഥയും അവതരിപ്പിക്കണം. അവതരണത്തിന്റെ ശേഷം ചർച്ച.

- ഇത്തരം കഥകൾ ഉണ്ടാക്കിയത് ആരാണ്?
- കഥകൾക്കുള്ള പൊതുസ്വഭാവം എന്താണ്?
-

### ക്രോഡീകരണം

- ഇത്തരം കഥകൾ ആരും ഉണ്ടാക്കിയതല്ല
- വാമൊഴിയായി പ്രചരിച്ചതാണ്
- കുന്ന്, പുഴ, പ്രദേശത്തിന്റെ സ്വഭാവം, ആരാധനാലയങ്ങൾ വ്യക്തികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടായിരിക്കും കഥകൾ രൂപപ്പെട്ടിരിക്കുക.

  ഉദാ: ഭൂമിശാസ്ത്രപരമായ സവിശേഷതകളുമായി ബന്ധപ്പെട്ടവ-കുളങ്ങര, ചെറുകുന്ന്, പാറക്കടവ്

  വ്യക്തികൾ - കേശവദാസപുരം

  പുഴ - ആറാട്ടുപുഴ

  ആരാധനാലയം - തിരുവനന്തപുരം, തൃശിവപേരൂർ

കുട്ടികൾ ശേഖരിച്ച സ്ഥലനാമകഥകൾ അവതരിപ്പിക്കുമ്പോൾ വൈവിധ്യമാർന്നവയും അവിശ്വസനീയവുമായ പലതും ഉണ്ടായേക്കാം. ഇവയിൽ ഏതിനോടെങ്കിലും പ്രത്യേക ആഭിമുഖ്യമോ അവഗണനയോ കാണിക്കരുത്. ഇവയൊക്കെ നമ്മുടെ സംസ്കാരത്തിന്റെ വൈവിധ്യങ്ങളെയാണ് സൂചിപ്പിക്കുന്നത് എന്ന ധാരണ കുട്ടികളിലെത്തിക്കണം.

> *കേരളത്തിൽ ഓരോ തുണ്ടു ഭൂമിക്കും ഒരു പേരുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ പേരുകളിൽ വലിയൊരു പങ്കും പ്രതിഷ്ഠനേടിയിട്ടുണ്ടെന്ന് പ്രാചീന ഭൂരേഖകൾ (ഗ്രന്ഥവരികൾ) വ്യക്തമാക്കുന്നു. ഈ പേരുകൾ ഭൂപരമായ സവിശേഷാദികൾ, ജൈവാവസ്ഥകൾ, മനുഷ്യനിർമിത വസ്തുക്കൾ, വിവിധജാതി, മത തൊഴിൽ വിഭാഗ വിന്യാസങ്ങൾ എന്നിവയെല്ലാം സൂചിപ്പിക്കുന്നു. നഷ്ടപ്പെട്ട പുഴയോ, അങ്ങാടിയോ, കാവോ, ജനവിഭാഗങ്ങളുടെ താമസസ്ഥാനമോ, കൃഷിമേഖലയോ എല്ലാം- മനുഷ്യവ്യാപാരത്തിൽപ്പെട്ട എല്ലാം- സ്ഥലനാമങ്ങൾ ചൂണ്ടിക്കാണിക്കും.*
>
> *കേരളസംസ്കാരം അകവും പുറവും* — *ഡോ.എൻ.എം.നമ്പൂതിരി*

1997– 99-ൽ ഗ്രാമപ്പഞ്ചായത്തുകൾ തയാറാക്കിയ വികസനരേഖയും, കേരളത്തിലെ സ്ഥലനാമങ്ങൾ എന്ന പുസ്തകവും പ്രയോജനപ്പെടുത്താവുന്നതാണ്.

കുട്ടികൾ തയാറാക്കിയ സ്ഥലനാമ അന്വേഷണക്കുറിപ്പുകൾ പതിപ്പാക്കിമാറ്റണം. പതിപ്പുണ്ടാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

- ആകർഷകമായ പുറംചട്ട
- ആമുഖം
- അക്ഷരമാലാക്രമീകരണം
- പിൻകുറിപ്പ്
- 

സ്കൂളിൽ നടക്കുന്ന ഒരു ചടങ്ങിൽ പതിപ്പ് പ്രകാശനംചെയ്യുകയുമാകാം.

ഇനി ഒരു ഐതിഹ്യകഥ പരിചയപ്പെടുത്താം.

## പറയി പെറ്റ പന്തിരുകുലം

ഉജ്ജയിനിയിലെ വിക്രമാദിത്യ മഹാരാജാവിന്റെ സദസ്സിലുള്ള മഹാപണ്ഡിതനായിരുന്നു വരരുചി. ഒരു ദിവസം രാമായണത്തിലെ ഏറ്റവും പ്രധാനപ്പെട്ട ശ്ലോകം ഏതാണെന്ന രാജാവിന്റെ ചോദ്യത്തിന് വരരുചിയ്ക്ക് ഉത്തരം ഒന്നും പറയാൻ കഴിഞ്ഞില്ല. നാല്പത്തിയൊന്ന് ദിവസത്തിനുള്ളിൽ ഉത്തരം പറയണമെന്നായിരുന്നു രാജകല്പന. ഉത്തരം അന്വേഷിച്ച് ഒരു പാടലഞ്ഞ വരരുചി ദുഃഖിതനായി അവസാനദിവസം ഒരു മരച്ചുവട്ടിൽ ഇരിക്കുകയായിരുന്നു. മരത്തിന്റെ മുകളിൽ കഴിഞ്ഞിരുന്ന രണ്ടു ദേവതകളിൽ നിന്ന് ഇതിന്റെ ഉത്തരം അദ്ദേഹം മനസ്സിലാക്കിയെങ്കിലും ഒരു പറയിയെ കല്യാണം കഴിക്കേണ്ടിവരുമെന്ന സത്യം വേദനയോടെ അദ്ദേഹം മനസ്സിലാക്കി.

രാജസദസ്സിൽ ഉത്തരം അവതരിപ്പിച്ചുകൊണ്ട് വരരുചി എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി. അദ്ദേഹം പിന്നീട് സ്വഗൃഹത്തിലേക്ക് മടങ്ങിപ്പോവുകയും ചെയ്തു. എന്നാൽ വിധിയുടെ പ്രത്യേകതകൊണ്ട് ദേവതമാർ പറഞ്ഞതുപോലെ വരരുചിയ്ക്ക് പറയിയെ വിവാഹം കഴിക്കേണ്ടതായിവന്നു.

ആ ദമ്പതിമാർ പല ദേശങ്ങളിൽ സഞ്ചരിച്ച് കേരളത്തിലെത്തി. ഗർഭിണിയായിരുന്ന പറയി വഴിയോരത്ത് പ്രസവിച്ചു. പ്രസവം കഴിഞ്ഞപ്പോൾ "കുട്ടിയ്ക്ക് വായുണ്ടോ" എന്നു വരരുചി ചോദിച്ചു. "ഉണ്ട്". ഭാര്യ മറുപടി പറഞ്ഞു. " വാ കീറിയ ദൈവം ഇരയും കല്പിച്ചിട്ടുണ്ട്. അതിനാൽ കുട്ടിയെ എടുക്കണമെന്നില്ല" എന്നു വരരുചി പറഞ്ഞു. അവർ കുഞ്ഞിനെ ഉപേക്ഷിച്ച് യാത്രയായി.

ഇങ്ങനെ പത്തുകുട്ടികൾ കൂടി ജനിക്കുകയും അവരെയെല്ലാം ഇതേപോലെ വഴിയിൽ ഉപേക്ഷിക്കുകയും ചെയ്തു. പതിനൊന്നു കുട്ടികളെയും ബ്രാഹ്മണൻ മുതൽ പതിനൊന്ന് ജാതിക്കാർക്ക് കിട്ടുകയും അവർ അവരെ എടുത്തുകൊണ്ട് പോയി വളർത്തുകയും ചെയ്തു.

പന്ത്രണ്ടാമത്തെ ഗർഭം ഉണ്ടായപ്പോൾ ആ പാവം സ്ത്രീ വിചാരിച്ചു 'കഷ്ടം! ഞാൻ പതിനൊന്നു കുട്ടികളെ പ്രസവിച്ചിട്ടും ഒരു കുട്ടിയും എനിക്കില്ലല്ലോ. ഈ പ്രാവശ്യം പ്രസവിക്കുമ്പോൾ കുട്ടിയ്ക്ക് വായുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്ന് പറയണം. എന്നാൽ ആ കുട്ടിയെയെങ്കിലും എടുത്തുകൊള്ളുവാൻ അദ്ദേഹം അനുവദിക്കുമായിരിക്കും. പിന്നീട് പരമാർഥം പറഞ്ഞ് അദ്ദേഹത്തെ സമ്മതിപ്പിക്കുകയും ചെയ്യാം". എന്നിങ്ങനെ മനസ്സിൽ കരുതി.

അങ്ങനെ പന്ത്രണ്ടാമത്തെ കുട്ടിയെയും അവർ പ്രസവിച്ചു. പതിവുപോലെ കുട്ടിയ്ക്ക് വായുണ്ടോ എന്ന് വരരുചി ചോദിച്ചു. ഇല്ലെന്ന് അവർ ഉത്തരം പറഞ്ഞു. എന്നാൽ എടുത്തുകൊള്ളൂ എന്ന് വരരുചി നിർദ്ദേശിച്ചു. ആഹ്ലാദത്തോടെ കുഞ്ഞിനെയും എടുത്ത് ആ അമ്മ ഭർത്താവിന്റെ അരികിൽ എത്തി. ഒരു നടുക്കത്തോടെ അവർ ആ സത്യം മനസ്സിലാക്കി. യഥാർഥത്തിൽ കുട്ടിയ്ക്ക് വായില്ലായിരുന്നു. വരരുചി ആ കുട്ടിയെ ഒരു കുന്നിനു മുകളിൽ പ്രതിഷ്ഠിച്ചു. ഈ കുട്ടി പിന്നീട് വായില്ലാക്കുന്നിലപ്പൻ എന്ന പേരിൽ അറിയപ്പെട്ടു.

ഈ വായില്ലാക്കുന്നിലപ്പൻ ഉൾപ്പെടെയുള്ളവരെയാണ് "പറയിപെറ്റ പന്തിരുകുലം" എന്നു പറയുന്നത്. അഗ്നിഹോത്രി, നാറാണത്തുഭ്രാന്തൻ, അകവൂർ ചാത്തൻ, പെരുന്തച്ചൻ, പാക്കനാർ, വടുതല നായർ, കാരയ്ക്കലമ്മ, ഉപ്പ്കൂറ്റൻ, പാണനാർ, വള്ളോൻ, രജകൻ എന്നിവരാണ് പന്തിരികുലത്തിൽ പെട്ടവർ.

പതിനൊന്നുപേരുടെ സംരക്ഷണത്തിൽ പതിനൊന്നു സ്ഥലങ്ങളിൽ പതിനൊന്നു ജാതിക്കാരായാണ് മക്കൾ വളർന്നുവന്നതെങ്കിലും ബാല്യംകഴിഞ്ഞപ്പോഴേക്കും അവർ സഹോദരൻമാരാണെന്ന് തിരിച്ചറിയുകയും സ്നേഹത്തോടെ കഴിയുകയും ചെയ്തു.

വരരുചിയും ഭാര്യയും ജീവിതാവസാനം വരെ സഞ്ചരിച്ചുകൊണ്ടിരുന്നു. അവരുടെ മരണശേഷം ശ്രാദ്ധത്തിനു വായില്ലാക്കുന്നിലപ്പൻ ഒഴികെ എല്ലാവരും അഗ്നിഹോത്രിയുടെ ഇല്ലത്ത് പതിവായി ഒരുമിച്ചുകൂടുകയും ബലിയിടുകയും ചെയ്തുപോന്നു.

വളരെയധികം ദിവ്യത്വങ്ങൾ ഉള്ളവരായിരുന്നു ഇവരിൽ പലരും. ഭിക്ഷയെടുത്ത് ജീവിച്ചിരുന്ന ഒരാളായിരുന്നു നാറാണത്തുഭ്രാന്തൻ. ഇടതുകാലിൽ മന്തുണ്ടായിരുന്നു അദ്ദേഹത്തിന്. ഭിക്ഷയാചിച്ച് അന്നന്നു കിട്ടുന്ന അരി മുഴുവൻ വൈകുന്നേരമാവുമ്പോൾ എവിടെ എത്തുന്നുവോ അവിടെ വച്ച് സ്വയം ഭക്ഷണം പാകം ചെയ്തു കഴിക്കും. ഊണ് കഴിഞ്ഞാൽ അവിടെത്തന്നെ കിടക്കും. നേരം വെളുത്താൽ പതിവായുള്ള ജോലിക്കിറങ്ങും. വലിയ കല്ലുകൾ ഉരുട്ടി മലയുടെ മുകളിൽ ചെല്ലുകയും മുകളിലെത്തിയാൽ കല്ല് കൈവിടുകയും അത് സ്വയമേവ താഴോട്ട് ഉരുണ്ടുപോകുന്നതു കണ്ടു കൈകൊട്ടി ചിരിക്കുകയുമാണ് അദ്ദേഹത്തിന്റെ ജോലി. എന്തായിരിക്കും അദ്ദേഹം ഇതിലൂടെ പറയാൻ ആഗ്രഹിച്ചത്. ആലോചിച്ചുനോക്കൂ.

പാക്കനാർ ഇവരുടെ മറ്റൊരു സഹോദരനായിരുന്നു. പറയനായിരുന്നു. മുറം വിറ്റാണ് ഉപജീവനം നടത്തിയിരുന്നത്. മാതാപിതാക്കളുടെ ചാത്തമൂട്ടാനായി അഗ്നിഹോത്രിയുടെ ഭവനത്തിൽ ചെല്ലുമ്പോൾ പത്തുപേരും ഓരോ വിശിഷ്ട പദാർഥങ്ങൾ കൊണ്ടുചെല്ലുക പതിവായിരുന്നു. പാക്കനാർ പതിവായി മാംസമായിരുന്നു കൊണ്ടുപോയത്. അതു അഗ്നിഹോത്രിയുടെ അന്തർജനത്തിനും ചാത്തക്കാർക്കും വളരെ വ്യസനമായിരുന്നു. എങ്കിലും, പാക്കനാരുടെ ദിവ്യത്വം വിചാരിച്ച് ആരുമൊന്നും പറഞ്ഞില്ല. കൊണ്ടുചെല്ലുന്നതെല്ലാം അന്തർജനം പാകം ചെയ്ത് ചാത്തക്കാർ ഭക്ഷിക്കുകയാണ് പതിവ്. ഒരിയ്ക്കൽ പാക്കനാർ കൊണ്ടുചെന്നത് ഒരു പശുവിന്റെ മുലയായിരുന്നു. സാധനങ്ങൾ പാകംചെയ്യാനായി അന്തർജനം പൊതി അഴിച്ചുനോക്കി. പശുവിന്റെ മുലയാണെന്ന് അറിഞ്ഞപ്പോൾ ഇത് പാകം ചെയ്യാൻ കഴിയില്ലെന്ന് നിശ്ചയിച്ച് അതങ്ങനെതന്നെ പൊതിഞ്ഞുകെട്ടി നടുമുറ്റത്ത് കൊണ്ടുപോയി കുഴിച്ചിട്ടു. ബലിയിടൽ കഴിഞ്ഞ് ഭക്ഷണങ്ങൾ വിളമ്പാൻ തുടങ്ങി. പാക്കനാർ കൊണ്ടുവന്ന സാധനം കൊണ്ടുള്ള കറിയൊന്നും കാണാത്തതുകൊണ്ട് 'ഞാൻ കൊണ്ടുവന്നത് എവിടെ' എന്ന് ചോദിച്ചു. അന്തർജനം ഒന്നും പറയാതെനിന്നതിനാൽ സത്യം പറയാനായി അഗ്നിഹോത്രി നിർബന്ധിക്കുകയും അന്തർജനം പരമാർഥം എല്ലാം പറയുകയും ചെയ്തു. അപ്പോൾ പാക്കനാർ " എന്നാൽ അത് കിളിർത്തോ എന്ന് നോക്കൂ..." എന്ന് പറഞ്ഞു. അന്തർജനം ചെന്നു നോക്കിയപ്പോൾ അത് കിളിർത്ത് അവിടെയൊക്കെ പടർന്ന് നിറച്ച് കായുമായി കിടക്കുന്നതു കണ്ടു. ആ വിവരം പറഞ്ഞപ്പോൾ 'അതിന്റെ കായ് പറിച്ച് ഒരു ഉപ്പേരിയെങ്കിലും ഉണ്ടാക്കികൊണ്ടുവരൂ' എന്ന് പാക്കനാർ പറഞ്ഞു. ഇങ്ങനെയുണ്ടായതാണത്രേ കോവൽ. കോവൽ ഇപ്പോഴും ബലിക്ക് പ്രധാനമാണത്രേ.

ഉളിയന്നൂർ പെരുന്തച്ചനാണ് ഇവരിൽപ്പെട്ട മറ്റൊരു ദിവ്യൻ. വളരെ പ്രസിദ്ധനായ ഒരു ആശാരിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന് ഒരു മകനുണ്ടായിരുന്നു. അയാളും മിടുക്കനായിരുന്നു. ഒരിയ്ക്കൽ പെരുന്തച്ചൻ നദിയിൽ ഒരു പാലം പണിതു. പാലത്തിന്റെ ഒരറ്റത്ത് ഒരു

പാവയെ ഉണ്ടാക്കി. മറ്റെയറ്റത്ത് ആൾ കയറുമ്പോൾ പാവ കീഴ്പ്പോട്ട് താണുതുടങ്ങുന്നു. ആൾ പാലത്തിന്റെ മധ്യത്തിൽ ആകുമ്പോൾ പാവ വെള്ളത്തിൽ മുങ്ങും. അങ്ങേയറ്റത്ത് ചെല്ലുമ്പോഴേക്കും പാവ വായ് നിറച്ച് വെള്ളവും കൊണ്ട് പൂർവസ്ഥിതിയിൽ മുകളിൽ വന്നുനിൽക്കും. ആൾ അടുത്തു ചെല്ലുമ്പോൾ ചെല്ലുന്ന ആളുടെ മുഖത്ത് ഒരു തുപ്പും കൊടുക്കും. ഇങ്ങനെയാണ് അതിന്റെ സൂത്രം. ഇത് പെരുന്തച്ചന്റെ മകൻ കണ്ടു. അയാൾ വേറെയൊരു പാവയുണ്ടാക്കി പാലത്തിന്റെ ഇങ്ങേയറ്റത്തു വച്ചു. ആ പാവ ആൾ കയറുമ്പോൾ മുമ്പെ നടന്നുതുടങ്ങും. ആളുകൾ അങ്ങേയറ്റത്ത് ചെല്ലുന്നതിനു മുമ്പെ അവിടെയെത്തും. മറ്റേ പാവ തുപ്പുന്നതിനു മുമ്പെ അതിന്റെ ചെകിട്ടത്ത് ഈ പാവ ഒരടി വച്ചുകൊടുക്കും. അപ്പോൾ ആ തുപ്പുന്ന പാവയുടെ മുഖം തിരിഞ്ഞു പോകുന്നതിനാൽ ആരുടെയും മുഖത്ത് തുപ്പാനൊക്കാതെയുമാകും.

പെരുന്തച്ചൻ നിർമ്മിച്ച കുളവും ക്ഷേത്രങ്ങളും ഇന്നും കേരളത്തിലെ ചില സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നു എന്നാണ് ഐതിഹ്യം.

കഥ രസകരമായ മട്ടിൽ അധ്യാപിക പറഞ്ഞവതരിപ്പിക്കണം.

- ആരൊക്കെയാണ് ഇതിലെ കഥാപാത്രങ്ങൾ? അവർ തമ്മിലുള്ള ബന്ധം എന്താണ്?
- കോവൽ ഉണ്ടായത് എങ്ങനെയാണെന്നാണ് ഐതിഹ്യം?
- ഈ കഥ നമുക്ക് തരുന്ന പ്രധാനപ്പെട്ട സന്ദേശമെന്താണ്?

എന്നിങ്ങനെയുള്ള ആശയങ്ങൾ ഗ്രഹിക്കുന്നതിന് അനുയോജ്യമായ വിധത്തിൽ ചോദ്യങ്ങളുന്നയിച്ചുകൊണ്ടുള്ള ചർച്ച നടത്തേണ്ടതാണ്.

### ക്രോഡീകരണം

- കേരളത്തിലെ വിവിധ ജാതികളുടെ ഉൽപ്പത്തിയെപ്പറ്റി പറയുന്ന ഐതിഹ്യം.
- എല്ലാ ജനങ്ങളും ഒരമ്മ പെറ്റ മക്കളാണെന്ന സന്ദേശം.
- സാംസ്കാരികമായ വൈവിധ്യത്തിലും ഒരു ഏകത്വമുണ്ട് എന്ന ആശയം.

## വായില്ലാക്കുന്നിലപ്പൻ

പറയിപെറ്റ പന്തിരുകുലത്തിലെ വായില്ലാക്കുന്നിലപ്പന്റെ കഥ പുലാക്കാട്ട് രവീന്ദ്രൻ ചുരുങ്ങിയ വരികളിലൂടെ വളരെ മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു. ഒന്നിനോടും പ്രതികരിക്കാനാവാത്ത നിസ്വവർഗത്തിന്റെ പ്രതീകമായി മാറുകയാണ് വായില്ലാക്കുന്നിലപ്പൻ. കുട്ടികൾ കവിത വായിക്കട്ടെ. അധ്യാപകനും ഭാവത്തോടെ കവിത വായിച്ചുകൊടുക്കണം.

കവിതയുടെ പ്രധാനപ്പെട്ട ആശയങ്ങൾ ലഭിക്കുന്ന തരത്തിലുള്ള വിശകലനമാണ് ക്ലാസ്സിൽ നടക്കേണ്ടത്.

കഥ നന്നായി മനസ്സിലാക്കിയതിനാൽ ഈ കവിതയിലെ പ്രയോഗങ്ങൾ കുട്ടികൾക്ക് എളുപ്പം മനസ്സിലാവുമല്ലോ

### കവിതവിശകലനം

> "വീതുളി, മുറം, തുടി പാറക്കല്ലെന്നിങ്ങനെ
> സോദരൻമാരോ സ്വസ്വജീവിതം നയച്ചേപോയ്"

ഇതിൽ സൂചിപ്പിച്ചിരിക്കുന്ന കഥാപാത്രങ്ങളെക്കുറിച്ച് കുട്ടികൾക്ക് ധാരണ കിട്ടിയിട്ടുണ്ടാകും (പെരുന്തച്ചൻ, പാക്കനാർ, പാണനാർ, നാറാണത്തു ഭ്രാന്തൻ എന്നിവർ)

- ഈ സഹോദരൻമാരെക്കാൾ കൂടുതൽ ദൈന്യതയാർന്ന കഥാപാത്രമായി വായില്ലാക്കുന്നിലപ്പൻ മാറുന്നത് എന്തുകൊണ്ടാണ്?

- സഞ്ചരിക്കാൻ വയ്യ
- സംസാരിക്കാൻ വയ്യ
- ആരും തിരിഞ്ഞുനോക്കാനോ കനിവു കാണിക്കാനോ ഇല്ലാത്ത അവസ്ഥ.
-
- പെരും ദുഃഖങ്ങളനക്കുവാൻ 'ചെറുനാക്കുപോലും ഇല്ല'

എന്നതുകൊണ്ടുദ്ദേശിക്കുന്നത് എന്താണ്?

- ദുഃഖം, ഭാരമുള്ള വസ്തുവായി ചിത്രീകരിച്ചിരിക്കുന്നു (കാഠിന്യം)
- ചെറുനാക്കുപോലുമില്ലാത്ത ഒരാൾക്ക് തീവ്രമായ മാനസികാനുഭവങ്ങൾ പോലും പ്രകടിപ്പിക്കാൻ, ചെറിയൊരൊച്ച പോലും ഉണ്ടാക്കാനാവാത്ത അവസ്ഥയാണല്ലോ.
- സ്വയം പ്രകാശിപ്പിക്കാനാവാത്ത അവസ്ഥ എപ്പോഴാണ് സംഭവിക്കുക.
  - ഒന്നും പറയാനില്ലാതാവുമ്പോൾ
  - ആരും കേൾക്കാനില്ലാതാവുമ്പോൾ
  - ആവിഷ്ക്കരിക്കാൻ ഒരു മാധ്യമവും ഇല്ലാതാവുമ്പോൾ
- പ്രകാശിപ്പിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തെല്ലാമാണ്?
  - സംസാരിക്കുക
  - സംസാരം/വാക്ക് പ്രകാശമായിത്തീരുന്ന അവസ്ഥ എപ്പോഴാണുണ്ടാവുക.?
  - നല്ല വാക്കുകൾ പറയുമ്പോഴാണ്.
- ഇരുട്ടു പരത്തുന്ന വാക്കുകളുണ്ടോ?
  - മറ്റുള്ളവരെ വേദനിപ്പിക്കുന്ന വാക്കുകൾ.

  'വാക്കിനോളം തൂക്കമില്ലീ
  യൂക്കൻ ഭൂമിക്കുപോലുമേ'

കുഞ്ഞുണ്ണിമാഷുടെ വരികൾ മറ്റൊരു കാഴ്ചപ്പാടാണല്ലോ അവതരിപ്പിക്കുന്നത് എന്താണത്?

- എങ്ങനെയാണ് ഇത്തരം പ്രയോഗങ്ങൽ കവിതയെ മനോഹരമാക്കുന്നത്?
- ഉന്നതസ്ഥാനങ്ങളിലെത്തിക്കുക, പൂജിക്കുക എന്നത് ഒരു അംഗീകരിക്കൽ കൂടിയാണ്. ഇതിലെ വായില്ലാക്കുന്നിലപ്പൻ ഇത്തരം അംഗീകാരം ലഭിച്ച കഥാപാത്രമാണോ? എന്തുകൊണ്ട്?
- ഇതിലെ വായില്ലാക്കുന്നിലപ്പനെപ്പോലുള്ള ആളുകൾ ഇന്ന് നമ്മുടെയിടയിലുണ്ടോ? ആരാണവർ?

എന്നിങ്ങനെ കുട്ടികളുടെ ചിന്തകൾക്കും ഭാവനയ്ക്കും പുതിയ ആകാശങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള ചോദ്യങ്ങൾ ഉന്നയിക്കുന്നതിനും ചർച്ചകൾ നടത്തുന്നതിനും അധ്യാപകർ ശ്രദ്ധിക്കണം. വിവിധ അഭിപ്രായങ്ങൾ കുട്ടികൾ അവതരിപ്പിച്ചേക്കാം. ഫലപ്രദമായ ക്രോഡീകരണം നടത്താൻ ശ്രദ്ധിച്ചാൽ മതി.

കേരളത്തെക്കുറിച്ച് മറ്റെന്തെല്ലാം ഐതിഹ്യങ്ങൾ നിങ്ങൾക്കറിയാം? പരശുരാമകഥ, ഓണം സംബന്ധിച്ച കഥ മുതലായവ ഓർക്കുക. മാവേലി നാടുവാണീടും കാലം- പാട്ട് പാടിക്കൊണ്ട് അതിലെ ആശയങ്ങളിലേക്ക് നയിക്കുന്ന ചർച്ച നടത്തുക. വിശദമായ ചർച്ചയ്ക്കു ശേഷം താഴെ പറയുന്ന ആശയങ്ങളിലേക്ക് ക്രോഡീകരിക്കണം.

- ഓണത്തെക്കുറിച്ചുള്ള ഐതിഹ്യകഥ.

- ഓണം മുന്നോട്ടു വെക്കുന്ന സന്ദേശം (ആർക്കും ഒരു അസന്തുഷ്ടിയുമില്ലാത്ത ലോകം, വലിയവരും ചെറിയവരുമില്ലാത്ത, അസമത്വങ്ങളും രോഗങ്ങളുമൊന്നുമില്ലാത്ത ലോകം)

**അർഥവ്യത്യാസം കണ്ടെത്തൽ**

കടന്നുപോയി - കടന്നേ പോയി

നയിച്ചുപോയി - നയിച്ചേ പോയി

കവിതയിലെ പ്രയോഗങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. ഇങ്ങനെ പ്രയോഗിക്കുന്നതുകൊണ്ടു കവിതയ്ക്ക് കൈവരുന്ന മെച്ചമെന്ത്? ചർച്ചചെയ്യുക. കുട്ടികൾക്ക് ഉത്തരങ്ങളിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞില്ലെങ്കിൽ ടീച്ചർ ആവശ്യമായ കൈത്താങ്ങ് നൽകണം. ചില മാതൃകകൾ:

നിന്നുപോയി - നിന്നേപോയി

ഇരുന്നുപോയി - ഇരുന്നേ പോയി

ഒരു അവസ്ഥയുടെ / പ്രവൃത്തിയുടെ തുടർച്ചയെ / ദൈർഘ്യത്തെ കാണിക്കാനാണ് ഈ രീതിയിൽ പ്രയോഗിക്കുന്നത്.

കവിതയിൽ കടന്നുപോയി കാലം എന്നു പ്രയോഗിച്ചത് കാലം ഏറെ കടന്നുപോയി എന്നു കാണിക്കാനാണ്. കൂടുതൽ പ്രയോഗങ്ങൾ കുട്ടികളോട് കണ്ടെത്താനാവശ്യപ്പെടാം.

# പ്രതീക്ഷയുടെ ചിറകുകൾ

**കഥവായന**

നമ്മുടെ നാട്ടിൽ മാത്രമല്ല, ലോകത്തിൽ പലയിടങ്ങളിലും ഇന്നും പുരാവൃത്തങ്ങളും ഐതിഹ്യങ്ങളുമുണ്ട്. ഒരു ഗ്രീക്കുകഥ പരിചയപ്പെടാം.

കഥ കുട്ടികൾ വായിക്കട്ടെ.

കുട്ടികൾ വായിച്ചു എന്ന് ഉറപ്പുവരുത്തിക്കഴിഞ്ഞാൽ ടീച്ചർക്കും ഉചിതമായ ഭാവത്തോടെ വായിച്ചുകൊടുക്കാം.

പ്രധാന പ്രമേയം,

കഥാപാത്രം,

പ്രയോഗസവിശേഷതകൾ,

മുതലായവ വിശദീകരിക്കുന്ന തരത്തിലുള്ള ചർച്ചകൾ നയിക്കണം. ആശയങ്ങൾ ക്രോഡീകരിക്കണം.

**കഥയിൽ നിന്ന് നാടകത്തിലേക്ക്**

കഥ നാടകമാക്കാം. കുട്ടികൾ ഗ്രൂപ്പിൽ കഥ വായിക്കട്ടെ.

- കഥയിലെ നാടകീയ മുഹൂർത്തങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടാം.
- ഹെർമിസ് ദേവൻ എപ്പീമാത്യൂസിനെ പെട്ടി ഏൽപ്പിച്ചത്
- പാൻഡോറ പെട്ടി തുറന്നത്
- 

കഥ നാടകമാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത് എന്തെല്ലാം?

- സംഭാഷണം

- രംഗവിഭജനം
- രംഗപശ്ചാത്തലം
- കഥാപാത്രങ്ങൾ
- നാടകത്തിനുചിതമായ ശീർഷകം കണ്ടെത്തൽ
- 

ഗ്രൂപ്പിലെ കുട്ടികൾ നാടകം തയാറാക്കട്ടെ.

- ഓരോ ഗ്രൂപ്പും വായിച്ചവതരിപ്പിക്കട്ടെ
- മറ്റു ഗ്രൂപ്പുകൾ വിലയിരുത്തട്ടെ
- മേന്മകളും പോരായ്മകളും ക്ലാസിൽ ചർച്ചചെയ്യണം
- ഇതിന്റെ അടിസ്ഥാനത്തിൽ പുനർരചന നടത്തട്ടെ. ചെറുസംഘങ്ങൾ ക്ലാസിൽ അവതരിപ്പിക്കട്ടെ. അവതരണവും വിലയിരുത്തുമല്ലോ. മികച്ച അവതരണം സാഹിത്യസമാജത്തിലും അവതരിപ്പിക്കാം.

## ശൈലീശേഖരണം, വ്യാഖ്യാനം

പാൻഡോറ പെട്ടി തുറന്നപ്പോൾ എന്താണ് സംഭവിച്ചത്? ചർച്ച.

'പാൻഡോറയുടെ പെട്ടി തുറന്നപോലെ' എന്ന ഒരു ശൈലിയുണ്ട്. ഇതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?

ഇതുപോലുള്ള ചില പ്രയോഗങ്ങൾ മലയാളത്തിലുണ്ട്. ഭഗീരഥപ്രയത്നം, ബാലികേറാമല, ഉർവശീശാപം ഉപകാരം എന്നീ പ്രയോഗങ്ങൾ പരിചയപ്പെടുത്തുക.

ഈ പ്രയോഗങ്ങളുടെ പിന്നിലെ കഥ കുട്ടികൾ ശേഖരിക്കട്ടെ.

- ശേഖരിച്ച കഥകളുടെ അവതരണരീതി 'പാൻഡോറയുടെ പെട്ടി' എന്ന കഥയുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യണം. തുടർന്ന് ക്ലാസിൽ കഥയരങ്ങ് സംഘടിപ്പിക്കുകയും ഈ കഥകൾ കുട്ടികൾക്ക് അവതരിപ്പിക്കാനവസരം നൽകുകയും ചെയ്യണം.

## വായനക്കുറിപ്പ് തയാറാക്കൽ

മിത്തുകളും, ഐതിഹ്യങ്ങളും പരാമർശിക്കുന്ന താഴെപ്പറയുന്ന കൃതികളോ കൃതികളിലെ തിരഞ്ഞെടുത്ത ഭാഗങ്ങളോ പ്രയോജനപ്പെടുത്താവുന്നതാണ്. അവയിൽ ചിലത് കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുക. ഇത്തരത്തിലുള്ള ഏതെങ്കിലും പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ എന്നിവ സൂചിപ്പിക്കുന്ന കൃതികൾ കുട്ടികൾ വായിച്ച് വായനക്കുറിപ്പുകൾ തയാറാക്കട്ടെ. കുട്ടികളുടെ നിലവാരത്തിനനുസരിച്ച വായനക്കുറിപ്പ് മാത്രമേ പ്രതീക്ഷിക്കേണ്ടതുള്ളൂ.

| | |
|---|---|
| ഐതിഹ്യമാല | - കൊട്ടാരത്തിൽ ശങ്കുണ്ണി |
| വടക്കൻ ഐതിഹ്യമാല | - വാണിദാസ് എളയാവൂർ |
| പറയിപെറ്റ പന്തിരുകുലം | - പി. നരേന്ദ്രനാഥ് |
| ഇന്നലത്തെ മഴ | - എൻ.മോഹനൻ |
| പെരുന്തച്ചൻ | - ജി. ശങ്കരക്കുറുപ്പ് |
| നാറാണത്തുഭ്രാന്തൻ | - വി. മധുസുദനൻ നായർ |
| പെരുന്തച്ചൻ | - സിനിമ, എം.ടി. |
| ഖസാക്കിന്റെ ഇതിഹാസം | - ഒ.വി.വിജയൻ |
| സ്മാരകശിലകൾ | - പുനത്തിൽ കുഞ്ഞബ്ദുള്ള |

| | | |
|---|---|---|
| മിത്തും സമൂഹവും | - | ഡോ.എം.ആർ രാഘവവാര്യർ, ഡോ.രാജൻഗുരുക്കൾ |
| ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ; ഒരു പഠനം | - | ഡോ.എം.ലീലാവതി |
| കേരള സ്ഥലനാമകോശം | - | ഡോ.വിളക്കുടി രാജേന്ദ്രൻ |

(ഐതിഹ്യങ്ങളും മിത്തുകളും, പ്രതിലോമപരമായി വ്യാഖ്യാനിക്കുന്ന പ്രവണത ഉണ്ടാവാൻ പാടില്ല. അന്ധവിശ്വാസങ്ങളിലേക്കും അനാചാരങ്ങളിലേക്കും പുരാവൃത്തപഠനം കുട്ടികളെ നയിക്കരുത്. യുക്തിയുടെ പിൻബലത്തോടെ വിമർശനാത്മകമായി ഇവയെ വിലയിരുത്താൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം).

**ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്താം**

- ചിറകുള്ള കല്പനകൾ എന്ന പ്രയോഗത്തിന്റെ അർഥതലം എന്താണ്?
- ഈ യൂണിറ്റിലെ പാഠഭാഗങ്ങൾ തലക്കെട്ട് നൽകുന്ന ആശയവുമായി എത്രമാത്രം യോജിക്കുന്നുണ്ട്?
- ഐതിഹ്യകഥകളുടെ സവിശേഷതകൾ എന്തൊക്കെയാണ്?

എന്നീ ചോദ്യങ്ങളിലൂടെ തലക്കെട്ടിന്റെ പ്രാധാന്യം ക്ലാസിൽ ചർച്ചചെയ്യേണ്ടതും തലക്കെട്ടിനും പാഠഭാഗങ്ങൾക്കും പൊതുവെയുള്ള ഭാവനയുടെ പ്രാധാന്യം കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

- തുടർന്ന് കുറിപ്പ് തയാറാക്കാൻ നിർദ്ദേശിക്കാം
- കുറിപ്പ് വായിച്ച് വിലയിരുത്തി മെച്ചപ്പെടുത്തണം
- പതിപ്പ് തയാറാക്കുകയും ആവാം.

## എഴുത്തുകാരെ പരിചയപ്പെടാം

**പുലാക്കാട്ട് രവീന്ദ്രൻ**

1932 ജനുവരി 30 ന് ജനിച്ചു. വൈകാരികതയും ഭാവാത്മകതയും പുലാക്കാട്ട് രവീന്ദ്രന്റെ കവിതകളുടെ മുഖമുദ്രകളാണ്. ഭക്തിയും അവയിൽ അടിസ്ഥാന ഭാവമായി കാണാം. കാല്പനിക കവിതകളിലാണ് രവീന്ദ്രന്റെ സ്ഥാനം. ബോംബെയിലാണ് ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസാനന്തരം സ്വദേശമായ പാലക്കാട്ടെ ചെർപ്പുളശ്ശേരിയിലെത്തി. തൃശ്ശൂർ സെന്റ് തോമസ്സ് കോളേജിൽ നിന്നും ബിരുദം നേടി. ചുനങ്ങാട്ട് എ.വി.എം ഹൈസ്കൂളിൽ അധ്യാപകനായിരുന്നു. ജീവിതാന്ത്യത്തിൽ പൂർണമായി അന്ധനായി. 'പുലാക്കാട്ട് രവീന്ദ്രന്റെ കവിത'കൾക്ക് കേരളസാഹിത്യ അക്കാദമി അവാർഡ് (1990) ലഭിച്ചു. ഇളവെയിലുകൾ, പ്രവാസം, നക്ഷത്രപരാഗം, പുലാക്കാട്ട് രവീന്ദ്രന്റെ കവിതകൾ, സ്വക്ഷേത്രം, ഗരുഡധ്വനി എന്നിവയാണ്കൃതികൾ. 1995 ജൂൺ 21 ന് അന്തരിച്ചു.